Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 26/ Pages32
21
ജനുവരി 2026
ബുധനാഴ്ച
1201 മകരം 7

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World




ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം VACHAKAM

CHICAGO
Vol.5 / Issue 26/ Pages 32
21
ജനുവരി 2026
ബുധനാഴ്ച
1201 മകരം 7

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

# ലോകക്രമത്തെ മാറ്റിമറിക്കുന്ന ട്രംപിന്റെ മോഹം



ലോക രാഷ്ട്രീയത്തിൽ അപൂർവമായി മാത്രം ഇടം പിടിച്ചിരുന്ന ഒരു ഭൂപ്രദേശം അടുത്തകാലത്ത് ആഗോള വാർത്തകളുടെ കേന്ദ്രത്തിലേക്ക് ഉയർന്നുവന്നത് യാദൃശ്ചികമല്ല. ലോകത്തിലെ ഏറ്റവും വലിയ ദ്വീപായ ഗ്രീൻലാൻഡ് ഇന്ന് അമേരിക്കൻ രാഷ്ട്രീയ ചർച്ചകളുടെ ഹൃദയഭാഗത്താണ്. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിൽ ലോക നേതാക്കളോട് നടത്തിയ സ്വതന്ത്ര പ്രസംഗത്തിൽ പ്രസിഡന്റ് ട്രംപ് നിരവധി വിവാദപരമായ അവകാശവാദങ്ങൾ ഉന്നയിച്ചിരുന്നു. ഡെൻമാർക്കിൽ നിന്ന് ഗ്രീൻലാൻഡ് സ്വന്തമാക്കാനുള്ള തന്റെ ആഗ്രഹം എന്തുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. അതോടൊപ്പം ചില ചോദ്യങ്ങളും

ശേഷം പേജ് 8ൽ

# 'നരേന്ദ്ര മോദി അത്ഭുതമനുഷ്യൻ', ഇന്ത്യയുമായി നല്ല വ്യാപാര കരാർ ഉണ്ടാകുമെന്ന് ട്രംപ്

ദാവോസ്: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ മഹാനായ മനുഷ്യനെന്നും തന്റെ സുഹൃത്തെന്നും വിശേഷിപ്പിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. മോദിയോടുള്ള ആദരവ് പ്രകടിപ്പിച്ച ട്രംപ്, ഇന്ത്യയുമായി നല്ലൊരു വ്യാപാര കരാറിനുള്ള പ്രതീക്ഷയും പ്രകടിപ്പിച്ചു. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിലായിരുന്നു ട്രംപിന്റെ പ്രതികരണം.'നിങ്ങളുടെ പ്രധാനമന്ത്രിയോട് എനിക്ക് വലിയ ബഹുമാനമുണ്ട്. അദ്ദേഹം ഒരു മികച്ച മനുഷ്യനാണ്, എന്റെ ഒരു സുഹൃത്തും. നമുക്ക് നല്ലൊരു കരാർ ഉണ്ടാകും'- ഇന്ത്യ - യുഎസ് വ്യാപാര കരാറുമായി ബന്ധപ്പെട്ട ഇന്ത്യൻ മാധ്യമപ്രവർത്തകന്റെ ചോദ്യത്തോട് ട്രംപ് വ്യക്തമാക്കി.അമേരിക്കയെ ലോകത്തിന്റെ സാമ്പത്തിക എഞ്ചിൻ എന്ന് വിശേഷിപ്പിച്ച ട്രംപ് അമേരിക്കയുടെ സാമ്പത്തിക വളർച്ച ലോകം മുഴുവൻ ഗുണം ചെയ്യുമെന്നും അവകാശപ്പെട്ടു. തന്റെ ഭരണത്തിന്റെ ആദ്യ വർഷത്തിൽ അമേരിക്കൻ സമ്പദ്‌വ്യവസ്ഥ കുതിച്ചുയർന്നുവെന്നും ട്രംപ് അവകാശപ്പെട്ടു.ഇന്ത്യയുടെ റഷ്യൻ എണ്ണ ഇറക്കുമതിക്ക് അമേരിക്ക 50 ശതമാനം തീരുവ ചുമത്തിയതിനാൽ ഇന്ത്യയും യുഎസും തമ്മിലുള്ള വ്യാപാര ചർച്ചകൾ അനിശ്ചിതത്വത്തിലാണ്. ഇന്ത്യയുമായുള്ള വ്യാപാര കരാർ പരാജയപ്പെടാൻ കാരണം മോദി ട്രംപിനെ വിളിക്കാത്തതാണെന്ന് യുഎസ് വാണിജ്യ സെക്രട്ടറി ഹോവാർഡ് ലുട്നിക് പറഞ്ഞിരുന്നു. എന്നാൽ ഇന്ത്യ ഇത് നിഷേധിച്ചു. 2025 ൽ മോദിയും ട്രംപും എട്ട് തവണ സംസാരിച്ചു എന്നായിരുന്നു വിദേശകാര്യ മന്ത്രാലയത്തിന്റെ വിശദീകരണം. അതേസമയം, ഇന്ത്യയെ ഒരു പ്രധാന പങ്കാളിയായി കാണുന്നുവെന്നും വ്യാപാര ചർച്ചകൾ തുടരുകയാണെന്നും ഇന്ത്യയിലെ പുതിയ യുഎസ് അംബാസഡർ സെർജിയോ ഗോർ പറഞ്ഞു.



മനുഷ്യനുവേണ്ടി ആരു വാദിക്കും?
(സെർജി ആന്റണി എഴുതുന്നു)
................................ പേജ് 06

പഴി പറഞ്ഞും കല്ലെറിഞ്ഞും വിലസുന്ന കൊടുംപാപികൾ
................................ പേജ് 15

'ജാതി' നട്ടു നനയ്ക്കുന്ന രാഷ്ട്രീയ കേരളം
................................ പേജ് 16

ആഴക്കടലിൽ കണ്ടത് പ്രേതമോ,മനുഷ്യനോ..?
................................ പേജ് 17

രാഷ്ട്രീയക്കാരുടെ സോപ്പിംഗ് വേറെ ലെവൽ, ജനത്തിന്റെ ആക്ടിംഗ് അതുക്കുംമേലെ
................................ പേജ് 24

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ

## ഗ്രീൻലാൻഡ് വിഷയത്തിൽ നിലപാട് മയപ്പെടുത്തി ട്രംപ്;

# യൂറോപ്യൻ രാജ്യങ്ങൾക്കെതിരെയുള്ള താരിഫ് ഭീഷണി പിൻവലിച്ചു



ഗ്രീൻലാൻഡ് സ്വന്തമാക്കാനുള്ള നീക്കങ്ങളിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നിർണ്ണായകമായ നിലപാട് മാറ്റം പ്രഖ്യാപിച്ചു. നാറ്റോ തലവൻ മാർക്ക് റുട്ടെയുമായി സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടത്തിയ ചർച്ചയിലാണ് പുതിയ ധാരണ ഉണ്ടായത്. ഇതോടെ യൂറോപ്യൻ സഖ്യകക്ഷികൾക്ക് മേൽ ചുമത്താനിരുന്ന കടുത്ത വ്യാപാര നിയന്ത്രണങ്ങൾ അദ്ദേഹം ഒഴിവാക്കി.

ഗ്രീൻലാൻഡിന്റെയും ആർട്ടിക് മേഖലയുടെയും സുരക്ഷയുമായി ബന്ധപ്പെട്ട് ഒരു പുതിയ ചട്ടക്കൂടിന് രൂപം നൽകിയതായി ട്രംപ് സോഷ്യൽ മീഡിയയിലൂടെ അറിയിച്ചു. ഈ ധാരണയുടെ പശ്ചാത്തലത്തിൽ ഫെബ്രുവരി ഒന്നു മുതൽ നടപ്പിലാക്കാനിരുന്ന ഇറക്കുമതി നികുതി വർദ്ധനവ് റദ്ദാക്കുകയാണ്. അമേരിക്കയുടെയും നാറ്റോ രാജ്യങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തീരുമാനമാണിതെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

നേരത്തെ ഗ്രീൻലാൻഡ് വിട്ടുനൽകാൻ തയ്യാറാകാത്ത ഡെന്മാർക്ക് ഉൾപ്പെടെയുള്ള എട്ട് രാജ്യങ്ങൾക്കെതിരെ ട്രംപ് താരിഫ് ഭീഷണി ഉയർത്തിയിരുന്നു. പത്ത് ശതമാനം നികുതി ഏർപ്പെടുത്തുമെന്നായിരുന്നു അമേരിക്കയുടെ ആദ്യ മുന്നറിയിപ്പ്. ഇത് ആഗോള വിപണിയിൽ വലിയ ആശങ്കകൾക്ക് വഴിതുറക്കുകയും യൂറോപ്യൻ രാജ്യങ്ങളെ പ്രകോപിപ്പിക്കുകയും ചെയ്തിരുന്നു.

ഗ്രീൻലാൻഡ് പിടിച്ചെടുക്കാൻ സൈനിക ശക്തി ഉപയോഗിക്കില്ലെന്നും ട്രംപ് ഇപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. ദാവോസിലെ ലോക സാമ്പത്തിക ഫോറത്തിൽ സംസാരിക്കവെയാണ് അദ്ദേഹം സമാധാനപരമായ ചർച്ചകൾക്ക് ഊന്നൽ നൽകിയത്. എങ്കിലും ഗ്രീൻലാൻഡ് അമേരിക്കയുടെ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്ന നിലപാടിൽ മാറ്റമില്ല.

ഗ്രീൻലാൻഡിന്റെ ഉടമസ്ഥാവകാശം വേണമെന്ന ആവശ്യം അദ്ദേഹം വീണ്ടും ആവർത്തിച്ചു. സൈനിക ശക്തിയേക്കാൾ നയതന്ത്ര ചർച്ചകളിലൂടെ ലക്ഷ്യം കാണാനാണ് ഇപ്പോൾ അമേരിക്ക ശ്രമിക്കുന്നത്. മേഖലയിലെ ധാതു നിക്ഷേപങ്ങളിലും സുരക്ഷാ സംവിധാനങ്ങളിലും അമേരിക്കയ്ക്ക് വലിയ താൽപ്പര്യമുണ്ട്.

പുതിയ ധാരണയനുസരിച്ച് മിസൈൽ പ്രതിരോധ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ചർച്ചകൾ തുടരും. വൈസ് പ്രസിഡന്റ് ജെഡി വാൻസ്, വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകും. സഖ്യകക്ഷികളുമായുള്ള ബന്ധം തകരാതെ ഗ്രീൻലാൻഡ് പ്രശ്നം പരിഹരിക്കാനാണ് അമേരിക്കയുടെ നീക്കം.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com

E-Paper reading
visit vachakam.com

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## ഫെഡറൽ റിസർവ് ഗവർണർ ലിസ കുക്കിനെ പുറത്താക്കിയ നടപടിയിൽ ട്രംപിന് തിരിച്ചടി



വാഷിംഗ്ടൺ: യുഎസ് ഫെഡറൽ റിസർവ് ഗവർണർ ലിസ കുക്കിനെ പുറത്താക്കിയ നടപടിയിൽ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് തിരിച്ചടി. കുക്കിന്റെ പുറത്താക്കൽ നടപടി ഉടനടി നടപ്പാക്കുന്നത് വിലക്കുന്ന ജഡ്ജിയുടെ തീരുമാനം പിൻവലിക്കണമെന്നായിരുന്നു ട്രംപ് ഭരണകൂടത്തിന്റെ അഭ്യർത്ഥന. എന്നാൽ ഇക്കാര്യം അംഗീകരിക്കാൻ സാധ്യമല്ലെന്ന് ജസ്റ്റിസുമാർ വ്യക്തമാക്കുകയായിരുന്നു.

സെൻട്രൽ ബാങ്കിന്റെ സ്വാതന്ത്ര്യം അപകടത്തിലാക്കുന്ന കേസിൽ ട്രംപിന്റെ നീക്കത്തിൽ യാഥാസ്ഥിതികരും ലിബറലുമായ യുണൈറ്റഡ് സ്റ്റേറ്റ്സ് സുപ്രീം കോടതി ജഡ്ജിമാർ സംശയം പ്രകടിപ്പിച്ചു. കേസിൽ ബുധനാഴ്ച നടന്ന വാദം ഏകദേശം രണ്ട് മണിക്കൂർ നീണ്ടു നിന്നു. മാത്രമല്ല ട്രംപിന്റെ ഭരണകൂടത്തിനുവേണ്ടി വാദിക്കുന്ന യുഎസ് സോളിസിറ്റർ ജനറൽ ഡി ജോൺ സോയറിനെ, കുക്കിനെ പുറത്താക്കാനുള്ള ന്യായീകരണമായി പ്രസിഡന്റ് ചൂണ്ടിക്കാണിച്ച തെളിയിക്കപ്പെടാത്ത മോർട്ട്ഗേജ് തട്ടിപ്പ് ആരോപണങ്ങൾക്ക് ഔപചാരികമായി മറുപടി നൽകാൻ അവസരം നൽകാത്തത് എന്തുകൊണ്ടാണെന്നും ജസ്റ്റിസുമാർ ചോദിച്ചു. അവർ ആരോപണം നിഷേധിച്ചിട്ടുണ്ടെന്നും ജഡ്ജിമാർ വ്യക്തമാക്കി.

ഒരു യു.എസ് പ്രസിഡന്റ് സെൻട്രൽ ബാങ്ക് ഗവർണറെ പുറത്താക്കുന്നത് ഇത് ആദ്യമാണ്. ഇത്തരമൊരു നടപടി സമ്പദ്‌വ്യവസ്ഥയെ എങ്ങനെ ബാധിക്കുമെന്നതിലും രാഷ്ട്രീയ സ്വാധീനത്തിൽ നിന്ന് ഫെഡറലിന്റെ വിലപ്പെട്ട സ്വാതന്ത്ര്യം സംബന്ധിച്ച പ്രത്യാഘാതങ്ങളെക്കുറിച്ചും ജസ്റ്റിസുമാർ ആശങ്കകൾ ഉന്നയിച്ചു.

അധികാരത്തിൽ തിരിച്ചെത്തിയതിന് ശേഷം പ്രസിഡന്റിന്റെ അധികാരങ്ങളെക്കുറിച്ചുള്ള ട്രംപിന്റെ വിശാലമായ വീക്ഷണവുമായി ബന്ധപ്പെട്ട് യുഎസിലെ ഉന്നത ജുഡീഷ്യൽ ബോഡിയിലേക്ക് വരുന്ന ഏറ്റവും പുതിയ തർക്കത്തെയാണ് ഈ കേസ് പ്രതിനിധീകരിക്കുന്നത്.

വാഷിങ്ടൻ ഫെഡറൽ റിസർവ് ഗവർണർ ലിസ കുക്കിനെ പിരിച്ചുവിട്ടതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സമൂഹമാധ്യമത്തിലൂടെയാണ് പ്രഖ്യാപിച്ചത് ഇതിന് പിന്നാലെയാണ് കുക്ക് നിയമയുദ്ധത്തിന് തുടക്കം കുറിച്ചത്. പിരിച്ചുവിടാനുള്ള ട്രംപിന്റെ തീരുമാനം നിയമവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി ലിസ കേസു കൊടുക്കുകയായിരുന്നു. ഫെഡറൽറി സർവ് ബോർഡിലെത്തും മുൻപ് 2021 ൽ ലിസ ഒരു പണയമിടപാടിൽ തട്ടിപ്പ് കാട്ടിയിരുന്നെന്ന് ആരോപിച്ചാണ് ട്രംപ് അവരെ പുറത്താക്കിയത്.

പലിശനിരക്ക് കുറയ്ക്കാൻ വിസമ്മതിക്കുന്ന ഫെഡറൽ റിസർവ് മേധാവി ജെറോം പവലുമായും ട്രംപ് ഒട്ടും രസത്തിൽ ആയിരുന്നില്ല. ഒരു പ്രസിഡന്റ് നിസ്സാരമോ അപ്രസക്തമോ പഴയതോ ആയ ആരോപണങ്ങൾ ഉന്നയിച്ച് നിയമ സംവിധാനങ്ങളിൽ വെല്ലുവിളി ഉയർത്തുന്നത് തടയാൻ അനുവദിക്കുന്ന ഒരു സംവിധാനം സൃഷ്ടിക്കുമെന്ന് ജസ്റ്റിസ് ബ്രെറ്റ് കാവനോ വ്യക്തമാക്കി.

## American Diary — 40 Years Ago

### Destruction of Pro-Black Displays – Lest the Old Traditions Fail



In January 1986 at Dartmouth College, conservative students, many from The Dartmouth Review, attacked and destroyed anti-apartheid shanties built on the Green by other students to protest South African apartheid, leading to campus controversy, disciplinary actions (suspensions), and debate over free speech and protest legitimacy, with the event highlighting national anti-apartheid activism.

The Attack: On January 21, 1986, a group of students, including members of The Dartmouth Review, used sledgehammers to smash the shanties.

Motivations: The attackers claimed the shanties were not permissible protest structures, though they themselves protested apartheid.

Aftermath: The incident sparked widespread debate and led to the suspension of 12 students involved in the attack.

January 21, 1986

## തീപിടിത്ത സാധ്യത: 1 ലക്ഷത്തിലധികം വാഹനങ്ങൾ തിരിച്ചു വിളിച്ചു ഫോർഡ്

എഞ്ചിൻബ്ലോക്ക്ഹീറ്ററിൽഉണ്ടായേക്കാവുന്ന തകരാർ തീപിടിത്തത്തിന് കാരണമാകാം എന്നതിനാൽ, അമേരിക്കയിൽ 1.19 ലക്ഷം വരെ വാഹനങ്ങൾ ഫോർഡ് തിരിച്ചുവിളിക്കുന്നതായിനാഷണൽഹൈവേ ട്രാഫിക് സേഫ്റ്റി അഡ്മിനിസ്ട്രേഷൻ അറിയിച്ചു. വടക്കേ അമേരിക്ക മുഴുവൻ ചേർത്ത് 3 ലക്ഷംത്തിലധികം വാഹനങ്ങളാണ് ഫോർഡ് തിരിച്ചു വിളിക്കുന്നത്.

**ഏതൊക്കെ വാഹനങ്ങളാണ് ഫോർഡ് തിരിച്ചു വിളിക്കുന്നത് എന്ന് നോക്കാം.**

2019 & 2024 ഫോർഡ് എക്സ്പ്ലോറർ, 2016-2018 ഫോർഡ് ഫോക്കസ്, 2013-2019 ഫോർഡ് എസ്കേപ്പ്, 2013-2018 ഫോർഡ് ഫോക്കസ്, 2015-2016 ലിങ്കൺ എം.കെ.സി.

2.0 ലിറ്റർ എഞ്ചിൻ ഉള്ള വാഹനങ്ങളാണ് പ്രധാനമായും പ്രശ്നം ബാധിച്ചിരിക്കുന്നത് എന്നാണ് ലഭിക്കുന്ന വിവരം.

**നിങ്ങളുടെ വാഹനം റീക്കോളിലുണ്ടോ എന്ന് എങ്ങനെ അറിയാം?**

വാഹന ഉടമകൾക്ക്, NHTSA വെബ്സൈറ്റിൽ Vehicle Identification Number (VIN) നൽകികൊണ്ട് തങ്ങളുടെ വാഹനം റീക്കോളിൽ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാം. എഞ്ചിൻ ബ്ലോക്ക് ഹീറ്റർ പൊട്ടാൻ സാധ്യതയുണ്ട്. അതിലൂടെ കൂൾന്റ് ചോർച്ച ഉണ്ടാകാം. ഹീറ്റർ പ്ലഗ്ചെയ്തിരിക്കുമ്പോൾഇത്ഷോർട്ട്സർക്യൂട്ടിനുംതീപിടിത്തത്തിനുംകാരണമാകാം എന്നാണ് ലഭിക്കുന്ന വിവരം. എന്നാൽ ഹീറ്റർ പ്ലഗ് ചെയ്തിരിക്കുമ്പോൾ മാത്രമാണ് അപകടസാധ്യത ഉള്ളത്.

**നിങ്ങളുടെ വണ്ടിക്ക് പ്രശ്നങ്ങൾ ഉണ്ടെങ്കിൽ താഴെപ്പറയുന്ന ലക്ഷണങ്ങൾ കാണാം:**

1. നിലത്ത് കൂൾന്റ് തുള്ളികൾ കാണുക. 2. കാറിനുള്ളിലെ ഹീറ്റിംഗ് കുറയുക. 3. എഞ്ചിൻ അമിതമായി ചൂടാകുക. 4. കൂൾന്റ് ലെവൽ കുറവാണെന്ന് മുന്നറിയിപ്പ് ലഭിക്കുക. 5. ഇലക്ട്രിക്കൽ വയറുകൾ ചൂടേറ്റ് പുകവാസന വരിക

പരിഹാരം പൂർത്തിയാകുന്നതുവരെ എഞ്ചിൻ ബ്ലോക്ക് ഹീറ്റർ പ്ലഗ് ചെയ്യരുത് എന്നാണ് ഫോർഡ് ഉടമകൾക്ക് നൽകിയ നിർദേശം. ഇടക്കാല അറിയിപ്പ് കത്തുകൾ ഫെബ്രുവരി 9ന് വാഹന ഉടമകൾക്ക് അയക്കും.

ഇപ്പോൾ പുതിയ ഡിസൈൻ ഉള്ള എഞ്ചിൻ ബ്ലോക്ക് ഹീറ്റർ വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ് കമ്പനി. പുതിയ ഭാഗങ്ങൾ ലഭ്യമായാൽ വാഹന ഉടമകൾക്ക് അറിയിപ്പ് നൽകും. ഡീലർഷിപ്പിൽ സൗജന്യമായി ഹീറ്റർ മാറ്റി നൽകും എന്നും കമ്പനി അറിയിച്ചു.

അതേസമയം ഡിസംബർ 3 വരെ 12 Ford Escape (2.0L) ഉടമകൾ തീപിടിത്തം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, അപകടങ്ങളോ പരിക്കുകളോ റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് ഫോർഡ് അറിയിച്ചു.

## 2026 നികുതി സീസണിന് മുന്നോടിയായി പ്രധാന മാറ്റങ്ങൾ പ്രഖ്യാപിച്ചു ഐ.ആർ.എസ്.

ഇന്റേർനൽ റവന്യു സർവീസ് (I-R-S) 2026 നികുതി ഫയലിംഗ് സീസണിന് മുൻപ്, പ്രധാന മാറ്റങ്ങളും നവീകരണങ്ങളും പ്രഖ്യാപിച്ചു. ഈ നടപടികൾ പൊതുജന സേവനം മെച്ചപ്പെടുത്താനും, നികുതി പാലനത്തിലെ കാര്യക്ഷമത വർധിപ്പിക്കാനും ലക്ഷ്യമിട്ടാണ് എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്. CEO ഫ്രാങ്ക് ബിസിന്യാനോ ഒരു ലേഖനത്തിലൂടെ 74,000 ജീവനക്കാരോട് പ്രധാന ലെഡർഷിപ്പ് മാറ്റങ്ങളും പുതിയ മുൻഗണനകളും വിശദീകരിച്ചു.

കസ്റ്റമർ സർവീസ് മെച്ചപ്പെടുത്തൽ, സംഭരണ നടപടികൾ സുഗമമാക്കൽ, പ്രൈവസിസംരക്ഷണംഎന്നിവയാണ് പുതിയ നീക്കങ്ങൾ. IRS പുതിയ ഓൺലൈൻ അക്കൗണ്ടുകൾ, ഡയറക്ട് ഡിപോസിറ്റ്, ഡിജിറ്റൽ ടൂൾസ് വ്യാപിപ്പിക്കുന്നു എന്നും പുതിയ നിയമപ്രാവശ്യങ്ങൾ, ഡെഡക്ഷനുകൾ, ക്രെഡിറ്റുകൾ എന്നിവ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽഫയൽചെയ്യുന്നത്പ്രോത്സാഹിപ്പിക്കുന്നു എന്നുമാണ് ലഭിക്കുന്ന വിവരം. അതേസമയം 2026 ഫയലിംഗ് സീസൺ ജനുവരി 26, 2026 മുതൽ ആരംഭിക്കും. ഏകദേശം 164 മില്യൺ വ്യക്തിഗത റിട്ടേൺസ് ആണ് പ്രതീക്ഷിക്കുന്നത്. ശരാശരി റീഫണ്ട് $3,167 കഴിഞ്ഞ വർഷത്തേതുപോലെ തന്നെ പ്രതീക്ഷിക്കുന്നു.

**നിയമ പരിഷ്കാരങ്ങൾ നോക്കാം**

1. ചില തൊഴിലാളികൾക്ക് നികുതിയിൽ ഇളവ്.

2. മുതിർന്നവർക്കുള്ള പ്രത്യേക ഡെഡക്ഷനുകൾ.

3. പൂർണ്ണ ബോണസ് ഡെപ്രിസിയേഷൻ.

4. യോഗ്യമായ കാർ വായ്പകളിലെ പലിശയുടെ ഡെഡക്ഷൻ.

5. ക്രിപ്റ്റോ, പെയ്മെന്റ് ആപ്പ് വരുമാനങ്ങൾ സംബന്ധിച്ച പുതിയ ഫോമുകൾ (Form 1099-K).

# ബാൾട്ടിമോർ പള്ളിയിൽ സീറോ മലബാർ കൺവെൻഷൻ കിക്കോഫിന് ആവേശകരമായ പ്രതികരണം

ഷിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ദേശീയ കൺവെൻഷന്റെ പ്രചാരണത്തിനും കിക്കോഫിനുമായി ജൂബിലി കൺവീനർ ഫാ.ജോൺ മേലേപ്പുറത്തിനോടൊപ്പം ബാൾട്ടിമോർ സെന്റ് അൽഫോൻസാ സീറോ മലബാർ ദേവാലയം സന്ദർശിച്ച കൺവെൻഷൻ ടീമിന് സ്നേഹപൂർവ്വമായ സ്വീകരണം ഇടവകാംഗങ്ങൾ നൽകി.



ഫാ. ജോൺ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവൻഷനിലേക്ക് ഏവരെയും ഹാർദ്ദവമായി ക്ഷണിച്ചു. നാലു ദിവസങ്ങളിലായി നടത്തപ്പെടുന്ന കൺവെൻഷൻ പരിപാടികളുടെ രൂപരേഖ ഫസിലിറ്റി ചെയർമാൻ ജോണി വടുക്കുംചേരി അവതരിപ്പിച്ചു. ഇടവകയിൽ നിന്നുള്ള കൺവെൻഷൻ പ്രതിനിധികളായ ഷാജി ജോർജ്, സിബിച്ചൻ കോനാത്തപ്പള്ളി എന്നിവർ മനോഹരമായ കൺവെൻഷൻ കിക്കോഫിന് നേതൃത്വം നൽകി. ഇടവകാംഗങ്ങളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കൺവെൻഷൻ ടീമിന് വലിയ ആവേശം പകർന്നു.

ജനുവരി 31ന് മുൻപ് രജിസ്ട്രേഷൻ നടത്തി ഏർലി ബേർഡ് നിരക്കുകൾ ഉപയോഗപ്രദമാക്കുവാൻ ഏവരെയും ടീം ആഹ്വാനം ചെയ്തു. ഇടവക വികാരി ഫാ. ജോസി കുര്യാക്കോസ് ഇടവകയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചതോടൊപ്പം ഏവരെയും ഇതിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്തു.

ഷിക്കാഗോയിലെ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിലും അതിനോട് ചേർന്ന മൂന്ന് ഹോട്ടലുകളിലും ആയിട്ടാണ് സീറോ മലബാർ യുഎസ്എ കൺവെൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും കൊണ്ടാടുന്നു. കഴിഞ്ഞ 25 വർഷങ്ങളിലായി രൂപത കൈവരിച്ച അഭൂതപൂർവ്വമായ വളർച്ചയിൽ പങ്കാളികളായ ഏവരെയും ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ ഈ മഹാസമ്മേളനം, ഏവർക്കും ഒന്നിച്ചു ചേരാനും, സൗഹൃദങ്ങൾ പുതുക്കുവാനും, ആശയങ്ങളും അറിവുകളും അനുഭവങ്ങളും പങ്കുവയ്ക്കുവാനും, പ്രവാസി ലോകത്തെ സഭയുടെ ഭാവിയെക്കുറിച്ച് വിചിന്തനം ചെയ്യുവാനും, ഉള്ള ഒരു അവസരം ആയിരിക്കും. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ധർ നയിക്കുന്ന ക്ലാസുകളും, ബിസിനസ് മീറ്റുകളും, സംഘടനാ കൂട്ടായ്മകളും, കേരളത്തിൽ നിന്നുള്ള കലാകാരന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന കലാപരിപാടികളും, മത്സരങ്ങളും ഒരുക്കിയിരിക്കുന്നു. യുവജനങ്ങളെയും, മുതിർന്നവരെയും ഒരുപോലെ പങ്കാളികളാക്കി നടത്തുന്ന ഈ വിശ്വാസ കൂട്ടായ്മയിൽ അമേരിക്കയിൽ അങ്ങോളമിങ്ങോളം ഉള്ള എല്ലാ സീറോ മലബാർ വിശ്വാസികളും വന്നുചേരണമെന്നാണ് താൻ കാംക്ഷിക്കുന്നതെന്ന് ഇടവക അധ്യക്ഷൻ മാർജോയ് ആലപ്പാട്ട് രൂപതയിൽ ഏവർക്കും ഉള്ള സന്ദേശത്തിൽ അറിയിക്കുകയുണ്ടായി.

ഓരോ പള്ളിയിലും അവരുടെ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ഒരു സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൺവെൻഷൻ ടീം ഈ അംഗങ്ങളുമായി ബന്ധപ്പെടുകയും വിവരങ്ങൾ പങ്കുവെയ്ക്കുകയും ചെയ്യുന്നതു വഴി രജിസ്ട്രേഷൻ പ്രക്രിയ എളുപ്പമാക്കുകയും ചെയ്യുന്നു. ഈ സംയോജിത ശ്രമം കൂടുതൽ വിശ്വാസികളെ കൺവെൻഷന്റെ ഭാഗമാക്കുമെന്ന് ടീം പ്രതീക്ഷിക്കുന്നു. ബാൾട്ടിമോർ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

*ബീനാ വള്ളിക്കളം*

## സീറോ മലബാർ കൺവെൻഷൻ കിക്കോഫിന് വെർജീനിയ ദേവാലയത്തിൽ മികച്ച പ്രതികരണം

ഷിക്കാഗോ: രജതജൂബിലി ആഘോഷിക്കുന്ന സീറോ മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവെൻഷന്റെ കിക്കോഫ് കൺവൻഷൻ ജോയിന്റ് കൺവീനർ ഫാ. യൂജിൻ ജോസഫിന്റെ നേതൃത്വത്തിൽ വെർജീനിയ സെന്റ് ജൂഡ് ദേവാലയത്തിൽ ഉത്സാഹപൂർവ്വം ജനുവരി പതിനൊന്നാം തിയതി നടന്നു. കൺവെൻഷന്റെ ഭാഗമായി ഇടവകകൾ സന്ദർശിക്കുന്നതിനും വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും ആയി എത്തിച്ചേർന്ന ഫാ. യൂജിൻ ജോസഫിനെയും കൺവൻഷൻ രജിസ്ട്രേഷൻ കോർഡിനേറ്റർ ജേക്കബ് തോമസിനെയും ഇടവക വികാരി ഫാദർ ലിഗോറി ഫിലിപ്പ്സ് കട്ടിക്കാരന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. കൺവൻഷൻ പ്രതിനിധി റോണി തോമസ്, ട്രസ്റ്റിമാരായ ആന്റണി അന്തനാട്ട്, ആന്റണി പവ്വത്തിൽ, ജോസ് പുഞ്ചയിൽ, ജെയ്സൻ പോൾ എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നൽകി. ഫാ. ടിനു പനച്ചിക്കലും തദവസരത്തിൽ സന്നിഹിതനായിരുന്നു. വെർജീനിയ പള്ളിയിലെ അച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും പ്രത്യേകം നന്ദി അറിയിച്ചു.





# എല്ലാ സമുദായങ്ങളുടെയും പുരോഗതി ക്രൈസ്തവരുടെ ലക്ഷ്യമാകണം: ജസ്റ്റിസ് ജെ.ബി. കോശി



ചങ്ങനാശ്ശേരി: സ്വന്തം സമുദായത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതോടൊപ്പം തന്നെ മറ്റ് സമുദായങ്ങളുടെ പുരോഗതിയും ഉറപ്പ് വരുത്തുവാൻ ക്രൈസ്തവർ മുന്നിട്ട് ഇറങ്ങണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി അഭിപ്രായപെട്ടു. സമൂഹത്തിലെ എല്ലാ ജനവിഭഗങ്ങളുടെയും പുരോഗതിയിലൂടെ മാത്രമേ രാജ്യ പുരോഗതി സാധ്യമാകൂ. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിന് എല്ലാം സമുദായങ്ങളും പരിഗണന നൽകണമെന്നും അദ്ദേഹം പറഞ്ഞു.

ചങ്ങനാശ്ശേരി വൈ.എം.സി.എ ക്രിസ്തുമസ് പുതുവത്സര കുടുംബ സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിണ്ണിലെ താരകം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു ജസ്റ്റിസ് ജെ.ബി.കോശി.

വൈ.എം.സി.എ പ്രസിഡന്റ് എം.എം. മാത്യു അധ്യക്ഷത വഹിച്ചു. റവ. ഫാ. കെ. സാമൂവൽ ക്രിസ്മസ് സന്ദേശം നൽകി. വൈ.എം.സി.എ കേരള റീജിയൻ വൈസ് ചെയർമാൻ കുര്യൻ തൂമ്പുങ്കൽ, നഗരസഭ കൗൺസിലർ എൽസമ്മ ജോബ്, ഡോ. റോയ് ജോസഫ്, പ്രൊഫ. സോജി തോമസ്, ടോമിച്ചൻ അയ്യരുകുളങ്ങര, ജോണിച്ചൻ കൂട്ടുമ്മൽകാട്ടിൽ, ടി.ഡി. തോമസ് എന്നിവർപ്രസംഗിച്ചു.നഗരസഭകൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട എൽസമ്മ ജോബ്, വടക്കേ അമേരിക്കയിൽ നിന്നും പബ്ലിഷ് ചെയ്യുന്ന വാചകം ന്യൂസ് ചെയർമാൻ ജോസ് ചെന്നിക്കര, യുവ സംരഭക അവാർഡ് ജേതാവ് ജോയൽ തോമസ് അയ്യരുകുളങ്ങര എന്നിവരെ ആദരിച്ചു. വൈ.എം.സി.എ ബാല ചിത്രരചനാ മത്സരത്തിലെ ജേതാക്കൾക്കുള്ള സമ്മാനദാനം ഡോ. റൂബിൾ രാജ് നിർവഹിച്ചു.



## ന്യൂയോർക്ക് ഫ്ളോറിഡ ഒർലാന്റോ സീറോ മലബാർ പള്ളിയിൽ കൺവെൻഷൻ കിക്കോഫ് മനോഹരമായി

ഷിക്കാഗോ: ഇന്ത്യയ്ക്ക് പുറത്ത് സീറോ മലബാർ രൂപതക്ക് ആദ്യമായി ലഭിച്ച ഷിക്കാഗോ രൂപതയുടെ രൂപത 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ നടത്തപ്പെടുന്ന കൺവെൻഷന്റെ കിക്കോഫ് ന്യൂയോർക്കിലെ റോക്ക്ലാൻഡ് ഹോളി ഫാമിലി സീറോ മലബാർ പള്ളിയിൽ കൺവൻഷൻ കൺവീനർ ഫാ. തോമസ് കടുകപ്പിള്ളിലിന്റെ നേതൃത്വത്തിൽ ജനുവരി 11ന് നടന്നു. അച്ചനെയും ഫിനാൻസ് ചെയർമാൻ ആൻഡ്രൂസ് തോമസിനെയും ഇടവക വികാരി ഫാ: നിക്കോളാസ് തലക്കോട്ടൂരിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. സോണി കണ്ണോട്ടുതറ, അൽഫോൻസാ ഷാജി, ജെയ്മി ജോർജ്ജ്, തോമസ് മാളിയേക്കൽ എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നൽകി. ഓർലാന്റോ പള്ളിയിലെ അച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

## കെ.എ.സി/കെ.സി.സി ഷിക്കാഗോ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ഹെറാൾഡ് ഫിഗ്രെദോയെ ആദരിച്ചു



2025 ഡിസംബർ 27-ാം തീയതി ഷിക്കാഗോ അക്ഷയന ബാങ്ക്വറ്റ്ഹാളിൽ നടന്ന ക്രിസ്തുമസ് പുതുവത്സരാഘോഷത്തോടൊപ്പം കെ.എ.സി/കെ.സി.സി ഷിക്കാഗോയുടെ ഉന്നതാധികാര സമിതിയംഗവും ഷിക്കാഗോ മലയാളി സമൂഹത്തിലെ അറിയപ്പെടുന്ന സാമൂഹിക, സാംസ്കാരിക പ്രവർത്തകനുമായ ഹെറാൾഡ് ഫിഗ്രെദോയെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡു നൽകി ആദരിച്ചു.

കെ.എ.സി പ്രസിഡന്റ് ആന്റോ കവലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മുഖ്യാതിഥിയായ പങ്കെടുത്ത ഷിക്കാഗോ ഇന്ത്യൻ കോൺസൽ ജനറൽ സോംനാഥ്ഘോഷ് ആയിരുന്നു ഫലകവും സർട്ടിഫിക്കറ്റും കൈമാറിയത്.

## ജെറോം പവലിന്റെ പിൻഗാമി ആര്? ട്രംപിന്റെ ഉത്തരമിങ്ങനെ

വാഷിംഗ്ടൺ: നിലവിലെ ഫെഡ് ചെയർമാനായ ജെറോം പവലിന് പകരക്കാരനായി അടുത്ത ചെയർപേഴ്സണെ തിരഞ്ഞെടുക്കുന്നതിൽ താൻ അടുത്തെത്തിയെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

സ്വിറ്റ്സർലൻഡിലെ ദാവോസിൽ 2026 ലെ വേൾഡ് ഇക്കണോമിക് ഫോറത്തോടനുബന്ധിച്ച് സിഎൻബിസിക്ക് നൽകിയ അഭിമുഖത്തിൽ, പവലിന് പകരക്കാരനായി വരാൻ സാധ്യതയുള്ള ഒരു സ്ഥാനാർത്ഥി തന്റെ മനസ്സിലുണ്ടെന്ന് ട്രംപ് സൂചന നൽകി. എന്നിരുന്നാലും, സ്ഥാനാർത്ഥിയുടെ പേര് അദ്ദേഹം പറഞ്ഞില്ല.

ട്രംപിന്റെ പട്ടികയിലുള്ള 11 സ്ഥാനാർത്ഥികളിൽ മുൻ ഫെഡ് ഉദ്യോഗസ്ഥരും നിലവിലുള്ളവരും സാമ്പത്തിക വിദഗ്ധരും വാൾസ്ട്രീറ്റ് നിക്ഷേപകരും ഉൾപ്പെടുന്നു.

മുൻ ഫെഡ് ഗവർണർ കെവിൻ വാർഷ്, നിലവിലെ ഗവർണർ ക്രിസ്റ്റഫർ വാലർ, നാഷണൽ ഇക്കണോമിക് കൗൺസിൽ മേധാവി കെവിൻ ഹാസെറ്റ്, ബ്ലാക്ക് റോക്ക് സ്ഥിര വരുമാന മേധാവി റിക്ക് റീഡർ എന്നിവരാണ് മത്സരത്തിലെ നാല് ഫൈനലിസ്റ്റുകളെന്ന് കരുതപ്പെടുന്നു.




മാറുന്ന കാലം 22

# മനുഷ്യനുവേണ്ടി ആരു വാദിക്കും?


സെർജി ആന്റണി

മനുഷ്യനുവിലയിടിയിന്നു,മനുഷ്യത്വം മരവിക്കുന്നു തുടങ്ങിയ പ്രയോഗങ്ങൾ നാം സാധാരണ കേൾക്കാറുള്ളതാണ്. ചില കൊടും ക്രിമിനലുകളെ നാം മനുഷ്യമൃഗമെന്നൊക്കെ വിളിക്കാറുണ്ട്. ട്രെയിനിൽനിന്നു യുവതിയെ തള്ളിയിട്ടു മാനഭംഗപ്പെടുത്തികൊലപ്പെടുത്തിയകേസിലെ പ്രതി ഗോവിന്ദച്ചാമിയെപ്പോലുള്ളവരെയാണ് അത്തരം വിശേഷണങ്ങൾ ചേർത്തു വിളിക്കാറുള്ളത്.

മൃഗീയ വാസനയുള്ള മനുഷ്യരെക്കുറിച്ചും പറയാറുണ്ട്. വിവേചനബുദ്ധിയില്ലാതെ പെരുമാറുന്നതിനാണ് സാധാരണ അങ്ങിനെ പറയുക. എന്നാൽ ചില മൃഗങ്ങൾപോലും മനുഷ്യരെക്കാൾ വലിയ സ്നേഹം പ്രകടിപ്പിക്കാറുണ്ട്. നായ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങളാണ് ഇത്തരത്തിൽ യജമാന സ്നേഹമോ മനുഷ്യസ്നേഹമോ ഒക്കെ കാണിക്കാറുള്ളത്. സമൂഹ മാധ്യമങ്ങളിൽ ഇത്തരം ചില മൃഗങ്ങളുടെ റീലുകൾ വരാറുണ്ട്. നിർമിത ബുദ്ധി ഉപയോഗിച്ചു നിർമിക്കുന്ന റീലുകളാണ് ഏറെയും. യാഥാർഥ്യമെന്നു തോന്നത്തക്കവിധമാണ് അതിൽപലതും നിർമിക്കപ്പെടുന്നത്.

മൃഗങ്ങളോടു വലിയ സ്നേഹവും വാത്സല്യവുംപ്രകടിപ്പിക്കുന്നവർ ഏറെയുണ്ട്. പൊതുനിരത്തുകളിൽ നായ്ക്കൾക്കു ഭക്ഷണം വിളമ്പുന്നവർ നമ്മുടെ നാട്ടിലുമുണ്ട്.അതിദാരിദ്ര്യംകേരളത്തിൽനിർമാർജനംചെയ്യപ്പെട്ടുവെന്നാണ്സർക്കാർ അവകാശപ്പെടുന്നതെങ്കിലും ഒരു നേരത്തെ ഭക്ഷണത്തിന് കാത്തിരിക്കുന്നവർ ഇന്നുംഉണ്ട്.അതുകൊണ്ടാണല്ലോആശുപത്രികളിലാണെങ്കിലും പൊതിച്ചോറൊക്കെ വിതരണം ചെയ്യേണ്ടിവരുന്നത്. പൊതുസ്ഥലങ്ങളിൽ ഭക്ഷണപായ്ക്കറ്റുകൾ ആവശ്യക്കാർക്ക് സൗജന്യമായി എടുക്കത്തക്കവിധം വയ്ക്കുന്ന സ്ഥലങ്ങളുമുണ്ട്. ഇതൊക്കെ പറഞ്ഞത് മലയാളി പൊതുവേ ഉദാരമതികളും സ്നേഹവായ്പുള്ളവരുമാണെന്നു സമർഥിക്കാനല്ല.

2026 ജനുവരി 14 ലെ ദീപിക ദിനപത്രത്തിന്റെഒന്നാംപേജിലെപ്രധാനവാർത്തയുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു. 'മനുഷ്യനുവേണ്ടിവാദിക്കാനാളില്ല'.വെണ്ടയ്ക്കാ അക്ഷരത്തിലുള്ള ആ വാക്കുകൾക്കുമുകളിലായിലീഡായി'തെരുവുനായ വിഷയത്തിൽ സുപ്രീംകോടതി' എന്നും ചേർത്തിരുന്നു.

ഏറെക്കാലമായി വന്യമൃഗശല്യം കേരളത്തിലെ മലയോര ജില്ലകളിലെ ജനജീവിതം ദുസഹമാക്കുന്നു. അതിപ്പോൾ ഉൾനാടുകളിലെ ജനവാസകേന്ദ്രങ്ങളിലേക്കും കടന്നു ചെന്നുകഴിഞ്ഞു. ആനയും പുലിയും കടുവയും കാട്ടുപന്നിയുമൊക്കെ വൻതോതിൽ കൃഷിനാശം മാത്രമല്ല ജീവനാശവും ഉണ്ടാക്കുന്നു. തെരുവുനായക്കളുടെ പ്രശ്നമാകട്ടെ ദേശീയ പ്രശ്നമായി മാറി. അതുകൊണ്ടാണല്ലോ രാജ്യത്തെ പരമോന്നത കോടതിക്കുപോലും അക്കാര്യത്തിൽ ഇടപെടേണ്ടിവരുന്നത്. മനുഷ്യനു വിലയിടിയുന്ന കാലത്ത് മൃഗങ്ങളുടെ കാര്യമാണ് മുഖ്യ ചർച്ചാവിഷയമാകുന്നത്.

രാജ്യതലസ്ഥാനത്തും വിവിധ സംസ്ഥാനങ്ങളിലുമൊക്കെ തെരുവുനായ ശല്യം രൂക്ഷമാണ്. ജഡ്ജിമാർപോലും അതിന് ഇരയായിട്ടുണ്ട്. തെരുവുനായ കടിച്ചതിനെത്തുടർന്ന് പേവിഷബാധയേറ്റു മരിച്ചു പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ളവരുടെ ദയനീയ കഥകളും വിരളമല്ല. കേരളത്തിൽഅതു വളരെരൂക്ഷമാണ്. എത്രയോ പേരാണ് നായയുടെ കടിയേറ്റു മരിച്ചിട്ടുള്ളത്. എന്നിട്ടും ദിവസേനയെന്നോണം തെരുവുനായ ശല്യവുമായിബന്ധപ്പെട്ട വാർത്തകൾ മാധ്യമങ്ങളിൽ വരുന്നു. തെരുവുകളിലെ മാലിന്യമാണ് മൂലകാരണം.

നായ വളർത്തുമൃഗമാണെങ്കിലും തെരുവിൽ വളരുന്ന നായ്ക്കൾക്ക് ഉടമസ്ഥരില്ല. അത് പൊതുസ്വത്താണ്. പക്ഷേ ഈ പൊതുസ്വത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരുമില്ല. വഴിയേ പോകുന്നവരെയൊക്കെ കടിച്ച് അവ യഥേഷ്ടം വാഴുന്നു. നായ്ക്കളുടെ വന്ധ്യംകരണം, തെരുവ് നായക്കളെ പിടിച്ച് അഭയകേന്ദ്രങ്ങളിൽ അടയ്ക്കൽ തുടങ്ങി പല മാർഗങ്ങളും ഈ ശല്യം ഒഴിവാക്കാൻ പറയുന്നുണ്ടെങ്കിലും അതൊന്നും കൃത്യമായോ കാര്യക്ഷമമായോ നടക്കുന്നില്ല. എന്നു മാത്രമല്ല, തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനു താത്പര്യം കാണിക്കുന്ന നായ




സ്നേഹികൾ അവയെ സ്വന്തം വീട്ടിൽ കൊണ്ടുപോയി വളർത്താനൊട്ടു സന്നദ്ധരുമല്ല.

തെരുവനായ പ്രശ്നം രൂക്ഷമാവുകയും പലരുടെയും ജീവൻ നഷ്ടപ്പെടുകയുമൊക്കെ ചെയ്തപ്പോൾ വിഷയം കോടതി മുമ്പാകെ വന്നു. അത് പരമോന്നത കോടതിയായ സുപ്രീംകോടതിവരെ എത്തി. അവിടെ നായ്ക്കൾക്കും നായസ്നേഹികൾക്കും വേണ്ടി വാദിക്കാൻ കപിൽ സിബലിനെ പോലുള്ള പ്രമുഖ അഭിഭാഷകരും എത്തി. സുപ്രീംകോടതിയൽ കേസു നടത്താനൊക്കെ എത്രമാത്രം ചെലവുണ്ടാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.ട്രെയിനിൽഭിക്ഷാടനംനടത്തി ഉപജീവനം നടത്തിയിരുന്ന ഗോവിന്ദച്ചാമിക്കുവേണ്ടിപ്പോലും സുപ്രീംകോടതിയിൽ വാദിക്കാൻ ആളുണ്ടായി. അപ്പോൾ പിന്നെ നായകൾക്കുവേണ്ടി അവയെ സ്നേഹിക്കുന്നവർ വരാതിരിക്കില്ലല്ലോ. ഇക്കാര്യത്തിൽ കഴിഞ്ഞ 14ന് സുപ്രീംകോടതി നടത്തിയ ചില പരാമർശങ്ങൾ നമ്മുടെയൊക്കെ കണ്ണ് തുറപ്പിക്കേണ്ടതുണ്ട്.

എത്രയോ പ്രമാദമായ കേസുകളാണ് സുപ്രീംകോടതി മുമ്പാകെ ഉള്ളത്. ആ കോടതിയുടെ വിലപ്പെട്ട സമയം നായ്ക്കളുടെപ്രശ്നംപരിഹരിക്കാനുംനീക്കിവയ്ക്കേണ്ടിവരുന്നു. ഉന്നതമായ നീതിബോധത്തിനു മുന്നിൽ ഇതൊക്ക സാധാരണവുമാണ്. മനുഷ്യനെയും മൃഗങ്ങളെയും പ്രകൃതിയെയുമൊക്കെ സംരക്ഷിക്കാൻ സുപ്രിംകോടതി ഉൾപ്പെടെയുള്ള നീതിന്യായ സംവിധാനങ്ങൾ ഉണർന്നുപ്രവർത്തിക്കുന്നതു നാം പല വട്ടംകണ്ടിട്ടുണ്ട്. അത്തരം ചില നിർണായക നിരീക്ഷണങ്ങളാണ് ജസ്റ്റീസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത, എൻ.വി. അജ്ഞുരിയ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് നടത്തിയത്.

തെരുവുനായ്ക്കളുടെ ആക്രമണം മൂലമുണ്ടാകുന്ന മരണത്തിന്റെയും പരിക്കുകളുടെയും ഉത്തരവാദിത്വത്തിൽനിന്ന് സംസ്ഥാന സർക്കാരുകൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും മാറിനിൽക്കാവില്ലെന്നു ഡിവിഷൻ ബെഞ്ച് അർഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കി. ഇരകൾക്ക് കനത്ത നഷ്ടപരിഹാരം നൽകേണ്ടിവരുമെന്ന മുന്നറിയിപ്പും കോടതി നൽകി. തെരുവുനായകൾക്കു ഭക്ഷണം നൽകുന്ന നായസ്നേഹികൾക്കും ഇതിന്റെ ബാധ്യതയുണ്ടെന്നും കോടതികൂട്ടിച്ചേർത്തു. തെരുവ്നായ ആക്രമണവുമായി ബന്ധപ്പെട്ടു കോടതി സ്വമേധയാ എടുത്ത കേസിന്റെ വിചാരണവേളയിലായിരുന്നു ഡിവിഷൻ ബെഞ്ചിന്റെ ഈ പരാമർശങ്ങൾ. തെരുവനായ്കൾക്കുവേണ്ടി നിരവധിപേർ വാദിക്കാനുണ്ടായിരുന്നുവെങ്കിലും അവയുടെ ആക്രമണം നേരിട്ട മനുഷ്യർക്കുവേണ്ടി വാദിക്കാൻ ആരെയും കണ്ടില്ലെന്നു കോടതി പറഞ്ഞത് ഈ വേളയിലാണ്. തെരുവുനായ്ക്കളെ ദത്തെടുക്കുന്നതിനു നയം രൂപീകരിക്കണമെന്ന ഹർജിക്കാരുടെ ആവശ്യത്തോടു പ്രതികരിക്കവേ, തെരുവുകളിലെ അനാഥരായ കുട്ടികളെ ദത്തെടുക്കുന്നതിനെക്കുറിച്ച് ആരും വാദിക്കുന്നില്ലെന്നും പരമോന്നത കോടതി ചൂണ്ടിക്കാട്ടി. മനുഷ്യത്വം മരവിച്ച ചില മനുഷ്യരുടെ നേർക്ക് കോടതി ചൂണ്ടിയ ഈ വിരലുകൾ നാം ഓരോരുത്തരുടെയും നേർക്കുകൂടി ഉയരുന്നുണ്ട്. വ്യാജമായ കാരുണ്യപ്രവർത്തനങ്ങളുടെയും മുതലക്കണ്ണീരിന്റെയും ലോകത്ത് മനുഷ്യക്കുഞ്ഞുങ്ങളെക്കുറിച്ച് ഇത്രയൊക്കെ പറയാൻ പരമോന്നത കോടതി വരേണ്ടിവന്നു.

താൻ ജഡ്ജിയായി നിയമിതനായ 2011 മുതൽ ഒരു കേസുമായി കേൾക്കുന്ന ഏറ്റവും നീളം കൂടിയ വാദമാണ് തെരുവുനായ വിഷയത്തിൽ നടന്നതെന്നും എങ്കിലും ഇതിനിടയിൽ ഒരിക്കൽപോലും ആരും മനുഷ്യർക്കുവേണ്ടി വാദിച്ചില്ലെന്നും ഡിവിഷൻ ബെഞ്ചിലെ അംഗമായ ജസ്റ്റീസ് സന്ദീപ് മേത്ത പറയുകയുണ്ടായി. സമൂഹത്തിനു നേരേ പൊതുവായി ഉയരുന്ന ഇത്തരം ചില ചോദ്യങ്ങൾ പലപ്പോഴും ആരും അത്ര ശ്രദ്ധിക്കാറില്ല. അതേസമയം വളരെ പ്രസക്തമാണീ ചോദ്യങ്ങളും നിരീക്ഷണങ്ങളും.

തെരുവുനായ പ്രശ്നത്തിൽ സുപ്രീംകോടതി നടത്തിയ ചില പരാമർശങ്ങൾ ചിലർക്കൊക്കെതമാശയായിതോന്നിയേക്കാമെങ്കിലും അത് വളരെ ഗൗരവത്തോടെ കാണേണ്ട കാര്യംതന്നെയാണ്. ആളുകളെ കടിക്കാതിരിക്കാൻ നായ്ക്കൾക്കു കൗൺസലിംഗ് നൽകുക മാത്രമാണ് ഇനി പോംവഴിയെന്നു സുപ്രീംകോടതി ഏതാനും നാൾ മുമ്പു പറഞ്ഞതു വെറും തമാശയല്ല. അതിൽ ഒളിഞ്ഞിരിക്കുന്ന ആക്ഷേപഹാസ്യം ഭരണതലത്തിൽ ആഞ്ഞടിക്കുന്നുണ്ട്. തെരുവ്നായ ആക്രമണത്തിന്റെ അതിരൂക്ഷമായ സാഹചര്യം നന്നായി മനസിലാക്കിയിട്ടുതന്നെയാണ് സുപ്രീംകോടതി ഇത്തരമൊരു പരിഹാസ പരാമർശം നടത്തിയത്. തെരുവുനായ ആക്രമണം ജനങ്ങളുടെ ജീവൻ എടുക്കുകയാണെന്നും നിയമം നടപ്പാക്കുന്നതിൽ അധികൃതർ പരാജയമാണെന്നും ജസ്റ്റീസ് വിക്രം നാഥ് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റെ അന്നത്തെ വിമർശനം പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുതന്നെയാണ്.

ഇത്തരമൊരു പരാമർശം നടത്തുന്നതിന് ഉപോദ്ബലകമായ കണക്കുകളും സംഭവങ്ങളും കോടതിയുടെ മുമ്പാകെ ഉണ്ടായിരുന്നു. പത്തനംതിട്ടയിലെ അഭിരാമിയെ നമുക്കു മറക്കാനാവുമോ. തലസ്ഥാന നഗരമായ ഡൽഹിയും തെരുവനായ ശല്യത്തിന്റെ പിടിയിലാണ്. രാജസ്ഥാനിൽ അടുത്തിടെ നടന്ന വാഹനാപകടങ്ങളിൽ രണ്ടു ജഡ്ജിമാർക്കു പരിക്കേറ്റ കാര്യം സുപ്രീംകോടതി ചൂണ്ടിക്കാട്ടി. തെരുവ്നായകളാണ് ഈ അപകടത്തിനു വഴിയൊരുക്കിയത്.

ഇതൊക്കെയാണെങ്കിലും തെരുവ്നായക്കൾക്കുവേണ്ടി വാദിക്കാനും ആളുകൾ ഏറെയുണ്ട്. ജീവികളോടുള്ള കരുണ പലപ്പോഴും മനുഷ്യരോടുള്ളതിനെ കവച്ചു വയ്ക്കുന്നതും കാണാം. നായസ്നേഹികൾക്കുവേണ്ടി സുപ്രീംകോടതിയിൽ ഹജാരായത് പ്രശസ്ത അഭിഭാഷകനായ കപിൽ സിബൽ ആണെന്നു പറയുമ്പോൾ അവരുടെ സ്വാധീനം ഏറക്കുറെ ഊഹിക്കാമല്ലോ. അത്രയ്ക്കും നായസ്നേഹമുള്ളവരുള്ള നാട്ടിൽ മനുഷ്യരുടെ കാര്യം എത്ര മനോഹരമായിരിക്കും. ഏതായാലും നായ്ക്കളെക്കാൾ അല്പമെങ്കിലും കൂടുതൽ പരിഗണന മനുഷ്യർക്ക് ഇവരിൽനിന്നു കിട്ടാതിരിക്കില്ല.

മനുഷ്യജീവൻ മഹത്തരമാണ്. അതേസമയം എല്ലാ ജീവജാലങ്ങളോടും കരുണ കാട്ടുന്നത് മനുഷ്യത്വത്തിന്റെ മഹനീയതയുമാണ്. തെരുവുനായ്ക്കളോട് ശത്രുത പാടില്ലെന്നാണ് നായസ്നേഹികളുടെ വാദം. അപ്പോൾ കോഴികളുടെയും ആടുകളുടെയും കാര്യമോ എന്നൊരു ലളിതമായ ചോദ്യം സുപ്രീംകോടതി തന്നെ അവരോടു ചോദിച്ചു. കടി മാത്രമല്ല നായ്ക്കൾ ഉണ്ടാക്കുന്ന പ്രശ്നം. പല വാഹനാപകടങ്ങൾക്കും തെരുവുനായക്കൾ കാരണമാകുന്നുണ്ട്.

തെരുവു നായ്ക്കളെ ഷെൽറ്ററിൽ അടയ്ക്കണമെന്ന് നവംബറിൽ സുപ്രീംകോടതി ഇടക്കാല ഉത്തരവ് ഇട്ടിരുന്നു. ഇതിനെതിരേ നായസ്നേഹികൾ രംഗത്തെത്തി. കേരളത്തിൽ ആനിമൽ ബർത്ത് കൺട്രോൾ കേന്ദ്രങ്ങളുടെയും ഷെൽറ്ററുകളുടെയും കുറവുണ്ടെന്ന് അമിക്കസ് ക്യൂറി ചൂണ്ടിക്കാട്ടിയിരുന്നു. നായ്ക്കളോട് ശത്രുതാ മനോഭാവം പാടില്ലെന്നും 'പിടികൂടുക, വന്ധ്യംകരിക്കുക, വാക്സിൽ കുത്തിവയ്ക്കുക, വിട്ടയയ്ക്കുക' എന്നരീതിയാണു വേണ്ടതെന്നു നായസ്നേഹികൾക്കുവേണ്ടി ഹാജരായ കബിൽ സിബൽ വാദിച്ചിരുന്നു. മൃഗക്ഷേമ ബോർഡിന്റെ മാർഗരേഖ അശാസ്ത്രീയമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പേബാധിച്ച നായ്ക്കളെ മറ്റു നായ്ക്കൾക്കൊപ്പം പാർപ്പിച്ചാൽ പ്രശ്നം കൂടുതൽ വഷളാകുമെന്നും ഷെൽട്ടറിലിടുമ്പോൾ ഭക്ഷണത്തിനുവേണ്ടി കടിപിടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

ഇതിനിടെ തെരുവുനായക്കളെ സംരക്ഷിക്കാൻ ചെലവാകുന്ന ഭീമമായ തുകയുടെ വ്യക്തമായ കണക്ക് മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാൽ കോടതി മുമ്പാകെ അവതരിപ്പിച്ചു. രാജ്യത്തെ ഒന്നര കോടിയിലേറെ വരുന്ന നായ്ക്കൾക്കായി പ്രതിദിനം 62 കോടി രൂപയാണ് ചെലവാക്കേണ്ടിവരുന്നത്. രാജ്യത്ത് വൈദ്യുതി കണക്ഷനോ ചുറ്റമതിലോ ഇല്ലാത്ത രണ്ടു ലക്ഷത്തോളം സ്കൂളുകളുണ്ടെന്നും അഡ്വ. വേണുഗോപാൽ ഇതോടൊപ്പം ചൂണ്ടിക്കാട്ടി.

നമ്മുടെ പല കണക്കുകളും വികസനവും ഇപ്രകാരം കൂട്ടിമുട്ടാതെ പോകുന്നു. തെരുവനായ ശല്യത്തിന്റെ കാണാപ്പുറങ്ങൾ പലതുമുണ്ടെന്നു പണ്ടേ ആരോപണമുണ്ട്. കേരളത്തിലെ മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനായിരുന്ന ബിജു പ്രഭാകർ തന്നെ അക്കാര്യം ഒരിക്കൽ ചൂണ്ടിക്കാട്ടിയിരുന്നു. ലോകത്ത് മറ്റു വികസിത രാജ്യങ്ങളൊക്കെ നായ പ്രശ്നം എങ്ങിനെയാണ് പരിഹരിക്കുന്നതെന്നു നാം ഇനിയും പഠിച്ചിട്ടല്ലേ. വികസിത രാജ്യത്തിന്റെ പട്ടം ചൂടാൻ കാത്തിരിക്കുന്ന നാം ആദ്യം തെരുവുകൾ വൃത്തിയുള്ളതും അതിലൂടെയുള്ള യാത്ര സുരക്ഷിതവും ആക്കണം. എന്നിട്ടു മതി മേനി പറച്ചിൽ.

തെരുവുനായ വിളയാട്ടവും മാലിന്യ പ്രശ്നങ്ങളും കേരളത്തെ ഏറെ അസ്വസ്ഥമാക്കുന്നുണ്ട്. തെരുവുനായയെ പേടിച്ച് കുട്ടികളെ സ്കൂളിൽവിടാൻപോലും രക്ഷിതാക്കൾ ഭയപ്പെടുന്ന സ്ഥിതിയിലേക്കു കാര്യങ്ങളെത്തി. ചങ്ങനാശേരി വാഴൂർ റോഡിൽ വെരൂർ സെന്റ് മേരീസ് എൽപി സ്കൂൾ കാമ്പസിൽ കഴിഞ്ഞ നവംബർ നാലിന് മൂന്നു കുട്ടികൾക്കും ഒരു തൊഴിലുറപ്പു തൊഴിലാളിക്കും തെരുവുനായയുടെ കടിയേറ്റിരുന്നു. കുട്ടികൾ സ്കൂളിലേക്ക് എത്തിക്കൊണ്ടിരിക്കുമ്പോഴാണ് രാവിലെ ഒമ്പതരയോടെ ഗേറ്റിലൂടെ ഓടിക്കയറിയ നായ ഇവരെയെല്ലാം കടിച്ചത്. നാലുവയസുകാരൻ ആദമിന്റെ ദേഹത്തു ചാടിക്കയറി നായ കുട്ടിയെ മറിച്ചിട്ടു. കുട്ടികളെ കടിച്ചശേഷം പുറത്തേക്കു പാഞ്ഞ നായ വഴിയിൽ വച്ച് തൊഴിലുറപ്പു തൊഴിലാളി തങ്കമ്മയുടെ കാലിലും കടിച്ചു.

പരിസരമലിനീകരണവുംതെരുവുനായ ശല്യവും നേരിടുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്കു വലിയ പങ്കു വഹിക്കാനുണ്ട്. പഞ്ചായത്തിലും നഗരസഭകളിലും കോർപറേഷനുകളിലും അംഗങ്ങളാകാനും അധ്യക്ഷരാകാനും പതിനട്ടടവും പയറ്റിയവർ ഇത്തരം കാര്യങ്ങളിൽ എന്തു പറയുന്നുവെന്നും എന്തു ചെയ്യുന്നുവെന്നും ജനം വിലയിരുത്തണം. വെറുതേ വാചകമടിച്ചു കടന്നുപോകാൻ ആരെയും അനുവദിക്കരുത്. മാലിന്യമുക്ത കേരളം പരസ്യങ്ങളിൽ മാത്രമാവരുത്. അതു പാതകളിൽ യാഥാർഥ്യമാകണം. മാലിന്യത്തിന്റെ ഒരു ഉപ വിഭവമാണ് രോഗങ്ങളും തെരുവുനായ ശല്യവും. ഇതു രണ്ടും നമുക്കു വേണ്ടുവോളമുണ്ട്.

ഒരു ജർമ്മൻ വ്ളോഗറുടെ വീഡിയോ ചങ്ങനാശേരിയെ എത്രമാത്രം അപമാനിതമാക്കിയെന്ന് ഈയിടെ നാം കണ്ടു. താലൂക്ക് വികസനസമിതി യോഗത്തിലും ഈ വിഷയം ചർച്ചയായി. അതിനു മുമ്പു തന്നെ ലോകമെമ്പാടുമുള്ള മലയാളികൾ ഈ ദൃശ്യങ്ങൾ കണ്ടുകഴിഞ്ഞിരുന്നു. ദിനപത്രങ്ങളുടെ പ്രാദേശിക പേജുകളിലും വാട്സാപിലുമൊക്കെ നിരന്തരം പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങളാണ് ജർമ്മൻ വ്ളോഗർ അലക്സാണ്ടർ വെൽഡറുടെ വീഡിയോയിൽ വന്നത്.

മൂന്നാറിലേക്കുള്ള യാത്രാമധ്യേ ചങ്ങനാശേരി നഗരഹൃദയത്തിലുള്ള കെ.എസ്.ആർ.ടി.സ് ബസ് സ്റ്റാൻഡ് പരിസരത്തെ മാലിന്യമാണ് ജർമൻകാരൻ വീഡയോയിൽ പകർത്തിയത്. അതു ലോകം മുഴുവൻ കണ്ടു. അപ്പോഴാണ് അധികൃതരും ഉണർന്നത്. ഏതായാലും ബസ് സ്റ്റാൻഡ് പരിസരത്തെ മാലിന്യം നീക്കി. മൂന്നാറിൽ ചെന്നപ്പോഴുള്ള അവസ്ഥ എന്താണെന്ന് അലക്സാണ്ടർ ചിത്രീകരിച്ചിട്ടുണ്ടോ എന്നറിയില്ല. അവിടെയും സ്ഥിതി എത്രയോ മോശമാണെന്നു മറ്റൊരു വീഡിയോയിലൂടെ മുംബൈയിൽനിന്ന് അവിടെ എത്തിയ ഒരു വനിതാ കോളജ് അധ്യാപിക വിവരിച്ചതു വൈറലായിരുന്നു. ടാക്സിക്കാരുടെ മര്യാദയില്ലായ്മയും അതിനു കുടപിടിച്ച പോലീസിന്റെ പെരുമാറ്റവുമാണ് പുറത്തുവന്നത്. സുരക്ഷ ഇല്ലാത്ത ഈ നാട്ടിലേക്ക് ഇനി താനില്ലെന്നും ആ അധ്യാപിക പറഞ്ഞിട്ടുണ്ട്. ഏതായാലും വീഡിയോയും അതെക്കുറിച്ചുള്ള വാർത്തകളും വൈറലായതോടെ മന്ത്രി ഉൾപ്പെടെ എല്ലാവരും പ്രതിരോധവുമായി രംഗത്തെത്തി.

തെരുവുനായ പ്രശ്നം പോലൊരു വിഷയം ഇത്രമാത്രം സങ്കീർണമാകേണ്ടതുണ്ടോ എന്ന ചോദ്യം ഉയർന്നേക്കാം. വികസിത രാജ്യങ്ങൾ ഉൾപ്പെടെ ലോകത്തിലെ എത്രയോ രാജ്യങ്ങളിൽ നായ്ക്കളെയും ഇതര വളർത്തു മൃഗങ്ങളെയും മനുഷ്യർ പരിപാലിക്കുന്നുണ്ട്. അപരന്റെ ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും ഭംഗം വരാതെ ജീവിക്കേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. അപ്പോൾ നായ്ക്കൾ തെരുവിൽ മനുഷ്യജീവനു ഭീഷണി ഉയർത്തുമ്പോൾ ആ തെരുവ് ഉൾപ്പെടുന്ന പ്രദേശത്തെ തദ്ദേശസ്ഥാപനത്തിനുതെന്നയാവണം പ്രശ്നം പരിഹരിക്കാനുള്ള പ്രാഥമിക ഉത്തരവാദിത്വം. സംസ്ഥാന സർക്കാരിനും കൈകഴുകി മാറി നിൽക്കാനാവില്ല.

# ഫോമയുടെ പ്രൗഢി അറിയിച്ച കേരള കൺവൻഷൻ; ഒപ്പം ജീവകാരുണ്യവും!




ന്യൂയോർക്ക്: ഫോമയുടെ ചരിത്രത്തിൽ തങ്ക ലിപികളിൽ അടയാളപ്പെടുത്തുന്ന 'കേരള കൺവെൻഷനാണ് ജനുവരി ഒൻപത്, പത്ത് തീയതികളിൽ നടന്നത്. എന്നാൽ, കേരള കൺവെൻഷന്റെ ഭാഗമായി ജനുവരി മൂന്നു മുതൽ പതിനൊന്നുവരെ കേരളത്തിലെ നിരവധി സ്ഥലങ്ങളിൽ വച്ചുനടന്ന വിവിധങ്ങളും, വ്യത്യസ്തങ്ങളുമായ ജീവകാരുണ്യ പദ്ധതികളും, സാംസ്കാരിക, ബിസിനസ്സ് പരിപാടികളും കൂട്ടിവായിച്ചാൽ അക്ഷരാർഥത്തിൽ കേരളം ഫോമ കൈയടക്കിയ വാരമാണ് കടന്നുപോയത്. തീർച്ചയായും പ്രസിഡന്റ് ബേബി മണക്കുന്നേലിന്റെയും ടീമിന്റേയും അക്ഷീണ പരിശ്രമത്തിന്റെ ഫലംകൂടിയാണീ വിജയം.

'അക്ഷര നഗരി' എന്നറിയപ്പെടുന്ന കോട്ടയത്തെ പ്രശസ്തമായ വിൻഡ്സർ കാസിൽ ഹോട്ടലിൽ നടന്ന പ്രൗഢോജ്ജ്വലമായ ചടങ്ങിൽ 'കേരള കൺവൻഷന്റെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. ഫോമ, അമേരിക്കയിലും നാട്ടിലുമായി നടത്തിവരുന്ന നിരവധിയായ പ്രവർത്തങ്ങളെ മന്ത്രി യോഗത്തിൽ അഭിനന്ദിച്ചു.

വൈകുന്നേരം നടന്ന സമാപന സമ്മേളനം കേന്ദ്ര മന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. അമേരിക്കൻ മലയാളികളുടെ അനുഭവ പരിജ്ഞാനവുംസ്നേഹസംഭാവനകളുംരാജ്യത്തിന്റെ സമഗ്ര വികസനത്തിനായി നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. കവിയും, നോവലിസ്റ്റും, ചലച്ചിത്ര ഗാനരചയിതാവും സംവിധായകനുമായ ശ്രീകുമാരൻ തമ്പി സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ, മന്ത്രി വി.എൻ. വാസവൻ, എം.പിമാരായ ആന്റോ ആന്റണി, ഫ്രാൻസിസ് ജോർജ്, എം.എൽ.എമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ്, മുൻ എം.പി സുരേഷ് കുറുപ്പ്, തോമസ് ചാഴികാടൻ, മുൻ എം.എൽ.എ രാജു എബ്രഹാം, അഡ്വ. വർഗീസ് മാമ്മൻ, ഫോമ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, കേരള കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, ഫോമ മുൻ പ്രസിഡന്റുമാരായ ജോൺ ടൈറ്റസ്, ബേബി ഊരാളിൽ ഡോ.ജേക്കബ് തോമസ്, അനിയൻ ജോർജ്, ഐ.പി.സി.എൻ.എ പ്രസിഡന്റ് രാജു പള്ളത്ത് തുടങ്ങിയവർ സംസാരിച്ചു.

ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പ്രിവിലേജ് കാർഡ് ഫോമാ വിമൻസ് ഫോറം മുൻ ചെയർപേഴ്സൺ ഡോ. സാറാ ഈശോ പ്രസിഡന്റ് ബേബി മണക്കുന്നേലിന് കൈമാറി. തദവസരത്തിൽ, ഫോമ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 50 നേഴ്സിങ് വിദ്യാർത്ഥികൾക്കു അമ്പതിനായിരം രൂപ വീതം സാമ്പത്തിക സഹായം വിതരണം ചെയ്തു.

അതോടൊപ്പം ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഇലക്ട്രിക്ക് വീൽ ചെയർ, മുച്ചക്ര സ്കൂട്ടർ, ലാപ്ടോപ്പ്, മറ്റു പഠനോപകരണങ്ങളും നൽകുകയുണ്ടായി. കൂടാതെ ഫോമ 'ഹെൽപ്പിംഗ് ഹാൻഡിന്റെ' വക ഒരു ലക്ഷം രൂപയുടെ സഹായം ചെങ്ങന്നൂർ സ്വദേശിനിയായ വീട്ടമ്മക്കും നൽകി. 'ഫോമ ഭവന' പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വീടുകളുടെ താക്കോൽ ദാനം പുതുപ്പള്ളി എം.എൽ.എ ചാണ്ടി ഉമ്മൻ നിർവഹിച്ചു. സ്ത്രീ ശാക്തീരണത്തിന്റെ ഭാഗമായി 50 വനിതകൾക്ക് തയ്യൽ മെഷീനുകൾ നൽകിയതും മാതൃകയായി.

കേരള കൺവൻഷനു മുന്നോടിയായി ജനുവരി 3-ാം തീയതി പരുമല സെയിന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ, ചങ്ങനാശേരി കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് ഓർത്ത്ഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ് സാമൂഹികമായി പിന്നോക്കം നിൽക്കുന്ന നിരവധി പേർക്കു ഉപകാരപ്രദമായി. ഫോമ കേരളത്തിൽ നടത്തുന്ന ചാരിറ്റി മാതൃകാപരമാണെന്നും, ജന്മനാടിനോടുള്ള ഫോമയുടെ പ്രതിബദ്ധത ശ്ലാഘനീയമാണെന്നും മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്ത ചങ്ങനാശേരി എം.എൽ.എ ജോബ് മൈക്കിൾ പറഞ്ഞു.

ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാണ് ഇത്തരം മെഡിക്കൽ ക്യാമ്പുകളെന്നു മെഡിക്കൽ ക്യാമ്പ് സന്ദർശിച്ച കടുത്തുരുത്തി എം.എൽ.എയുമായ മോൻസ് ജോസഫ് എം.എൽ.എ അഭിപ്രായപ്പെട്ടു. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് ഓർത്ത്ഡോക്സ് പള്ളി വികാരി റവ. ഫാ. മാത്യു പി. കുര്യൻ, ജില്ലാ പഞ്ചായത്ത് കുറിച്ചി ഡിവിഷൻ അംഗം സുമ എബി, കുമരകം ഡിവിഷൻ മെമ്പർ ടി.കെ. വൈശാഖ്, ബ്ലോക്ക് പഞ്ചായത്ത് അംഗം മനോജ് കുര്യാക്കോസ്, കുറിച്ചി ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ അരുൺ ബാബു, റ്റി. തോമസ് തുടങ്ങി നിരവധിപ്പേർ ആശംസകൾ നേർന്നു.

പിറവത്തു ഫോമ സംഘടിപ്പിച്ച 'അമ്മമാരോടൊപ്പം' പരിപാടി വേറിട്ടതായി. സമൂഹത്തിൽ അവശതയനുഭവിക്കുന്ന നിർധനരും വിധവകളായ നൂറുകണക്കിന് അമ്മമാർക്ക് ഫോമയുടെ കൈത്താങ്ങ് നൽകി ആദരിച്ചത്, മാതൃത്വത്തിന്റെ മഹത്വവും സഹജീവി സ്നേഹത്തിന്റെ മാഹാത്മ്യവും വിളിച്ചോതുന്നതായിരുന്നു. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിധവകളായ 750 അമ്മമാർക്ക് പുതു വസ്ത്രങ്ങളും മെഡിക്കൽ കിറ്റും കൂടാതെ സഹായ ധനവും നൽകി ഫോമ ആദരിച്ചു. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

കൂടാതെ ഫോമ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, കേരള കൺവൻഷേൻ ചെയർമാൻ പീറ്റർ കുളങ്ങര, നാഷണൽ കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ തുടങ്ങിയവും സംബന്ധിച്ചു. സാബു കെ. ജേക്കബ് ആയിരുന്നു 'അമ്മയോടൊപ്പം' പരിപാടിയുടെ കോ-ഓർഡിനേറ്റർ.

ജനുവരി 11-ാം തീയതി കൊച്ചിയിലെ ഗോകുലം പാർക്കിൽ നടന്ന ഫോമ ബിസിനസ്സ് മീറ്റ്, ഫോമയുടെ പ്രൗഢിയും, സംഘടനാ മികവും വിളിച്ചോതുന്നതായിരുന്നു. ഫോമായ്ക്ക് കേരളത്തിൽ സ്വകാര്യ വ്യവസായ പാർക്ക് തുടങ്ങാമെന്നും, അതിന് കേരള സർക്കാർ എല്ലാവിധ പിന്തുണ നൽകുമെന്നും ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരെ വിട്ടുനൽകാൻ സന്നദ്ധമാണെന്നും, യോഗം ഉദ്ഘാടനം ചെയ്തുകൊണ്ടു വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞത് സംസ്ഥാന സർക്കാരിനു ഫോമയിലുള്ള വിശ്വാസത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു. സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനേയ് വിശ്വം യോഗത്തിൽ പങ്കെടുത്തു ആശംസകൾ അറിയിച്ചു.

യോഗത്തിൽ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഫോമാ പ്രസിഡന്റ് ബേബി ഊരാളിൽ ആമുഖ പ്രസംഗം നടത്തി.

ചടങ്ങിൽ ജോണി ലൂക്കോസ് (ന്യൂസ് ഡയറക്ടർ, മനോരമ ടി.വി), 24 ടി.വി എം.ഡി ആർ. ശ്രീകണ്ഠൻ നായർ, ബിജു ലോസൺ റാണി ലോസൺ (ബറാക്ക് സ്റ്റഡി എബ്രോഡ്), സാബു ജോണി (എം.ഡി ഇ.വി.എം ഗ്രൂപ്പ്), സാജൻ വർഗീസ് (സാജ് ഗ്രൂപ്പ് സ്ഥാപകൻ), മിനി സാജൻ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സാജ് ഹോട്ടൽസ് ആൻഡ് റിസോർട്ട്സ്), ലക്ഷ്മി സിൽക്ക്സ്, അച്ചായൻസ് ഗോൾഡ്, ജോർജ് ജോസഫ് (മെറ്റ്ലൈഫ് ഫിനാൻഷ്യൽ സർവീസ്), റെനീഷ് റഹ്മാൻ (ഒലിവിയ ഗ്രാമീൺ ക്രെഡിറ്റ്സ്), ഡോ. അഭിജിത്ത് (ആത്മാ ഗ്രൂപ്പ്), പി.വി മത്തായി (ഒലിവ് ബിൽഡേഴ്സ്), ജോൺ വർഗീസ് ജോൺ ഉമ്മൻ (പ്രോംപ്റ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസ്), മാത്യു ജോസഫ് (സി.ഇ.ഒ ഫ്രഷ് ടു ഹോം), ഡോ. കെ. പോൾ തോമസ് (ഇസാഫ് ബാങ്ക്), ജാക്സ് ബിജോയി (സംഗീത സംവിധായകൻ), ജിത്തു ജോസ് (മണിപ്പാൽ ഗ്രൂപ്പ് കൺസൾട്ടന്റ്), സിബി അച്യുതൻ (എസ്.ഐ ഓഫ് പോലീസ്), എം.ജെ ജേക്കബ് (മുൻ എം.എൽ.എ), എൻ.എ ബെന്നി (എൻസ്റ്റൈൽ), എന്നിവർക്ക് വിവിധ മേഖലകളിലെ പ്രവർത്തന മികവിനുള്ള പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ഫോമാ ട്രഷറർ സിജിൽ പാലയ്ക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, കേരളാ കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, ഐ.പി.സി.എൻ.എ പ്രസിഡന്റ് രാജു പള്ളത്ത്, ഫോമാ നാഷണൽ കമ്മിറ്റി മെമ്പർ ജിജു കുളങ്ങര, കൊച്ചി മേയർ അഡ്വ. മിനിമോൾ വി.കെ, മുൻ മേയർ സൗമിനി ജെയിൻ, ഹൈബി ഈഡൻ എം.പി, സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി കെ.വി തോമസ്, പി.എസ്.സി മുൻ ചെയർമാൻ ഡോ. കെ.എസ് രാധാകൃഷ്ണൻ, ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ് സ്ലീബ, കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് വൈസ് പ്രസിഡന്റ് സാബു ചെറിയാൻ, ഇ.വി.എം വീൽസ് സി.ഇ.ഒ ആൻസി സജി, കോ-ഓർഡിനേറ്റർ സാബു കെ. ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ഫോമാ നാഷണൻ കൺവൻ ഷൻ 2026 ചെയർമാൻ സുബിൻ കുമാരനായിരുന്നു ബിസിനസ് മീറ്റിന്റെ കോ-ഓർഡിനേറ്റർ.

ബിസിനസ് മീറ്റോടെ ഫോമായുടെ കേരളാ കൺവൻഷൻ 2026ന് തിരശീല വീണു. കേരള കൺവൻഷന്റെ ഭാഗമായി, ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട്, ഫോമ കേരളത്തിൽ നടപ്പിലാക്കിയ പദ്ധതികളും, പരിപാടികളും, അതുപോലെ വിവിധ പരിപാടികളിൽ അതിഥികളായി പങ്കെടുത്ത രാഷ്ട്രീയ സാംസ്കാരിക പ്രമുഖരേയും, അതിലെല്ലാം ഉപരി പരിപാടികളിലെ ജനപങ്കാളിത്വവുമെല്ലാം പരിഗണിക്കുമ്പോൾ, ഫോമയുടെ 2026 ലെ കേരള കൺവൻഷൻ വൻ വിജയമായിരുന്നു എന്നു നിസംശയം പറയാം. പ്രസിഡന്റ് ബേബി മണക്കുന്നേലിനും ടീമിനും തീർച്ചയായും അഭിമാനിക്കാം !!!

*ഷോളി കുമ്പിളുവേലി*




# ലോകക്രമത്തെ മാറ്റിമറിക്കുന്ന ട്രംപിന്റെ മോഹം

(ഒന്നാം പേജ് തുടർച്ച)

ലോക രാഷ്ട്രീയത്തിൽ അപൂർവമായി മാത്രം ഇടം പിടിച്ചിരുന്ന ഒരു ഭൂപ്രദേശം അടുത്ത കാലത്ത് ആഗോള വാർത്തകളുടെ കേന്ദ്രത്തിലേക്ക് ഉയർന്നുവന്നത് യാദൃശ്ചികമല്ല. ലോകത്തിലെ ഏറ്റവും വലിയ ദ്വീപായ ഗ്രീൻലാൻഡ് ഇന്ന് അമേരിക്കൻ രാഷ്ട്രീയ ചർച്ചകളുടെ ഹൃദയഭാഗത്താണ്. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിൽ ലോകനേതാക്കളോട് നടത്തിയ സ്വതന്ത്ര പ്രസംഗത്തിൽ പ്രസിഡന്റ് ട്രംപ് നിരവധി വിവാദപരമായ അവകാശവാദങ്ങൾ ഉന്നയിച്ചിരുന്നു. അതോടൊപ്പം ചില ചോദ്യങ്ങളും അദ്ദേഹം ഉന്നയിച്ചു. ഒപ്പം നാറ്റോയ്ക്കുള്ള അമേരിക്കയുടെ സംഭാവന, ചൈനയിലെ കാറ്റാടി ഊർജ്ജം എന്നിവയെക്കുറിച്ച് ട്രംപ് പരാമർശിച്ചു. അതേസമയം ഗ്രീൻലാൻഡ് പിടിച്ചെടുക്കാൻ സൈനിക ശക്തി ഉപയോഗിക്കില്ലെന്നാണ് ട്രംപ് വ്യക്തമാക്കിയിരിക്കുന്നത്. ഗ്രീൻലൻഡ് അമേരിക്കയ്ക്ക് കൈമാറുന്നതിന് ഡെൻമാർക്ക് ചർച്ചകൾക്ക് തയ്യാറാകണമെന്നായിരുന്നു ലോക സാമ്പത്തിക ഫോറത്തിൽ ട്രംപിന്റെ ആവശ്യം.

## എന്തുകൊണ്ട് ഗ്രീൻലൻഡ് ?

'ഈ സുരക്ഷിതമല്ലാത്ത വലിയ ദ്വീപ് യഥാർത്ഥത്തിൽ വടക്കേ അമേരിക്കയുടെ ഭാഗമാണ്. അത് ഞങ്ങളുടെ പ്രദേശമാണ്' ട്രംപ് പറഞ്ഞു. എന്നാൽ ആ കാരണംകൊണ്ടല്ല ഗ്രീൻലൻഡിനെ ഏറ്റെടുക്കുമെന്ന് പറയുന്നതെന്നും ദേശീയ സുരക്ഷയ്ക്ക് അനിവാര്യമായതുകൊണ്ടാണെന്നുമാണ് ട്രംപ് വ്യക്തമാക്കുന്നത്. മാത്രമല്ല രണ്ടാം ലോകമഹായുദ്ധ സമയത്ത് അമേരിക്ക ആർട്ടിക് ദ്വീപിന് നൽകിയ സംരക്ഷണത്തിന് ഡെൻമാർക്ക് നന്ദികാട്ടുന്നില്ലെന്നും ട്രംപ് ആരോപിച്ചു. അമേരിക്കയുടെ ദേശീയ സുരക്ഷയ്ക്കായി ദ്വീപിനെ കൈവശം വെക്കേണ്ടതിന്റെ ആവശ്യകതയും ട്രംപ് ആവർത്തിച്ചു. അതേസമയം ഗ്രീൻലൻഡ് ഏറ്റെടുക്കുന്നത് നാറ്റോയ്ക്ക് തിരിച്ചടിയാകുമെന്ന വാദങ്ങളേയും ട്രംപ് തള്ളിക്കളഞ്ഞു. താൻ ഇടപെട്ടില്ലായിരുന്നെങ്കിൽ നാറ്റോ ഉണ്ടാകുമായിരുന്നില്ലെന്നും തങ്ങൾ ചെയ്യുന്നത് അവർ വിലമതിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. നാറ്റോയേയും യൂറോപ്പിനെയുമാണ് താൻ ഉദ്ദേശിക്കുന്നതെന്നും ട്രംപ് കൂട്ടിച്ചേർത്തു. താൻ യൂറോപ്പിനെ സ്നേഹിക്കുന്നു. യൂറോപ്പ് നന്നായി പോകണമെന്നാണ് ആഗ്രഹിക്കുന്നത്. പക്ഷേ അത് ശരിയായ ദിശയിലല്ല പോകുന്നത്. യൂറോപ്പിന്റെ പതനത്തിന് കാരണമായത് ഗ്രീൻ എനർജിയുടെ ഉപയോഗമാണെന്നും പ്രത്യേകിച്ച് കാറ്റാടി യന്ത്രങ്ങളാണെന്നും ട്രംപ് കുറ്റപ്പെടുത്തി. യൂറോപ്പിനെ കണ്ടിട്ട് തിരിച്ചറിയാനേ സാധിക്കുന്നില്ലെന്നും എല്ലായിടത്തും കാറ്റാടിയന്ത്രങ്ങളാണെന്നും ട്രംപ് പരാതിപ്പെട്ടു. മാത്രമല്ല തന്റെ നയങ്ങൾ അമേരിക്കയിൽ ഒരു സാമ്പത്തിക അത്ഭുതം സൃഷ്ടിച്ചതായും അദ്ദേഹം അവകാശപ്പെട്ടു. അമേരിക്കയില്ലാതെ ഒട്ടേറെ രാജ്യങ്ങൾക്ക് നിലനിൽപ്പില്ലെന്നും യുഎസ് പ്രസിഡന്റ് ദാവോസിൽവച്ച് അവകാശപ്പെട്ടു. അതേസമയം ഗ്രീൻലൻഡ് ഏറ്റെടുക്കുന്നതിന്റെ പേരിൽ ഇടഞ്ഞുനിൽക്കുന്ന യൂറോപ്യൻ രാജ്യങ്ങളെ അനുനയിപ്പിക്കാനും ട്രംപ് ശ്രമം നടത്തി. ഗ്രീൻലൻഡിനെ ഏറ്റെടുക്കുന്നത് നാറ്റോയ്ക്ക് ഭീഷണിയല്ലെന്നും ഇതിലൂടെ സഖ്യത്തിന്റെ സുരക്ഷ വർധിക്കുമെന്നുമാണ് ട്രംപ് പറഞ്ഞത്. ധാതുസമ്പത്തുള്ള ഗ്രീൻലൻഡിൽ റഷ്യയും ചൈനയും കണ്ണുവയ്ക്കുന്നുണ്ടെന്നും ഇതു യുഎസിന്റേയും നാറ്റോയുടെയും സുരക്ഷയ്ക്ക് ഭീഷണിയാണെന്നുമാണ് ട്രംപിന്റെ വാദം. ഗ്രീൻലൻഡിനെക്കുറിച്ചുള്ള പരാമർശങ്ങളിൽ യൂറോപ്യൻ രാജ്യങ്ങളുമായി ഇടയുന്നതിന്റെ പശ്ചാത്തലത്തിലാണ് ദാവോസിൽ ട്രംപ് എത്തിയത്. ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷം ഉൾപ്പെടെ എട്ട് യുദ്ധങ്ങൾ അവസാനിപ്പിക്കാൻ തനിക്കായെന്ന അവകാശവാദം വേൾഡ് ഇക്കണോമിക് ഫോറത്തിലും ട്രംപ് ആവർത്തിച്ചു.

## ട്രംപിന് വഴങ്ങാതെ യൂറോപ്യൻ രാജ്യങ്ങൾ

'മിസ്റ്റർ പ്രസിഡന്റ്, വിട്ടുപോകൂ!' ഡാനിഷ് പാർലമെന്റംഗം ആൻഡേഴ്സ് വിസ്റ്റിസെന്റെ ഈ ആക്രോശം അമേരിക്കൻ ധാർഷ്ട്യത്തിന് ലോകം നൽകുന്ന ശക്തമായ താക്കീതാണെന്നാണ് വിലയിരുത്തപ്പെടുന്നത്. ''ലോകം ഇന്ന് കേവലം ഭൂപടത്തിലെ അതിരുകളാലല്ല, മറിച്ച് അധികാരത്തിന്റെ അഹങ്കാരവും പരമാധികാരത്തിന്റെ ആത്മാഭിമാനവും തമ്മിലുള്ള പോരാട്ടത്താലാണ് നിർവചിക്കപ്പെടുന്നത്. എണ്ണൂറ് വർഷത്തെ പാരമ്പര്യമുള്ള ഗ്രീൻലാൻഡിനെ ഒരു റിയൽ എസ്റ്റേറ്റ് കച്ചവടമായി കാണുന്ന ട്രംപിന്റെ നയതന്ത്ര മിസൈലുകൾ ആധുനിക ലോകക്രമത്തിന് കനത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. വൈറ്റ് ഹൗസിൽ നിന്ന് പുറപ്പെടുന്ന ഈ സാമ്രാജ്യത്വ മോഹങ്ങൾക്കെതിരെ യൂറോപ്പ് ട്രേഡ് മേഖല പ്രതിരോധത്തിന്റെ കോട്ട കെട്ടാൻ ഒരുങ്ങുകയാണ്. അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് മേൽ കടുത്ത നിയന്ത്രണങ്ങളും ഭീമമായ നികുതികളും ഏർപ്പെടുത്തിക്കൊണ്ട് ട്രംപിന്റെ ധാർഷ്ട്യത്തിന് അതേ നാണയത്തിൽ മറുപടി നൽകാനാണ് യൂറോപ്പിന്റെ നീക്കം. ഇത് കേവലം ഒരു വ്യാപാര തർക്കമല്ല, മറിച്ച് സാമ്പത്തിക ബ്ലാക്ക്മെയിലിംഗിനെതിരെ ജർമ്മനിയും ഫ്രാൻസും ഉൾപ്പെടെയുള്ള രാജ്യങ്ങൾ നടത്തുന്ന അതിജീവന പോരാട്ടമാണെന്നാണ് വിലയിരുത്തപ്പെടുന്നത്.

അമേരിക്കൻ ഡോളറിന്റെ അപ്രമാദിത്വം അവസാനിപ്പിക്കാതെ ലോകത്തിന് രക്ഷയില്ലെന്ന ബോധ്യം യൂറോപ്യൻ ശക്തികൾക്കിടയിൽ ശക്തമായിക്കഴിഞ്ഞു എന്നാണ് റിപ്പോർട്ട്. ട്രംപ് താരിഫുകൾ കൊണ്ട് ലോകത്തെ ശ്വാസം മുട്ടിക്കാൻ ശ്രമിക്കുമ്പോൾ, 'ട്രേഡ് ബസൂക്ക'യിലൂടെ അമേരിക്കൻ വിപണിയെ തിരിച്ചടിക്കാൻ യൂറോപ്പ് സജ്ജമാകുന്നത് ആഗോള സാമ്പത്തിക ക്രമത്തിൽ വലിയൊരു വിപ്ലവത്തിന് വഴിയൊരുക്കും. പാരീസിലും ബെർലിനിലും മുഴങ്ങുന്ന ഈ സാമ്പത്തിക യുദ്ധകാഹളം അമേരിക്കൻ മേധാവിത്വത്തെ ഇല്ലാതാക്കുമെന്നും വിലയിരുത്തപ്പെടുന്നു. തന്റെ ഏകപക്ഷീയമായ തീരുമാനങ്ങളിലൂടെ ട്രംപ് അമേരിക്കയെ ലോകത്ത് ഒറ്റപ്പെടുത്തുകയാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. എണ്ണ സമ്പന്നമായ രാജ്യങ്ങളെ ഭീഷണിപ്പെടുത്തിയും, വികസിത രാജ്യങ്ങളുമായി വ്യാപാര യുദ്ധത്തിൽ ഏർപ്പെട്ടും അദ്ദേഹം പടുത്തുയർത്താൻ ശ്രമിക്കുന്ന 'അമേരിക്ക ഫസ്റ്റ്' നയം യഥാർത്ഥത്തിൽ അമേരിക്കയുടെ തന്നെ അന്ത്യത്തിന്റെ തുടക്കമാണെന്നാണ് വിലയിരുത്തൽ. ബിറ്റ്കോയിനും സ്വിസ് അക്കൗണ്ടുകളും പോലും സുരക്ഷിതമല്ലെന്ന ഇലോൺ മസ്കിനെപ്പോലുള്ളവരുടെ നിരീക്ഷണം ആധുനിക സാമ്പത്തിക വ്യവസ്ഥയിൽ അമേരിക്കയ്ക്കുള്ള വിശ്വാസ്യത എത്രത്തോളം ഇടിഞ്ഞു എന്ന് വ്യക്തമാക്കുന്നു. ട്രംപിന്റെ ഭീഷണികൾക്ക് മുന്നിൽ തലകുനിക്കാത്ത ഒരു പുതിയ സാമ്പത്തിക ക്രമം അണിയറയിൽ ഒരുങ്ങുകയാണ്. അത് അമേരിക്കൻ ഡോളറിന്റെ ആധ്യപത്യത്തിന് ഒരുപക്ഷെ അന്ത്യം കുറിച്ചേയ്ക്കാം.

## അമേരിക്കക്കാരാകാൻ താൽപ്പര്യമില്ലെന്ന് ഗ്രീൻലാൻഡ്

ഞങ്ങൾക്ക് അമേരിക്കക്കാരാകാൻ താൽപ്പര്യമില്ലെന്ന് ഗ്രീൻലാൻഡിലെ മന്ത്രി നാജ നഥാനിയേൽസൺ ലോകത്തോട് വിളിച്ചുപറഞ്ഞപ്പോൾ, അത് വെറുമൊരു പ്രസ്താവനയായിരുന്നില്ല,; മറിച്ച് ട്രംപിന്റെ വംശീയയ്ക്കുള്ള ശക്തമായ താക്കീതായിരുന്നു. കേവലം 57,000 ജനങ്ങൾ മാത്രം അധിവസിക്കുന്ന ഈ മഞ്ഞുഭൂമിയെ പണം കൊടുത്തു വാങ്ങാമെന്നത് ട്രംപിന്റെ വെറും വ്യാമോഹം മാത്രമാണെന്നും ചൂണ്ടിക്കാട്ടുന്നു. ആർട്ടിക് മേഖലയിലെ അമേരിക്കൻ അധിനിവേശം ചെറുക്കാൻ ഗ്രീൻലാൻഡ് സൈനികമായ തയ്യാറെടുപ്പുകൾ പോലും ആരംഭിച്ചിരിക്കുന്നു എന്നത് സാഹചര്യം എത്രത്തോളം സ്ഫോടനാത്മകമാണെന്ന് വ്യക്തമാക്കുന്നു. റഷ്യയുടെയും ചൈനയുടെയും കടന്നുകയറ്റം തടയാനെന്ന പേരിൽ ട്രംപ് നടത്തുന്ന ഈ കൊളോണിയൽ നീക്കം ആധുനിക ലോകത്തിന് സ്വീകാര്യമല്ലെന്നാണ് വിലയിരുത്തൽ.

## ഫ്രാൻസിന്റെ സുരക്ഷ വാഗ്ദാനം

ഗ്രീൻലാൻഡിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ഫ്രാൻസ് അവിടെ സൈനികാഭ്യാസം നടത്താൻ നിർദ്ദേശിച്ചത് ട്രംപിനെ അക്ഷരാർത്ഥത്തിൽ പ്രകോപിപ്പിച്ചിരിക്കുകയാണ്. തങ്ങളുടെ പരമാധികാരത്തെ തൊടാൻ വരുന്നവനെ ഏതു വിധേനയും നേരിടുമെന്ന ഗ്രീൻലാൻഡ് പ്രധാനമന്ത്രിയുടെ വാക്കുകൾ, ട്രംപിന്റെ സാമ്രാജ്യത്വ മോഹങ്ങൾക്കേറ്റ വലിയ തിരിച്ചടിയാണ് വിലിയരുത്തുന്നത്.

## 'പുതിയ കൊളോണിയലിസം' എന്ന് കാർണിയും മാക്രോണും

കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ട്രംപിന്റെ നീക്കങ്ങളെ ''പുതിയ കൊളോണിയലിസം'' എന്നാണ് വിശേഷിപ്പിച്ചത്. നിയമങ്ങളില്ലാത്ത ഒരു ലോകത്തേക്കാണ് ട്രംപ് ലോകത്തെ നയിക്കുന്നത്. എന്നാൽ ലോകം ഇപ്പോൾ ജാഗ്രതയിലാണ്. അമേരിക്കയുടെ ഭീഷണികൾക്ക് മുന്നിൽ പതറാതെ റഷ്യയും സൗദിയും ഇറാനും വെനിസ്വേലയും യൂറോപ്യൻ ശക്തികളും ഒരുപോലെ അമേരിക്കൻ മേധാവിത്വത്തെ ചോദ്യം ചെയ്യുന്നു. അമേരിക്കയുടെ ആധിപത്യത്തിന് മുന്നിൽ കാനഡ വഴങ്ങിക്കൊടുക്കുന്ന കാലം അവസാനിച്ചുവെന്നാണ് ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ മാർക്ക് കാർണി വ്യക്തമാക്കിയത്. അമേരിക്കയുമായുള്ള കാനഡയുടെ ദീർഘകാല ബന്ധത്തിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. അമേരിക്കൻ താൽപ്പര്യങ്ങൾ മാത്രം മുൻനിർത്തിയുള്ള ഡൊണാൾഡ് ട്രംപിന്റെ നീക്കങ്ങൾ ആഗോള ക്രമത്തെ തകിടം മറിച്ചുവെന്ന് കാർണി കുറ്റപ്പെടുത്തി. ഇറക്കുമതി നികുതിയും സാമ്പത്തിക നിയന്ത്രണങ്ങളും മറ്റ് രാജ്യങ്ങളെ സമ്മർദ്ദത്തിലാക്കാൻ ഉപയോഗിക്കുകയാണ്. ഇത്തരം ഭീഷണികൾക്ക് മുന്നിൽ കാനഡ ഇനി മുട്ടുമടക്കില്ലെന്നായിരുന്നു കാർണി വ്യക്തമാക്കിയത്.

## ലോകം ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ വക്കിൽ

ട്രംപിന്റെ ''അമേരിക്ക ഫസ്റ്റ്'' നയം ഇന്ന് ''അമേരിക്ക ഒൺലി'' എന്ന നിലയിലേക്ക് ചുരുങ്ങിയിരിക്കുന്നു. ഗ്രീൻലാൻഡ് മുതൽ പശ്ചിമേഷ്യ വരെ നീളുന്ന അദ്ദേഹത്തിന്റെ അധിനിവേശ മോഹങ്ങൾ ലോകത്തെ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ വക്കിലെത്തിച്ചിരിക്കുകയാണെന്നാണ് വിലിയരുത്തുന്നത്. ബലപ്രയോഗത്തിലൂടെയും സാമ്പത്തിക ഉപരോധങ്ങളിലൂടെയും രാജ്യങ്ങളെ മുട്ടുകുത്തിക്കാമെന്ന പഴയ തന്ത്രങ്ങൾ ഇനി ഫലിക്കില്ലെന്ന് കാലം തെളിയിക്കുന്നു. ട്രംപ് വിതയ്ക്കുന്ന യുദ്ധഭീതിക്കും സാമ്പത്തിക അസ്ഥിരതയ്ക്കും മുകളിൽ, ലോകരാഷ്ട്രങ്ങളുടെ ഐക്യം ഒരു പ്രതിരോധ കവചമായി മാറിക്കഴിഞ്ഞു. ചരിത്രം കുറിക്കപ്പെടുന്നത് അടിച്ചമർത്തുന്നവന്റെ വാക്കുകളാലല്ല, മറിച്ച് അതിജീവിക്കുന്നവരുടെ പോരാട്ടവീര്യം കൊണ്ടായിരിക്കും.


അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സൂര്യൻ അസ്തമിക്കുമ്പോൾ, അവിടെ സമാധാനവും തുല്യതയും ആഗ്രഹിക്കുന്ന പുതിയൊരു ലോകക്രമം പിറവിയെടുക്കുകയാണ്. ട്രംപിന്റെ ഭീഷണികൾക്ക് മുന്നിൽ ലോകം ഇനി മുട്ടുമടക്കില്ലെന്നാണ് പല യൂറോപ്യൻ രാജ്യങ്ങളുടേയും നിലപാട്.

## ഗ്രീൻലാൻഡിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം

ഡൊണാൾഡ് ട്രംപ് ഗ്രീൻലാൻഡിനെ അമേരിക്ക സ്വന്തമാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുമ്പോൾ, അത് വെറും സുരക്ഷാ ആശങ്കകളുടെ പേരിലാണെന്ന വിശദീകരണം മാത്രമായി കാണുന്നത് അപൂർണ്ണമാണെന്നാണ് വിലയിരുത്തൽ.

ആർട്ടിക് മേഖലയിലെ ശക്തിസമവാക്യങ്ങൾ മാറുന്ന സാഹചര്യത്തിൽ, ഗ്രീൻലാൻഡിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം, അതിനടിയിൽ ഒളിഞ്ഞിരിക്കുന്ന അപൂർവ ധാതുസമ്പത്ത്, എണ്ണ, സ്വർണം, ഗ്രാഫൈറ്റ് തുടങ്ങിയ വിഭവങ്ങൾ ഇതെല്ലാം തന്നെ ഈ ദ്വീപിനെ ആഗോള ശ്രദ്ധയുടെ കേന്ദ്രമാക്കി മാറ്റിയിരിക്കുകയാണ്. ട്രംപിന്റെ വാദപ്രകാരം, ഗ്രീൻലാൻഡ് അമേരിക്കയുടെ നിയന്ത്രണത്തിലായാൽ ദേശീയ സുരക്ഷ കൂടുതൽ ഉറപ്പാക്കാനാകും. ഡെൻമാർക്ക് ഈ ദ്വീപിനെ ഫലപ്രദമായി സംരക്ഷിക്കാൻ കഴിയില്ലെന്ന ആരോപണവും അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം രാഷ്ട്രീയ വാദങ്ങൾക്കപ്പുറം, ശാസ്ത്രീയ കണ്ടെത്തലുകൾ ഗ്രീൻലാൻഡിന്റെ യഥാർത്ഥ വെല്ലുവിളികൾ മറ്റൊരു തലത്തിലാണെന്ന് വ്യക്തമാക്കുന്നു. ദ്വീപിനെ നിയന്ത്രിക്കുന്നത് മാത്രം മതിയാകില്ല അവിടെയുള്ള വിഭവങ്ങളെ സുരക്ഷിതമായും ദീർഘകാലാടിസ്ഥാനത്തിലും ഉപയോഗപ്പെടുത്തുക എന്നതാണ് ഏറ്റവും വലിയ തടസ്സം. ഗ്രീൻലാൻഡ് ഐസ് ഷീറ്റിന്റെ അടിയിൽ ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്ന അവശിഷ്ട പാളിയാണ് ഈ വെല്ലുവിളിയുടെ കേന്ദ്രബിന്ദു. മൃദുവായ മണ്ണും മണലും ചേർന്ന ഈ മറഞ്ഞിരിക്കുന്ന പാളി, കട്ടിയുള്ള പാറകളിൽ നേരിട്ട് വേരൂന്നിയതല്ലാത്ത ഒരു ഹിമപാളിയെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അതിന്റെ ഫലം, ഹിമാനികൾ സ്ഥിരതയില്ലാത്തതും എളുപ്പത്തിൽ ചലിക്കുന്നതുമായ ഘടനയിലേക്ക് മാറുകയാണ്. ഉരുകിയ വെള്ളം അടിത്തട്ടിലേക്ക് ഒഴുകുമ്പോൾ, ഈ അവശിഷ്ടങ്ങൾ ഘർഷണം കുറയ്ക്കുകയും ഹിമപ്രവാഹം വേഗത്തിലാക്കുകയും ചെയ്യുന്നു. കൂറ്റൻ മഞ്ഞുമലകൾക്ക് ഈ ചലനത്തെ ചെറുക്കാൻ കഴിയാതെ കടലിലേക്ക് ഇടിഞ്ഞുവീഴുന്ന സംഭവങ്ങൾ വർധിച്ചുവരുന്നതായി ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. ഇത് ശാസ്ത്രീയമായ ഒരു ആശങ്ക മാത്രമല്ല, ഖനനവും ഡ്രില്ലിംഗും പോലുള്ള വ്യാവസായിക പ്രവർത്തനങ്ങൾക്ക് വലിയ മുന്നറിയിപ്പുമാണ്. അപൂർവ ഭൂമി മൂലകങ്ങൾ ഉൾപ്പെടെയുള്ള വിലയേറിയ ധാതുക്കളിലേക്ക് എത്താൻ ശ്രമിക്കുമ്പോൾ, ഹിമാനികളുടെ സ്ഥിരത നഷ്ടപ്പെടുന്നത് ഗുരുതരമായ അപകടസാധ്യത സൃഷ്ടിക്കുന്നു. ജിയോളജി, ദി ക്രയോസ്ഫിയർ, അനൽസ് ഓഫ് ഗ്ലേസിയോളജി തുടങ്ങിയ ശാസ്ത്ര ജേണലുകളിൽ പ്രസിദ്ധീകരിച്ച പഠനങ്ങൾ വ്യക്തമാക്കുന്നത്, ഹിമാനികളിലൂടെയുള്ള ഖനനം സാധ്യമാകാൻ കട്ടിയുള്ളതും തണുത്തുറഞ്ഞതുമായ ഒരു സ്ഥിരമായ അടിത്തറ അനിവാര്യമാണെന്നാണ്. ഗ്രീൻലാൻഡിൽ, ചില പ്രദേശങ്ങളിൽ ഈ അവശിഷ്ട പാളി ആയിരം അടി വരെ ആഴമുള്ളതായിരിക്കുമ്പോൾ, ചിലയിടങ്ങളിൽ അത് വളരെ നേർത്തതുമാണ് ഇത് അവിടത്തെ ഹിമപാളിയെ കൂടുതൽ അനിശ്ചിതമാക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഈ പ്രശ്നങ്ങളെ ഇരട്ടിയാക്കുകയാണ്. ചൂട് കൂടുന്നതിനനുസരിച്ച് കൂടുതൽ ഉരുകിയ വെള്ളം അടിത്തട്ടിലെത്തുകയും, ഹിമപ്രവാഹം വേഗത്തിലാകുകയും, സമുദ്രത്തിലേക്ക് ഒഴുകുന്ന ഹിമത്തിന്റെ അളവ് വർദ്ധിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലം ഗ്രീൻലാൻഡിന് മാത്രമല്ല, ആഗോള സമുദ്രനിരപ്പിനും ബാധകമാണ്. കടൽത്തീരത്തോട് ചേർന്നുള്ള എണ്ണ റിഗ്ഗുകൾക്കും മറ്റ് വ്യാവസായിക പദ്ധതികൾക്കും ഇത് വലിയ ഭീഷണിയായി മാറുന്നു. അന്റാർട്ടിക്കയിൽ നേരിടുന്ന സമാനമായ പ്രശ്നങ്ങൾ, ഗ്രീൻലാൻഡിലും ആവർത്തിക്കപ്പെടുമെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നു.

ഇവയെല്ലാം ചേർത്തുനോക്കുമ്പോൾ, ഗ്രീൻലാൻഡിനെ നിയന്ത്രിക്കണമെന്ന ട്രംപിന്റെ രാഷ്ട്രീയ ആവശ്യം ഭൂമിശാസ്ത്രപരമായോ സൈനികമായോ മാത്രം വിലയിരുത്താൻ കഴിയില്ല. ദ്വീപിന്റെ അടിയിലുള്ള സമ്പത്ത് എത്രമാത്രം വിലയേറിയതായാലും, അത് പുറത്തെടുക്കാനുള്ള ശാസ്ത്രീയവും പരിസ്ഥിതിയുമായ തടസ്സങ്ങൾ അത്രത്തോളം ഗുരുതരമാണ്. ഗ്രീൻലാൻഡ് ഇന്ന് ഒരു ദ്വീപിനേക്കാൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നു.







**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#010726

**SEEKING BRIDEGROOM**

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241,**
**India: 91-9946 968570**

#010726

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#010726

**ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–648–3300**

#010726

**ബേബി സിറ്ററെ ആവശ്യമുണ്ട്**

**ഡസ്‌പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#010726

**വരനെ ആവശ്യമുണ്ട്**


**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192,**
**786–825–5748**

#010726


## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ചാക്കോ തോമസ്**

#010726

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**വർഗീസ്**

#010726


Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

**For E-Paper reading visit Vachakam.com**


## അഞ്ചാം ലോക കേരളസഭയിലേക്ക് അമേരിക്കയിൽനിന്നും മില്ലി ഫിലിപ്പ് തെരഞ്ഞെടുക്കപ്പെട്ടു



ഫിലഡൽഫിയ: പ്രവാസികളെ കേരളത്തിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ലോക കേരള സഭയുടെ അഞ്ചാമത് സമ്മേളനത്തിലേക്ക് അമേരിക്കയിൽ നിന്നും മിലി ഫിലിപ്പിനെ തിരഞ്ഞെടുത്തു. ജനുവരി 29-31 തീയതികളിലായി കേരള നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നതോടെ സമ്മേളനം ആരംഭിക്കും.

അമേരിക്കൻ മലയാളികളുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിധ്യമാണ് മിലി ഫിലിപ്പ്. അമേരിക്കയിലെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ 2024-2026 കാലഘട്ടത്തിലെ അസോസിയേറ്റ് ട്രഷർ ആയി പ്രവർത്തിക്കുന്നു. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയ യുടെ വുമൻസ് ഫോറം ചെയർ ആയും പ്രവർത്തിക്കുന്നു.

നർത്തകിയും വാഗ്മിയും എഴുത്തുകാരിയും ആണ് മിലി ഫിലിപ്പ്. വെസ്റ്റ് ചെസ്റ്റർ സ്കൂൾ സിസ്റ്റത്തിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഭർത്താവ് ഫിലിപ്പ് ജോണും മക്കൾ ഷിശീരയും നിവെദ് യും കുടുംബമായി സാമൂഹ്യ സാംസ്കാരിക രംഗത്തെ മിലി ഫിലിപ്പിന്റെ പ്രവർത്തനത്തിന് പൂർണ്ണ പിന്തുണ നൽകിക്കൊണ്ട് കൂടെയുണ്ട്.

*ജീമോൻ റാന്നി*

## അച്ചായൻസ് ഗോൾഡ് റാഫിൾ ഡ്രോ വിജയി, കെ.പി. മാത്യു ചങ്ങനാശ്ശേരി




*അച്ചായൻസ് ഗോൾഡ് ജനുവരി 9-ാം തീയതി കോട്ടയത്ത് വിൻഡ്സോർ ഹോട്ടലിൽ നടന്ന ഫോമാ കൺവെൻഷനോടനുബന്ധിച്ച് നടത്തിയ ഗ്രാൻഡ് റാഫിൾ ഡ്രോയിൽ ചങ്ങനാശ്ശേരിയിൽ നിന്നുള്ള കെ.പി. മാത്യു മെഗാ പ്രൈസിന് അർഹനായി. ചങ്ങനാശ്ശേരി അച്ചായൻസ് ഗോൾഡ് ഓഫീസിൽ നിന്നും കെ.പി. മാത്യു സമ്മാനം കൈപ്പറ്റി.*



# 'ബോഡ് ഓഫ് പീസി'ൽ ആരൊക്കെ?

രണ്ട് വർഷം നീണ്ടുനിന്ന യുദ്ധത്തിന് ശേഷം ഗാസയെ സൈനികവത്കരിക്കാനും പുനർനിർമിക്കാനും യു.എസിന്റെ പിന്തുണയോടെ ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ പുതിയ പദ്ധതി നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള രാഷ്ട്രീയ നേതാക്കൾ, നയതന്ത്രജ്ഞർ, വ്യവസായികൾ എന്നിവരെ ഒരു പുതിയ 'സമാധാന ബോർഡിൽ' അംഗങ്ങളാകുന്നതിന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം ക്ഷണിച്ചിരിക്കുകയാണ്.

ഡൊണാൾഡ് ട്രംപാണ് ബോഡ് ഓഫ് പീസിലെ അധ്യക്ഷൻ. ഗാസയിൽ ദൈനംദിന ഭരണം നടത്തുന്നതിനുള്ള ഒരു പാലസ്തീൻ ടെക്നോക്രാറ്റിക് കമ്മിറ്റി, ഉപദേശവും പിന്തുണയും നൽകുന്നതിനുള്ള ഒരു ഗാസ എക്സിക്യൂട്ടിവ് ബോർഡ് എന്നിങ്ങനെ മൂന്ന് അനുബന്ധ സ്ഥാപനങ്ങളാണ് ഈ സംരംഭത്തിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് വൈറ്റ്ഹൗസ് വ്യക്തമാക്കി. ഭരണശേഷി വർധിപ്പിക്കൽ, പ്രാദേശിക ബന്ധങ്ങൾ ശക്തിപ്പെടുത്തൽ, പുനർനിർമാണം, നിക്ഷേപം, വലിയ തോതിലുള്ള ധനസഹായം എന്നിവയിലാണ് 'ബോർഡ് ഓഫ് പീസ്' ശ്രദ്ധ കേന്ദ്രീകരിക്കുകയെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

### ബോർഡ് ഓഫ് പീസിലെ അംഗങ്ങൾ

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് (അധ്യക്ഷൻ), യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, ട്രംപിന്റെ ചർച്ചകൾക്ക് നേതൃത്വം കൊടുക്കുന്ന സ്റ്റീവ് വിറ്റ്കോഫ്, ട്രംപിന്റെ മരുമകൻ ജാരെഡ് കുഷ്നർ, യു.കെയിലെ മുൻ പ്രധാനമന്ത്രി ടോണി ബ്ലെയർ, യുഎസ് കോടീശ്വരൻ ധനകാര്യ വിദഗ്ദ്ധൻ മാർക്ക് റോവൻ, ലോക ബാങ്ക് പ്രസിഡന്റ് അജയ് ബംഗ, ദേശീയ സുരക്ഷാ കൗൺസിലിലെ ട്രംപിന്റെ സഹായി റോബർട്ട് ഗബ്രിയേൽ.

### ഗാസ ഭരണനിർവ്വഹണവും എക്സിക്യൂട്ടീവ് ബോർഡുകളും

ഗാസയുടെ ഭരണത്തിനായുള്ള ഒരു ദേശീയ സമിതി പൊതു സേവനങ്ങളുടെയും സിവിൽ സ്ഥാപനങ്ങളുടെയും മേൽനോട്ടം വഹിക്കും. പലസ്തീൻ മുൻ അതോറിറ്റി ഡെപ്യൂട്ടി മന്ത്രി അലി ഷാത്ത് ആയിരിക്കും ഇതിന്റെ തലവൻ.

ഭരണത്തെയും സേവന വിതരണത്തെയും പിന്തുണയ്ക്കുന്നതിനായി ഉദ്ദേശിച്ച് രൂപീകരിച്ചതാണ് ഗാസ എക്സിക്യൂട്ടീവ് ബോർഡ്. ഇതിൽ ഉൾപ്പെടുന്നവർ:

സ്റ്റീവ് വിറ്റ്കോഫ്, ജാരെഡ് കുഷ്നർ, ടോണി ബ്ലെയർ, മാർക്ക് റോവൻ, നിക്കോളേ മ്ലാഡെനോവ്, ബൾഗേറിയൻ നയതന്ത്രജ്ഞൻ, സിഗ്രിഡ് കാഗ്, ഗാസയ്ക്കുള്ള യുഎൻ മാനുഷിക കോർഡിനേറ്റർ, തുർക്കി വിദേശകാര്യ മന്ത്രി ഹകാൻ ഫിദാൻ, അലി അൽതവാദി, ഖത്തരി നയതന്ത്രജ്ഞൻ, ജനറൽ ഹസ്സൻ റഷാദ്, ഈജിപ്തിന്റെ ഇന്റലിജൻസ് മേധാവി, റീം അൽഹാഷിമി, യുഎഇ മന്ത്രി, യാക്കിർ ഗബായ്, ഇസ്രായേലി കോടീശ്വരൻ

### മോദിക്കും ക്ഷണം

പ്രധാനമന്ത്രി നരേന്ദ്രമോദിയെയും പദ്ധതിയുടെ ഭാഗമാകാൻ യു.എസ് ഭരണകൂടം ക്ഷണിച്ചിട്ടുണ്ട്. ഗാസയിൽ ശാശ്വത സമാധാനം കൊണ്ടുവരാനുള്ള സമാധാന ബോർഡിൽ പങ്കെടുക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് പിിഗടിയുഎസ് ക്ഷണം കൈമാറാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

ഗാസയിൽ സ്ഥിരതയും സമൃദ്ധിയും കൈവരിക്കുന്നതിന് ഫലപ്രദമായ ഭരണത്തെ ബോർഡ് പിന്തുണയ്ക്കുമെന്ന് ഇന്ത്യയിലെ യുഎസ് അംബാസിഡർ സെർജിയോ ഗോർ സാമൂഹിക മാധ്യമമായ എക്സിൽ പങ്കുവെച്ച പോസ്റ്റിൽ പറഞ്ഞു.

### ക്ഷണം ലഭിച്ച മറ്റ് നേതാക്കൾ

അൽബേനിയൻ പ്രധാനമന്ത്രി എഡ്ഡി രാമ, അർജന്റീന പ്രസിഡന്റ് ജാവിയർ മിലേ, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ, കാനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, തുർക്കി പ്രസിഡന്റ് റെസെപ തയ്യിപ് എർദോഗൻ, ജോർദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ, ഈജിപ്റ്റ് പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽസിസി എന്നിവർ ഉൾപ്പെടെ നിരവധി ലോക നേതാക്കളെ ഈ ശ്രമത്തിൽ പങ്കു ചേരാൻ ക്ഷണിച്ചിട്ടുണ്ട്.

## ഷിക്കാഗോ ഗീതാമണ്ഡലത്തിൽ മണ്ഡല മകരവിളക്ക് പൂജകൾക്ക് പരിസമാപ്തി



ഓരോ മണ്ഡലമ കരവിളക്ക് കാലവും അയ്യപ്പ ഭക്തർക്ക് നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലെ അഹന്തയുടെ തമോസാന്നിധ്യങ്ങൾ കഴുകി കളഞ്ഞ്, ആത്മ ചൈതന്യം അനുഭവിക്കുവാൻ ഗീതാമണ്ഡലം തറവാട്ടിൽ നൂറുകണക്കിന് അയ്യപ്പ ഭക്തരാണ് ഈ വർഷത്തെ അയ്യപ്പ പൂജയിൽ പങ്കെടുത്തത്.

ഈ വർഷത്തെ മകരവിളക്ക് മഹോത്സവ പൂജകൾ ആരംഭിച്ചത് സർവ്വ വിഘ്ന നിവാരണനായ ശ്രീ മഹാഗണപതിക്ക് ഗണപതി വിശേഷാൽ പൂജകളോടെ ആയിരുന്നു. തുടർന്ന് 2025-26 വർഷത്തെ മകരവിളക്ക് മഹോത്സവത്തിനായി അയ്യപ്പ സ്വാമിയെ ഉണർത്തു പാട്ടു പാടി ഉണർത്തിയ ശേഷം കലിയുഗവരദനായ മണികണ്ഠ പൊരുളിനെ ദീപാലങ്കാരങ്ങൾ കാട്ടിയ ശേഷം നടതുറന്നു. തുടർന്ന് ശിവസ്യ ഹൃദയം വിഷ്ണുഃ വിഷ്ണോസ്തുഹൃദയം ശിവഃ' എന്ന സ്കന്ദോപനിഷത്തിലെ വരികൾ ഉൾകൊണ്ട് ഹരിഹരപുത്രനായ അയ്യപ്പ സ്വാമിക്ക്, ഹരിഹര സൂക്തങ്ങളാൽ നെയ്യ് അഭിഷേകവും, ശ്രീ രുദ്ര ചമകങ്ങളാൽ ഭസ്മാഭിഷേകവും, പുരുഷസൂക്തത്തിനാൽ കളഭാഭിഷേകവും നടത്തിയ ശേഷം അഷ്ടദ്രവ്യകലാശം ആടി. തുടർന്ന് നൈവേദ്യം സമർപ്പിച്ച് പ്രത്യേക പൂജകൾ നടത്തിയ ശേഷം നട അടച്ചു. എല്ലാ അയ്യപ്പ ഭക്തർക്കും ദിവ്യാനുഭുതി പകർന്നുകൊണ്ട്, ശരണഘോഷ മുഖരിതമായ അന്തരീക്ഷത്തിൽ ഗുരുസ്വാമി അനുരാഗ്സ്വാമി തലയിൽ ഏറ്റി കൊണ്ടുവന്ന തിരുവാഭരണ ഘോഷയാത്രയെ, മേൽശാന്തി കൃഷ്ണൻ തിരുമേനി അനുരാഗ് ആരതി ഉഴിഞ്ഞു സ്വീകരിച്ച് തിരുവാഭരണപ്പെട്ടി സന്നിധാനത്തിൽ എത്തിച്ചു. തുടർന്ന് തിരുവാഭരണവിഭൂഷിതനായ അയ്യപ്പ സ്വാമിക്ക് മുന്നിൽ പടിപൂജയും അഷ്ടോത്തര അർച്ചനയും നടത്തി തുടർന്ന് അയ്യപ്പ സ്വാമിയുടെ ഇഷ്ടാഭിഷേകമായ പുഷ്പാഭിഷേകവും, നമസ്കാരമന്ത്രവും, മംഗള ആരതിയും പാടിയ ശേഷം ഹരിവരാസനം പാടി നടയടച്ചു. അറുപത് ദിവസം നീണ്ടു നിന്ന ആത്മീയ അനുഭൂതിക്ക് ശേഷം 2025-26 ലെ മണ്ഡല മകരവിളക്ക് ഉത്സവങ്ങൾക്ക് പരിസമാപ്തി കുറിച്ചു.

ഈ വർഷത്തെ അയ്യപ്പ പൂജകൾ കൃത്യമായ ആചാര അനുഷ്ഠാനങ്ങളോടെ നടത്തിയ മേൽശാന്തി കൃഷ്ണൻ തിരുമേനിക്കും, സ്പിരിറ്റൽ കോർഡിനേറ്റർ ദിവാകരനും, തിരുവാഭരണ ഘോഷയാത്രക്ക് നേതൃത്വം നൽകിയ ഗോപാൽ സ്വാമിക്കും, ഈ വർഷത്തെ ഗീതാമണ്ഡലത്തിന്റെ മകരവിളക്ക് സ്പോൺസർ ചെയ്ത രമ നായർക്കും കുടുംബത്തിനും, കേശവൻ -ഇന്ദുമതി കുടുംബത്തിനും, വിഷ്ണുപ്രിയ - ഗോപാലകൃഷ്ണൻ കുടുംബത്തിനും, കണ്ണൻ - ഭാരതി കുടുംബത്തിനും, നിത്യ - ബാലാജി കുടുംബത്തിനും, രജനി - റാം കുടുംബത്തിനും ഈ വർഷത്തെ മണ്ഡലമകരവിളക്ക് പൂജകൾ സമർപ്പണം ചെയ്ത എല്ലാ നല്ലവരായ എല്ലാ ഭക്തർക്കും, ഈ വർഷത്തെ അയ്യപ്പ പൂജകളിൽ പങ്കെടുത്ത എല്ലാ ഭക്തജനങ്ങൾക്കും, എല്ലാ കമ്മിറ്റി അംഗങ്ങൾക്കും, ജനറൽ സെക്രട്ടറി ബൈജു എസ്. മേനോൻ നന്ദി അറിയിച്ചു.



# അമേരിക്കയുടെ തണലിൽ കഴിയുന്ന കാലം കഴിഞ്ഞു; ദാവോസിൽ ട്രംപിന്റെ നയങ്ങൾക്കെതിരെ മാർക്ക് കാർണി




അമേരിക്കയുടെ ആധിപത്യത്തിന് മുന്നിൽ കാനഡ വഴങ്ങിക്കൊടുക്കുന്ന കാലം അവസാനിച്ചുവെന്ന് കനേഡിയൻപ്രധാനമന്ത്രി മാർക്ക് കാർണി പ്രഖ്യാപിച്ചു. ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിലാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയങ്ങൾക്കെതിരെ അദ്ദേഹം സംസാരിച്ചത്. അമേരിക്കയുമായുള്ള കാനഡയുടെ ദീർഘകാല ബന്ധത്തിൽവലിയമാറ്റങ്ങൾവന്നുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം സൂചിപ്പിച്ചു.

അമേരിക്കൻ താൽപ്പര്യങ്ങൾ മാത്രം മുൻനിർത്തിയുള്ള ഡൊണാൾഡ് ട്രംപിന്റെ നീക്കങ്ങൾ ആഗോള ക്രമത്തെ തകിടം മറിച്ചുവെന്ന് കാർണി കുറ്റപ്പെടുത്തി. ഇറക്കുമതി നികുതിയും സാമ്പത്തിക നിയന്ത്രണങ്ങളും മറ്റ് രാജ്യങ്ങളെ സമ്മർദ്ദത്തിലാക്കാൻ ഉപയോഗിക്കുകയാണ്. ഇത്തരം ഭീഷണികൾക്ക് മുന്നിൽ കാനഡ ഇനി മുട്ടുമടക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

കാനഡയുടെ പരമാധികാരം സംരക്ഷിക്കാൻ പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. ഇതിന്റെ ഭാഗമായി കാനഡ തങ്ങളുടെ സൈനിക ബജറ്റ് ഗണ്യമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അമേരിക്കയുടെ സൈനിക സംരക്ഷണം മാത്രം വിശ്വസിച്ച് ഇരിക്കാൻ കാനഡ തയ്യാറല്ലെന്നും കാർണി പറഞ്ഞു.

ലോകത്തെ ഇടത്തരം ശക്തികൾ ഒന്നിച്ച് നിൽക്കേണ്ട സമയമാണിതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അമേരിക്കയെ അമിതമായി ആശ്രയിക്കുന്ന രീതി മാറ്റി വിപണി വൈവിധ്യവത്കരിക്കാനാണ് കാനഡയുടെ തീരുമാനം. ഇതിനായി ഇന്ത്യയുൾപ്പെടെയുള്ള പ്രമുഖ രാജ്യങ്ങളുമായി പുതിയ വ്യാപാര കരാറുകളിൽ ഏർപ്പെടുകയാണ്.

അന്താരാഷ്ട്ര നിയമങ്ങൾ പലതും ഇപ്പോൾ വെറും കടലാസ് രേഖകളായി മാറിയെന്ന് കാർണി പരിഹസിച്ചു. വൻശക്തികൾ സ്വന്തം ഇഷ്ടപ്രകാരം നിയമങ്ങൾ മാറ്റിയെഴുതുകയാണ്. ഈ സാഹചര്യത്തിൽ കാനഡ സ്വന്തം വഴിക്ക് നീങ്ങുമെന്നും ആഗോള തലത്തിൽ പുതിയ സഖ്യങ്ങൾ രൂപീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ട്രംപ് ഭരണകൂടം ഉയർത്തുന്ന സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ കാനഡ സജ്ജമാണ്. കഴിഞ്ഞ കുറച്ചു മാസങ്ങളായി കാനഡ ലോകത്തെ വിവിധ രാജ്യങ്ങളുമായി പന്ത്രണ്ടോളം സുരക്ഷാ കരാറുകളിൽ ഒപ്പിട്ടു. അമേരിക്കൻ വിപണിയേക്കാൾ ഏഷ്യൻയൂറോപ്യൻ വിപണികൾക്ക് ഇനി കാനഡ മുൻഗണന നൽകും.

ഗ്രീൻലാൻഡ് വിഷയത്തിൽ ട്രംപ് സ്വീകരിച്ച നിലപാടുകളെയും കാർണി വിമർശിച്ചു. അയൽരാജ്യങ്ങളുടെ ഭൂപ്രദേശങ്ങൾ സ്വന്തമാക്കാൻ ശ്രമിക്കുന്നത് അംഗീകരിക്കാനാവില്ല. ആർട്ടിക് മേഖലയിലെ സമാധാനം നിലനിർത്താൻ ഡെന്മാർക്കിനും ഗ്രീൻലാൻഡിനും കാനഡ എല്ലാ പിന്തുണയും നൽകുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

## ആഴക്കടൽ ഖനനം വേഗത്തിലാക്കാൻ ഒരുങ്ങി ട്രംപ് ഭരണകൂടം; ഖനന നിയമം പുതുക്കി

അമേരിക്കൻ സർക്കാർ, ആഴക്കടലിൽ ഖനനം (Deep Sea Mining) നടത്തുന്നതിനുള്ള അനുമതി നടപടികൾ വേഗത്തിലാക്കാൻ പുതിയ നിയമമാറ്റങ്ങൾ നടപ്പിലാക്കിയതായി റിപ്പോർട്ട്. ഈ തീരുമാനത്തിലൂടെ, യുഎസ് അതിർത്തിക്ക്പുറത്തുള്ള സമുദ്രഭാഗങ്ങളിലും അമേരിക്കൻ കമ്പനികൾക്ക് ഖനനം നടത്താൻ അനുമതി നൽകാൻ സർക്കാർ തയ്യാറെടുക്കുകയാണ് എന്നാണ് ലഭിക്കുന്ന വിവരം.

ഈ പുതിയ ചട്ടങ്ങൾ ജനുവരി 21ന് പുറത്തിറക്കിയ 113 പേജുള്ള നിയമരേഖയിലൂടെയാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ഈ നിയമം നടപ്പാക്കുന്നത് NOAA (National Oceanic and Atmospheric Administration) ആണ്. 1980ൽ കൊണ്ടുവന്ന Deep Seabed Hard Mineral Resources Act (DSHMRA) എന്ന നിയമം പ്രകാരം ആഴക്കടലിൽ ഖനനം നടത്താൻ ആഗ്രഹിക്കുന്നവർ ആദ്യം ഖനിജങ്ങൾ കണ്ടെത്താനുള്ള ലൈസൻസ് (Exploration License), പിന്നീട് വലിയ തോതിലുള്ള ഖനനത്തിനുള്ള അനുമതി (Commercial Recovery Permit) എന്നിങ്ങനെ രണ്ട് ഘട്ടമായി അപേക്ഷിക്കണം എന്നായിരുന്നു നിയമം.

ഇത് കാരണം അനുമതി ലഭിക്കാൻ ഏറെ സമയം എടുത്തിരുന്നു. ഖനനം തുടങ്ങാൻ വർഷങ്ങൾ വേണ്ടിവന്നു. എന്നാൽ ഇനി മുതൽ ഈ രണ്ട് അനുമതികൾക്കും ഒരേസമയം അപേക്ഷിക്കാം. അതായത് നടപടികൾ ലളിതമാകും. അനുമതി വേഗത്തിൽ ലഭിക്കുകയും കമ്പനികൾക്ക് പെട്ടെന്ന് ഖനനം തുടങ്ങാം എന്നതുമാണ് പുതിയ നിയമത്തിന്റെ ഗുണം.

ആഴക്കടലിൽ ലഭിക്കുന്ന ധാതുക്കൾ ഇലക്ട്രിക് വാഹനങ്ങൾ, ബാറ്ററികൾ, സാങ്കേതിക ഉപകരണങ്ങൾ എന്നിവയ്ക്കായി വളരെ പ്രധാനമാണ്. ഈ ധാതുക്കൾ രാജ്യത്തിനകത്ത് ലഭിച്ചാൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയും എന്നും അമേരിക്കയുടെ സാമ്പത്തിക ശക്തി വർധിക്കും എന്നുമാണ് സർക്കാർ പറയുന്നത്.

എന്നാൽ പരിസ്ഥിതി സംഘടനകൾ ഈ തീരുമാനത്തിനെതിരെ ശക്തമായ ആശങ്ക പ്രകടിപ്പിച്ചു. ഒരേസമയം അനുമതി നൽകുന്നത് ഖനനം തുടങ്ങുന്നതിന് മുൻപ് പരിസ്ഥിതിയിൽ ഉണ്ടാകുന്ന ദോഷങ്ങൾപൂർണമായി പഠിക്കാതെ പോകാൻ ഇടയാക്കും എന്നാണ് അവർ പറയുന്നത്. ഇത്തരത്തിൽ ഖനനം ചെയ്താൽ സമുദ്രതട്ടിലെ ജീവികൾ നശിക്കും, അവ വീണ്ടും തിരിച്ചുവരാൻ ലക്ഷക്കണക്കിന് വർഷങ്ങൾ എടുക്കും എന്നാണ് ആഴക്കടൽ ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നത്.

## അമേരിക്കയുള്ളതുകൊണ്ടാണ് കാനഡ നിലനിൽക്കുന്നത്; മാർക്ക് കാർണിക്കെതിരെ രൂക്ഷവിമർശനവുമായി ട്രംപ്




കാനഡയുടെ നിലനിൽപ്പ് അമേരിക്കയുടെ സഹായത്തോടെയാണെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രസ്താവിച്ചു. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ സംസാരിക്കവെയാണ് അദ്ദേഹം കാനഡയ്ക്കെതിരെ വിമർശനം ഉന്നയിച്ചത്. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി കഴിഞ്ഞ ദിവസം നടത്തിയ പ്രസംഗത്തിനുള്ള മറുപടിയായാണ് ട്രംപിന്റെ ഈ പരാമർശം.

അമേരിക്ക നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന കാനഡ നന്ദികേടാണ് കാണിക്കുന്നതെന്ന്ട്രംപ്കുറ്റപ്പെടുത്തി.ലോക ക്രമം മാറിക്കൊണ്ടിരിക്കുകയാണെന്ന കാർണിയുടെ പ്രസ്താവന തന്നെ ചൊടിപ്പിച്ചതായും അദ്ദേഹം വ്യക്തമാക്കി. കാനഡയ്ക്ക് വലിയ തോതിലുള്ള പ്രതിരോധ സുരക്ഷ നൽകുന്നത് അമേരിക്കയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

അമേരിക്ക നിർമ്മിക്കുന്ന മിസൈൽ പ്രതിരോധ സംവിധാനം കാനഡയ്ക്കും സംരക്ഷണം നൽകുമെന്ന് ട്രംപ് പറഞ്ഞു. ഇത്തരം സംവിധാനങ്ങൾ സൗജന്യമായി ലഭിക്കുമ്പോൾ കാനഡ അതിന് നന്ദിയുള്ളവരായിരിക്കണം. അടുത്ത തവണ പ്രസ്താവനകൾ നടത്തുമ്പോൾ മാർക്ക് കാർണി ഇക്കാര്യം ഓർക്കണമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി.

രണ്ട് രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളാകുന്നതിന്റെ സൂചനകളാണ് ദാവോസിൽ പ്രകടമാകുന്നത്. നേരത്തെ കാനഡയിലെ വാഹന നിർമ്മാണ ശാലകൾ പൂട്ടുന്നതിനെ ട്രംപ് സ്വാഗതം ചെയ്തിരുന്നു. കാനഡയിൽ നിന്നുള്ള ഇറക്കുമതി കുറയ്ക്കാനാണ് തന്റെ ഭരണകൂടം ലക്ഷ്യമിടുന്നതെന്നും അദ്ദേഹം ആവർത്തിച്ചു.

ഗ്രീൻലാൻഡ് വിഷയത്തിലും കാനഡയും അമേരിക്കയും രണ്ട് ചേരിയിലാണ് നിൽക്കുന്നത്. ഗ്രീൻലാൻഡ് ഡെന്മാർക്കിന്റെ ഭാഗമായി തുടരണമെന്ന നിലപാടാണ് മാർക്ക് കാർണി സ്വീകരിച്ചത്. എന്നാൽ ഗ്രീൻലാൻഡിന്റെ നിയന്ത്രണം അമേരിക്കയുടെ സുരക്ഷയ്ക്ക് പ്രധാനമാണെന്ന് ട്രംപ് വാദിക്കുന്നു.

വ്യാപാര മേഖലയിലും ഇരു രാജ്യങ്ങളും തമ്മിൽ കടുത്ത ഭിന്നത നിലനിൽക്കുന്നുണ്ട്. അമേരിക്കയെ അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കാൻ കാനഡ ശ്രമിക്കണമെന്ന് കാർണി ആഹ്വാനം ചെയ്തിരുന്നു. ഇതിനുള്ള തിരിച്ചടിയായായാണ് ട്രംപ് ഇപ്പോൾ കടുത്ത ഭാഷയിൽ പ്രതികരിച്ചിരിക്കുന്നത്.

അമേരിക്കയുടെ സൈനികവും സാമ്പത്തികവുമായ കരുത്താണ് കാനഡയുടെ സുരക്ഷയ്ക്ക് ആധാരമെന്ന് ട്രംപ് ആവർത്തിച്ചു. നയതന്ത്ര തലത്തിൽ ഈ തർക്കം കൂടുതൽ വഷളാകാനാണ് സാധ്യത. വരും ദിവസങ്ങളിൽ കാനഡ ഇതിനോട് എങ്ങനെ പ്രതികരിക്കുമെന്നാണ് ലോകം ഉറ്റുനോക്കുന്നത്.



# ശബരിമല: പ്രതികളുടെ ജാമ്യാപേക്ഷ തള്ളി, വിട്ടയച്ചാൽ അട്ടിമറി സാദ്ധ്യത; സ്വർണം വീണ്ടെടുക്കണം

കൊച്ചി: ശബരിമലയിലെ സ്വർണക്കൊള്ള പരിഹാരമില്ലാത്ത പാപകർമ്മമാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. കേസിലെ മൂന്നു പ്രതികളുടെ ജാമ്യാപേക്ഷ തള്ളിക്കൊണ്ടാണ് സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. ''പഞ്ചാഗ്നി മദ്ധ്യേ തപസ് ചെയ്താലുമീ പാപകർമ്മത്തിൻ പ്രതിക്രിയയാകുമോ...'' എന്ന ചലച്ചിത്രഗാനം ഉദ്ധരിച്ചാണ് കോടതി വിധി പറഞ്ഞത്. പ്രതികൾക്കെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കുമ്പോൾ, ജാതിമത ഭേദമന്യേ ആരും ഈ ഗാനം മൂളിപ്പോകുമെന്നും കോടതി പറഞ്ഞു.

ശബരിമലയിൽ സമർപ്പിക്കുന്ന ചെറിയ വസ്തുക്കൾക്കുപോലും വിലമതിക്കാനാവാത്ത മൂല്യമുണ്ട്. അത് കൈക്കലാക്കാൻ ആഗ്രഹിക്കുന്നവരുടെ താത്പര്യമനുസരിച്ച് മോഹവിലയിലേക്ക് മൂല്യം ഉയരാം. അതുകൊണ്ട് സാധാരണ കേസിലെന്നപോലെ ജാമ്യം നൽകാനാവില്ല. ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാർ, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. മുരാരി ബാബു, ജുവലറി ഉടമ ഗോവർദ്ധൻ എന്നിവരുടെ ജാമ്യാപേക്ഷയാണ് ജസ്റ്റിസ് എ.ബദറുദ്ദീൻ തള്ളിയത്.

ഏതെങ്കിലും കേസിൽ നിശ്ചിത സമയത്തിനകം കുറ്റപത്രം സമർപ്പിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടാൽ മുരാരി ബാബുവിന് ജാമ്യത്തിന് അർഹതയുണ്ടായിരിക്കുമെന്നും അങ്ങനെയൊരു ജാമ്യത്തിനായി സമീപിക്കാമെന്നും കോടതി വ്യക്തമാക്കി. അതേസമയം, അന്വേഷണത്തിലെ വീഴ്ച ചൂണ്ടിക്കാട്ടിയതോടെയാണ് ദേവസ്വം ബോർഡംഗങ്ങൾ മുതൽ തന്ത്രി വരെയുള്ളവരെ കേസിൽ പ്രതിയാക്കിയതെന്നതും കോടതി നിരീക്ഷിച്ചു.



### സ്വർണം വീണ്ടെടുക്കണം

നഷ്ടപ്പെട്ട സ്വർണം പൂർണമായും വീണ്ടെടുക്കണം. ദേവന്റെ സ്വത്ത് സംരക്ഷിക്കേണ്ടവർ തന്നെ കൊള്ളയടിച്ചത് അതീവ ഗുരുതര കുറ്റകൃത്യമാണ്. ദ്വാരകപാലക ശില്പങ്ങൾ കടത്തിയ കേസിലും സ്വർണപ്പാളി കവർച്ചക്കേസിലും ഇവരുടെ പങ്ക് വ്യക്തമാണ്.

സ്വർണത്തിന്റെ വലിയൊരു ഭാഗം വീണ്ടെടുക്കാനുള്ളതിനാൽ അന്വേഷണം പാതിവഴിയിലാണ്. പ്രതികൾക്ക് ജാമ്യം നൽകിയാൽ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുമെന്നും കോടതി വ്യക്തമാക്കി.

### ഒരുമിച്ച് ചോദ്യം ചെയ്യണം

ബോർഡ് അംഗങ്ങളായിരുന്ന വിജയകുമാറിനെയും കെ.പി.ശങ്കരദാസിനെയും അടുത്തിടെയാണ് അറസ്റ്റ് ചെയ്തത്. കൂടുതൽ അന്വേഷണങ്ങൾ നടക്കുന്ന ഘട്ടത്തിൽ എല്ലാവരെയും ഒരുമിച്ച് ചോദ്യം ചെയ്യേണ്ടതിനാൽ ജാമ്യം നൽകുന്നത് കേസിനെ ബാധിക്കും. മുൻ എം.എൽ.എ എന്ന നിലയിലും അതീവ സ്വാധീനമുള്ളയാളാണ് പത്മകുമാർ. വിട്ടയച്ചാൽ സ്വർണം കണ്ടെടുക്കാനും കൂടുതൽ പ്രതികളെ പിടികൂടാനുമുള്ള ശ്രമങ്ങളെ തടസപ്പെടുത്തുമെന്നും കോടതി പറഞ്ഞു.

ഗോവർദ്ധനും ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയും സ്മാർട്ട് ക്രിയേഷൻസിലെ പങ്കജ് ഭണ്ഡാരിയും ഇടപാടിൽ നേരിട്ടു പങ്കാളികളാണ്.

ബാക്കി സ്വർണം എവിടെയെന്നു കണ്ടെത്തേണ്ടതിനാൽ ഗോവർദ്ധൻ കസ്റ്റഡിയിൽ തുടരേണ്ടത് ആവശ്യമാണ്. പോലീസ് റിപ്പോർട്ടിലും ഇതു ശരിവയ്ക്കുന്നതായി കോടതി വ്യക്തമാക്കി.

### സംരക്ഷകർ കൊള്ളക്കാരായി

ജാമ്യം അനുവദിക്കുകയെന്നത് പൊതുവായ നിയമവും അത് നിഷേധിക്കുന്നത് അസാധാരണവുമാണ്. ആരാണ് പ്രതികൾ, ആരുടെ സ്വത്താണ് കൊള്ളയടിച്ചത്, കുറ്റകൃത്യത്തിന്റെ ഗൗരവം, ചെയ്ത രീതി, അത് സമൂഹത്തിലുണ്ടാക്കുന്ന ആഘാതം തുടങ്ങിയവ പരിഗണിക്കുമ്പോൾ ഈ കേസിൽ പൊതുനിയമം ബാധകമല്ല. സമാനതകളില്ലാത്ത കൊള്ള നടന്നതായാണ് പ്രോസിക്യൂഷൻ കേസ്. സംരക്ഷകർതന്നെ കൊള്ളക്കാരായി എന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാകുന്നു.

### പ്രതികൾ രക്ഷപ്പെടരുത്

രണ്ടു കേസുകളിലുമായി 4147 ഗ്രാം സ്വർണമാണ് അപഹരിച്ചത്. ഇതിൽ ഗോവർദ്ധനിൽ നിന്ന് 474.960 ഗ്രാം മാത്രമാണ് കണ്ടെടുത്തത്. സ്വർണം എങ്ങനെ കൈമാറ്റം ചെയ്തു എന്ന് കണ്ടെത്തണം. അത് വീണ്ടെടുക്കാനുള്ള നടപടികളും വേണം. സ്വർണം വീണ്ടെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ പ്രതികൾ രക്ഷപ്പെടും.

അന്വേഷണസംഘത്തിന്റെ റിപ്പോർട്ട് പ്രകാരം രണ്ടു ദ്വാരപാലക വിഗ്രഹങ്ങളിൽ 1564.190 ഗ്രാം സ്വർണവും ബീഡിംഗുകളിലും തൂണുകളിലുമായി 4302.660 ഗ്രാം സ്വർണവും പൂശിയിട്ടുണ്ട്.









# പോറ്റിയുടെ വീട്ടിൽ പോയിട്ടുണ്ട്, ഭക്ഷണം കഴിച്ചിട്ടുണ്ട്: കടകംപള്ളി

തിരുവനന്തപുരം: ശബരിമല തട്ടിപ്പ് കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ വീട്ടിൽ താൻ ഒരുതവണ പോയിട്ടുണ്ടെന്ന് മുൻ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ഒരു ചെറിയ കുട്ടിയുടെ ഏതോ ചടങ്ങിനാണ് പോയത്. പോറ്റിയുടെ വീട്ടിൽ നിന്ന് അന്ന് ഭക്ഷണം കഴിച്ചുവെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് വ്യക്തമാക്കി.

ഉണ്ണികൃഷ്ണൻപോറ്റിയുടെവീട്ടിൽ കടകംപള്ളി സുരേന്ദ്രൻ വന്നിട്ടുണ്ടെന്ന അയൽവാസിയുടെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ടാണ് കടകംപള്ളിയുടെ വിശദീകരണം. 2017-18 കാലമെന്നാണ് ഓർമ്മ. കൃത്യമായി വർഷം ഓർക്കുന്നില്ല. താൻ ശബരിമലയ്ക്ക് പോകുന്ന ദിവസം പോറ്റി വിളിച്ചിട്ട് വീട്ടിൽ നടക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ നിർബ്ബന്ധിച്ചു. പോലീസിന്റെ അകമ്പടിയോടെയാണ് അവിടെ എത്തിയത്. ചടങ്ങ് എന്തായിരുന്നുവെന്ന് വ്യക്തമായി ഓർക്കുന്നില്ല. അവിടെ നിന്ന് നേരെ ശബരിമലയ്ക്കാണ് പോയത്. അത് ഒളിച്ചുവയ്ക്കേണ്ട കാര്യമില്ല. ഇന്നത്തെ പോറ്റിയല്ലല്ലോ അന്നത്തെ പോറ്റി.



മന്ത്രിയായ ശേഷമുള്ള ആദ്യ ശബരിമല തീർത്ഥാടന കാലത്താണ് പോറ്റിയെ പരിചയപ്പെടുന്നത്. ശബരിമല സ്വാമിയുടെ ശരിയായ ഭക്തൻ എന്ന നിലയ്ക്കാണ് പോറ്റിയെ അന്നു കണ്ടത്. അല്ലെങ്കിൽ വീട്ടിൽ പോകുമായിരുന്നില്ല. തന്റെ മണ്ഡലത്തിൽ സ്പോൺസർഷിപ്പ് പരിപാടികളൊന്നും പോറ്റി ചെയ്തിട്ടില്ല. ഒരു വിധത്തിലുള്ള ഗിഫ്റ്റുകളും പോറ്റിയിൽ നിന്ന് വാങ്ങിയിട്ടില്ല. അന്വേഷണ സംഘത്തോട് ഇക്കാര്യം പറഞ്ഞിരുന്നു.

പ്രതിപക്ഷത്തിന് രാഷ്ട്രീയ താത്പര്യമുണ്ട്. ഇരയെ മുൻനിറുത്തി തങ്ങളുടെ രാഷ്ട്രീയ താത്പര്യം നേടിയെടുക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് പ്രതിപക്ഷത്തിന്റേതെന്നും കടകംപള്ളി പറഞ്ഞു.

ഉണ്ണികൃഷ്ണൻ പോറ്റിയുമൊത്തുള്ള ചിത്രം പുറത്തുവന്നതിനെക്കുറിച്ചുള്ള ചോദ്യത്തോട് അദ്ദേഹം പ്രതികരിച്ചില്ല.

### രാഷ്ട്രീയ നേതാക്കൾക്ക് സമ്മാനം നൽകിയെന്ന് പോറ്റി

രാഷ്ട്രീയ നേതാക്കൾക്കും ദേവസ്വം ബോർഡിലെ ഉന്നതർക്കും വിലപിടിപ്പുള്ള ഉപഹാരങ്ങൾ നൽകിയിട്ടുണ്ടെന്ന് സ്വർണക്കൊള്ളക്കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി എസ്.ഐ.ടിക്ക് മൊഴി നൽകി.

മന്ത്രിയാകും മുമ്പ് തന്നെ കടകംപള്ളി സുരേന്ദ്രനുമായി അടുത്ത ബന്ധമുണ്ട്. കടകംപള്ളി വീട്ടിൽ വന്നിട്ടുമുണ്ട്. ഇത് സൗഹൃദ സന്ദർശനങ്ങളായിരുന്നെന്നാണ് പോറ്റിയുടെ മൊഴി. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പേരെ എസ്.ഐ.ടി ചോദ്യം ചെയ്യും.

പൂജകളുടെയും സംഭാവനയുടെയും പേരിൽ വൻ വ്യവസായികളിൽ നിന്നടക്കം പോറ്റി കോടികൾ പിരിച്ച് പലിശയ്ക്ക് നൽകുകയും റിയൽ എസ്റ്റേറ്റ് ഇടപാടുകൾ നടത്തിയെന്നുമാണ് എസ്.ഐ.ടി പറയുന്നത്.

# ദീപക്കിന്റെ ആത്മഹത്യ, ദൃശ്യം പ്രചരിപ്പിച്ച ഷിംജിത റിമാൻഡിൽ



കോഴിക്കോട്: ബസിൽ ലൈംഗികാതിക്രമം കാട്ടിയെന്നാരോപിച്ചുള്ള ദൃശ്യം സോഷ്യൽ മീഡിയയിലൂടെ പ്രചരിച്ചതിൽ മനംനൊന്ത് യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ പ്രതിയായ യുവതി റിമാൻഡിൽ. വീഡിയോ പോസ്റ്റുചെയ്ത വടകര കൈനാട്ടി വളച്ചുകെട്ടിയ മീത്തൽ ഷിംജിത മുസ്തഫയാണ് (35) പിടിയിലായത്. വടകര മുട്ടുങ്ങൽ വെസ്റ്റിലെ സഹോദരിയുടെ വീട്ടിൽ ഒളിവിലായിരുന്ന ഷിംജിതയെ ഇന്നലെ ഉച്ചയോടെയാണ് കോഴിക്കോട് മെഡിക്കൽ കോളേജ് പൊലീസ് അറസ്റ്റ് ചെയ്തത്. കോഴിക്കോട് സ്വദേശി ദീപക്ക് ആത്മഹത്യ ചെയ്ത കേസിലാണ് അറസ്റ്റ്.

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്ക് ശേഷമാണ് ഷിംജിതയെ കുന്ദമംഗലം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹജരാക്കിയത്. തുടർന്നാണ് 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത് മഞ്ചേരി വനിതാ ജയിലിലേക്കയച്ചത്

ദീപക്കിന്റെ മാതാവിന്റെ പരാതിയിൽ ആത്മഹത്യാപ്രേരണാക്കുറ്റം ചുമത്തി കേസെടുത്തതിന് പിന്നാലെയാണ് ഷിംജിത ഒളിവിൽ പോയത്. ഇന്നലെ ജില്ലാ കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷയും നൽകി. വിദേശബന്ധമുള്ളതിനാൽ ഇവർക്കെതിരെ പോലീസ് ലുക്കൗട്ട് നോട്ടീസുമിറക്കിയിരുന്നു. വടകരയിലുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്നുള്ള അന്വേഷണത്തിലാണ് അറസ്റ്റിലായത്.

ഷിംജിത പങ്കുവച്ച വീഡിയോ എഡിറ്റ് ചെയ്ത് ദൈർഘ്യം കുറച്ചതായി പോലീസ് കണ്ടെത്തി. ബസിലെ സി.സി ടിവി ദൃശ്യങ്ങളും ശേഖരിച്ചു. സ്വകാര്യ ബസ് ജീവനക്കാരുടെയും യാത്രക്കാരുടെയും മൊഴിയെടുക്കാനുള്ള നീക്കത്തിലാണ് പോലീസ്. ഷിംജിതയ്ക്കെതിരേ ഐ.ടി ആക്ടും മറ്റ് വകുപ്പുകളും ചുമത്തണമെന്ന് ദീപക്കിന്റെ കുടുംബം ആവശ്യപ്പെട്ടു. കഴിഞ്ഞ വെള്ളിയാഴ്ചയാണ് പയ്യന്നൂരിൽ ബസ് യാത്രയ്ക്കിടെ ഷിംജിത ഇൻസ്റ്റഗ്രാമിൽ വീഡിയോ പോസ്റ്റ് ചെയ്തത്.









## യു.ഡി.എഫിൽ പ്രാഥമിക ചർച്ചകൾ പൂർത്തിയായി, സീറ്റുകൾ വച്ചുമാറാൻ കോൺഗ്രസും ലീഗും

തിരുവനന്തപുരം: യു.ഡി.എഫിന്റെ ഘടക കക്ഷികളുമായുള്ള പ്രാഥമിക സീറ്റ് വിഭജന ചർച്ച പുരോഗമിക്കുന്നു. മുസ്ലീംലീഗുമായി ചൊവ്വാഴ്ച തുടങ്ങിയ ചർച്ച ഇന്നലെ പൂർത്തിയാക്കി. ആർ.എസ്.പിയുമായും ചർച്ച നടന്നു. ആരോഗ്യപരമായ കാരണങ്ങളാൽ വിശ്രമത്തിലായിരുന്നതിനാൽ ഇന്നലെ പ്രതിപക്ഷ നേതാവ് വി.ഡി.സതീശന് ചർച്ചയിൽ നേരിട്ട് പങ്കെടുക്കാനായില്ല. കെ.പി.സി.സി അദ്ധ്യക്ഷൻ സണ്ണിജോസഫ് എം.എൽ.എ, കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല, യു.ഡി.എഫ് കൺവീനർ അടൂർപ്രകാശ് എന്നിവരാണ് കോൺഗ്രസിന് വേണ്ടി ഘടകകക്ഷികളുമായി ചർച്ച നടത്തിയത്.

നിയമസഭാ തിരഞ്ഞെടുപ്പിൽ അംഗബലം വർദ്ധിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി കോൺഗ്രസും മുസ്ലീം ലീഗും ചില സീറ്റുകൾ പരസ്പരം മാറിയേക്കും. അടുത്ത ഘട്ട ചർച്ചയിലാവും അന്തിമ രൂപമാവുക. തെക്കൻ കേരളത്തിലും മദ്ധ്യകേരളത്തിലും തങ്ങൾക്ക് അനുകൂല രാഷ്ട്രീയ അന്തരീക്ഷമുള്ള ഏതെങ്കിലും സീറ്റുകൾ വേണമെന്ന ആവശ്യം ലീഗ് മുന്നോട്ടു വച്ചിട്ടുണ്ട്.

2016ലെ തിരഞ്ഞെടുപ്പിൽ നിയസഭയിൽ എത്തിക്കാൻ കഴിഞ്ഞ അത്ര എം.എൽ.എമാരെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വിജയിപ്പിക്കാൻ കഴിയാതെ വന്നത് ലീഗിന് ചെറിയ ക്ഷീണമുണ്ടാക്കിയിരുന്നു. അതു കൂടി പരിഹരിച്ച് സഭയിലെ നില കൂടുതൽ ഭദ്രമാക്കാനുള്ള നീക്കമാണ് ലീഗ് നടത്തുന്നത്. 2016ൽ 24 സീറ്റുകളിൽ മത്സരിച്ച ലീഗിന് 18 പേരെ വിജയിപ്പിക്കാനായി. എന്നാൽ 2021ൽ 25 സീറ്റുകളിൽ മത്സരിച്ചെങ്കിലും 15 പേരെ സഭയിലെത്തിക്കാനേ കഴിഞ്ഞുള്ളു. ഇക്കുറി ആ അവസ്ഥ ഒഴിവാക്കിയേ തീരൂ എന്നതാണ് അവരുടെ ലക്ഷ്യം. കഴിഞ്ഞ തവണ മത്സരിച്ചിനേക്കാൾ കൂടുതൽ സീറ്റ് ആവശ്യപ്പെടണമെന്ന അഭിപ്രായം ചില നേതാക്കൾ പാർട്ടിയിൽ ഉന്നയിച്ചിട്ടുണ്ടെങ്കിലും 25ൽ തന്നെ മത്സരിക്കാനാവും സാദ്ധ്യത. ഐഷ പോറ്റിയുടെ വരവ് പോലെ ഇനിയും 'വിസ്മയങ്ങൾ' യു.ഡി.എഫിലേക്ക് എത്തിയാൽ കോൺഗ്രസിന് മാത്രമായി സീറ്റ് ത്യാഗം നടത്താനുമാവില്ല. പി.കെ.കുഞ്ഞാലിക്കുട്ടിയും സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാമുമാണ് ലീഗിന് വേണ്ടി ചർച്ചയിൽ പങ്കെടുത്തത്.

2021ൽ തങ്ങൾ മത്സരിച്ച ആറ്റിങ്ങൽ പോലുള്ള മണ്ഡലങ്ങൾ മാറ്റി, പകരം കൂടുതൽ സ്വാധീനമുള്ള മണ്ഡലം നൽകണമെന്ന ആവശ്യമാണ് ആർ.എസ്.പി മുന്നോട്ടു വച്ചിട്ടുള്ളത്. ഈ ആവശ്യം എങ്ങനെ പരിഹരിക്കണമെന്നത് അടുത്ത ഘട്ടത്തിൽ ചർച്ച ചെയ്യും. സംസ്ഥാന സെക്രട്ടറി ഷിബു ബേബിജോൺ, എൻ.കെ.പ്രേമചന്ദ്രൻ എം.പി, എ.എ.അസീസ്, ബാബുദിവാകരൻ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.

## ബി.ഡി.ജെ.എസ് സീറ്റുകൾ എൻ.ഡി.എ തീരുമാനിക്കും: തുഷാർ വെള്ളാപ്പള്ളി



ആലപ്പുഴ: ബി.ഡി.ജെ.എസ് എത്ര സീറ്റുകളിൽ മൽസരിക്കണമെന്ന് എൻ.ഡി.എ തീരുമാനിക്കുമെന്ന് സംസ്ഥാന അദ്ധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി പറഞ്ഞു.

സീറ്റുകളിൽ ചില വിട്ടുവീഴ്ചകളൊക്കെ വേണ്ടി വരും, ആലപ്പുഴ ജില്ലയിലെ ഒരു സീറ്റും വച്ചു മാറില്ല. തനിക്ക് മത്സരിക്കാൻ താൽപര്യമില്ലെന്ന് ബി.ജെ.പി കേന്ദ്ര നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്.

നായർ ഈഴവ ഐക്യത്തെ ബി.ഡി.ജെ.എസ് സ്വാഗതം ചെയ്യുന്നു. ഐക്യം ഹിന്ദു സമൂഹത്തിന് ഗുണം ചെയ്യുമെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ശബരിമല സ്വർണക്കൊള്ള കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് ബി.ഡി.ജെ.എസ് ആവശ്യപ്പെട്ടു. അയ്യപ്പന്റെ സ്വർണം മോഷ്ടിക്കാൻ ഇടത്, വലത് മുന്നണികൾ മത്സരമാണ് നടത്തിയതെന്ന് ആലപ്പുഴയിൽ ചേർന്ന സംസ്ഥാന കൗൺസിൽ വിലയിരുത്തി. തിരുനാവയിൽ നടക്കുന്ന മഹാ കുംഭമേള വിജയിപ്പിക്കാൻ ഓരോ ഭക്തരും രംഗത്തിറങ്ങാൻ ആഹ്വാനം ചെയ്തു. കേരളത്തിന്റെ വികസനത്തിന് മോദി സർക്കാർ നൽകുന്ന പിന്തുണയ്ക്ക് യോഗം നന്ദി അറിയിച്ചു. ബി.ജെ.പി. ദേശീയ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട നിധിൻ നബിനെ അഭിനന്ദിച്ചു. സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക ഈ മാസം അവസാനത്തോടെ പ്രഖ്യാപിക്കും.












# പഴി പറഞ്ഞും കല്ലെറിഞ്ഞും വിലസുന്ന കൊടുംപാപികൾ




സാമൂഹിക വിരുദ്ധർ 'ഇൻഫ്ളുവെൻസർ' അവതാരമെടുത്ത് കേരളത്തിൽ അഴിഞ്ഞാടുന്നതു പ്രതിരോധിക്കേണ്ട ദൗത്യവും പോലീസിന്. പരിചിതമല്ലാത്ത നിയമങ്ങളും ചട്ടങ്ങളും അവയുടെ ആഖ്യാനങ്ങളുമായി ഇക്കൂട്ടരെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന കനത്ത വെല്ലുവിളി പോലീസ് നേരിടുമ്പോൾ ഉളുപ്പേതുമറിയാത്ത സാമൂഹിക മാധ്യമക്കോടതികളുടെ തുടർവിചാരണയും പൊടിപൊടിക്കുന്നു. ആൾക്കൂട്ടം നീതി നടപ്പാക്കാൻ തുടങ്ങുന്നിടത്ത് ജനാധിപത്യം തോൽക്കുന്നു. പോലീസും കോടതിയും നിലനിൽക്കുന്ന ഒരു രാജ്യത്ത് സമാന്തര സൈബർ കോടതികളെ പ്രോത്സാഹിപ്പിക്കുന്നതിനു ന്യായീകരണമില്ല.

സങ്കേതികവിദ്യയുടെ വളർച്ച മനുഷ്യരാശിയെ ആഗോള ഗ്രാമമായി ചുരുക്കിയപ്പോൾ, ആ ഗ്രാമത്തിന്റെ നടുമുറ്റത്ത് മനുഷ്യത്വമകന്ന 'ഡിജിറ്റൽ വിചാരണ' യ്ക്ക് വേദിയൊരുക്കാൻ ഏതൊരാൾക്കും കഴിയുന്നു. ഇതിന്റെ സാക്ഷ്യമായി സാമൂഹിക മാധ്യമത്തിലൂടെയുള്ള ലൈംഗികാതിക്രമ ആരോപണത്തെ തുടർന്നുള്ള മനോവിഷമത്തിൽ കോഴിക്കോട് ഗോവിന്ദപുരം സ്വദേശി ദീപക് ജീവനൊടുക്കിയ കേസിൽ പ്രതി ഷിംജിത മുസ്തഫയ്ക്കെതിരെ ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കി. കേസെടുത്തതിന് പിറകെ വടകര സ്വദേശിയായ ഷിംജിത ഒളിവിൽ പോവുകയായിരുന്നു. ഇവർ വിദേശത്തേക്ക് കടക്കാനുള്ള സാധ്യത കണക്കിലെടുത്താണ് ലുക്കൗട്ട് സർക്കുലർ പുറത്തിറക്കിയത്.

കേസിൽ സുപ്രധാന തെളിവായ ദീപക്കിന്റെ ദൃശ്യങ്ങൾ ചിത്രീകരിച്ച മൊബൈൽ ഫോണും പോലീസിന് കണ്ടെടുക്കേണ്ടതുണ്ട്. സംഭവത്തിൽ ഷിംജിതയ്ക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തിയാണ് പോലീസ് കേസെടുത്തിരിക്കുന്നത്. യുവതി സാമൂഹിക മാധ്യമത്തിൽ പങ്കുവച്ച വീഡിയോ എഡിറ്റ് ചെയ്തു നീളം കുറച്ചതാണെന്നു പോലീസ് കണ്ടെത്തിയിരുന്നു. ഫോൺ കണ്ടെടുത്ത ശേഷം വീഡിയോയുടെ പൂർണരൂപം വീണ്ടെടുക്കാൻ സൈബർ സെല്ലിന്റെ സഹായം തേടാനുള്ള ശ്രമത്തിലാണ് പോലീസ്. ദീപക്കിന്റെ അമ്മ നൽകിയ പരാതിയിലാണ് മെഡിക്കൽ കോളജ് പോലീസ് കേസെടുത്തത്.

തരംഗമായ സൂംബ ഡാൻസ്, ഐ. ഫോൺ വാങ്ങാനുള്ള തിരക്കിന്റെ വിഡിയോ, എം.എൽ.എയുടെ ലൈംഗിക ചുവയുള്ള വൈറാലിറ്റി, കെ.എസ്.ആർ.ടി.സി ബസിലെ വയോധികന്റെ നോട്ടം അങ്ങനെ പലതരത്തിലുള്ള വൈറൽ വീഡിയോകൾ വിഹരിക്കുന്ന കാലത്ത് വൈറൽ വിഡിയോകളാൽ നയിക്കപ്പെടുന്ന സവിശേഷ സമൂഹമാധ്യമ ആവാസവ്യവസ്ഥയിൽ ഇൻഫ്ളുവെൻസർമാർ വൈറലാകാൻ കൊതിക്കുന്നു. നിങ്ങളിൽ വൈറലാകാൻ ആഗ്രഹിക്കാത്തവർ ആകണം ആദ്യം അവരെ കല്ലെറിയേണ്ടതെന്ന നിരീക്ഷണവും തള്ളാനാകില്ല. ദീപക്കിന്റെ ആത്മഹത്യയെ ഒറ്റപ്പെട്ട സംഭവമായി കണേണ്ടതില്ല. തുടക്കത്തിൽ ലഭിച്ച കമന്റുകളിൽ ഇൻഫ്ളുവെൻസർക്ക് വലിയ പിന്തുണയാണ് ലഭിച്ചത്. എന്നാൽ ദീപക്കിന്റെ മരണത്തോടെ കമന്റുകാരൊക്കെ അവർക്ക് എതിരായി.

ബസിൽ വെച്ച് വീഡിയോ പകർത്തിയ സ്ത്രീ അത് നിയമപാലകർക്ക് കൈമാറുന്നതിന് പകരം വെർച്വൽ ലോകത്ത് വിചാരണയ്ക്ക് വെച്ചുകൊടുത്തപ്പോൾ, അവിടെ റദ്ദാക്കപ്പെട്ടത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ സ്വാഭാവിക നീതിയുടെ എല്ലാ തത്ത്വങ്ങളുമാണ്. ദൃശ്യങ്ങളിൽ കാണുന്നതിനപ്പുറം ആ വ്യക്തിയുടെ ശാരീരിക അവസ്ഥയോ സാഹചര്യങ്ങളോ ആരും പരിശോധിച്ചില്ല. ഇന്ത്യൻ ഭരണഘടന അനുസരിച്ച് ഒരാൾ കുറ്റവാളിയാണെന്ന് വിധിക്കപ്പെടുന്നത് വരെ അയാൾ നിരപരാധിയാണെങ്കിലും സോഷ്യൽ മീഡിയയിൽ ഈ തത്ത്വം നേരെ തിരിച്ചാണ്. അവിടെ കുറ്റരോപിതൻ ആദ്യം തന്നെ കുറ്റവാളിയായി മാറുന്നു. പിന്നീട് താൻ നിരപരാധിയാണെന്ന് തെളിയിക്കാൻ അയാൾക്ക് ലോകത്തിന് മുന്നിൽ അവസരമില്ല.

'റൈറ്റ് ടു പ്രൈവസി' എന്നത് ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ്. പൊതുസ്ഥലത്ത് വെച്ച് ഒരാളുടെ ദൃശ്യങ്ങൾ അയാളുടെ അനുവാദമില്ലാതെ പകർത്തുന്നതും അത് അപകീർത്തികരമായ രീതിയിൽ പ്രചരിപ്പിക്കുന്നതും നിയമവിരുദ്ധമാണ്. ഇതു ഗൗനിക്കാതെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ അൽഗോരിതങ്ങൾ പ്രകോപനപരമായ ദൃശ്യങ്ങൾക്ക് കൂടുതൽ പ്രചാരം നൽകുന്നു എന്നതും ഈ വിപത്തിന്റെ ആഴം കൂട്ടുന്നു. ദീപക്കിന്റെ മരണം വെറുമൊരു ആത്മഹത്യയല്ല, അതൊരു 'സാമൂഹിക കൊലപാതക' (സോഷ്യൽ മർഡർ) മാണെന്ന് നിയമജ്ഞർ പറയുന്നു. വീഡിയോ പകർത്തിയവരും അത് യാതൊരു പരിശോധനയുമില്ലാതെ പ്രചരിപ്പിച്ചവരും ആ മരണത്തിൽ ധാർമികമായ ഉത്തരവാദിത്വം ഏൽക്കേണ്ടതുണ്ട്.

## 'വിജിലാന്റിസം'

മനുഷ്യനിലെ 'വിജിലാന്റിസം' അഥവാ നീതിനടപ്പാക്കാനുള്ള ത്വരയെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ചൂഷണം ചെയ്യുന്നതിനാലാണ് ഇത്തരം വീഡിയോകൾ വേഗത്തിൽ പടരുന്നത്. ഒരാളെ ക്രൂശിക്കുന്നതിലൂടെ താൻ വലിയൊരു സാമൂഹിക സേവനം ചെയ്യുന്നു എന്ന മിഥ്യബോധം ഒരോ ഷെയറിലും ലൈക്കിലും ഒളിഞ്ഞിരിക്കുന്നു. ഈ ആൾക്കൂട്ട മനഃശാസ്ത്രം ഇരയുടെ സ്വകാര്യതയെയും അന്തസ്സിനെയും ലംഘിക്കുന്നത് ഒരു ലഹരിയായി മാറുന്നു. ദീപക്കിന്റെ കാര്യത്തിൽ, അദ്ദേഹത്തിന്റെ മാനസികാവസ്ഥയോ അദ്ദേഹം നേരിട്ടേക്കാവുന്ന സാമൂഹിക അപമാനമോ ആരും ചിന്തിച്ചില്ല. ഇരയാക്കപ്പെട്ടത് കേവലം വ്യക്തിയല്ല, സാമൂഹിക വിവേകമാണ്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ യാഥാർഥ്യമാണ്. അതിനെതിരേ ശക്തമായ നിലപാട് അനിവാര്യവുമാണ്. അതിൽ ഒരു വിട്ടുവീഴ്ചയുമായിക്കൂടാ. അതേസമയം, 'ആരോപണങ്ങൾ' വൈറൽ ഉള്ളടക്കമായി സമൂഹമാധ്യമങ്ങളിൽ പരസ്യ വിചാരണ നേരിടുമ്പോൾ, അതിന്റെ ദോഷഫലങ്ങൾക്ക് ഉത്തരവാദി ആരാണ്? എന്താണ് ശരിക്കും സത്യം? അതോ പല സത്യങ്ങൾ ചെറു വീഡിയോകളായി, ക്യാപ്ഷനുകളായി, റീലുകളായി, ഷെയറുകളായി, കമന്റുകളായി വ്യവഹരിക്കുകയണോ? നിലവിലെ സംഭവത്തിൽ ആരുടെ ഭാഗത്താണ് ശരി, ആരുടെ ഭാഗത്താണ് തെറ്റ് എന്ന രീതിയിലുള്ള ബൈനറി വിശകലനത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. പക്ഷേ 'വൈറൽ സംസ്കാരത്തെ' അക്കാദമിക സമൂഹവും സർക്കാർ സംവിധാനങ്ങളും സാമൂഹികശാസ്ത്രജ്ഞരും ഗൗരവകരമായി സമീപിക്കേണ്ടിയിരിക്കുന്നു.

ഉത്തരവാദിത്വപൂർണമായ ഇൻഫ്ളുവെൻസർ സംസ്കാരം രൂപപ്പെടുത്തേണ്ട അനിവാര്യ സാഹചര്യമാണിത്. തുറന്ന വിചാരണ നടക്കുന്ന സോഷ്യൽ മീഡിയ കോടതിയിൽ ജഡ്ജ് ആരാണ്? ജൂറി ആരാണ്? ഉത്തരം ലളിതമാണ്; എല്ലാവരും. വൈറൽ വിഡിയോകൾ സമൂഹമാധ്യമങ്ങളിൽ പരസ്യ വിചാരണയ്ക്ക് വഴിവയ്ക്കുന്നുവെന്നത് യാഥാർഥ്യമാണ്. ഇത്തരം ഇടങ്ങളിൽ വസ്തുതാപരിശോധനയെക്കാൾ വൈകാരിക വേഗതയ്ക്കാണ് പ്രാധാന്യമെന്ന് വൈറൽ ജേർണലിസത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾ വ്യക്തമാക്കുന്നു. ദീപക് കേസിൽ, ഔദ്യോഗിക വിശദീകരണങ്ങൾ വരുന്നതിനുമുമ്പ് പൊതുഅഭിപ്രായം രൂപപ്പെട്ടു. ഇതു സംബന്ധിച്ച വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിച്ച നിമിഷംമുതൽ തന്നെ ഒരു തുറന്ന വിചാരണ ആരംഭിച്ചിരുന്നു. കോടതി മുറിയിലല്ല, ഫേസ്ബുക്ക് ടൈംലൈനുകളിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലും മറ്റ് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളിലും.

തെളിവുകൾ പരിശോധിക്കാനോ ഇരുപക്ഷങ്ങളെയും കേൾക്കാനോ ഈ വിചാരണയ്ക്ക് ഇടയുണ്ടായിരുന്നില്ല. ഇവിടെ ഒരു പ്രധാന ചോദ്യം ഈ വീഡിയോ സോഷ്യൽ മീഡിയ പ്രേക്ഷകർക്ക് കൈമാറേണ്ടത് ഇൻഫ്ളുവെൻസർമാരുടെ ഉത്തരവാദിത്വമായിരുന്നോ? അവർ സാധാരണയായി ഈ ഷെയറിങ്ങിനെ മൂന്നു വഴികളിലാകാം ന്യായീകരിക്കുന്നത്. ഒന്ന്, സമൂഹത്തിനുവേണ്ടി സംസാരിക്കുന്നു എന്ന അവകാശവാദം. രണ്ട്, സ്ത്രീകളുടെ സുരക്ഷ. മൂന്ന്, വീഡിയോ ഇതിനകം നിങ്ങൾക്ക് മുന്നിലുണ്ട് എന്ന വാദം. എന്നാൽ ഇത്തരത്തിലുള്ള എല്ലാ വൈറൽ വീഡിയോ കേസുകളിലും നിയമസംവിധാനത്തെ സഹായിക്കാനാണോ വീഡിയോകൾ പ്രേക്ഷകർക്ക് നൽകുന്നത്? അതോ പ്ലാറ്റ്ഫോം അൽഗോരിതത്തിന് അനുയോജ്യമായ 'വിധി' സൃഷ്ടിക്കാനായിക്കൂടേ?

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരായ പോരാട്ടം അനിവാര്യമാണ്. അതിനെ ഒരുതരത്തിലും ദുർബലപ്പെടുത്താൻപാടില്ല. പക്ഷേ ദീപക് കേസ് ചോദിക്കുന്നത് മറ്റൊരു കാര്യംകൂടിയാണ്. നീതി തേടുമ്പോൾ, നമ്മൾ ആരെയാണ് ലക്ഷ്യമിടുന്നത്? കുറ്റകൃത്യത്തെയോ ഒരാളെയോ? ഇൻഫ്ളുവെൻസർമാർ വൈറൽ വീഡിയോകൾ സമൂഹമാധ്യമ പ്രേക്ഷകർക്ക് നൽകുമ്പോൾ അവർ നീതിയുടെയോ നൈതികതയുടെയോ ഭാഗമല്ല, കാഴ്ചയുടെ മാത്രം ഭാഗമായാണ് പെരുമാറുന്നതെന്ന് തോന്നിപ്പോകുന്നു. ആ കാഴ്ചയിൽ മനുഷ്യൻ അപ്രസക്തനായി മാറുന്നു. വൈറൽ വീഡിയോയും ഡിജിറ്റൽ പൊതുമണ്ഡലവും വീഡിയോ വൈറലായതോടെ 'ഒരു സ്വകാര്യ വ്യക്തിയെന്ന' നിലയിലുള്ള സ്വത്വം നഷ്ടപ്പെടുകയാണ്. കമന്റുകൾ കൊണ്ട്(പ്രതികരണങ്ങൾ) രൂപപ്പെട്ടഒരു ഡിജിറ്റൽ പൊതുസ്ഥലത്തിലെ കഥാപാത്രം മാത്രം.

## ആദ്യം വിചാരണ

'വൈറാലിറ്റിയെ' കുറിച്ചുള്ള ഗവേഷണ പഠനങ്ങൾ പറയുന്നത്, ഈ 'ഡിജിറ്റൽ പൊതുമണ്ഡലം' ദൃശ്യകേന്ദ്രിതവും അസ്ഥിരവുമാണെന്നാണ്. സമൂഹമാധ്യമ കമന്റുകളും പ്രതിനിധാനങ്ങളും അതിന്റെ യഥാർഥ്യത്തെ മാറ്റിസ്ഥാപിക്കുന്നു. യാഥാർഥ്യം പിന്നിലാകുന്നു. ഒറിജിനൽ വൈറൽ വീഡിയോയെക്കാൾ പുനരാവിഷ്കാരം, എഡിറ്റ് ചെയ്ത പതിപ്പുകളാണ് കൂടുതൽ സത്യമെന്നു വിശ്വസിക്കപ്പെടുന്ന ഡിജിറ്റൽ ഇടത്തിലാണ് 'കമന്റുകൾ' വിധികർത്താക്കളാകുന്നത്. ഇത്തരത്തിലുള്ള വൈറൽ വീഡിയോ കേസുകളിൽ, യഥാർഥ സംഭവത്തെക്കുറിച്ചുള്ള പോലിസ് അന്വേഷണം നടക്കുമ്പോഴും സമൂഹമാധ്യമങ്ങളിൽ നടക്കുന്ന വ്യവഹാരങ്ങൾ ആ കഥകൾക്ക് വില്ലനെയും ഇരയേയും ഉണ്ടാക്കിക്കൊണ്ടിരിക്കും. മാനസികരോഗ്യം തകർക്കുന്ന വിചാരണയാണത്.

വൈറൽ അപമാനം സാധാരണ അപമാനങ്ങളിൽനിന്ന് വ്യത്യസ്തമാണ്. ഇത് അവസാനിക്കുന്നില്ല. ഫോൺ തുറക്കുന്ന ഒരോ തവണയും വിചാരണ വീണ്ടും ആരംഭിക്കുന്നു. ഇത് വിട്ടുമാറാത്ത സമ്മർദം സൃഷ്ടിക്കുന്നു. സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും നോട്ടംപോലും സംശയമായി മാറുമ്പോൾ വ്യക്തി പൂർണമായ ഒറ്റപ്പെടലിലേക്ക് തള്ളപ്പെടുന്നു. ദീപക് കേസിൽ, സുഹൃത്തുകൾ പറഞ്ഞ 'മാനസികമായി തകർന്ന നില' എന്ന വാക്കുകൾ ഈ ഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. എഡിറ്റ് ചെയ്ത വീഡിയോ, ശക്തമായ ക്യാപ്ഷനുകൾ, പ്രതികരണ വീഡിയോകൾ എന്നിവ ചേർന്ന് വ്യക്തിയുടെ യഥാർഥ ജീവിതത്തെ മറികടക്കുന്ന ഒരു ഹൈപ്പർറിയാലിറ്റി സൃഷ്ടിച്ചു. യഥാർഥ ലോകത്ത് അന്വേഷണം നടക്കുന്നതിനിടെ ഡിജിറ്റൽ ലോകത്ത് വിധി പൂർത്തിയായി.


ബാബു കദളിക്കാട്

'ഞാൻ വെറും ഷെയർ ചെയ്തതല്ലേ' എന്ന് ഇൻഫ്ളുവെൻസർ പറയും. പ്ലാറ്റ്ഫോം അൽഗോരിതത്തെ ചൂണ്ടിക്കാണിക്കും. സമൂഹം അടുത്ത വിഷയത്തിലേക്ക് നീങ്ങും. നീതി എന്ന പേരിൽ സമൂഹമാധ്യമങ്ങളിൽ നടക്കുന്ന തുറന്ന വിചാരണകൾ മനുഷ്യനെ കാണുന്നില്ല. അവ ഒരു വീഡിയോ കാണുന്നു, ക്യാപ്ഷൻ വായിക്കുന്നു, പിന്നെ വിധി പറയുന്നു. നിയമം തെളിവുകൾ ചോദിക്കും, വൈറൽ സംസ്കാരം ഒന്നും ചോദിക്കില്ല.

ഇനി ഇത്തരം വീഡിയോകൾ വീണ്ടും നമ്മുടെ ടൈംലൈനുകളിൽ പ്രത്യക്ഷപ്പെടും. അത് ഒഴിവാക്കാനാവില്ല. പക്ഷേ അതിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഒരോരുത്തർക്കും തീരുമാനിക്കാം. നീതിക്കായി സംസാരിക്കുമ്പോൾപോലും മനുഷ്യനെ നഷ്ടപ്പെടുത്തരുത്.

ഇത്തരം സംഭവങ്ങളിൽ സൈബർ നിയമങ്ങൾ കർശനമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഒരാളെ അപകീർത്തിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കപ്പെടണം. എങ്കിൽ മാത്രമേ വിരൽത്തുമ്പിലെ ഈ ക്രൂരതയ്ക്ക് അറുതിയുണ്ടാകൂ.

സ്മാർട്ട്ഫോണും ഇന്റർനെറ്റും അറിവ് നേടാനും നീതിക്കായി പോരാടാനുമുള്ള ആയുധങ്ങളാകുന്നതിനിടെ അത് വ്യക്തിയുടെ ജീവനെടുക്കുന്ന കൊലക്കയറായി മാറരുത്. തെറ്റുകൾ കണ്ടാൽ അത് നിയമത്തിന്റെ വഴിക്ക് വിടുകയാണാവശ്യം. ക്യാമറകൾക്ക് പിന്നിൽ ഒളിച്ചിരുന്ന് വിധികർത്താക്കളാകുന്ന പ്രവണതയ്ക്കു ന്യായീകരണമില്ല. ഒരു ഷെയർ ബട്ടൺ അമർത്തുന്നത് ഒരു മിനിറ്റെങ്കിലും ആലോചിച്ചിട്ടാകണം. ഇപ്പുറത്ത് കാണുന്നത് ഒരു വീഡിയോ; എന്നാൽ അപ്പുറത്ത് നശിക്കുന്നത് ഒരു മനുഷ്യന്റെ ജീവിതമാകാമെന്ന തിരിച്ചറിവ് പ്രധാനം.



# 'ജാതി' നട്ടു നനയ്ക്കുന്ന രാഷ്ട്രീയ കേരളം

ജാതി ചിന്ത കാലങ്ങളായി വരണ്ടുണങ്ങിക്കിടക്കുന്ന സമൂഹത്തിലേക്ക് വീണ്ടും അത് പൂത്തു തളിർക്കാൻ ജലസേചനം നടത്തുകയാണോ നമ്മുടെ രാഷ്ട്രീയസമുദായ നേതൃത്വങ്ങൾ ഒരു സംഘർഷത്തിന്റെ പാതയിലേക്ക് അതിന്റെ പേരിൽ കേരളം ഇനിയും നീങ്ങിയിട്ടില്ല. സാമൂഹ്യബോധവും വിദ്യാഭ്യാസവും കാരണം ജാതിയുടെ രാഷ്ട്രീയാധിപത്യം കേരളത്തിൽ പരിമിതമാണെങ്കിലും, അത് പൂർണ്ണമായും ഇല്ലാതായിട്ടില്ല. ജാതിയുടെ രാഷ്ട്രീയപ്രാധാന്യം ഇവിടെ പലപ്പോഴും പരോക്ഷമാണ്.

കേരളത്തിൽ വളരാൻ ശ്രമിക്കുന്ന ബി.ജെ.പി, ഹിന്ദു ഐക്യവും ജാതി ഏകീകരണവും ഒരു രാഷ്ട്രീയ തന്ത്രമായി ഉപയോഗിക്കുന്നത് ഇതര രാഷ്ട്രീയ കക്ഷികളെ കൂടി അതിനൊപ്പം സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. അതിനാൽ തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ മാത്രം എങ്ങനെയാണ് സമുദായ നേതാക്കൾക്ക് സമുദായ ഐക്യം ഓർമ്മ വരുന്നത് എന്ന ചോദ്യം ഇവിടെ അപ്രസക്തമാണ്.

അതിനിടയാണ് മതേതരം എന്ന് കരുതുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേർക്ക് വെല്ലുവിളിയുടെ ഭാഷയിൽ സമുദായ സംഘടനാ നേതാക്കൾ ഓലപ്പടക്കങ്ങൾ എറിയുന്നത്. തങ്ങളും മോശമല്ല എന്ന മട്ടിൽ കമ്മ്യൂണിസ്റ്റ് നേതാക്കൾ പോലും മറുമരുന്നായി ജാതി പറയുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കെ നടക്കുന്ന ഈ വർഗീയ വാക് പ്രയോഗങ്ങൾക്ക്പുതുതലമുറയോടെങ്കിലും തൽപരകക്ഷികൾ മാപ്പ് ചോദിക്കേണ്ടതാണ്. കാലം മാറിയത് അറിയാത്ത പോലെ ഇപ്പോഴും വർഗീയ തുറുപ്പു ചീട്ടുകൾ എടുത്തു വീശുമ്പോൾ പഴമക്കാർക്ക് അതിന്റെ പൊരുൾ പിടികിട്ടും.

ഇക്കാലമത്രയുംവർഗീയ പഴത്തൊലിയിൽ ചവിട്ടി തെന്നി വീണിട്ടില്ല കേരളം എന്ന് അഭിമാനിക്കുമ്പോഴാണ് പുതിയ നാടകങ്ങൾ. ജാതി അധിഷ്ഠിതമായ തുറന്ന രാഷ്ട്രീയ അജണ്ടകൾക്ക് കേരളത്തിൽ സാമൂഹ്യപരമായി ഒരു പരിധി വരെ നിയന്ത്രണം ഉണ്ടായിരുന്നു.

എന്നാൽ, തെരഞ്ഞെടുപ്പിൽ തദ്ദേശത്തിലെ ചിത്രം തെളിഞ്ഞു; വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി രാഷ്ട്രീയ സമവാക്യങ്ങളുടെ അടിയൊഴുക്കുകൾ മാറിമറിയുകയാണ്. അതിനു ചൂടുപകരുകയാണ് സമുദായ നേതാക്കൾ.



### ജാതി ജില്ലകൾ

ന്യൂനപക്ഷം എന്ന് പറയുമ്പോഴും കേരള രാഷ്ട്രീയത്തിൽ മുസ്ലിം സമുദായം ചെലുത്തുന്ന നിർണായക സ്വാധീനംഏതൊരു രാഷ്ട്രീയ വിദ്യാർത്ഥിക്കും അറിവുള്ളതാണ്.അപൂർവ്വംസന്ദർഭങ്ങൾ ഒഴിച്ചാൽ മുസ്ലിം സമുദായത്തിന്റെ ഉന്നതിക്കായി നിലകൊള്ളുന്ന മുസ്ലിം ലീഗ് അവരുടെ രാഷ്ട്രീയ അസ്ഥിത്വം ഉറപ്പിച്ചിട്ടുള്ളത് കോൺഗ്രസ് നയിക്കുന്ന യു.ഡി.എഫിനൊപ്പമാണ്. ഒരു രാഷ്ട്രീയ സംഘടന ഒരു സമുദായത്തിന്റെ മുഴുവൻ അട്ടിപ്പേർ ഏറ്റെടുക്കുന്നു എന്ന് കരുതാനാവില്ല. എങ്കിലും മുസ്ലിംലീഗിനെതിരെ സംസാരിച്ചാൽ അത് സർവ്വമാന മുസ്ലീങ്ങൾക്കും എതിരാണെന്ന് വ്യാഖ്യാനിക്കാൻ കഴിയുന്ന രാഷ്ട്രീയ അന്തരീക്ഷമാണ് നമുക്കുള്ളത്.

മതത്തിന്റെ പേരിൽ മുസ്ലിംലീഗ് എല്ലാആനുകൂല്യങ്ങളുംഎഴുതിയെടുക്കുന്നു എന്ന എസ്.എൻ.ഡി.പി നേതാവ് വെള്ളാപ്പള്ളി നടേശന്റെ ആവർത്തിച്ചുള്ള ആക്ഷേപം കൃത്യമായ രാഷ്ട്രീയ മുനയുള്ളതാണ്.

ആ നിലയ്ക്ക് മന്ത്രി സജി ചെറിയാൻ കഴിഞ്ഞദിവസം തൊടുത്തുവിട്ട സ്ഥാനാർത്ഥികളുടെ ജാതി പരാമർശം നിഷ്കളങ്കമാണെന്ന് കരുതാൻ കഴിയില്ല. തദ്ദേശ തിരഞ്ഞെടുപ്പ് ഫലത്തിന് പിന്നാലെ, കാസർഗോട്ടും മലപ്പുറത്തും ജയിച്ചവരുടെ പേര് നോക്കിയാൽ വർഗീയ ധ്രുവീകരണം വ്യക്തമാകുമെന്നായിരുന്നു മന്ത്രിയുടെ പരാമർശം. ഇത് മലപ്പുറം ജില്ലയെയും ഒരു പ്രത്യേക സമുദായത്തെയും അവഹേളിക്കുന്നതാണെന്ന ആക്ഷേപം ശക്തമായി.

നിയമസഭാ തിരഞ്ഞെടുപ്പ് ഘട്ടത്തിൽ മന്ത്രിയുടെ ഈ നിലപാട് ഇടതുമുന്നണിക്ക് വലിയ രാഷ്ട്രീയ ആഘാതം സൃഷ്ടിക്കുമെന്ന് സി.പി.എം വിലയിരുത്തി. സി.പി.എമ്മിനോട് അനുഭാവം പുലർത്തുന്ന സമസ്ത ഉൾപ്പെടെയുള്ള സംഘടനകൾ മന്ത്രിയുടെ പരാമർശത്തിനെതിരെ പരസ്യമായി രംഗത്തെത്തിയത് സർക്കാരിനെ പ്രതിരോധത്തിലാക്കി. ഭരണത്തുടർച്ച ലക്ഷ്യമിടുന്ന എൽ.ഡി.എഫിന് ന്യൂനപക്ഷ വോട്ടുകളിൽ വിള്ളലുണ്ടാകുന്നത് തടയാൻ മന്ത്രിയുടെ ഖേദപ്രകടനം അനിവാര്യമാണെന്ന് മുഖ്യമന്ത്രിയും പാർട്ടി നേതൃത്വവും തീരുമാനിച്ചത് ദിവസങ്ങൾ നീണ്ട പ്രതിരോധത്തിന് ശേഷമാണ്. തന്റെ വാക്കുകൾ തെറ്റിദ്ധരിക്കപ്പെട്ടതിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും ആരെയും വേദനിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെന്നും വ്യക്തമാക്കി സജി ചെറിയാൻ തൽക്കാലം തലയൂരി.

മലപ്പുറം ജില്ലയെയും ന്യൂനപക്ഷങ്ങളെയും ലക്ഷ്യമിട്ട് നടത്തിയ വിവാദ പരാമർശം മന്ത്രി ലക്ഷ്യമിട്ട വർഗീയ ധ്രുവീകരണമല്ല, കടുത്ത എതിർപ്പാണ് സ്വന്തം പാളയത്തിൽ നിന്നു തന്നെ സൃഷ്ടിച്ചത് എന്നത് ഇനിയും ഇരുട്ട് കയറാത്ത കേരളത്തിന്റെ മതേതര മനസ്സാണെന്ന് നമുക്ക് ആശ്വസിക്കാം. ഘടക കക്ഷിയായ സി.പി.ഐയും ഇക്കാര്യത്തിൽ മന്ത്രിയെ കൈവിട്ടു. തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ മെനയാൻ പൊളിറ്റിക്കൽ കൺസൾട്ടന്റുമാർ പരസ്യമായി രംഗത്തിറങ്ങുന്ന ഇക്കാലത്ത് ഒരു മത ധ്രുവീകരണ പരീക്ഷണം പാളിപ്പോയതാവാം എന്നും കരുതിക്കൂടെ?

ദ ഹിന്ദു പത്രത്തിന് സാക്ഷാൽ പിണറായി വിജയൻ അങ്ങോട്ട് നൽകിയ, ചോദിച്ചു വാങ്ങിയ അഭിമുഖത്തിൽ പണ്ട് നടത്തിയ വർഗീയ പരാമർശം മുതൽ ഇപ്പോൾ ചർച്ചാവിഷയമാണ്. മുസ്ലിം വിഭാഗത്തെ ജമാഅത്ത് ഇസ്ലാമി എന്ന തീവ്ര സംഘടന ഹൈജാക്ക് ചെയ്തിരിക്കുകയാണ് എന്ന വികാരം സി.പി.എമ്മിന് ഉണ്ട്. അക്കാര്യം ചർച്ചയ്ക്ക്എടുക്കാതെമുന്നോട്ടുപോകേണ്ടതില്ല എന്ന ചിന്തയും ഇടതുപക്ഷത്തെ നയിക്കുന്നുണ്ട്. അതാണ് യാദൃശ്ചികം എന്ന് കരുതും വിധം സജി ചെറിയാൻമാരിൽ നിന്ന് പുറത്തുവരുന്നത്.

### ആരുടെ അജണ്ട

അതിനിടെ, നായർ ഈഴവ ഐക്യം എന്ന പഴയ മന്ത്രം രാഷ്ട്രീയ അന്തരീക്ഷത്തിൽ ഉയർത്തിവിടുന്നതിനു പിന്നിലെ ആസൂത്രണം ആരുടേതാവാം? പഴയതൊക്കെ മറന്ന് ഇരുസമുദായങ്ങളും ഒന്നിക്കാൻ വെമ്പൽ കൂട്ടുന്നത് കേവലം വി.ഡി സതീശൻ എന്ന നേതാവിനെ ഒതുക്കാൻ വേണ്ടിയല്ല. എസ്.എൻ.ഡി.പിയിലെ പ്രാതിനിധ്യ വോട്ടിന്റെ കാര്യത്തിൽ കോടതിയിൽ തർക്കം നിൽക്കെ, ഒരു സമിതിയെ നിയോഗിച്ച് താൽക്കാലികമായി വെള്ളാപ്പള്ളിയെ സഹായിച്ച പിണറായി വിജയനെ നാം കാണാതിരുന്നു കൂടാ.

നായാടി മുതൽ നസ്രാണി വരെ എന്ന പ്രയോഗത്തിൽ ഒളിഞ്ഞിരിക്കുന്ന രാഷ്ട്രീയം ബി.ജെ.പിക്ക് വേണ്ടി കൂടിയുള്ളതാണ്. വെള്ളാപ്പള്ളിയുടെ കണിച്ചുകുളങ്ങരയിലെ വീട്ടിലെത്തി അല്പനാൾ മുമ്പ് ബി.ജെ.പി നേതാവ് ജാവദേക്കർ പറഞ്ഞത് എന്തായിരിക്കും. എസ്.എൻ.ഡി.പിയിലെ പ്രാതിനിധ്യ വോട്ട് കേന്ദ്രം ഉറപ്പാക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകി. ബി.ജെ.പിയുടെ ലക്ഷ്യം കോൺഗ്രസ് മുക്ത കേരളവും ഭാരതവും ആണ്. എന്നിരിക്കെ കോൺഗ്രസിനെ ആക്രമിക്കാനുള്ള കൊട്ടേഷൻ ഏറ്റെടുക്കുമ്പോൾ ഒരേസമയം സി.പി.എമ്മിനെയും ബി.ജെ.പിയെയും കൂടെ നിർത്താനുള്ള വെള്ളാപ്പള്ളിയുടെ മെയ് വഴക്കവും കാണാതിരുന്നുകൂടാ. കോൺഗ്രസിന്റെ വലംകൈയായ മുസ്ലിംലീഗിനെ ആക്രമിച്ചാൽ പ്രീണനത്തിന്റെ ആക്ഷേപം തന്റെ മേൽ വരില്ലെന്ന് ഈഴവ സമുദായ നേതാവിന് നന്നായി അറിയാം. അതുകൊണ്ടാണ് മുസ്ലിംലീഗിനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ച് എസ്.എൻ.ഡി.പി യോഗം നേതൃയോഗം പ്രമേയം പാസാക്കിയത്.

ലീഗ് ഭരണഘടനാ ലംഘനം നടത്തുകയാണെന്നും മലപ്പുറം ജില്ല ആരുടെയും സ്വകാര്യ സാമ്രാജ്യമല്ലെന്നും ഉൾപ്പെടെ ലീഗിനെതിരെ ശക്തമായ വിമർശനങ്ങളടങ്ങിയ പ്രമേയമാണ് ആലപ്പുഴയിൽ ചേർന്ന എസ്.എൻ.ഡി.പി നേതൃയോഗം പാസാക്കിയത്. മതത്തിന്റെ പേരിൽ ലീഗ് സ്വയം ആനുകൂല്യങ്ങൾ എഴുതിയെടുക്കുകയാണെന്നും, തെരഞ്ഞെടുപ്പ് കാലത്ത് മാത്രമാണ് ലീഗിന്റെ മതേതരത്വമെന്നും പ്രമേയം കുറ്റപ്പെടുത്തുന്നു. വി.ഡി.സതീശൻ പൂതി പെരുപ്പിച്ച ഒരു പ്രതിഭാസം മാത്രമാണെന്ന് എൻ.എസ്.എസ് നേതാവ് സുകുമാരൻ നായർ കൂടി പറയുമ്പോൾ തെരഞ്ഞെടുപ്പ് അങ്കത്തിൽ ജാതി സമുദായങ്ങളുടെ പിടി ഒന്നുകൂടി മുറുകുകയാണെന്ന് മനസ്സിലാക്കാം.

എന്നാൽ ഈഴവ നായർ കൂട്ടുകെട്ട് പ്രഹസനമാണെന്നും തമ്മിൽ വിവാഹം ചെയ്യാൻ പോലും കഴിയാത്തവരാണെന്നും ആക്ഷേപിച്ച് സമസ്ത നേതാവ് നാസർ ഫൈസി കൂടത്തായി കൂടി രംഗത്ത് വന്നതോടെ ചേരിതിരിവ് ലക്ഷ്യമിട്ടവർക്ക് ആഹ്ലാദിക്കാൻ വകയായി. സാമൂഹിക സാമുദായിക ഘടനകൾ പലതട്ടിൽ നിലനിൽക്കെ,അവയ്ക്കിടയിലെ ബലാബലവും സമാസമവും കൃത്യമായി അളക്കാൻ ഒരു ശക്തിക്കും കഴിയില്ല.

ഏതായാലും സമുദായ ചിന്ത ഉണർത്തൽ കേവലം രാഷ്ട്രീയ ലക്കോടെയാണെങ്കിലും അതിനു പിന്നിലെ വർഗീയ ധ്രുവീകരണ പ്രേരണ, സഹ്യനിപ്പുറം നമ്മൾ സൃഷ്ടിച്ചത് എന്ന് കരുതുന്ന മതേതര ജനാധിപത്യ ഐക്യത്തിന് വിരുദ്ധമാണ്.അത് വരുന്ന നിയമസഭാ തെരഞ്ഞെടുപ്പല്ല, വരാൻ പോകുന്ന തലമുറകൾ സ്വതന്ത്ര മനസ്സോടെ വോട്ട് ചെയ്യുന്നതിന് പോലും വിഘാതമുണ്ടാക്കുന്ന സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുമെന്ന് ഉറപ്പാണ്.

*പ്രജിത്ത് രാജ്*

# സമാധാന പാതയിൽ ലോകരാജ്യങ്ങൾ; ട്രംപിന്റെ പുതിയ പദ്ധതിയിൽ ഏഴ് രാജ്യങ്ങൾ കൂടി പങ്കാളികളാകുന്നു

ലോകസമാധാനം ലക്ഷ്യമിട്ട് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ട് വെച്ച ബോർഡ് ഓഫ് പീസ് പദ്ധതിയിൽ ഏഴ് രാജ്യങ്ങൾ കൂടി ഒപ്പുവെച്ചു. ആഗോള തലത്തിൽ നിലനിൽക്കുന്ന സംഘർഷങ്ങൾ ലഘൂകരിക്കാനാണ് ഈ പുതിയ നീക്കത്തിലൂടെ അമേരിക്ക ലക്ഷ്യമിടുന്നത്. വിവിധ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള പ്രമുഖ രാജ്യങ്ങൾ ഈ സമാധാന ദൗത്യത്തിന്റെ ഭാഗമാകാൻ സന്നദ്ധത പ്രകടിപ്പിച്ചു കഴിഞ്ഞു.

അമേരിക്കയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഈ സമിതിയിലേക്ക് കൂടുതൽ രാജ്യങ്ങൾ എത്തുന്നത് നയ



തന്ത്ര തലത്തിൽ വലിയ വിജയമായിട്ടാണ് വിലയിരുത്തപ്പെടുന്നത്. അന്താരാഷ്ട്ര തലത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും വ്യാപാര ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ സഖ്യം സഹായിക്കും. ഡൊണാൾഡ് ട്രംപിന്റെ വിദേശനയത്തിന്റെ ഭാഗമായിട്ടാണ് ഈ സുപ്രധാന കാൽവെപ്പ് നടന്നിരിക്കുന്നത്.

അതിർത്തി തർക്കങ്ങളും ആഭ്യന്തര കലഹങ്ങളും പരിഹരിക്കുന്നതിന് ഈ ബോർഡ് ഓഫ് പീസ് മധ്യസ്ഥത വഹിക്കുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പുതിയ രാജ്യങ്ങളുടെ കടന്നുവരവോടെ സമിതിയുടെ പ്രവർത്തന മേഖല കൂടുതൽ വിപുലമാകും. ലോകത്തെ വൻശക്തികൾക്കിടയിൽ ഐക്യം വളർത്താൻ ഇത്തരം കൂട്ടായ്മകൾ അനിവാര്യമാണെന്ന് വൈറ്റ് ഹൗസ് വൃത്തങ്ങൾ അറിയിച്ചു.

പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നേരിട്ടാണ് ഈ സമാധാന ഉടമ്പടികൾക്ക് നേതൃത്വം നൽകുന്നത്. ഓരോ രാജ്യവുമായും പ്രത്യേകമായി ചർച്ചകൾ നടത്തിയ ശേഷമാണ് പുതിയ അംഗങ്ങളെ സമിതിയിൽ ഉൾപ്പെടുത്തിയത്. വരും ദിവസങ്ങളിൽ കൂടുതൽ രാജ്യങ്ങൾ ഈ പദ്ധതിയുടെ ഭാഗമാകുമെന്നാണ് കരുതപ്പെടുന്നത്. ഇത് ആഗോള രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിവെക്കും.

സമാധാന ചർച്ചകൾക്കായി പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനെക്കുറിച്ചും ആലോചനകൾ നടക്കുന്നുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക സഹകരണം ഉറപ്പാക്കാനും ഈ ബോർഡ് ശ്രമിക്കും. ആധുനിക കാലത്തെ യുദ്ധഭീഷണികൾ ഒഴിവാക്കി വികസനത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനാണ് അമേരിക്ക ആഗ്രഹിക്കുന്നത്. സമാധാനത്തിന്റെ പുതിയ യുഗത്തിലേക്ക് ലോകത്തെ നയിക്കാൻ ഈ പദ്ധതിക്ക് സാധിക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.

## അധ്യായം 16

# ആഴക്കടലിൽ കണ്ടത് പ്രേതമോ, മനുഷ്യനോ..?

അലാറം ഒരു കത്തി പോലെ റോബിൻസിന്റെ ചിന്തയെ കീറിമുറിച്ചു. ഉടൻ ആ ചിന്തയിൽ നിന്നും അയാൾ പുറത്തുകടന്നു.

ഒരു നിമിഷം എല്ലാം നിശ്ചലമായതുപോലെ അയാൾക്കു തോന്നി. ഇതു ചെപ്പുകുളം അല്ലെന്നുമനസിലാക്കാൻ അല്പം സമയമെടുത്തു. മേൽവശത്ത് കനത്ത പാദശബ്ദങ്ങൾ. ആരൊക്കെയോ ഓടുന്ന ശബ്ദം.

തെറിവിളികൾ...ശകാരങ്ങൾ.!

മെറ്റൽ സ്റ്റെപ്പുകൾ കുലുങ്ങുന്നു. എവിടെയോ ഒരു വാൽവ് അടക്കുന്ന ശബ്ദം.

അയാളുടെ ഹൃദയം എഞ്ചിനേക്കാൾ വേഗത്തിൽ ഇടിച്ചുകൊണ്ടിരുന്നു.

അലാറം നിശ്ശബ്ദമായി. എന്നിട്ടും ആ ശബ്ദം അയാളുടെ മനസ്സിൽ നിന്നുംപോയില്ല.ആകെയോന്നുഉലഞ്ഞിരിക്കുന്നു. വലിയ അപകടമല്ല. എന്നാൽ ഇതുതന്നെയാണ് അപകടങ്ങൾ ആരംഭിക്കുന്ന വിധം.

സ്റ്റോർ റൂമിൽ ഒരു തുള്ളി എവിടെയോ വീണു.

ടിക്... വീണ്ടും ടിക്... ടിക്

അത് വെള്ളമാണോ എണ്ണയാണോ..? അറിയില്ല.

പക്ഷേ കുട്ടിക്കാലത്ത് ഇതേ ശബ്ദം റോബിൻസ് കേട്ടിട്ടുണ്ട്.

മേൽക്കൂരയിൽ വെള്ളം തുളച്ചുകയറുമ്പോൾ. അവൻ ശ്വാസം പിടിച്ചു കിടക്കും..!

ചെപ്പുകുളത്തെ വീടും പരിസരവും അയൽക്കാരും ഒരു മിന്നൽപോലെ മനോമുകുരത്തിൽ തെളിഞ്ഞുവരുന്നു..!

ഇരുട്ടിൽ രണ്ട് കാലങ്ങൾ ഒന്നിച്ചു. ഒരു കുഗ്രാമം. ഏതാണ്ടതുപോലെയുള്ള ഒരു ഇടം തന്നെയല്ലേ ഇതും. ആ യാത്ര മുന്നോട്ടാണ് പോകുന്നതെങ്കിലും അയാളുടെ മനസ്സ് പിന്നിലേക്ക് പോകുന്നത്. അത് റെബേക്കാ വല്യമ്മച്ചിയുടെ മുന്നിൽ ചെന്നു നിന്നു. അന്നത്തെ ആ മലവെള്ളപ്പൊക്കത്തിൽ ഒരു തടിക്കമ്പിൽ ഉടക്കിക്കിടന്ന തന്നെ വല്യമ്മച്ചിയാണ് കണ്ടെടുത്തത്. അവർ പുറത്തു തട്ടിയും വെള്ളം കക്കിച്ചും ബോധരഹിതനായ തന്നെ ഒരു നാട്ടുവൈദ്യന്റെ അടുത്തെത്തിച്ചു. അങ്ങിനെ മരണവക്രത്തിൽ നിന്നും താൻ മാത്രം അത്ഭുതകരമായി രക്ഷപെട്ടു. തന്നെ എടുത്തുകൊണ്ട് ചെപ്പുകുളത്തെ കത്തോലിക്കാ പള്ളിയിലേക്കാണ് വല്ലമ്മച്ചി പോയത്. അവിടത്തെ വികാരിയച്ചനോട് കാര്യങ്ങളെല്ലാം പറഞ്ഞു. ഉറ്റവരും ഉടയവരും ഇല്ലാതായിത്തീർന്ന ആ കുട്ടിയെ തൽക്കാലം വല്യമ്മച്ചിയോടൊപ്പം കുശിനിയിൽ താമസിപ്പിക്കാൻ തീരുമാനിക്കുകയായിരുന്നു.

മലമ്പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഈ പ്രകൃതി പ്രതിഭാസത്തിന്റെ കൊടും ഭീകരത അത് നേരിൽ കണ്ടിട്ടില്ലാത്തവരെ പറഞ്ഞുമനസ്സിലാക്കാൻ പ്രയാസമാണ്. സമതലങ്ങളിലെ നദികൾ നിറഞ്ഞുകവിഞ്ഞൊഴുകുമ്പോൾ ചുഴലികളും മലരികളും ഉണ്ടാകുമെങ്കിലും കുന്നും മലയുമുള്ളപ്രദേശത്തെ ആറ്റിൽ ഉണ്ടാകുന്ന ജലപ്രവാഹത്തിന്റെ ശക്തിയുമായി താരതമ്യപ്പെടുത്തിയാൽ അതൊന്നുമല്ല. കാട്ടാനകൾപോലും ഇത്തരം കുത്തൊഴുക്കിൽ പെട്ടാൽ ചത്തുമലയ്ക്കും. പക്ഷേ, വന്യമൃഗങ്ങൾ മിന്നൽപ്രളയം വരുന്നതിനു മുമ്പേ ആറിനു സമീപത്തുനിന്ന് ഓടിയകലും. മനുഷ്യരേക്കാൾ ശ്രവണശക്തി അവർക്കുള്ളതുകൊണ്ട് വെള്ളത്തിന്റെ ശബ്ദം കേട്ടാവാം അവ രക്ഷപെടുന്നത്.

റേബേക്ക വല്യമ്മച്ചി വിവാഹിതയല്ല. വലിവിന്റെ അസുഖം ഉള്ളതിനാൽ വീട്ടുകാർ വിവാഹം കഴിപ്പിക്കാൻ താല്പര്യം കാണിച്ചതുമില്ല. അഞ്ച് ആങ്ങളമാർക്കുകൂടിയുള്ള കുഞ്ഞുപെങ്ങളായിരുന്നു വല്യമ്മച്ചി. അവരുടെ മക്കളെയെല്ലാം വളർത്താൻ സഹായിച്ചു. കുട്ടികളെല്ലാം വളർന്നപ്പോൾ നാത്തൂന്മാരുടെ ഭാവം മാറി. തിന്നുമുടിപ്പിക്കാൻ ഇങ്ങനെ ഒരു പെങ്ങൾ എന്തിനെന്നവർ ചിന്തിച്ചു. അതുകൊണ്ടു തന്നെ കപ്യാരും കുടുംബവും താമസിക്കുന്ന പള്ളിവക കെട്ടിടത്തിന്റെ ചായ്പ്പിലായിരുന്നു വല്യമ്മച്ചിയുടെ താമസം.കപ്യാരുടെകുഞ്ഞുകുട്ടികളെപൊന്നുപോലെ നോക്കുന്നത് ഈ വല്യമ്മച്ചി തന്നെയായിരുന്നു. അവിടെയാണ് തനിക്കും അഭയം ലഭിച്ചത്.

**കഥ ഇതുവരെ**

കെന്നഡി ജൂനിയർ പറത്തിയ വിമാനം തകർന്ന് വീണു. അതുമായി ബന്ധപ്പെട്ട് ചില അത്യാഹിതങ്ങൾ സംഭവിക്കുന്നു. അതിന്റെ അന്വേഷണത്തിലാണ് റിപ്പോർട്ടർ റോബിൻസ്. കൂടുതൽ അന്വേഷണങ്ങൾക്കായി അയാൾ കെനിയായളൽ എത്തി. അവിടത്തെ ദരിദ്ര്യാവസ്ഥ ഭയാനകമായിരുന്നു.

ആ അനുഭവം നേരിട്ടറിയാൻ അയാൾ ഇറങ്ങിത്തിരിക്കുന്നു.

ആ യാത്ര അയാളെ കൊണ്ടെത്തിച്ചത് വലിയൊരു അപകടത്തിലേക്കായിരുന്നു.

തുടർന്നു വായിക്കുക.




ജയിംസ് അച്ചൻ മറ്റു പുരോഹിതന്മാരെപ്പോലെ ആയിരുന്നില്ല. ദീനദയാലുവാണ്. പുരോഗമനവാദിയാണ് ഏറെക്കാലം റോമിലായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച പരിഷ്ക്കാരിയായിരുന്നെങ്കിലും ഗ്രാമീണ ജീവിതത്തിന്റെ നിർമ്മലതയും നിഷ്ക്കളങ്കതയും ഏറെ ഇഷ്ടപ്പെടുന്ന വ്യക്തി. കഴിയുന്നത്ര ജീവിതത്തിൽ ക്രിസ്തുവിന്റെ അനിയായി ആകണമെന്നാഗ്രഹിക്കുന്നവൻ. ജേണലിസത്തിൽ അതീവ തൽപ്പരൻ. ആ അച്ചനാണ് എന്നും തന്റെ റോൾ മോഡൽ..! തന്നെ രൂപപ്പെടുത്തി എടുക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച പുരോഹിതൻ. ഏറെ നാൾ കഴിയുമുമ്പ് ജയിംസ് അച്ചന് സ്ഥലം മാറ്റം.

കോതമംഗലത്തിനടുത്ത് കുട്ടമ്പുഴ പഞ്ചായത്തിലെ ഒരു പള്ളിയിലേക്കാണ് മാറ്റം. അന്ന് തനിക്ക് 10 വയസ്സ് പ്രായം. ജയിംസ് അച്ചൻ തന്നേയും വല്യമ്മച്ചിയേയും കുട്ടമ്പുഴയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഒരു രാത്രിയിലാണ് അവിടെ എത്തിയത്. ദിവസങ്ങൾ പിന്നിട്ട് ഒരു പ്രഭാതം. നാട് ഉണരുന്നതേയുള്ളു. പിണഞ്ഞു പിരിഞ്ഞുകിടക്കുന്ന കുന്നുകൾ. മൂടൽ മഞ്ഞിന്റെ ശിരോവസ്ത്രം ഊരിമാറ്റിയിട്ടില്ല. പള്ളിമേടയുടെ മുറ്റത്ത് പുൽത്തകിടിയിൽ പവൻ ഉരുകിവീണതുപോലെ തൂവിക്കിടക്കുന്ന സൂര്യപ്രകാശം. കാട്ടുമൈനകൾ പറമ്പിൽ പുൽക്കൊടിത്തുമ്പുകളിൽ നിന്നും പൊട്ടും പൊടിയും കൊത്തിപ്പെറുക്കി നടക്കുന്നു.

അച്ചന് ചുറ്റുപാടുമുള്ള സ്ഥലങ്ങളൊക്കെ കണ്ടാൽ കൊള്ളാമെന്നു ഫ്രാൻസീസ് പോൾ എന്ന ഇലക്ട്രിസിറ്റി ബോർഡിലെ എഞ്ചിനീയറോടു പറഞ്ഞിരുന്നു. അതുപ്രകാരം അദ്ദേഹം പ്രകൃതിരമണീയമായ കുട്ടമ്പുഴ ആദിവാസി കോളനികളിലൊന്നായ കല്ലേലിമേട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ വന്നിരിക്കുന്നു. കൂടെ താനും കൂടി.

അതൊരു കൊടും കാടാണ്. കാട്ടാനയും കാട്ടുപോത്തും കടന്നലും കുളയട്ടയും ഒക്കെയുള്ള വന്യഭൂമിയിലൂടെ ഏന്തിയും വലിഞ്ഞും വേണം പോകാൻ എന്ന് ഫ്രാൻസീസ് സാർ പറഞ്ഞിരുന്നു. കാര്യമായ ആയുധങ്ങളൊന്നുമില്ല. എങ്കിലും കാൽവഴി അരിച്ചുകയറി രക്തം വലിച്ചൂറ്റിക്കുടിക്കുന്ന അട്ടകളെ അടർത്തിയെറിയാൻ കപ്യാർ ഈശോചേട്ടൻ പുകയിലയും ഉപ്പും മറ്റും കരുതിയിരുന്നു. ഇടവകയിൽ പെട്ട ചിലരെയൊക്കെ വഴിയിൽ കണ്ടു. അപകടം പതിയിരിക്കുന്ന ഇടങ്ങളിലേക്ക് അറിഞ്ഞുകൊണ്ട് യാത്രക്കിറങ്ങിയിരിക്കുന്ന സാഹസീകരെ നോക്കുന്ന ഭാവത്തോടെയാണവർ നിന്നിരുന്നത്.

ആ യാത്രാസംഘം നടന്നു നടന്ന് ബ്ലാവന കടവിലെത്തി. ഒരു നരുന്തുപോലെ ക്ഷീണിച്ച മനുഷ്യനാണ് വള്ളമുന്നുന്നത്. ചെറിയൊരു വള്ളം. അത് കടവിലേക്കടുത്തു.. ആ വള്ളത്തിൽ എല്ലാവരും കയറി. കടത്തുകാരൻ വലിയൊരു അഭ്യാസിയേപ്പോലെ വള്ളമൂന്നി അക്കരെക്കടവിൽ അടിപ്പിച്ചു. അവിടെനിന്നൊരു കാട്ടുപാതയിലൂടെ മുന്നോട്ടു നീങ്ങി. ശരീരം കുത്തിത്തുളയ്ക്കുന്ന തണുപ്പും കളിരും. യാത്ര ക്ലേശകരം തന്നെ. ഈറ്റക്കാടുകളാൽ സമൃദ്ധമായ മണികണ്ഠൻചാൽ. കുത്തനെ ഉയരത്തിൽ നിന്നും താഴോട്ടു പതിക്കുന്ന വെള്ളച്ചാട്ടത്തിന്റെ ഘന ഗംഭീര ശബ്ദം. ഘോരവനത്തിലൂടെ പിന്നേയും നടന്നു.

ആവിപറക്കുന്ന ആനപ്പിണ്ഡം. ഒരുത്തൻ മണംപിടിച്ചുകൊണ്ടു പറഞ്ഞു അയ്യോ..., ആനച്ചൂര്..! തൊട്ടടുത്തു ആനകൾ ചില്ലയൊടിക്കുന്ന ശബ്ദം. അതിനേക്കാൾ ഭീകരമായ ചീവിടിന്റെ കാതുതുളയ്ക്കുന്ന ശബ്ദം. ഏതാണ്ട് അഞ്ഞൂറിലേറെ ആദിവാസി കുടുംബങ്ങൾ കല്ലേലിമേടിന്റെ പരിസരങ്ങളിലായി ജീവിക്കുന്നു. കുടിയേറിയവരായി ഏതാണ്ട് മുന്നൂറോളം പേരുണ്ട്. അവരിപ്പോൾ നാട്ടുകാരായി മാറി. ഭൂനിയമങ്ങൾ കർശനമാക്കുന്നതിനു മുമ്പ് ഭൂമി കൈവശപ്പെടുത്തി കൃഷി ചെയ്തു ജീവിക്കുന്നവരാണണവർ.

ഫ്രാൻസീസ് സാർ വാചാലനായി.

ക്ലേശകരമായ ആ യാത്രക്കൊടുവിൽ ഞങ്ങൾ ഒരു ചെറിയ ചായക്കടയുടെ മുന്നിലെത്തി. അതിനോടു ചേർന്നൊരു ചെറുപലചരക്കു കടയുമുണ്ട്. കുറെ വൃദ്ധന്മാർ അവിടെ കടത്തിണ്ണയിൽ നാട്ടുവിശേഷം പറഞ്ഞിരിക്കുന്നുണ്ട്. അച്ചന്റെ തലവെട്ടം കണ്ടതോടെ അവരെല്ലാം ചാടി എഴുന്നേറ്റ് ഭവ്യതയോടെ നിന്നു. ആ കൂട്ടത്തിൽ നിന്നും ഒരാൾ തോർത്തുമുണ്ട് അരയിൽ കെട്ടി വാക്കൈ പൊത്തി അച്ചനോട് മെല്ലെപ്പറഞ്ഞു:

'ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ..'

'എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ.' അച്ചൻ അതു പറഞ്ഞ് കൊണ്ട് കൈകൂപ്പി.

'എന്താണച്ചോ പതിവില്ലാതെ..? വരവിന്റെ ഉദ്ദേശമറിയാനുള്ള ആകാംക്ഷയോടെ മറ്റുള്ളവരും അടുത്തുകൂടി.'

'നിങ്ങളെയൊക്കെ കാണാനും പരിചയപ്പെടാനുമായി വന്നതാ അച്ചൻ' ഫ്രാൻസീസ് സാർ പറഞ്ഞു.

'എന്താ നിങ്ങളുടെയൊക്കെ പേര്..?'

'ഞാൻ തൊമ്മി, ഇതു ലോന, അത് എസ്തപ്പാൻ, ഇത് ഈ കടക്കാരൻ നാരായണൻ. ആ നിൽക്കുന്നത് ബസുവണ്ണ. ആദിവാസിക്കുടിലിലേതാണ്.'

അയാൾ വെറ്റിലക്കറയുള്ള പല്ല് കാട്ടിച്ചിരിച്ചു.

'എല്ലാവർക്കും സുഖം തന്നയല്ലേ..?' അച്ചൻ ചോദിച്ചു.

'കാട്ടുമുക്കില് എന്ത് സോഖം തമ്പ്രാ..! അങ്ങിനെ കഴിഞ്ഞു പോണൂ.' ബസുവണ്ണയാണത് പറഞ്ഞത്. അതുശരിയാ തൊമ്മിയും തലയാട്ടിപ്പറഞ്ഞു.

'സഖോക്കെ അങ്ങ് പട്ടണത്തിലല്ലേ അച്ചോ... ഞങ്ങക്ക് ഒരു ഉപകാരം ചെയ്തു തരോ അച്ചാ..?'

'എന്താണെന്നു പറയ്. എന്നാൽ കഴിയുന്നതാണെങ്കിൽ തീർച്ചയായും ചെയ്തു തരാം.' അച്ചൻ ആകാംക്ഷയോടെ തൊമ്മിയുടെ മുഖത്തക്കു നോക്കി.

അങ്ങകലെ കരിഞ്ഞുണങ്ങി നിൽക്കുന്ന മലയുടെ മുകൾപ്പരപ്പ് ചൂണ്ടിക്കാട്ടി തൊമ്മി പറഞ്ഞു:

'മഴ കനത്തുപെയ്തു തൊടങ്ങിയാ അവിടെ ബല്യ പുൽക്കാടായി മാറും. അതോടെ കാട്ടുപോത്തുകള് കൂട്ടായി നെരങ്ങാൻ തുടങ്ങും. പിന്നെ ആ വയിക്കൂടെ പോകാൻ നോക്കേണ്ട. അയിനേക്കാൾ ശക്തിയുള്ള കാറ്റും. ഒന്നു പള്ളില് പോണേൽ പോലും പറ്റൂല്ലാ..!. പിന്നെ കുറുമ്പാന മുടങ്ങും. ഞങ്ങക്ക് പ്രാർത്ഥിക്കാനായി ഇവിടെ ഒരു പള്ളിണ്ടാർന്നേൽ കൊള്ളായിരുന്നു. കാലങ്ങളായി ഞങ്ങടെ ആശയാ..! തൽക്കാലം കുരിശുപള്ളി ആയാലും മതി. അതിന് അച്ചൻ മുൻകൈ എടുക്കണോന്നൊരു അപേക്ഷ മാത്രമാണ് ഈ പാവത്തുങ്ങക്കുള്ളൂ. അപ്പോൾ മറ്റൊരാൾ കൂടി അവിടെ എത്തി. അല്പനേരത്തെ മൗനത്തിനു ശേഷം അച്ചൻ പറഞ്ഞു:

'തീർച്ചയായും ഞാനതിന് ശ്രമിക്കാം.' ആ അപരിചിതൻ അത് കേട്ട് അച്ചനെ അഭിനന്ദിച്ചു.

ആഗതനെ ഫ്രാൻസീസ് പരിചയപ്പെടുത്തി. ഇത് ഈ നാട്ടുകാർക്ക് പ്രിയപ്പെട്ട ജോസ്. മറ്റത്തിൽ ജോസ് എന്നു പറയും.അച്ചൻ ജോസിന് കൈകൊടുത്തു.

ദൈവംതമ്പുരാനേ. ഞങ്ങടെ പ്രാർത്ഥന നീ കേട്ടല്ലേ..! തൊമ്മി തൊഴുകൈയോടെ മുകളിലേക്കു നോക്കിയാണ് അത് പറഞ്ഞത്.

അച്ചന്റെ മനസ്സിൽ പുതിയൊരു പള്ളി എന്ന ആശയത്തിന് വിത്തിടുകയായിരുന്നു തൊമ്മി.

റോബിൻസ് ഇരുന്നിടം ഒന്നാടിയുലഞ്ഞു. അയാൾ ഞെട്ടിയുണർന്ന് മിഴി തുറന്നത് കൂരിരുട്ടിലേക്കായിരുന്നു. വല്ലാത്ത ചൂട്, ചെവി തുളക്കുന്ന ശബ്ദം, എണ്ണയുടെ രൂക്ഷ ഗന്ധം. അയാൾക്ക് ഛർദ്ദിക്കണമെന്നു തോന്നി. തല ചുറ്റുന്നുണ്ട്. പിന്നിലാക്കി വന്ന ജീവിതപ്പാതയിലെ സംഭവങ്ങൾ ഇതിനകം അയാൾ വിസ്മരിച്ചു കഴിഞ്ഞിരുന്നു!

*********

അർദ്ധരാത്രി. ഓഷ്യൻ മെറിഡിയൻ എന്ന ആ ചരക്കുകപ്പലിൽ ഡ്യൂട്ടിയിലില്ലത്തവരെല്ലം നല്ല ഉറക്കത്തിൽ. എഞ്ചിൻ സാധാരണ ശബ്ദത്തിലാണ്. അത് തന്നെയാണ് എഞ്ചിനിയർ സെൽവരാജിനെ കുഴക്കിയത്. അസാധാരണമായൊരു ശബ്ദം. അത് സ്റ്റോറിൽ നിന്നാണെന്നു അയാൾ മനസ്സിലാക്കി. ഇപ്പോൾ മദ്യത്തിന്റെ തരിപ്പില്ല ആ മനുഷ്യനിൽ വല്ലാത്തൊരു ആശങ്ക.

അവൻ ഒരു പടി മുന്നോട്ട് നീങ്ങി.

കൈയിൽ പോക്കറ്റ് ടോർച്ചുണ്ട്. കാതുകൾ ജാഗ്രതയിൽ..! കുറെ കാർഡ് ബോർഡ് ബോക്സുകൾ. അതിനിടയിൽ നിന്നാണോ ശബ്ദം..? ചെറിയ ഡ്രം അയാൾ തട്ടിനോക്കി. പിന്നെ അയാൾ ഒരു നിമിഷം നിന്നു. അവിടൊരു ചലനം. ടോർച്ചടിച്ചു നോക്കി. ഒന്നു കൂടി മുന്നോട്ട്. അവിടെ ഒരു രൂപം. കൂനിക്കൂടി ചുമരോട് ചേർന്ന്. മുടി, തോൾ. മനുഷ്യന്റെ രേഖ. ഒരു നിമിഷം..! അയാളുടെ ഉള്ളൊന്നു പിടഞ്ഞു. മനസ്സ് വേറൊരു വഴി തിരിഞ്ഞു. ഇത് കണ്ണിന്റെ കളിയാവാം. അല്ലെങ്കിൽ മദ്യത്തിന്റെ ശേഷിപ്പാവാം. അപ്പോൾ രൂപം തല ഉയർത്തി. രണ്ട് കണ്ണുകൾ വെളിച്ചത്തിൽ മിന്നി. ഭയപ്പാടോടെ സെൽവരാജ് പിന്നോട്ട് ചാടിത്തെറിച്ചു.

''ദൈവമേ!'' ടോർച്ച് കൈയിൽ നിന്നുവഴുതിവീണു. വെളിച്ചം ചുമരിലൂടെ ഉരുണ്ടു. നെഞ്ച് പൊട്ടിക്കുന്നപോലെ. ശ്വാസം കെട്ടി നിന്നു. ഇത് ഭ്രമമല്ല. ഇത് ഭൂതമല്ല. ഇത് ഒരു മനുഷ്യനോ, അതോ പ്രേതമോ..? എഞ്ചിൻ വീണ്ടും ഗർജ്ജിച്ചു. നിമിഷങ്ങൾക്കകം സെൽവരാജ് ബോധരഹിതനായി. (തുടരും)

# യു. എസ്. ഗ്രീൻ കാർഡ് ഉടമകളുടെ ശ്രദ്ധയ്ക്ക്! ഈ തെറ്റുകൾ ശ്രദ്ധിച്ചില്ലെങ്കിൽ പണിപാളും



എത്രമാത്രം പരിശ്രമിച്ചതിന്റെ ഫലമായിട്ടായിരിക്കും ഒരാൾക്ക് അമേരിക്കയിലെ സ്ഥിരതാമസ രേഖ അല്ലെങ്കിൽ പെർമനന്റ് റെസിഡന്റ് കാർഡ് ആയ ഗ്രീൻ കാർഡ് ലഭിക്കുക. യുഎസിലേക്ക് കുടിയേറി വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം ഗ്രീൻ കാർഡ് ലഭിക്കുന്നതോടെയാണ് രാജ്യത്തെ സ്ഥിരതാമസക്കാരനാകുക എന്ന സ്വപ്നം യാഥാർഥ്യമാകുക. എന്നാൽ ഡൊണാൾഡ് ട്രംപ് അധികാരത്തിലേറിയ ശേഷം ഗ്രീൻ കാർഡ് ഉടമകൾ അറസ്റ്റിലാകുകയും നാടുകടത്തപ്പെടുകയും ചെയ്യുന്നതിൽ സ്ഥിരതാമസക്കരിൽ ചില ഭാവി ആശങ്കകൾ ഇല്ലാതില്ല.

അതായത് ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകുന്നു എന്നാരോപിച്ച് ആക്ടിവിസ്റ്റുകളായ ചില ഗ്രീൻ കാർഡ് ഉടമകളെ ആണ് അറസ്റ്റ് ചെയ്യുകയും നാടുകടത്തപ്പെടുകയും ചെയ്തത്. നിലവിൽ 75 വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഗ്രീൻ കാർഡ് കാർഡ് അനുവദിക്കില്ലെന്ന് യുഎസ് ഭരണകൂടം തീരുമാനിച്ചിട്ടുണ്ട്. ഈ രാജ്യങ്ങളിൽ നിന്നുള്ളവർ യുഎസിലേക്ക് കുടിയേറി സർക്കാരിന്റെ ക്ഷേമ പദ്ധതികളുടെ പങ്ക് പറ്റുന്നു എന്ന കണ്ടെത്തലിനെ തുടർന്നാണ് കടുത്ത തീരുമാനവുമായി ട്രംപ് ഭരണകൂടം രംഗത്തെത്തിയത്.

ഗ്രീൻ കാർഡ് ഉടമകളും ഇത്തരത്തിൽ ഭരണകൂടത്തിന്റെ ശ്രദ്ധയിലേക്ക് വരുന്ന സാഹചര്യത്തിൽ രാജ്യത്തെ ഗ്രീൻ കാർഡ് ഉടമകൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് ഇനി പറയുന്നത്. ഗ്രീൻ കാർഡ് ഉടമകൾ അറിയാതെ വരുത്തുന്ന 10 തെറ്റുകൾ കാരണം സ്ഥിരതാമസ സ്റ്റാറ്റസ് നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ്. അവ എന്തൊക്കെയാണെന്ന് വിശദമായി നോക്കാം.

ഗ്രീൻ കാർഡ് ഉടമകൾ അമേരിക്കയ്ക്ക് പുറത്ത് കൂടുതൽ കാലം താമസിക്കുന്നത് അവരുടെ സ്ഥിരതാമസ സ്റ്റാറ്റസ് ഉപേക്ഷിച്ചതായി കണക്കാക്കാൻ കാരണമായേക്കാം. ആറ് മാസത്തിൽ കൂടുതൽ വിദേശത്ത് താമസിച്ചാൽ ഇത് സാധൂകരിക്കുന്നതിനുള്ള തെളിവായി ഉപയോഗിക്കപ്പെട്ടേക്കാം. അതിനാൽ ഗ്രീൻ കാർഡ് ഉടമകൾ വർഷത്തിൽ കുറഞ്ഞത് ഒൻപതോ പത്തോ മാസമെങ്കിലും അമേരിക്കയിൽ തന്നെ ചെലവഴിക്കണം.

മാത്രവുമല്ല അമേരിക്കയുമായി മതിയായ ബന്ധങ്ങളില്ലെങ്കിൽ ഗ്രീൻ കാർഡ് നഷ്ടപ്പെടാനുള്ള സാധ്യതയും ഉണ്ട്. സ്ഥിരമായ വിലാസം, അമേരിക്കൻ ബാങ്ക് അക്കൗണ്ട്, ക്രെഡിറ്റ് കാർഡ്, നികുതി അടയ്ക്കൽ, ജോലി, കുടുംബാംഗങ്ങൾ, സ്കൂളിൽ പോകുന്ന കുട്ടികൾ എന്നിവ അമേരിക്കയുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ സഹായിക്കും.

ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് ഗ്രീൻ കാർഡ് നഷ്ടപ്പെടാൻ ഇടയാക്കും. തട്ടിപ്പ്, മോഷണം, കടയിൽ നിന്ന് സാധനങ്ങൾ മോഷ്ടിക്കൽ, ഗാർഹിക പീഡനം, മറ്റൊരാളെ ശാരീരികമായി പരിക്കേൽപ്പിക്കൽ തുടങ്ങിയ ഗുരുതരമായ കുറ്റങ്ങൾ ഗ്രീൻ കാർഡ് റദ്ദാക്കാൻ കാരണമാകും. എന്നാൽ ട്രാഫിക് നിയമ ലംഘനങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.

അതുപോലെ തന്നെ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതും പ്രശ്നമാണ്. ഗ്രീൻ കാർഡ് ഉടമകൾ നികുതി കൃത്യമായി അടയ്ക്കുന്നണ്ടോ എന്ന് യുഎസ് സിറ്റിസൺഷിപ്പ് ആന്റ് ഇമിഗ്രേഷൻ സർവീസസ് സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. ഗ്രീൻ കാർഡ് ഉടമകൾ അവരുടെ വരുമാനം ഇന്റേണൽ റവന്യൂ സർവീസ് ഫോം 1040 പൂരിപ്പിച്ച് റിപ്പോർട്ട് ചെയ്യണം.

യുഎസ് സിറ്റിസൺഷിപ്പ് ആന്റ് ഇമിഗ്രേഷൻ സർവീസസിന് തെറ്റായ വിവരങ്ങൾ നൽകുന്നത് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം. അറിയാതെ സംഭവിച്ചാൽ പോലും അതായത് ഒരു ഫോമിൽ സ്വയം യുഎസ് പൗരനായി അവകാശപ്പെടുകയോ വോട്ട് ചെയ്യാൻ രജിസ്റ്റർ ചെയ്യുകയോ വോട്ട് ചെയ്യുകയോ യുഎസ് പാസ്പോർട്ട് നേടാൻ ശ്രമിക്കുകയോ ചെയ്താൽ ഗ്രീൻ കാർഡ് റദ്ദാക്കപ്പെടും.

വിവാഹത്തിലൂടെ ലഭിച്ച കണ്ടീഷണൽ ഗ്രീൻ കാർഡ് ഉള്ളവർ, അതിന്റെ കാലാവധി അവസാനിക്കുന്നതിന് 90 ദിവസം മുൻപ് ഫോം ഐ751 സമർപ്പിക്കണം. ഇത് കണ്ടീഷണൽ ഗ്രീൻ കാർഡിനെ സ്ഥിരം ഗ്രീൻ കാർഡാക്കി മാറ്റും. നിശ്ചിത സമയത്തിനുള്ളിൽ ഇത് ചെയ്തില്ലെങ്കിൽ ഗ്രീൻ കാർഡ് നഷ്ടപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തേക്കാം.

മറ്റൊരു കാര്യം വിവാഹം യഥാർഥമാണെങ്കിലും പങ്കാളികൾ ഒരുമിച്ച് ജീവിക്കുന്നതിന്റെ തെളിവുകളില്ലെങ്കിൽ വ്യാജ വിവാഹമാണെന്ന് സംശയിക്കപ്പെടാം. ഇമിഗ്രേഷൻ ഉദ്യോഗസ്ഥരോട് തെറ്റായ വിവരങ്ങൾ നൽകുന്നതും ഗ്രീൻ കാർഡ് നഷ്ടപ്പെടാൻ കാരണമാകും. മുൻകാലങ്ങളിൽ നാടുകടത്തപ്പെട്ടതിനെക്കുറിച്ചോ ഇമിഗ്രേഷൻ നിയമലംഘനങ്ങളെക്കുറിച്ചോ വർക്ക് ഹിസ്റ്ററിയെക്കുറിച്ചോ ഉള്ള വിവരങ്ങൾ മറച്ചുവെക്കുന്നത് ഗ്രീൻ കാർഡ് നഷ്ടപ്പെടാൻ ഇടയാക്കും.

നിങ്ങൾ താമസം മാറമ്പോൾ 10 ദിവസത്തിനുള്ളിൽ യുഎസ് സിറ്റിസൺഷിപ്പ് ആന്റ് ഇമിഗ്രേഷൻ സർവീസസിനെ അറിയിക്കണം. ഓരോ തവണ വിലാസം മാറമ്പോഴും ഫോം എആർ11 സമർപ്പിച്ച് അധികൃതരെ അറിയിക്കണം. ഗ്രീൻ കാർഡ് ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ സമർപ്പിക്കേണ്ട ഫോം ആണ് ഐ407. ഇത് ഔദ്യോഗികമായി ഗ്രീൻ കാർഡ് ഉപേക്ഷിക്കുന്നതിനുള്ളനടപടിയാണ്.കഷ്ടപ്പെട്ട് നേടിയ ഗ്രീൻ കാർഡ് അശ്രദ്ധ കൊണ്ട് നഷ്ടപ്പെടുത്താതെ ഇരിക്കുക.

## ഇതായിരുന്നു അല്ലെ ഇന്ത്യയുടെ പ്ലാൻ ബി



ക്രൂഡ് ഓയിലിന് വേണ്ടി ഇന്ത്യയ്ക്ക് വിശ്വസിച്ച് ആശ്രയിക്കാവുന്നത് ഗൾഫ് രാജ്യങ്ങളെ മാത്രമാണ്. സൗദി അറേബ്യയും യുഎഇയും കുവൈറ്റും ഉൾപ്പെടെയുള്ള രാജ്യങ്ങൾ. പശ്ചിമേഷ്യയിലെ പ്രധാന ക്രൂഡ് ഓയിൽ ഉൽപ്പാദകരായ ഇറാഖിൽ നിന്നും ഇന്ത്യ വൻതോതിൽ എണ്ണ ഇറക്കുമതി ചെയ്യുന്നുണ്ട്. എന്നാൽ ഇതിനിടെ ചില മാറ്റങ്ങളും ഇന്ത്യ വരുത്തി.

സാമ്പത്തികമായി റഷ്യയെ ഒതുക്കുക എന്ന ലക്ഷ്യത്തോടെ റഷ്യയുടെ ക്രൂഡ് ഓയിലിനെതിരെ അമേരിക്ക ഉപരോധം പ്രഖ്യാപിച്ചിരിക്കുകയാണ്. റഷ്യയുടെ എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്കെതിരെ നടപടി എടുക്കുമെന്നും അമേരിക്ക മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റഷ്യയിൽ നിന്ന് വാങ്ങുന്ന എണ്ണയുടെ അളവിൽ വലിയ മാറ്റം വരുത്തിയിരിക്കുകയാണ് ഇന്ത്യ. പകരം വെനസ്വേലയിൽ നിന്ന് വാങ്ങാനാണ് നീക്കം.

പൊതുമേഖല എണ്ണ കമ്പനിയായ മാംഗ്ലൂർ റിഫൈനറി പെട്രോകെമിക്കൽസ് ലിമിറ്റഡ് (എംആർപിഎൽ) വെനസ്വേലയിൽ നിന്ന് എണ്ണ വാങ്ങുന്നതിന് ശ്രമം തുടങ്ങി. റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് കമ്പനി പൂർണമായും നിർത്തിയിട്ടുണ്ട് എന്ന് ഉന്നത ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തിരുന്നു.

ഉപരോധ നിർദേശം പൂർണമായി പാലിക്കുന്നുണ്ട് എന്ന് എംആർപിഎൽ ധനകാര്യ മേധാവി ദേവേന്ദ്ര കുമാർ പറഞ്ഞു.

ഇന്ത്യയിലെ പ്രധാന എണ്ണ കമ്പനികളെല്ലാം റഷ്യയിൽ നിന്നുള്ള എണ്ണ നിർത്തുകയോ വാങ്ങുന്ന അളവിൽ കുറവ് വരുത്തുകയോ ചെയ്തു എന്നാണ് വാർത്തകൾ. റഷ്യയുടെ റോസ്നെഫ്റ്റ്, ലുക്കോയിൽ എണ്ണകൾക്കാണ് ഉപരോധം. കഴിഞ്ഞ ഒക്ടോബറിലാണ് അമേരിക്ക ഉപരോധം പ്രഖ്യാപിച്ചത്. ഇതോടെയാണ് ഇന്ത്യൻ കമ്പനികൾ മറ്റുവഴികൾ ആലോചിച്ചത്.

### 40 ശതമാനവും പശ്ചിമേഷ്യയിൽ നിന്ന്

സൗദി അറേബ്യ, യുഎഇ, കുവൈറ്റ്, ഇറാഖ് എന്നിവിടങ്ങളിൽ നിന്ന് 40 ശതമാനം എണ്ണ എംആർപിഎൽ ഇറക്കുമതി ചെയ്യുന്നുണ്ട്. കൂടാതെ സ്പോട്ട് മാർക്കറ്റുകളിൽ നിന്നും ക്രൂഡ് വാങ്ങുന്നു.

വെനസ്വേലയിൽ നിന്നുള്ള എണ്ണ കൂടി വാങ്ങാനുള്ള നീക്കം വിജയിച്ചാൽ നേട്ടമാകുമെന്നാണ് കമ്പനി കരുതുന്നത്. വില, ചരക്കു കൂലി എന്നിവയെല്ലാം ലാഭകരമാകുമെങ്കിൽ മാത്രമാണ് ഇടപാട് തുടങ്ങുക.

റിലയൻസ് ഇൻഡസ്ട്രീസ് ആണ് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ എണ്ണ കമ്പനി. വെനസ്വേലൻ എണ്ണ വാങ്ങാൻ ഇവർ ചർച്ച തുടങ്ങി. വെനസ്വേലയുടെ എണ്ണ ഇപ്പോൾ നിയന്ത്രിക്കുന്നത് അമേരിക്കയാണ്.

വെനസ്വേലയിൽ ആക്രമണം നടത്തി പ്രസിഡന്റ് നിക്കോളാസ് മദ്യൂറോയെ തട്ടിക്കൊണ്ടുപോയ അമേരിക്കൻ സൈന്യം ശക്തമായ താക്കീത് നൽകുകയും ചെയ്തു. വെനസ്വേലയുടെ എണ്ണ ആർക്ക് വിൽക്കണം എന്ന് തീരുമാനിക്കുന്നത് അമേരിക്കയാണ്.

വെനസ്വേലയുടെ എണ്ണ ലോക വിപണിയിൽ എത്തിക്കുന്നത് വിറ്റോൾ, ട്രഫിഗുര എന്നീ കമ്പനികളാണ്. ചൈനയ്ക്കും ഇന്ത്യയ്ക്കും മാർച്ച് മുതൽ എണ്ണ നൽകാൻ രണ്ട് കമ്പനികളും തയ്യാറായിട്ടുണ്ട്. ഇവർക്ക് അമേരിക്ക പ്രത്യേക സഹായവും ലൈസൻസും അനുവദിച്ചു.

വൈറ്റ് ഹൗസിൽ നടന്ന ചർച്ചയിൽ രണ്ട് കമ്പനികളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. ഇന്ത്യയ്ക്ക് ബാരലിന് 8 ഡോളർ വില കുറച്ച് നൽകാമെന്ന് വിറ്റോൾ വാഗ്ദാനം ചെയ്തിട്ടുണ്ട്.



# ഉദയനിധിക്ക് രൂക്ഷവിമർശനം, സനാതനധർമ്മ പരാമർശം വംശഹത്യാപരം: ഹൈക്കോടതി



ചെന്നൈ: നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ തമിഴ്നാട് ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിന് മദ്രാസ് ഹൈക്കോടതിയുടെ രൂക്ഷ വിമർശനം. സനാതന ധർമ്മത്തെക്കുറിച്ചുള്ള ഉദയനിധിയുടെ പരാമർശം വിദ്വേഷ പരമാണെന്നും വംശഹത്യയെ സൂചിപ്പിക്കുന്നുവെന്നും കോടതി നിരീക്ഷിച്ചു. ബി.ജെ.പി ഐ.ടി സെൽ മേധാവി അമിത് മാളവ്യയ്ക്കെതിരെ തിരുച്ചിറപ്പള്ളി പൊലീസ് രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കിക്കൊണ്ടായിരുന്നു നിരീക്ഷണം. സനാതന ധർമ്മം പിന്തുടരുന്നയാളുകൾ ഇവിടെയുണ്ടാകാൻ പാടില്ലെങ്കിൽ, ഉചിതമായ വാക്ക് 'വംശഹത്യ' എന്നതാണ്. സനാതന ധർമ്മം ഒരു മതമാണെങ്കിൽ അത് 'മതഹത്യ'യാണ്. ഏതെങ്കിലും രീതി പിന്തുടർന്ന് ജനങ്ങളെ ഉന്മൂലനം ചെയ്യുകയെന്നും ഇതർത്ഥമാക്കുന്നു. അതിനാൽ, 'സനാതന ഒഴിപ്പ്' എന്ന തമിഴ് വാക്ക് വ്യക്തമായും വംശഹത്യ അല്ലെങ്കിൽ സാംസ്കാരിക നശീകരണത്തെ സൂചിപ്പിക്കുന്നു ഹൈക്കോടതിയുടെ മധുര ബെഞ്ച് വ്യക്തമാക്കി. 'ഉദയനിധിയുടെ പരാമർശത്തെ വിമർശിച്ചുകൊണ്ട് സമൂഹ മാദ്ധ്യമങ്ങളിൽ പോസ്റ്റിട്ട അമിത് മാളവ്യയ്ക്കെതിരെ കേസെടുത്തത് നിയമവിരുദ്ധമാണ്. ഭാരതത്തിലെ 80 ശതമാനം പേരെയും ഇല്ലാതാക്കണോയെന്നാണ് ചോദിച്ചത്. അത് കുറ്റകൃത്യമായി കണക്കാക്കാനാകില്ല. തമിഴ്നാട്ടിൽ കേസെടുത്തിട്ടില്ലെങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ ഉദയനിധിക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും' ജസ്റ്റിസ് എസ്.എസ് ശ്രീമതി ഓർമ്മിപ്പിച്ചു.

### 2023ൽ നടത്തിയ പരാമർശം

2023 സെപ്തംബറിലാണ് ചെന്നൈയിലെ പരിപാടിയിൽ ഉദയനിധി സ്റ്റാലിൻ സനാതനധർമ്മത്തിനെതിരായ വിവാദ പരാമർശം നടത്തിയത്. ഡെങ്കിപ്പനിയെയോ മലേറിയയെയോ കൊറോണയെയോ എതിർക്കാനാവില്ല, അവയെ ഉന്മൂലനം ചെയ്യണം. അതുപോലെ സനാതന ധർമ്മത്തെയും എതിർക്കുന്നതിന് പകരം ഉന്മൂലനം ചെയ്യണമെന്നാണ് പറഞ്ഞത്.

# ആരവല്ലി മലനിരകളിൽ അനധികൃത ഖനനം നടക്കുന്നില്ലെന്ന് ഉറപ്പാക്കണം: സുപ്രീംകോടതി



ന്യൂഡൽഹി: ആരവല്ലി മലനിരകളിൽ അനധികൃത ഖനനം നടക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് രാജസ്ഥാൻ സർക്കാരിന് കർശന നിർദ്ദേശം നൽകി സുപ്രീംകോടതി. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടി സ്വീകരിക്കണം. ചിലയിടങ്ങളിൽ ഇപ്പോഴും അനധികൃത ഖനനം നടക്കുന്നുണ്ടെന്ന് പരിസ്ഥിതി പ്രവർത്തകർ കോടതിയെ അറിയിച്ചപ്പോഴാണിത്.

അനധികൃത ഖനനം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുമെന്ന് രാജസ്ഥാൻ സർക്കാരിന്റെ അഭിഭാഷകൻ കെ.എം. നടരാജ് അറിയിച്ചു. ആരവല്ലി പരിസ്ഥിതി നാശ ആശങ്കയിൽ സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു കോടതി.

അവിടുത്തെ ഖനനം അടക്കമുള്ളവയിൽ കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ദ്ധസമിതി തയ്യാറാക്കിയ ശുപാർശകളും അതംഗീകരിച്ച കഴിഞ്ഞ നവംബർ 20ലെ സുപ്രീംകോടതി വിധിയും കഴിഞ്ഞ ഡിസംബർ 29ന് മരവിപ്പിച്ചിരുന്നു. സ്റ്റേ ഉത്തരവ് തുടരും. പ്രാഥമിക വാദം കേൾക്കണമെന്ന് മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ ആവശ്യപ്പെട്ടു.

വിഷയം നാലാഴ്ചയ്ക്കു ശേഷം വീണ്ടും പരിഗണിക്കും. 100 മീറ്റർ ഉയരമെങ്കിലും ഉണ്ടെങ്കിലേ ആരവല്ലി കുന്നായി പരിഗണിക്കേണ്ടതുള്ളൂ എന്നാണ് വിദഗ്ദ്ധ സമിതിയുടെ ശുപാർശപ്രകാരം സുപ്രീംകോടതി നവംബർ 20ന് അംഗീകരിച്ചിരുന്നത്. 12,081 ആരവല്ലി കുന്നുകളിൽ 1048 എണ്ണത്തിന് മാത്രമാണ് 100 മീറ്ററും അതിനു മുകളിലും ഉയരപരിധിയുള്ളത്. നിലവിലെ ഉത്തരവിന്റെ മറവിൽ ബാക്കിയുള്ളതെല്ലാം ഖനനത്തിന് ഇരയാവുമെന്നാണ് ആശങ്ക.

### മേൽനോട്ടത്തിൽ വിദഗ്ദ്ധസമിതി

വിഷയത്തിലെ എല്ലാവശവും പരിശോധിക്കും. അതിനായി പുതിയ ഉന്നതതല വിദഗ്ദ്ധസമിതി രൂപീകരിക്കുമെന്ന് ഇന്നലെയും ആവർത്തിച്ചു.

കോടതിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും സമിതിയെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വിപുൽ എം. പഞ്ചോലി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തത വരുത്തി.

സമിതിയിൽ ഉൾപ്പെടുത്തേണ്ട പരിസ്ഥിതി പ്രവർത്തകർ, വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ തുടങ്ങിയവരുടെ പേരുകൾ അഡിഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടിയും അമിക്കസ് ക്യൂറി മലയാളിയായ അഡ്വ. കെ.പരമേശ്വരും കൈമാറണം. വിശദമായ നോട്ടും സമർപ്പിക്കണം.







# ഗൂഗിളിന്റെ 'നാനോ ബനാന'യ്ക്ക് പിന്നിലെ കൗതുകകരമായ കഥ; വൈറലായി പ്രൊഡക്റ്റ് മാനേജർ നൈന റൈസിംഗാനി

ഗൂഗിളിന്റെ ഏറ്റവും പുതിയ എഐ ഇമേജ് മോഡലായ 'നാനോ ബനാന'യ്ക്ക് ആ പേര് ലഭിച്ചതിന് പിന്നിലെ രസകരമായ കഥ പുറത്തുവന്നതോടെ സോഷ്യൽ മീഡിയയിൽ വൈറലായിരിക്കുകയാണ് ഗൂഗിൾ പ്രൊഡക്റ്റ് മാനേജർ നൈന റൈസിംഗാനി. 2025 ജൂലൈയിൽ നടന്ന ഒരു അർദ്ധരാത്രി സംഭവമാണ് ഈ പേരിന് പിന്നിലെന്ന് നൈന വെളിപ്പെടുത്തി. എൽഎം അരീന (LMArena) എന്ന പ്ലാറ്റ്ഫോമിൽ മോഡൽ സമർപ്പിക്കാൻ അവസാന നിമിഷം ഒരു കോഡ്നെയിം ആവശ്യമായി വന്നപ്പോഴാണ് ഈ പേര് പിറന്നത്.പുലർച്ചെ 2:30ന് സഹപ്രവർത്തകർ പേരിനായി നൈനയെ സമീപിച്ചപ്പോൾ തന്റെ വിളിപ്പേരുകൾ ചേർത്ത് അവർ പെട്ടെന്ന് ഒരു പേര് നിർദ്ദേശിക്കുകയായിരുന്നു. ഉയരം കുറവായതിനാലും കമ്പ്യൂട്ടറുകളോടുള്ള താൽപ്പര്യം കാരണവും സുഹൃത്തുക്കൾ നൈനയെ 'നാനോ' എന്നും 'നൈന ബനാന' എന്നും വിളിക്കാറുണ്ടായിരുന്നു. ഈ രണ്ട് വിളിപ്പേരുകൾ കൂട്ടിയിണക്കിയാണ് 'നാനോ ബനാന' എന്ന പേര് രൂപപ്പെട്ടത്.തുടക്കത്തിൽ ഒരു തമാശയ്ക്ക് നൽകിയ പേരായിരുന്നുവെങ്കിലും ഇതിനോടകം ഈ പേര് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. ഇതിന്റെ ജനപ്രീതി കണക്കിലെടുത്ത് ഗൂഗിൾ എഐ സ്റ്റുഡിയോയിലെ റൺ ബട്ടൺ മഞ്ഞ നിറമാക്കുകയും ബനാന ഇമോജി ഔദ്യോഗികമായി ഉപയോഗിക്കുകയും ചെയ്തു. സാങ്കേതികമായി 'ജെമിനി 2.5 ഫ്ലാഷ് ഇമേജ്' എന്ന് അറിയപ്പെടുന്ന ഈ മോഡൽ ഇപ്പോൾ 'നാനോ ബനാന' എന്ന പേരിൽ തന്നെയാണ് പ്രശസ്തമായത്.പാകിസ്ഥാനിലെ കറാച്ചിയിൽ ജനിച്ച നൈന റൈസിംഗാനി പെൻസിൽവേനിയ സർവ്വകലാശാലയിൽ നിന്നാണ് കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദം നേടിയത്.7 നിലവിൽ ഗൂഗിളിലെ സീനിയർ പ്രൊഡക്റ്റ് മാനേജറായ നൈനയുടെ ഈ സർഗ്ഗാത്മക നീക്കം ടെക് ലോകത്ത് വലിയ ചർച്ചയായിട്ടുണ്ട്.8 സാങ്കേതിക വിദ്യകൾക്ക് പലപ്പോഴും നൽകുന്ന വിരസമായ പേരുകൾക്ക് പകരം ഹൃദ്യമായ ഒരു പേര് നൽകാൻ അവർക്ക് സാധിച്ചു.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണത്തിന് കീഴിൽ അമേരിക്കൻ ടെക് കമ്പനികൾ പുതിയ കുതിച്ചുചാട്ടത്തിന് ഒരുങ്ങുമ്പോഴാണ് ഗൂഗിളിന്റെ ഈ നേട്ടം പുറത്തുവരുന്നത്. നാനോ ബനാനയുടെ വിജയത്തെ തുടർന്ന് ഇതിന്റെ പുതിയ പതിപ്പിന് 'നാനോ ബനാന പ്രോ' എന്നാണ് പേര് നൽകിയിരിക്കുന്നത്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ഉപയോക്താക്കൾ ഈ എഐ ടൂൾ ഇതിനോടകം ഉപയോഗിച്ചു കഴിഞ്ഞു.ഒരു ചെറിയ വിളിപ്പേരിലൂടെ ആഗോള ശ്രദ്ധ നേടിയ നൈന റൈസിംഗാനി ഇന്ന് ഒട്ടേറെ യുവ പ്രതിഭകൾക്ക് മാതൃകയാണ്.



# 'ബോളിവുഡ് നടന്മാരെ ബുദ്ധിശൂന്യരും വിദ്യാഭ്യാസം ഇല്ലാത്തവരുമായി കണക്കാക്കുന്നു'; സുനിൽ ഷെട്ടി



ഹിന്ദി സിനിമാ നടന്മാർ ബുദ്ധിശൂന്യരും വിദ്യാഭ്യാസമില്ലാത്തവരുമാണെന്ന ഒരു ധാരണ നിലവിലുണ്ടെന്നും അത് ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും നടൻ സുനിൽ ഷെട്ടി. ഇന്നത്തെ അഭിനേതാക്കൾ ബുദ്ധിമാനും അറിവുള്ളവരുമാണ്, ആധുനിക കാലത്ത് ചിലപ്പോൾ പരാജയം വിജയത്തേക്കാൾ ആഘോഷിക്കപ്പെടുന്നുവെന്നും സുനിൽ ബോംബെ ടൈംസിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.അഭിമുഖത്തിൽ, ഇൻഡസ്ട്രിയിൽ പരാജയം എങ്ങനെ ആഘോഷിക്കപ്പെടുന്നുവെന്നും നിങ്ങൾ ഒന്നുമല്ലെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ ആളുകൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും സുനിൽ വിശദീകരിച്ചു. തന്റെ മകൻ അഹാൻ ഷെട്ടിയുടെ ആദ്യ ചിത്രം ബോക്സ് ഓഫീസിൽ പരാജയപ്പെട്ടപ്പോൾ സുനിൽ ആ സംഭവം ഓർമ്മിക്കുകയായിരുന്നു. 'കുട്ടികൾ എപ്പോഴും സന്തോഷവാനായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു, ഞാൻ വിജയത്തെക്കുറിച്ചല്ല സംസാരിക്കുന്നത്. ഈ മേഖലയിൽ പരാജയത്തെ ഞാൻ ഭയപ്പെടുന്നു. മറ്റ് മേഖലകളിൽ, നിങ്ങൾ വീഴുമ്പോൾ, നിങ്ങൾ എഴുന്നേറ്റ് നടക്കാൻ തുടങ്ങും. നിങ്ങൾ ഇവിടെ വീഴുമ്പോൾ, ലോകം നിങ്ങളെ ഒന്നുമല്ലെന്ന് തോന്നിപ്പിക്കുന്നു.'- സുനിൽ ഷെട്ടി കൂട്ടിച്ചേർത്തു. താര സുതാരിയ അഭിനയിച്ച 'തടപ്' എന്ന ചിത്രത്തിലൂടെയാണ് അഹാൻ ബോളിവുഡിൽ അരങ്ങേറ്റം കുറിച്ചത്. 27 കോടി രൂപ ബജറ്റിൽ നിർമ്മിച്ച ഈ ചിത്രം 35 കോടി രൂപ മാത്രമാണ് നേടിയത്. 2025-ൽ സുനിൽ 'നദാനിയൻ', 'കേസരി വീർ' എന്നീ രണ്ട് ചിത്രങ്ങളിൽ സഹനടനായി അഭിനയിച്ചിരുന്നു.

# പിണക്കങ്ങൾ മറന്ന് നയൻതാരയും തൃഷയും; ഇൻസ്റ്റാഗ്രാമിൽ തീയായി താരങ്ങളുടെ ഫോട്ടോ



ഇൻസ്റ്റാഗ്രാമിൽ തീ ആയി ഇന്നലെ നയൻതാര പങ്കുവെച്ച പുതിയ പോസ്റ്റ്. ആരാധകർക്കിടയിൽ വലിയ രീതിയിൽ ചർച്ചയാകുകയാണ് പോസ്റ്റ്. നയൻതാരയും തൃഷയും സ്നേഹത്തോടെ ഒരുമിച്ചു ഒരു മനോഹര സായാഹ്നം ആസ്വദിക്കുന്ന ദൃശ്യമാണ് പുറത്ത് വന്നത്. പോസ്റ്റിൽ നയൻതാര തൃഷയ്ക്കൊപ്പം കടലോരത്ത് ഒരു ബോട്ടിൽ സായാഹ്നം ആസ്വദിക്കുന്ന ചിത്രങ്ങൾ ആണ് പങ്കുവെച്ചിരിക്കുന്നത്. ഇരുവരെയും ഒന്നിച്ച് കാണുമ്പോൾ ആരാധകർ ആദ്യം വിശ്വസിക്കാനായില്ലെന്ന് ആയിരുന്നു സോഷ്യൽ മീഡിയയിൽ കമന്റുകൾ. ചിലർ അത് എ.ഐ പോസ്റ്റുകൾ ആണ് എന്നുവരെ സംശയിച്ചു.അതേസമയം രണ്ടുപേരും ഏറെ നാളായി പിണക്കത്തിലാണെന്നായിരുന്നു എന്നായിരുന്നു മാധ്യമ റിപ്പോർട്ടുകൾ. എന്നാൽ അപ്രതീക്ഷിതമായി ഇവർ ഒരു ചിത്രത്തിൽ സൗഹൃദത്തോടെ പ്രത്യക്ഷപ്പെടുന്നത് ആരാധകർക്കു വലിയ സന്തോഷം ആണ് സമ്മാനിച്ചത്.എന്നാൽ ഈ പോസ്റ്റിന് മുൻപ് നയൻതാര തൃഷയുമായി നല്ല ബന്ധത്തിലല്ലെന്നും ചില പ്രശ്നങ്ങളുണ്ടെന്നും ഒരു അഭിമുഖത്തിൽ തരാം വ്യക്തമാക്കിയിരുന്നു. ഒരു സിനിമയ്ക്കായി ഇരുവരും ഒന്നിച്ചെത്തേണ്ടിയിരുന്നെങ്കിലും, തൃഷ അവസാന നിമിഷം പിന്മാറിയിരുന്നു.

# ബോഡി ഗാർഡിന്റെ അശ്രദ്ധ, വാതിൽ വന്നടിച്ചത് റിഹാനയുടെ ശരീരത്തിൽ! കൂളായി നേരിട്ട് ഗായിക



പ്രശസ്ത പോപ്പ് ഗായിക റിഹാന ഏത് പ്രതിസന്ധിയെയും ശാന്തതയോടെ നേരിടുന്ന വ്യക്തിയാണ്. പോപ്പ് താരത്തിന്റെ ഒരു വീഡിയോ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാകുകയാണ്. റിഹാനയുടെ ശരീരത്തിൽ ഒരു വാതിൽ വന്ന് ഇടിക്കുന്നതിന്റെ ചിത്രങ്ങളാണ് സോഷ്യൽ മീഡിയയിൽ അതിവേഗം പ്രചരിക്കുന്നത് ന്യൂയോർക്ക് നഗരത്തിലെ ഫോർ സീസൺസ് ഹോട്ടലിൽ നിന്ന് പുറത്തിറങ്ങുമ്പോഴാണ് സംഭവം നടന്നത്. ഹോട്ടലിൽ നിന്ന് പുറത്തേക്ക് വരുമ്പോൾ മുന്നിലുണ്ടായിരുന്ന സെക്യൂരിറ്റി ഗാർഡ് വാതിൽ പിടിക്കാതെ മുന്നോട്ട് പോയതോടെ വാതിൽ റിഹാനയുടെ മുഖത്തേക്ക് അടയുകയായിരുന്നു. എന്നിരുന്നാലും, ഗ്രാമി ജേതാവ് ഇതൊന്നും കാര്യമാക്കിയില്ല. താരം ഇതിനോട് വളരെ കൂളായി പ്രതികരിച്ചു. ഒരു നിമിഷം അവിടെ നിന്ന റിഹാന, ‘നീ എന്തൊരു മാന്യനാണ്‘ എന്ന് കളിയായി പറഞ്ഞു. ഇതിനുശേഷം, താരം തന്റെ കാറിൽ കയറി പോയി. റിഹാനയുടെ പങ്കാളിയായ എസാപ് റോക്കിയുടെ പുതിയ ആൽബം, ’ഡോൺഡ് ബി ഡംബ്’, പുറത്തിറങ്ങിയ ദിവസം തന്നെയാണ് ഈ സംഭവം നടന്നത്. റോക്കിയുടെ നാലാമത്തെ ആൽബമാണിത്. ആൽബം റിലീസിന് പിന്നാലെ സാറ്റർഡേ നൈറ്റ് ലൈവിൽ അതിഥിയായും റോക്കി എത്തിയിരുന്നു. ശേഷം ഒരു പാർട്ടിയിലും താരദമ്പതികൾ പങ്കെടുത്തു.



## ധനുഷ് നായകനാകുന്ന ചിത്രത്തിൽ മമ്മൂട്ടിയുടെ ശക്തമായ തിരിച്ചുവരവ്



ധനുഷ് നായകനാകുന്ന പുതിയ ചിത്രത്തിൽ മമ്മൂട്ടി ശക്തമായ ‘ഗോഡ്ഫാദർ’ വേഷത്തിൽ എത്തുന്നു. രാജ്കുമാർ പെരിയസ്വാമി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ ധനുഷിന്റെ ഗോഡ്ഫാദറായി കേന്ദ്ര കഥാപാത്രമാണ് മമ്മൂട്ടി അവതരിപ്പിക്കുന്നത്. സായ്പല്ലവിയാണ് ചിത്രത്തിലെ നായിക. ധനുഷിന്റെ ഉടമസ്ഥതയിലുള്ള വണ്ടർബാർ ഫിലിംസാണ് സിനിമയുടെ നിർമ്മാണം നിർവഹിക്കുന്നത്.മമ്മൂട്ടിയും ധനുഷും ഒരുമിക്കുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം മാർച്ചിൽ ആരംഭിക്കാനാണ് തീരുമാനം എന്നാണ് ലഭിക്കുന്ന വിവരം. നേരത്തെ മമ്മൂട്ടിയും ദിലീപും പ്രധാന കഥാപാത്രങ്ങളായെത്തിയ കമ്മത്ത് ആന്റ് കമ്മത്ത് എന്ന മലയാള ചിത്രത്തിൽ അതിഥി താരമായി ധനുഷ് അഭിനയിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ഇരുവരും ഒരുമിക്കുന്ന പുതിയ തമിഴ് ചിത്രം ഒരുങ്ങുന്നത്.ശിവകാർത്തികേയൻ നായകനായെത്തിയ ബ്ലോക്ക്ബസ്റ്റർ ചിത്രം അമരൻയ്ക്ക് ശേഷം രാജ്കുമാർ പെരിയസ്വാമി സംവിധാനം ചെയ്യുന്ന അടുത്ത ചിത്രം കൂടിയാണിത്. ചിത്രത്തിന്റെ ഒടിടി അവകാശങ്ങൾ വൻ തുകയ്ക്ക് നെറ്റ്ഫ്ലിക്സ് സ്വന്തമാക്കിയതായും റിപ്പോർട്ടുകളുണ്ട്.ഒരു ഇടവേളയ്ക്ക് ശേഷം മമ്മൂട്ടി തമിഴ് സിനിമയിലേക്ക് തിരിച്ചെത്തുന്ന ചിത്രം എന്ന നിലയിലും ഈ പ്രോജക്ട് ശ്രദ്ധ നേടുന്നുണ്ട്. 2019ൽ റാമിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ പേരൻപ് എന്ന ചിത്രത്തിന് ശേഷം മമ്മൂട്ടി തമിഴിൽ അഭിനയിച്ചിരുന്നില്ല. പേരൻപ്യിലെ അമുദവൻ എന്ന കഥാപാത്രത്തിലൂടെ അദ്ദേഹം പ്രേക്ഷകരുടെയും നിരൂപകരുടെയും വലിയ അഭിനന്ദനം നേടിയിരുന്നു. 2010ന് ശേഷം മമ്മൂട്ടി അഭിനയിച്ച തമിഴ് ചിത്രം കൂടിയായിരുന്നു പേരൻപ്.1990ൽ കെ. മധു സംവിധാനം ചെയ്ത മൗനം സമ്മതം എന്ന ചിത്രത്തിലൂടെയാണ് മമ്മൂട്ടി തമിഴ് സിനിമയിൽ അരങ്ങേറ്റം കുറിച്ചത്. എസ്.എൻ. സ്വാമി തിരക്കഥയെഴുതിയ ചിത്രത്തിൽ അമലയാണ് നായികയായി എത്തിയത്. പിന്നീട് അഴകൻ, ദളപതി, കിളിപേച്ച് കേൾക്കവ ഉൾപ്പെടെ നിരവധി ശ്രദ്ധേയ തമിഴ് ചിത്രങ്ങളിൽ മമ്മൂട്ടി അഭിനയിച്ചിട്ടുണ്ട്

## ബെക്കാം കുടുംബത്തിലെ അസ്വാരസ്യങ്ങൾ അവസാനിക്കുന്നില്ല? വിക്ടോറിയയും ബ്രൂക്ലിനും തമ്മിലുള്ള തർക്കത്തിന് പിന്നിലെ സത്യം



ലോകപ്രശസ്ത ഫുട്ബോൾ താരം ഡേവിഡ് ബെക്കാമിന്റെ കുടുംബത്തിലെ ആഭ്യന്തര പ്രശ്നങ്ങൾ വീണ്ടും ഹോളിവുഡ് മാധ്യമങ്ങളിൽ ചർച്ചയാകുന്നു. ബെക്കാമിന്റെ മൂത്ത മകൻ ബ്രൂക്ലിൻ പെൽറ്റ്സ് ബെക്കാമും അമ്മ വിക്ടോറിയ ബെക്കാമും തമ്മിലുള്ള ബന്ധത്തിൽ വിള്ളലുകൾ വീണതായാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കുടുംബത്തിനുള്ളിലെ ഈ നാടകീയ സംഭവങ്ങൾ ആരാധകർക്കിടയിൽ വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ബ്രൂക്ലിന്റെ വിവാഹത്തിന് ശേഷമാണ് ഈ അസ്വാരസ്യങ്ങൾ പരസ്യമായി തുടങ്ങിയതെന്ന് പലരും വിലയിരുത്തുന്നു. ബ്രൂക്ലിന്റെ ഭാര്യയും നടിയുമായ നിക്കോള പെൽറ്റ്സും വിക്ടോറിയയും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണ് പ്രശ്നങ്ങളുടെ പ്രധാന കാരണമെന്നാണ് സൂചന. ഒരു പ്രമുഖ ചടങ്ങിൽ വിക്ടോറിയ ഡിസൈൻ ചെയ്ത വസ്ത്രം നിക്കോള ധരിക്കാതിരുന്നത് വലിയ വാർത്തയായിരുന്നു. വിവാഹത്തിന് ശേഷം ബ്രൂക്ലിൻ തന്റെ പേരിനൊപ്പം ഭാര്യയുടെ കുടുംബപ്പേരായ പെൽറ്റ്സ് എന്ന് ചേർത്തതും ബെക്കാം കുടുംബത്തെ ചൊടിപ്പിച്ചതായി പറയപ്പെടുന്നു. ഡേവിഡ് ബെക്കാം ഈ വിഷയത്തിൽ മകനോട് സംസാരിക്കാൻ ശ്രമിച്ചെങ്കിലും കാര്യമായ ഫലമുണ്ടായില്ല. തന്റെ സ്വതന്ത്രമായ തീരുമാനങ്ങൾക്കൊപ്പം നിൽക്കാനാണ് ബ്രൂക്ലിൻ താൽപ്പര്യപ്പെടുന്നത്.

കുറച്ചു കാലമായി പ്രധാന കുടുംബ ചടങ്ങുകളിൽ നിന്ന് ബ്രൂക്ലിനും ഭാര്യയും വിട്ടുനിൽക്കുന്നത് ഈ സംശയങ്ങൾക്ക് ആക്കം കൂട്ടുന്നു. മകനുമായുള്ള അകൽച്ച വിക്ടോറിയയെ മാനസികമായി തളർത്തുന്നതായി അവരുടെ അടുത്ത സുഹൃത്തുക്കൾ വെളിപ്പെടുത്തുന്നു. കുടുംബം ഒന്നിച്ചുപോകാനാണ് ഡേവിഡ് ബെക്കാം ആഗ്രഹിക്കുന്നത്.സോഷ്യൽ മീഡിയയിൽ പരസ്പരം പോസ്റ്റുകൾ പങ്കുവെക്കുന്നതിൽ നിന്നും ഇവർ ഇപ്പോൾ വിട്ടുനിൽക്കുകയാണ്. നേരത്തെ ബെക്കാം കുടുംബം തങ്ങളുടെ ഐക്യം ലോകത്തിന് മുന്നിൽ വലിയ രീതിയിൽ ആഘോഷിക്കാറുണ്ടായിരുന്നു. എന്നാൽ നിലവിലെ സാഹചര്യം പഴയതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.ബ്രൂക്ലിനും നിക്കോളയും ഇപ്പോൾ അമേരിക്കയിലാണ് സ്ഥിരതാമസമാക്കിയിരിക്കുന്നത്. വിക്ടോറിയയും ഡേവിഡും തങ്ങളുടെ ബിസിനസ്സ് തിരക്കുകൾക്കായി ലണ്ടനിലാണ് ഭൂരിഭാഗം സമയവും ചെലവഴിക്കുന്നത്.

## ജൂഡ് അപ്പറ്റോവിന്റെ പുതിയ ചിത്രത്തിൽ ഗ്ലെൻ പവലിനൊപ്പം

# മാഡ്‌ലിൻ ക്ലൈനും ക്രിസ്റ്റിൻ മിലിയോട്ടിയും



യൂണിവേഴ്സൽ സ്റ്റുഡിയോസിനായുള്ള പുതിയ ചിത്രത്തിൽ ഗ്ലെൻ പവലിനും ക്രിസ്റ്റിൻ മിലിയോട്ടിക്കും ഒപ്പം അഭിനയിക്കാൻ നടി മാഡലിൻ ക്ലൈൻ. ഇതിന്റെ ചർച്ചകൾ നടത്തിവരികയാണ്. ജൂഡ് അപ്പറ്റോവാണ് ചിത്രം സംവിധാനം ചെയ്യുന്നത്. 2027 ഫെബ്രുവരി 5 ന് തിയേറ്ററുകളിൽ റിലീസ് ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന, ഇതുവരെ പേരിട്ടിട്ടില്ലാത്ത ഈ ചിത്രത്തിൽ പവൽ, കരിയർ അതിവേഗം തകർന്നുകൊണ്ടിരിക്കുന്ന ഒരു താരത്തിന്റെ വേഷത്തിലാണ് അഭിനയിക്കുന്നത്. ഒരു പോപ്പ് താരത്തെയാണ് ക്ലീൻ അവതരിപ്പിക്കാൻ പോകുന്നത്. യഥാർത്ഥ ജീവിതത്തിലെ താരങ്ങളെ തിരഞ്ഞെടുക്കാൻ ടീം ആലോചിച്ചിരുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു, എന്നാൽ ക്ലൈന്റെ ഓഡിഷനിൽ തൃപ്തി തോന്നിയതോടെയാണ് കാസ്റ്റിംഗിലേക്ക് നയിച്ചത്.വരാനിരിക്കുന്ന ചിത്രത്തിന് അപ്പറ്റോവ് തന്റെ അപ്പറ്റോ പ്രൊഡക്ഷൻസ്, പവൽ, ഡാൻ കോഹൻ എന്നിവരുടെ പിന്തുണ നൽകും. മിഷർ ഫിലിംസിന്റെ ബാനറിൽ കെവിൻ മിഷർ ചിത്രം നിർമ്മിക്കുന്നു. നെറ്റ്ഫ്ലിക്സ് പരമ്പരയായ ഔട്ടർ ബാങ്ക്സിലൂടെയാണ് ക്ലൈൻ തന്റെ തകർപ്പൻ പ്രകടനം നേടിയത് .ഈ വർഷം പ്രീമിയർ ചെയ്യുന്ന അഞ്ചാമത്തെ സീസൺ അവർ വീണ്ടും അവതരിപ്പിക്കും.

# ദി ബ്രേവ് ആൻഡ് ദി ബോൾഡി'ൽ ടോം ക്രൂസ് ബാറ്റ്മാന്റെ വേഷത്തിലോ?



ലോകസിനിമയിൽ ഏറ്റവുമധികം ആരാധകരുള്ള നടന്മാരിലൊരാളാണ് ടോം ക്രൂസ്. ആക്ഷൻ സിനിമാ പ്രേമികളെ ഒന്നടങ്കം ആവേശത്തിലാഴ്ത്തിയ ഫ്രാഞ്ചൈസി ആണ് ടോം ക്രൂസ് നായകനായ 'മിഷൻ ഇമ്പോസിബിൾ'. എട്ട് ചിത്രങ്ങളാണ് ഇതുവരെ ഈ സീരീസിന്റെ ഭാഗമായി പുറത്തിറങ്ങിയിട്ടുള്ളത്. ഗോസ്റ്റ് പ്രോട്ടോക്കോളിൽ (2011) ബുർജ് ഖലീഫ കയറുന്നത് മുതൽ ഡെഡ് റെക്കണിംഗ് പാർട്ട് വൺ (2023) ലെ മോട്ടോർ സൈക്കിൾ ജമ്പ് വരെ, ക്രൂസ് ഇതുവരെ സിനിമയിൽ അവതരിപ്പിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ആവേശകരവും ആക്ഷൻ സീക്വൻസുകൾ ചിത്രത്തിലുണ്ടായിരുന്നു. പതിറ്റാണ്ടുകൾ നീണ്ട അദ്ദേഹത്തിന്റെ കരിയർ പല വിഭാഗങ്ങളിലായി വ്യാപിച്ചിരിക്കുന്നു; എന്നിരുന്നാലും, ഒരു സൂപ്പർഹീറോ ഫ്രാഞ്ചൈസിയും അദ്ദേഹത്തിന് ഇതുവരെ തന്റെ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.ഇപ്പോൾ, അടുത്ത പ്രധാന ലൈവ്-ആക്ഷൻ പ്രോജക്റ്റ് വരാനിരിക്കുന്ന ഡിസി യൂണിവേഴ്സ് ഫിലിം റീബൂട്ട് ദി ബ്രേവ് ആൻഡ് ദി ബോൾഡ് ആണ്. ഇത് ആൻഡി മുഷിയെറ്റി സംവിധാനം ചെയ്യുന്നു, അതേ പേരിലുള്ള ജനപ്രിയ ഡിസി കോമിക് പുസ്തക കഥാഗതിയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഡിസിയു റീബൂട്ടിൽ ടോം ക്രൂസ് ബാറ്റ്മാൻ ആയി അഭിനയിക്കുന്നതിനെക്കുറിച്ച് ഒരു സംസാരവുമില്ലെങ്കിലും, സമീപ വർഷങ്ങളിൽ റെഡ്ഡിറ്റിൽ ചില ആരാധക കാസ്റ്റിംഗുകൾ ഉണ്ടായിട്ടുണ്ട്. ഒരു ഘട്ടത്തിൽ മാർവൽ സിനിമാറ്റിക് യൂണിവേഴ്സിൽ ടോണി സ്റ്റാർക്ക്/അയൺ മാൻ എന്ന കഥാപാത്രത്തിന്റെ മൾട്ടിവേഴ്സൽ പതിപ്പായി അദ്ദേഹം അഭിനയിക്കുമെന്ന് കിംവദന്തികൾ ഉണ്ടായിരുന്നു, പക്ഷേ അത് സംഭവിച്ചില്ല.എന്നിരുന്നാലും, ടോപ്പ് ഗൺ താരം ബ്രൂസ് വെയ്ൻ / ബാറ്റ്മാൻ എന്നിവർക്ക് അനുയോജ്യമാണ്. ഉയരങ്ങളെയും മറ്റ് അവിശ്വസനീയമായ അപകടങ്ങളെയും ദിനംപ്രതി നേരിടാൻ ധൈര്യപ്പെടുന്ന ഒരു കഥാപാത്രത്തെ അവതരിപ്പിക്കാൻ, വലിയ സ്ക്രീനിൽ ഏറ്റവും അവിസ്മരണീയവും അപകടകരവുമായ ചില സ്റ്റണ്ടുകൾ ചെയ്തിട്ടുള്ള ഒരു നടനെക്കാൾ മികച്ചത് ആരാണെന്ന് ആരാധകർ ചോദിക്കുന്നു.

## ഇൻസൈഡ് ഔട്ട് 2 തകർന്നു; ആനിമേഷൻ ചരിത്രത്തിൽ പുതിയ വിസ്മയമായി **സൂട്ടോപ്പിയ 2**



ലോകമെമ്പാടുമുള്ള സിനിമാ പ്രേമികളെ ആവേശത്തിലാഴ്ത്തിക്കൊണ്ട് സൂട്ടോപ്പിയ 2 ബോക്സ് ഓഫീസിൽ പുതിയ ചരിത്രം കുറിച്ചിരിക്കുകയാണ്. പുറത്തിറങ്ങി ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ഹോളിവുഡിലെ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ആനിമേഷൻ ചിത്രമെന്ന ഖ്യാതി ഈ സിനിമ സ്വന്തമാക്കി. ഡിസ്നിയുടെ തന്നെ ഇൻസൈഡ് ഔട്ട് 2 എന്ന ചിത്രത്തിന്റെ റെക്കോർഡാണ് ഇപ്പോൾ സൂട്ടോപ്പിയ 2 മറികടന്നിരിക്കുന്നത്.ആഗോള തലത്തിൽ വൻ സ്വീകാര്യതയാണ് ചിത്രത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്ന കഥാതന്തുവാണ് ചിത്രത്തിന്റെ വിജയത്തിന് പ്രധാന കാരണം. ആനിമേഷൻ നിലവാരത്തിലും ആഖ്യാന ശൈലിയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ചിത്രത്തിന് സാധിച്ചിട്ടുണ്ട്.റിലീസ് ചെയ്ത കേന്ദ്രങ്ങളിലെല്ലാം വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

മുമ്പത്തെ റെക്കോർഡ് ഉടമയായ ഇൻസൈഡ് ഔട്ട് 2 ലോകമെമ്പാടുമുള്ള തീയേറ്ററുകളിൽ വലിയ തരംഗം സൃഷ്ടിച്ചിരുന്നു. എന്നാൽ സൂട്ടോപ്പിയ 2 ആ തരംഗത്തെയും മറികടന്ന് മുന്നേറുകയാണ്.ഡിസ്നിയുടെ ആനിമേഷൻ വിഭാഗത്തിന് വലിയ ഊർജ്ജമാണ് ഈ വിജയം നൽകുന്നത്. സിനിമയിലെ കഥാപാത്രങ്ങളും അവരുടെ സംഭാഷണങ്ങളും ഇതിനോടകം തന്നെ സോഷ്യൽ മീഡിയയിൽ വൈറലായിട്ടുണ്ട്. പല രാജ്യങ്ങളിലും മികച്ച ഓപ്പണിംഗ് കളക്ഷനാണ് ചിത്രത്തിന് ലഭിച്ചത്.അമേരിക്കൻ വിപണിയിൽ മാത്രമല്ല മറ്റ് അന്താരാഷ്ട്ര വിപണികളിലും സൂട്ടോപ്പിയ 2 വലിയ കുതിപ്പാണ് നടത്തുന്നത്. സിനിമയുടെ സാങ്കേതിക മികവും സംഗീതവും ഏറെ പ്രശംസിക്കപ്പെടുന്നുണ്ട്. ഹോളിവുഡ് ആനിമേഷൻ രംഗത്തെ ഏറ്റവും വലിയ വിജയമായി ഇത് മാറിക്കഴിഞ്ഞു.വരും ദിവസങ്ങളിലും കളക്ഷൻ വർദ്ധിക്കുമെന്നാണ് സിനിമാ മേഖലയിലെ വിദഗ്ധർ വിലയിരുത്തുന്നത്. കുടുംബ പ്രേക്ഷകരുടെ വലിയ പിന്തുണ ചിത്രത്തിന് അനുകൂലമായി മാറുന്നുണ്ട്. ഡിസ്നിയുടെ എക്കാലത്തെയും മികച്ച ആനിമേഷൻ സീക്വൻസുകൾ ഇതിൽ കാണാം



# 300 കോടി കളക്ഷൻ! തെലുങ്ക് ബോക്സ് ഓഫീസ് തൂക്കി ചിരഞ്ജീവി


തെലുങ്ക് ബോക്സ് ഓഫീസിൽ തീയായി മെഗാസ്റ്റാർ ചിരഞ്ജീവി. ചിരഞ്ജീവിയെ നായകനാക്കി അനിൽ രവിപുടി ഒരുക്കിയ 'മന ശങ്കര വര പ്രസാദ് ഗാരു' ബോക്സ് ഓഫീസിൽ നേടുന്നത് ബ്ലോക്ക്ബസ്റ്റർ കളക്ഷൻ. ജനുവരി 12ന് ആഗോള റിലീസായി എത്തിയ ചിത്രം, ഏഴ് ദിവസം പിന്നിടുമ്പോൾ ആഗോള കളക്ഷൻ 300 കോടിയിലേക്ക് കുതിക്കുന്നു.292 കോടിയാണ് ചിത്രം ഇതിനോടകം നേടിയ ആഗോള ഗ്രോസ്. ചിത്രം ചിരഞ്ജീവിയുടെ കരിയറിലെ തന്നെ ഏറ്റവും വലിയ വിജയമായി മാറുകയാണ്. എട്ടാം ദിനം തന്നെ ചിത്രം 300 കോടി ആഗോള ഗ്രോസ് മറികടക്കും. റിലീസ് ആയി ഏഴാം ദിവസവും ചിത്രം നേടിയത് 31 കോടിയുടെ ആഗോള ഗ്രോസ് കളക്ഷനാണ്. മാത്രമല്ല, 'സംക്രാന്തികി വസ്തുന്നത്തെ' മറികടന്ന് അനിൽ രവിപുടിയുടെ കരിയറിലെ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ചിത്രമായും 'മന ശങ്കര വര പ്രസാദ് ഗാരു' മാറി. റിലീസ് ആയിട്ട് ഏഴാം ദിവസം ആന്ധ്രപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിൽ എക്കാലത്തെയും ഉയർന്ന ഷെയർ ലഭിച്ച ചിത്രം കൂടിയാണിപ്പോൾ 'മന ശങ്കര വര പ്രസാദ് ഗാരു'.സാഹു ഗരപതിയുടെ ഷൈൻ സ്ക്രീൻ ബാനറും സുഷ്മിത കൊണിഡെലയുടെ ഗോൾഡ് ബോക്സ് എന്റർടെയ്ൻമെന്റ്സും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. ശ്രീമതി അർച്ചനയാണ് ചിത്രം അവതരിപ്പിക്കുന്നത്. പക്കാ ഫാമിലി എന്റർടെയ്നർ ആയി ഒരുക്കിയ ചിത്രത്തിന് ഗംഭീര പ്രേക്ഷക പ്രതികരണമാണ് ലഭിക്കുന്നത്. തെന്നിന്ത്യൻ സൂപ്പർ നായികാതാരമായ നയൻതാരയാണ് ചിത്രത്തിലെ നായികാ വേഷം ചെയ്തിരിക്കുന്നത്. തെലുങ്ക് സൂപ്പർതാരം വെങ്കിടേഷ് ചിത്രത്തിൽ അതിഥി താരമായും എത്തിയിട്ടുണ്ട്. കാതറീൻ ട്രീസ, വിടിവി ഗണേഷ് എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.ആഗോള തലത്തിൽ തന്നെ വമ്പൻ കളക്ഷനോടെയാണ് ചിത്രം രണ്ടാം വാരത്തിലേക്കും പ്രവേശിച്ചിരിക്കുന്നത്. വടക്കേ അമേരിക്കയിൽ, ചിരഞ്ജീവിയുടെയും അനിൽ രവിപുടിയുടെയും മുൻകാല ചിത്രങ്ങളുടെ കളക്ഷൻ മറികടന്നു കൊണ്ട് 2.96 മില്യൺ ഡോളറിലധികം ഗ്രോസ് നേടിയ ചിത്രം, ഉടൻ തന്നെ മൂന്ന് മില്യൺ ഡോളർ എന്ന അപൂർവ നേട്ടത്തിലുമെത്തും. ഇരുവരുടെയും കരിയറിൽ ആദ്യമായാണ് ഈ നേട്ടം കൈവരിക്കുന്നത്. ഈ വേഗതയോടെ തന്നെ ചിത്രം ബോക്സ് ഓഫീസിൽ കുതിച്ചാൽ, ചിരഞ്ജീവിയുടെ എക്കാലത്തെയും വലിയ ബ്ലോക്ക്ബസ്റ്ററായി ചിത്രം ആഗോള തലത്തിൽ ഉയർന്നു വരുമെന്ന് ഉറപ്പായിക്കഴിഞ്ഞു.

## വാൻകൂവർ ഫിലിം ക്രിട്ടിക്സ് അവാർഡ് നാമനിർദ്ദേശം; ഏഴ് നോമിനേഷനുകളുമായി വൺ ബാറ്റിൽ ആഫ്റ്റർ അനദർ മുന്നിൽ



പ്രശസ്ത സംവിധായകൻ പോൾ തോമസ് ആൻഡേഴ്സന്റെ ഏറ്റവും പുതിയ ചിത്രം വൺ ബാറ്റിൽ ആഫ്റ്റർ അനദർ വാൻകൂവർ ഫിലിം ക്രിട്ടിക്സ് സർക്കിൾ അവാർഡുകളിൽ വൻ നേട്ടം സ്വന്തമാക്കി. ഏഴ് വിഭാഗങ്ങളിലായി നാമനിർദ്ദേശം ചെയ്യപ്പെട്ട ഈ ചിത്രം ഇത്തവണത്തെ അവാർഡ് പട്ടികയിൽ ഒന്നാമതെത്തി. മികച്ച ചിത്രം, മികച്ച സംവിധായകൻ ഉൾപ്പെടെയുള്ള പ്രധാന വിഭാഗങ്ങളിലെല്ലാം വൺ ബാറ്റിൽ ആഫ്റ്റർ അനദർ ഇടംപിടിച്ചിട്ടുണ്ട്.ഹോളിവുഡ് സൂപ്പർ താരം ലിയോനാർഡോ ഡികാപ്രിയോയാണ് ചിത്രത്തിൽ പ്രധാന വേഷത്തിൽ എത്തുന്നത്. അദ്ദേഹത്തെ മികച്ച നടനുള്ള അവാർഡിനായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മികച്ച സഹനടൻ, മികച്ച സഹനടി, മികച്ച തിരക്കഥ എന്നീ വിഭാഗങ്ങളിലും ചിത്രം മത്സരിക്കുന്നുണ്ട്.തോമസ് പിഞ്ചോണിന്റെ നോവലിനെ ആസ്പദമാക്കി ഒരുക്കിയ ഈ ചിത്രം ഒരു പൊളിറ്റിക്കൽ ത്രില്ലറാണ്. സിനിമയിലെ അഭിനയത്തിന് ബെനീസിയോ ഡെൽ ടോറോ, ഷോൺ പെൻ എന്നിവർ സഹനടൻമാരുടെ പട്ടികയിൽ ഇടംനേടി. ടെയാന ടെയ്ലറാണ് മികച്ച സഹനടിക്കുള്ള നാമനിർദ്ദേശം നേടിയത്.വാൻകൂവർ ക്രിട്ടിക്സ് അവാർഡുകളിൽ ഹാംനെറ്റ്, സെന്റിമെന്റൽ വാല്യൂ എന്നീ ചിത്രങ്ങളാണ് വൺ ബാറ്റിൽ ആഫ്റ്റർ അനദറിന് പിന്നിലായുള്ളത്. ഇവയ്ക്ക് നാല് വീതം നാമനിർദ്ദേശങ്ങളാണ് ലഭിച്ചിരിക്കുന്നത്. ഫെബ്രുവരി 23-ന് നടക്കുന്ന ചടങ്ങിൽ വിജയികളെ പ്രഖ്യാപിക്കും.അവാർഡ് സീസണിൽ നേരത്തെ തന്നെ മികച്ച നേട്ടങ്ങൾ കൊയ്ത ചിത്രമാണ് വൺ ബാറ്റിൽ ആഫ്റ്റർ അനദർ. ക്രിട്ടിക്സ് ചോയ്സ് അവാർഡുകളിലും ഈ ചിത്രം മികച്ച ചിത്രത്തിനുള്ള പുരസ്കാരം സ്വന്തമാക്കിയിരുന്നു. ഓസ്കാർ മത്സരത്തിലും ഈ ചിത്രം വലിയ സാന്നിധ്യമാകുമെന്നാണ് വിലയിരുത്തലുകൾ.

## ജേസൺ സ്റ്റാതമിന്റെ 'ഷെൽട്ടർ' ലണ്ടനിൽ പ്രീമിയർ ചെയ്തു




ജേസൺ സ്റ്റാതമിന്റെ ഏറ്റവും പുതിയ ചിത്രമായ ഷെൽട്ടറിന്റെ യുകെ പ്രീമിയർ ലണ്ടനിൽ നടന്നു. ഈ മാസം അവസാനം റിക്ക് റോമൻ വോയുടെ നേതൃത്വത്തിലാണ് ചിത്രം ആരംഭിക്കുന്നത്. ചൊവ്വാഴ്ച വൈകുന്നേരം ലണ്ടനിലെ ലെസ്റ്റർ സ്ക്വയറിൽ നടന്ന വലിയ പ്രീമിയറിൽ ബോധി റേ ബ്രെത്ത്നാച്ചിനും വിവിധ സെലിബ്രിറ്റി അതിഥികൾക്കുമൊപ്പം പങ്കെടുത്തു.റിച്ചാർഡ് ഇ. ഗ്രാന്റ്, തബിത വില്ലെറ്റ്, മിഷേൽ ഹീറ്റൺ, ആഷ്ലി കെയ്ൻ, എഡ്ഡി ഹാൾ, ബിഗ് ജോൺ എന്നിവരും മറ്റും ചിത്രത്തിന്റെ റിലീസ് ആഘോഷിക്കാൻ റെഡ് കാർപെറ്റിൽ എത്തി.ഔട്ടർ ഹൈബ്രെഡിലെ ഒരു വിദൂര ദ്വീപിൽ ഒളിച്ചിരിക്കുന്ന മുൻ എലൈറ്റ് ഓപ്പറേറ്ററായ മൈക്കൽ മേസണായി സ്റ്റാതം അഭിനയിക്കുന്നു. തന്റെ നായയുടെ അകമ്പടിയോടെ, മേസൺ മദ്യപിച്ചും, ചിത്രം വരച്ചും, ചെസ്സ് കളിച്ചും ദിവസങ്ങൾ ചെലവഴിക്കുന്നു. അനാഥയായ ഒരു പെൺകുട്ടി, ജെസ്സി (ബോധി റായ് ബ്രെത്ത്നാച്ച്), ഒരു തുഴച്ചിൽ ബോട്ടിൽ അദ്ദേഹത്തിന് പതിവായി സാധനങ്ങൾ കൊണ്ടുവരുന്നുഒരു കൊടുങ്കാറ്റ് ആഞ്ഞടിക്കുന്ന സമയത്ത്, മേസൺ ജെസ്സിയെ രക്ഷിക്കുന്നു, ഇത് തന്റെ മുൻകാല ശത്രുക്കളെ അവന്റെ പാതയിലേക്ക് നയിക്കുന്ന സംഭവങ്ങൾക്ക് തുടക്കമിടുകയും ചെയ്യുന്നതാണ് ചിത്രത്തിന്റെ ഇതിവൃത്തം.

## വിസ്മയയ്ക്കു വില്ലനായി ആശിഷ് 'തുടക്കം' പോസ്റ്റർ



വിവിസ്മയ മോഹൻലാൽ നായികയാകുന്ന 'തുടക്കം' സിനിമയുടെ പുതിയ പോസ്റ്റർ എത്തി. വിസ്മയയ്ക്കും ആന്റണി പെരുമ്പാവൂരിന്റെ മകൻ ആശിഷിനുമൊപ്പം മോഹൻലാലിനെയും പോസ്റ്ററിൽ കാണാം.എന്നാൽ മോഹൻലാലിന്റെ മുഖം മാത്രം വെളിപ്പെടുത്തിയിട്ടില്ല. നിസഹായ ഭാവത്തോടെ നോക്കുന്ന വിസ്മയയ്ക്കു പുറകിൽ രൂക്ഷ ഭാവത്തോടെ നോക്കുകയാണ് ആശിഷ്. ചിത്രത്തിൽ ആശിഷ് വില്ലനായാണോ പ്രത്യക്ഷപ്പെടുന്നതെന്ന സംശയത്തിലാണ് പ്രേക്ഷകർ. ചിത്രം ഓണം റിലീസ് ആയാണ് തിയറ്ററുകളിലെത്തുന്നത്. '2018' എന്ന സൂപ്പർഹിറ്റ് ചിത്രം ശേഷം ജൂഡ് ആന്തണി ജോസഫ് സംവിധാനം ചെയ്യുന്ന ചിത്രമാണ് 'തുടക്കം'. ആശീർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂർ നിർമിക്കുന്ന 37-ാമത് ചിത്രമാണിത്.

# രാഷ്ട്രീയക്കാരുടെ സോപ്പിംഗ് വേറെ ലെവൽ, ജനത്തിന്റെ ആക്ടിംഗ് അതുക്കും മേലെ....






ആന്റണി ചടയംമുറി



പൊതുസമൂഹം നല്ല പിരിമുറുക്കത്തിലാണ്. മൂന്നോ നാലോ മാസങ്ങൾ കഴിഞ്ഞ് നടക്കാൻപോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പായി ജനം കാണാത്ത കാഴ്ചകൾ കാണുന്നു. ഒരിക്കലും കേട്ടിട്ടില്ലാത്ത പുന്നാരപ്പാട്ടുകൾ കേൾക്കുന്നു. പ്രാദേശിക നേതാക്കൾപോലും കടന്നു ചെല്ലാത്ത വീട്ടിലേക്ക് നടക്കല്ലുകൾ കയറിയെത്തുന്നു. കഴിഞ്ഞ ഒമ്പതു വർഷമായി പൊതുജനത്തെ 'എണ്ണത്തോണിയി'ലിട്ട് തടവി സുഖിപ്പിച്ച കഥകൾ അവർ ഓർത്തെടുത്തു പറയുന്നു. വികസനം കൊണ്ടുവന്ന സർക്കാരാണ് ഇടതു സർക്കാരുകൾ എന്ന് പറയുന്നതോടെ, പലരും പറമ്പിൽ നാട്ടിയ 'ഗതി കിട്ടാത്ത സർവേക്കല്ലുകൾ' ചൂണ്ടിക്കാട്ടി 'തന്നെ തന്നെ' എന്ന സൂരാജ് ശൈലി മറുപടി കാച്ചുന്നു എന്നിട്ട്, ശ്രീനിവാസന്റെ സിനിമയിലെ ഒരു കഥാപാത്രം പറയുന്നതുപോലെ 'സഖാവിന് ഭരണം കിട്ടണേ, തോറ്റുപോകല്ലേ' യെന്ന് നേതാക്കളോട് പറയുന്നു.

ഇനിയും വരണം, കാണണമെന്ന ഗുഡ്ബൈ വാക്യത്തിന് തെല്ല് ചൊരുക്കില്ലേയെന്ന് ദേശീയനേതാക്കൾ സംശയിക്കുമ്പോൾ, പ്രാദേശികനേതാവ് വീട്ടുകാരെനോക്കിഇളിച്ചുകാട്ടിനടക്കല്ലിറങ്ങുന്നു. മറന്നുവച്ചുപോയ ലഘുലേഖയുടെ കെട്ടെടുക്കാൻ തിരികെ ചെന്നപ്പോൾ വീട്ടുകാർ അതെല്ലാം എടുത്ത് മുറ്റത്തെറിഞ്ഞിരിക്കുന്നു. അപ്പോൾ കുടുംബനാഥൻ എന്ന കു. നാഥൻ ആത്മഗതംപോലെ പറയുന്നു: ''ഓ എന്തൊരു നശിച്ച കാറ്റാ ഇത്. സഖാവേ എല്ലാം പറന്നുപോയതാ'' വീണ്ടും ലോക്കൽ നേതാവ് വളിച്ച ചിരിയോടെ ലഘുലേഖകൾ മുറ്റത്തുനിന്ന് പെറുക്കിയെടുത്ത് തിരികെ നടക്കുമ്പോൾ ഉള്ളിൽ പറയുന്നു: അടുത്ത ഭരണം കിട്ടട്ടെ, നിന്നെ എടുത്തോളാം. പക്ഷെ കു.നാഥന്റെ പുറത്തുകേൾക്കാത്ത ഒരു ആത്മഗതം മറുപടിയായി സഖാവിന്റെ പിന്നാലെ ഇഴഞ്ഞെത്തി. ''കിട്ടും അടുത്ത ഭരണമല്ലേ, നീ ഞൊട്ടും !''

## പൊതുജനമല്ലേ, ലാസ്റ്റ് വാക്ക്...

മാധ്യമങ്ങളിലുംപാർട്ടിക്കാരുടെവാക്പോര് കടുത്തിട്ടുണ്ട്. വെള്ളാപ്പള്ളി നടേശനും ജി.സുകുമാരൻ നായരും ഒരുമിച്ചൊരു സഖ്യമുണ്ടാക്കിക്കഴിഞ്ഞു. സംവരണത്തിന്റെ പേരിൽ രണ്ടു തട്ടിൽ നിൽക്കുന്നവരുടെ അപൂർവ്വ സഖ്യം 'നടേശാ, കൊല്ലേണ്ട' എന്ന് പിണറായി പറഞ്ഞതുകൊണ്ടുമാത്രം കൊല്ലാതെ വിട്ട വി.ഡി. സതീശനെ 'ഊടുപാട്' ആക്രമിക്കുകയാണ് കണിച്ചുകുളങ്ങരയിലെ ക്യാപ്ടൻ. എൻ.എസ്.എസ്. സെക്രട്ടറി ജി.സുകുമാരൻ നായരാകട്ടെ, ''സതീശനൊക്കെ എന്ത്, രമേശല്ലേ വീരൻ'' എന്ന മട്ടിൽ മയത്തിലാണ് നയം വ്യക്തമാക്കിയിട്ടുള്ളത്.

'ഇളം കള്ളിനും മൂത്ത കള്ളിനും' ചെത്തുന്ന പരുവം പലനേതാക്കളിലും കണ്ടുതുടങ്ങി. കഴിഞ്ഞ 30 വർഷമായി എസ്.എൻ.ഡി.പി. എന്ന സംഘടനയുടെ അനിഷേധ്യ നേതൃത്വം വെള്ളാപ്പള്ളി നടേശനുണ്ട്. തൊണ്ടി മുതലിന്റെ ഒരു പങ്ക് കൃത്യമായി വീതിച്ചു നൽകി 35 ലക്ഷത്തോളം വരുന്ന എസ്.എൻ.ഡി.പി.ക്കാരെ 147 ഓളം യൂണിയനുകളാക്കി ഇപ്പോഴും ഭരിച്ചുകൊണ്ടിരിക്കുന്ന നടേശൻ ചില്ലറക്കാരനല്ല. പുള്ളിക്കാരനെ തോൽപ്പിക്കാൻ നോക്കുന്നവർ, കണിച്ചുകുളങ്ങരയിൽ നിന്ന് പലപ്പോഴും രക്ഷപ്പെട്ടത് ദേശീയ പാതയിൽ കയറാതെ ഉള്ളുവഴികളിലൂടെയാണ്. സി.കെ. വിദ്യാസാഗർ, ഗോകുലം ഗോപാലൻ തുടങ്ങി നടേശനെതിരെ അങ്കത്തിനിറങ്ങിയവരുടെ പട്ടിക നീണ്ടതാണ്.

കാരണം, തന്റെ സ്വന്തക്കാരെ മാത്രം വച്ചാണ് നടേശ ഭരണം. കണ്ണൂരിലെ യോഗം വക കോളജിന്റെ മാനേജർ പോലും ചേർത്തലയിൽ നിന്ന് നടേശൻ റിക്രൂട്ട് ചെയ്തവരായിരിക്കും. മദ്യത്തിനെതിരെ ജീവിതം മുഴുവൻ പോരാടിയ സാമൂഹിക നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള പ്രസ്ഥാനം മദ്യ നിർമ്മാണം, വിപണനം എന്നീമേഖലകളിലേക്ക് എങ്ങനെ വളർത്തപ്പെട്ടുവെന്നതിന് ചരിത്രം തന്നെ സാക്ഷി. എല്ലാ രാഷ്ട്രീയ പാർട്ടികളെയും തന്ത്രപൂർവം കൂടെ നിർത്താൻ നടേശൻ കാണിച്ച മെയ് വഴക്കം ഏതായാലും അഭിനന്ദിക്കപ്പെടേണ്ടതാണ്. ജയശങ്കർ വക്കീലിന്റെ ഭാഷയിൽ പറഞ്ഞാൽ നടേശ ഗുരുവിന് ഒറ്റ കുഴപ്പമേയുള്ളൂ. അദ്ദേഹം ആരെയെങ്കിലും ജയിപ്പിക്കുമെന്നു പറഞ്ഞാൽ, ആ സ്ഥാനാർത്ഥി തോറ്റിരിക്കും. തോൽപ്പിക്കുമെന്നു പറഞ്ഞാലോ? നടേശ ശത്രു ഗംഭീര ഭൂരിപക്ഷത്തിൽ ജയിച്ചുവരും.

ഉദാഹരണങ്ങൾ നിരത്താം: വി.എം. സുധീരനെ ഒരിക്കൽ തോൽപ്പിക്കാൻ വെള്ളാപ്പള്ളി പല അടവുകളും പയറ്റിയെങ്കിലും സുധീരൻ ജയിച്ചത് ഒരുപാട് പഴക്കമുള്ള കഥയല്ല. ഈയിടെ കെ.സി.വേണുഗോപാലിനെയും പി.സി.വിഷ്ണുനാഥിനെയും തോൽപ്പിക്കാൻ ''കുളിച്ച് കുറിതൊട്ടി''റങ്ങിയ നടേശന്റെ വെല്ലുവിളിയും ഏറ്റില്ല. പറവൂരിൽ വി.ഡി.സതീശനെ തോൽപ്പിക്കാൻ ശ്രമിച്ചതും, സതീശൻ വൻഭൂരി പക്ഷത്തോടെ ജയിച്ചതും ഓർമ്മിക്കുന്നു.

## എന്തുകൊണ്ട് സതീശനെ എതിർക്കുന്നു?

വെള്ളാപ്പള്ളിക്ക് സതീശനോട് പണ്ടേ കലിപ്പാണ്. നടേശന്റെ 'മുതലാളി ഗമ' പൂർണ്ണമായും വകവച്ചുകൊടുക്കാൻ സതീശൻ തയ്യാറല്ല. രാവിലെ കണിച്ചുകുളങ്ങര വീട്ടിൽ കളിച്ച് കുറിതൊട്ട് സ്വർണ്ണ വാച്ചും കെട്ടി പൂമുഖത്തെ കസേരയിൽ നടേശൻ ഇരിപ്പുറപ്പിക്കുന്നതു തന്നെ, അന്നു തന്റെ കാലിൽ വീണ് നമസ്ക്കരിക്കാൻ സമയം ചോദിച്ചിട്ടുള്ളവരുടെ ലിസ്റ്റുമായിട്ടാണ്. തെരഞ്ഞെടുപ്പ് കാലമാകുമ്പോൾ, നടേശൻ മുതലാളി രാത്രികാലത്തുപോലും ദർശനം നൽകും; സംഭാവന നൽകും. വർഷങ്ങളായുള്ള ശീലമാണ്. എന്നാൽ ഇത്തരമൊരു 'മുതലാളി അടിയാൻ' ബന്ധത്തിന് പായ വിരിച്ചുകൊടുക്കാൻ മടിക്കുന്ന നേതാക്കളിൽ ഒരാളാണ് സതീശൻ. മാത്രമല്ല, സതീശൻ മുഖ്യമന്ത്രിയായാൽ തനിക്കെതിരെയുള്ള എല്ലാകേസുകളും വീണ്ടും തലപൊക്കിയേക്കുമെന്ന് മുതലാളിക്ക് നെഞ്ചിടിപ്പുമുണ്ട്. അതുകൊണ്ട്, 'താൻ ഒറ്റയ്ക്കു നിന്നാൽപോരാ' സതീശനെ വീഴ്ത്താൻ എന്ന ചിന്താഗതിയിലാണ് സുകുമാരൻ നായരെ കൂട്ടുപിടിച്ചത്. പണ്ട് 'നായാടി മുതൽ നമ്പൂതിരി' വരെ എന്ന പരസ്യവാചകത്തിലൂന്നി ഹൈന്ദവരെ ഒന്നിച്ചുകൂട്ടാൻ ശ്രമിച്ച കണിച്ചുകുളങ്ങരയിലെ പ്രജാപതി ഇപ്പോൾ അതേ ടാഗ് ലൈൻ ഒന്ന് പുതുക്കിയിട്ടുണ്ട്. പുതിയത് ഇങ്ങനെ: ''നായാടി മുതൽ നസ്രാണി'' വരെ!

## ബാറിന്റെ നിറം പച്ച, അതെ പച്ച തന്നെ!

തന്റെ സമൂഹസേവനം ഒന്നാന്തരമൊരു കച്ചവട ശൃംഖലയായി നടേശൻ മുതലാളി വികസിപ്പിച്ചു കഴിഞ്ഞു. മുസ്ലീംങ്ങൾക്കെതിരെ ചിലപ്പോൾ എന്തെങ്കിലുമെല്ലാം വിളിച്ചുപറയുന്ന ഈ മദ്യ രാജാവ്, മുസ്ലീംങ്ങൾ തിങ്ങിപ്പാർക്കുന്ന അമ്പലപ്പുഴയിൽ ഒരിടത്ത് നടത്തിവരുന്ന ബാറിന്റെ പേര് ''വഹിദ'' എന്നാണ്. പ്രകൃതി സ്നേഹം കൊണ്ടല്ല, ബാറിന് മൊത്തമായി പച്ചനിറമടിച്ചിട്ടുള്ളതെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്?

പിണറായി ഭരണത്തിന്റെ സവിശേഷതകളിൽ ഒന്ന് കൃത്യമായ കണക്കില്ല, ഒരു കാര്യത്തിനുമെന്നതാണെന്ന് ചിലർ ആരോപിക്കാറുണ്ട്. അതുപോലെ തന്നെയാണ് എസ്.എൻ.ഡി.പി.യുടെയും ട്രസ്റ്റിന്റെയും കാര്യമെന്ന് അദ്ദേഹത്തെ എതിർക്കുന്നവർ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ശ്രീനാരായണ പ്രസ്ഥാന പരിധിയിൽപെട്ട കലാലയങ്ങളിൽ 103 നിയമനങ്ങൾ നടന്നു. ആ നിയമനങ്ങൾക്ക് എത്ര തുക വാങ്ങിയെന്ന് ഈ പ്രസ്ഥാനത്തിന്റെ ഭാരവാഹികൾ വിശദീകരിക്കാത്തതിൽ പല സമുദായനേതാക്കൾക്കും എതിർപ്പുണ്ട്.

ഒരർത്ഥത്തിൽ പിണറായിയേയും കേന്ദ്രത്തെയും ഒരുപോലെ സോപ്പിടുകയാണ് വെള്ളാപ്പള്ളി. കാരണം മുഖ്യമന്ത്രികാറിൽ കയറ്റിയ സമുദായ നേതാവ് ഒരു ക്രിമിനൽ കേസിൽ പ്രതിയാണെന്ന കാര്യം അദ്ദേഹം എന്തേ മറന്നുവെന്ന് മാധ്യമങ്ങൾ ചോദിക്കുന്നുണ്ട്. 2015 ഓഗസ്റ്റിൽ കാലാവധി തീർന്ന ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭാരവാഹികളെ കണ്ടെത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ 200 പ്രതിനിധികൾക്ക് ഒരുവോട്ട് എന്ന പ്രാതിനിധ്യ രീതിയിലുള്ള അനുപാതത്തിനെതിരെ ചിലർ കോടതി കയറി. എല്ലാവർക്കും വോട്ട് അവകാശം വേണമെന്നായിരുന്നു അവരുടെ വാദം. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ തീരുമാനമെടുക്കട്ടെയെന്നായിരുന്നു സുപ്രീം കോടതി വിധി. ഇതിനായി രജിസ്ട്രേഷൻ വിഭാഗം ഐ.ജി. തലവനായുള്ള ഒരു സമിതിയെ സംസ്ഥാന സർക്കാർ നിയോഗിച്ചുവെങ്കിലും, ഇതുവരെ യോഗം ചേർന്നിട്ടില്ല. എന്ത് വിവാദമുണ്ടായാലും അതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തുന്ന രീതി ഇടതു സർക്കാരിനുണ്ട്. പി.എം.ശ്രീ വിവാദത്തിൽനാം അത് കണ്ടതാണ്. ഇതുവരെയും പി.എം.ശ്രീക്കു വേണ്ടി നിയോഗിച്ച ഉപസമിതിയോഗം ചേർന്നിട്ടേയില്ല.

മൈക്രോഫിനാൻസ് തട്ടിപ്പിൽ നടേശനെതിരെ 2015ൽ കേസെടുത്തത് മുൻ മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദനാണ്. വെള്ളാപ്പള്ളിയെ 'പലിശ നടേശൻ' എന്ന് കളിയാക്കി വിളിക്കാൻ പോലും സഖാവ് മടിച്ചില്ല. ശബരിമല കൊള്ള അന്വേഷിക്കുന്ന എസ്.പി. ശശിധരനെയാണ് ഹൈക്കോടതി കേസ് അന്വേഷണത്തിന് ശുപാർശ ചെയ്തത്. പക്ഷെ സർക്കാർ ആ കോടതിവിധി അനുസരിക്കാതെ ഉഴപ്പി. മൈക്രോഫിനാൻസ് തട്ടിപ്പ് കേസ് വളരെ ഗുരുതര സ്വഭാവമുള്ള കേസാണ്. സർക്കാരിന്റെ പിന്നാക്ക വികസനകോർപ്പറേഷനിൽ നിന്ന് 2 ശതമാനം പലിശ നൽകി മുതലാളി വായ്പയെടുത്ത് 12 ശതമാനം നിരക്കിൽ എസ്.എൻ.ഡി.പി. ശാഖകളിലൂടെ നൽകിയെന്നതാണ് കേസ്. എന്നാൽ, പിണറായിയുടെ പൊലീസ് എന്തോ കേസന്വേഷണം ഉഴപ്പുകയാണ്.

## എൻ.എസ്.എസ്. പ്രീണനം പണ്ടേ മുതലേ...

എൻ.എസ്.എസിന് പാട്ട ഭൂമി പതിച്ചു നൽകിയതിലും കലാലയ നിയമനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയതും അടുത്തകാലത്താണ്. സുപ്രീം കോടതി വഴി അധ്യാപക നിയമന തടസ്സം എൻ.എസ്.എസ്. മാറ്റിയെടുത്തുവെങ്കിൽ അതേ നിയമ പ്രകാരം നടത്തുന്ന ക്രൈസ്തവ മാനേജ്മെന്റുകളുടെ കലാലയങ്ങൾക്ക് ''പെരുന്ന''ക്കാർക്ക് നൽകിയ ഈ ആനുകൂല്യം 2 വിദ്യാഭ്യാസ മന്ത്രിമാരും (പൊതുവും ഉന്നതവും) നിഷേധിച്ചു. രണ്ടുപേരും അതേ സമുദായത്തിൽപെട്ടവരായതിനാൽ ഈ നിയമനങ്ങൾ നൽകാതിരിക്കുന്നത് ആരെ പ്രീണിപ്പിക്കാനാണ്?

രാഷ്ട്രീയക്കാർ പെരുന്നയിലും കണിച്ചുകുളങ്ങരയിലും പോകുമ്പോൾ, അവിടെ തിണ്ണയില്ലെന്ന് ചിലർ വാദിക്കുന്നതെന്തിന്? സിനഡ് പിതാക്കന്മാരെ കാണാൻ പ്രതിപക്ഷ നേതാവ് പോയത് തിണ്ണ നിരങ്ങാനായിരുന്നുവെന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്? ഇലക്ഷൻ കാലത്തായാലും അല്ലെങ്കിലും സമുദായ നേതാക്കളെ കാണുന്നതിൽ എന്തിന് മതം നോക്കണം? ചിലരുടെ തിണ്ണകൾ സ്വർണ്ണം പൂശിയതും, നോട്ടടുക്കിവച്ചുള്ളതുമെല്ലാമായിരിക്കാം അതുകൊണ്ടാണോ ഇത്ര കലിപ്പ്. നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് വർഗീയ കാർഡിറക്കാൻ ഇടതുഭരണകൂടം തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. ബി.ജെ.പി. എന്ന പാർട്ടി സഖാക്കൾക്ക് 'ബാലികേറാമല'യല്ലെന്ന് രണ്ട് മുൻ എം.എൽ.ഏമാർ അവരുടെ പാർട്ടി മാറ്റത്തിലൂടെ വ്യക്തമാക്കിക്കഴിഞ്ഞു. വയനാട്ടിലെ ജനകീയനേതാവ് ഏ.വി. ജയനെ പോലെയുള്ളവർ പാർട്ടിവിട്ടുകഴിഞ്ഞു. പ്രാദേശികമായി സി.പി.എം.ലെ കൊഴിഞ്ഞുപോക്ക് ബി.ജെ.പി.പക്ഷത്തിലേക്ക് ആകുന്നത് അപകടകരമാണ്.

വർഗീയതയുടെ വിഷം വിളമ്പിയായാലും വേണ്ടിയല്ല, ഭരണം തങ്ങൾക്ക് വേണമെന്ന് പിണറായിയും കൂട്ടരും ചിന്തിക്കുന്നു. ഏ.കെ.ബാലനായാലും സജി ചെറിയാനായാലും ഇക്കാര്യത്തിൽ നിലമൊരുക്കുവാൻ പിണറായി അഴിച്ചുവിട്ടിരിക്കുന്ന നേതാക്കൾ തന്നെയാണ്. ഇന്ന് പറഞ്ഞതെല്ലാം ഒരു പത്രക്കുറിപ്പിലൂടെ തിരുത്തിയ സജി ചെറിയാന്റെ 'ഇസ്ലാം ഫോബിയ' സൃഷ്ടിക്കുന്ന പാഴ് വാക്കുകൾ തീർച്ചയായും കേരളത്തിന്റെ മതേതരത്വ സ്ട്രക്ച്ചറിന് ഏൽപ്പിക്കുന്ന മുറിവുകളുടെ എണ്ണം 51' എന്ന പരിധി പണ്ടേ കടന്നു കഴിഞ്ഞിട്ടുണ്ട് !



# LAND FOR SALE at Kelantan State, Malaysia








**The Company has an Estate 9,526 acres in size. The Estate is along Gua Musang – Kuala Krai, Kelantan main road, Malaysia. It is about 65km from Gua Musang and 55km from Kuala Krai.**

**Company estate is planted with Rubber & Palm Oil trees in Malysia for sale. We are looking for potential buyers. This land can be purchased by foreigners / companies too.**

**Asking price per acre is RM35k . it can be negotiable. Price is including company Assets like machineries, vehicles and infrastructures. Can take over the management, which consist of managers, asst. managers and labourers, who are well versed with work routines, and the estate boundaries.**

**Recently we got approval from government to bringing in foreign Tappers/foreign workers. This also we can channel it. Stamping fee at 0.3% of purchase price and buyer's own legal fee. No other taxes.**

**Contact : WhatsApp +91 9447155513 M.T. Thomas**
**Email: bobby.thomas@thomsonrubbers.com**

# 10 വർഷം, ഒരുപാട് പരാജയങ്ങൾ, പക്ഷെ എൻറെ സമയം വരുമെന്ന് എനിക്കുറപ്പായിരുന്നു', സഞ്ജു സാംസൺ

മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ അരങ്ങേറിയിട്ട് 10 വർഷമായെങ്കിലും ഇതുവരെ ഒരു ലോകകപ്പ് മത്സരത്തിൽ കളിക്കാനാവാത്തതിൻറെ നിരാശ തുറന്നു പറഞ്ഞ് മലയാളി താരം സഞ്ജു സാംസൺ.2024ലെ ടി20 ലോകകപ്പ് ടീമിലുണ്ടായിരുന്നെങ്കിലും ഒരു മത്സരത്തിൽ പോലും സഞ്ജുവിന് പ്ലേയിംഗ് ഇലവനിൽ അവസരം ലഭിച്ചിരുന്നില്ല. അടുത്ത മാസം തുടങ്ങുന്ന ടി20 ലോകകപ്പിൽ ഇന്ത്യയുടെ പ്രധാന വിക്കറ്റ് കീപ്പറും ഓപ്പണറുമാണ് സഞ്ജു. ബിസിസിഐ ടിവിക്ക് നൽകിയ അഭിമുഖത്തിലാണ് കഴിഞ്ഞ 10 വർഷത്തെ തൻറെ കരിയറിലേക്ക് തിരിഞ്ഞുനോക്കിയത്.കഴിഞ്ഞ 10 വർഷത്തിനിടയിൽ, എനിക്ക് നിരവധി പരാജയങ്ങളും ചില വിജയങ്ങളും ഉണ്ടായിട്ടുണ്ട്.

ഇന്ത്യൻ ടീമിനായി ഒരു ലോകകപ്പ് കളിക്കാരനാകാൻ ഞാൻ എന്ത് വില നൽകണമെന്നും അത് എനിക്ക് എത്ര മാത്രം വേണമെന്നും മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. 2024 ലോകകപ്പ് ടീമിൽ ഞാൻ ഉണ്ടായിരുന്നെങ്കിലും, എനിക്ക് ഒരു മത്സരം പോലും കളിക്കാൻ കഴിഞ്ഞില്ല. ചുരുക്കി പറഞ്ഞാൽ, എന്റെ കരിയർ ഉയർച്ച താഴ്ചകളിലൂടെ കടന്നുപോയി. പലപ്പോഴും ഞാൻ പ്രതീക്ഷിച്ച രീതിയിൽ കാര്യങ്ങൾ നടന്നില്ല. എന്നിരുന്നാലും, അടുത്ത മാസം ആരംഭിക്കുന്ന ടി20 ലോകകപ്പിനുള്ള 15 അംഗ ടീമിൽ ഉൾപ്പെട്ടതിൽ ഞാൻ അങ്ങേയറ്റം നന്ദിയുള്ളവനാണ്,' സഞ്ജു പറഞ്ഞു.ഇന്ത്യക്കായി കളിക്കുമ്പോൾ ചുറ്റുമുള്ള വിമർശനങ്ങളെയും ബഹളങ്ങളെയും അവഗണിക്കുക എന്നത് വളരെ പ്രയാസകരമായ കാര്യമാണ്. അതിനെ നേരിടാൻ ഞാൻ എനിക്ക് ചുറ്റും എൻറേതായ ഒരു ലോകം തീർത്തു. ഒപ്പമുള്ളവരെ കൂടുതൽ കരുത്തുറ്റവരാക്കി. ചെറിയ കാര്യങ്ങളിൽ പോലും ശ്രദ്ധ കേന്ദ്രീകരിച്ചു. എൻറെ സമയം വരുമെന്ന് എനിക്ക് ഉറപ്പായിരുന്നു. അചഞ്ചലമായ ആ വിശ്വാസമാണ് പിന്നീട് സംഭവിച്ച എല്ലാ വിജയങ്ങളുടെയും അടിത്തറയായി മാറിയത്.







# കോഹ്‌ലി വീണു, ഏകദിന റാങ്കിങ്ങിൽ ഡാരിൽ മിച്ചൽ നമ്പർ വൺ

ന്യൂസിലൻഡിനെതിരായ പരമ്പര 1-2 ന് തോറ്റതിന് പിന്നാലെ ഐസിസി ഏകദിന റാങ്കിംഗിൽ ഒന്നാം സ്ഥാനത്ത് നിന്ന് പിന്തള്ളപ്പെട്ട് ഇന്ത്യൻ സ്റ്റാർ ബാറ്റ്സ്മാൻ വിരാട് കോഹ്‌ലി. കിവി ബാറ്റ്സ്മാൻ ഡാരിൽ മിച്ചൽ ആണ് പുതിയ ഒന്നാം സ്ഥാനക്കാരൻ. കോഹ്‌ലിയുടെ റേറ്റിംഗ് 10 പോയിന്റ് വർദ്ധിച്ചെങ്കിലും, ഇന്ത്യയ്ക്കെതിരായ മികച്ച ഏകദിന പരമ്പരയ്ക്ക് ശേഷം മിച്ചൽ അദ്ദേഹത്തെ മറികടന്നു. ന്യൂസിലൻഡ് ബാറ്റ്സ്മാൻ 784 പോയിന്റിൽ നിന്ന് 845 ആയി ഉയർന്നു, മിച്ചലിനും കോഹ്‌ലിക്കും പിന്നിൽ, അഫ്ഗാനിസ്ഥാന്റെ ഇബ്രാഹിം സാദ്രാൻ മൂന്നാം സ്ഥാനം നേടി. ഇന്ത്യയുടെ രോഹിത് ശർമ്മ നാലാം സ്ഥാനത്താണ്. ഐസിസി ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ കെ.എൽ. രാഹുൽ പത്താം സ്ഥാനത്തേക്ക് ഉയർന്നു. ശ്രേയസ് അയ്യർ പതിനൊന്നാം സ്ഥാനത്തും ശുഭ്മാൻ ഗിൽ അഞ്ചാം സ്ഥാനത്തും തുടരുന്നു.ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയിലെ മികച്ച പ്രകടനത്തിന് ശേഷമാണ് രാഹുലിന്റെ ഉയർച്ച. പരമ്പരയിലെ ആദ്യ മത്സരത്തിൽ തന്നെ മികച്ച പ്രകടനം കാഴ്ചവെച്ച 32-കാരൻ രണ്ടാം മത്സരത്തിൽ മികച്ച സെഞ്ച്വറി നേടി ടീമിനെ വിജയത്തിലെത്തിച്ചു.

### ബാറ്റ്സ്മാന്മാരുടെ ഐസിസി ഏകദിന റാങ്കിംഗുകൾ

1. ഡാരിൽ മിച്ചൽ (ന്യൂസിലാൻഡ്)
   റേറ്റിംഗ് പോയിന്റുകൾ: 845
2. വിരാട് കോഹ്‌ലി (ഇന്ത്യ)
   റേറ്റിംഗ് പോയിന്റുകൾ: 795
3. ഇബ്രാഹിം സദ്രാൻ (അഫ്ഗാനിസ്ഥാൻ)
   റേറ്റിംഗ് പോയിന്റുകൾ: 764
4. രോഹിത് ശർമ്മ (ഇന്ത്യ)
   റേറ്റിംഗ് പോയിന്റുകൾ: 757
5. ശുഭ്മാൻ ഗിൽ (ഇന്ത്യ)
   റേറ്റിംഗ് പോയിന്റുകൾ: 723
6. ബാബർ അസം (പാകിസ്ഥാൻ)
   റേറ്റിംഗ് പോയിന്റുകൾ: 722
7. ഹാരി ടെക്ടർ (അയർലൻഡ്)
   റേറ്റിംഗ് പോയിന്റുകൾ: 708
8. ഷായ് ഹോപ്പ് (വെസ്റ്റ് ഇൻഡീസ്)
   റേറ്റിംഗ് പോയിന്റുകൾ: 701
9. ചരിത അസലങ്ക (ശ്രീലങ്ക)
   റേറ്റിംഗ് പോയിന്റുകൾ: 690
10. കെ.എൽ. രാഹുൽ (ഇന്ത്യ)
    റേറ്റിംഗ് പോയിന്റുകൾ: 670
11. ശ്രേയസ് അയ്യർ (ഇന്ത്യ)
    റേറ്റിംഗ് പോയിന്റുകൾ: 656
12. ട്രാവിസ് ഹെഡ് (ഓസ്ട്രേലിയ)

## 'താൻ ഫോം ഔട്ടല്ല, റൺസ് ഔട്ട് മാത്രം, എന്റെ ശൈലി മാറ്റില്ല; സൂര്യകുമാർ

ഏറെക്കാലമായി തുടരുന്ന ബാറ്റിംഗ് ഫോമിലെ ഇടിവ് ഇന്ത്യൻ നായകൻ സൂര്യകുമാർ യാദവിന് വലിയ തലവേദനയാകുന്നു. ഏഷ്യാ കപ്പിലടക്കം കഴിഞ്ഞ പരമ്പരകളിലൊന്നും ഫോമിലേക്കുയരാൻ താരത്തിന് സാധിച്ചിട്ടില്ല.2024 ഒക്ടോബറിലാണ് കുട്ടി ക്രിക്കറ്റിലെ മുൻ നമ്പർ വൺ ബാറ്ററായ സൂര്യ അവസാനമായി ഒരു അർധ സെഞ്ച്വറി നേടിയത്. ക്യാപ്റ്റൻസി ഏറ്റെടുത്തതിന് ശേഷം സ്കൈയുടെ പ്രകടനത്തിൽ വലിയ മാറ്റമുണ്ടായെന്ന് വിമർശനം



ഉയരുമ്പോഴും, താൻ ഫോം ഔട്ടല്ലെന്നും റൺസ് ഔട്ട് മാത്രമാണെന്നുമാണ് താരം ഇതിനെ ന്യായീകരിക്കുന്നത്. ന്യൂസിലൻഡിനെതിരായ ടി20 പരമ്പരയ്ക്ക് മുന്നോടിയായി നടത്തിയ പ്രതികരണത്തിലും സൂര്യ ഇതേ നിലപാട് ആവർത്തിച്ചു. ബാറ്റിംഗ് പൊസിഷനിൽ സാഹചര്യം ആവശ്യപ്പെടുന്നതിനനുസരിച്ച് മാറ്റങ്ങൾ വരുത്താൻ താൻ തയ്യാറാണെന്ന് സൂര്യ വ്യക്തമാക്കി. മൂന്നാം നമ്പറിലും നാലാം നമ്പറിലും താൻ ബാറ്റ് വീശിയിട്ടുണ്ടെന്നും നാലാമനായി ഇറങ്ങുമ്പോഴാണ് കൂടുതൽ മികവ് പുലർത്താൻ കഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ തിലക് വർമ്മ വൺ ഡൗൺ റോളിൽ മികച്ച പ്രകടനം നടത്തുന്നുണ്ട്.എന്നാൽ ഓപ്പണറായ സഞ്ജു സാംസൺ പുറത്താകുന്ന ഘട്ടത്തിൽ ഒരു വലംകയ്യൻ ബാറ്ററെയാണ് ടീമിന് ആവശ്യമെങ്കിൽ ആ സ്ഥാനത്ത് താൻ ഇറങ്ങുമെന്നും സൂര്യ കൂട്ടിച്ചേർത്തു. സ്കോർ ചെയ്യാൻ കഴിയുന്നില്ല എന്നത് സത്യമാണെങ്കിലും തന്റെ വ്യക്തിത്വവും കഴിഞ്ഞ കുറച്ചു വർഷങ്ങളായി പിന്തുടരുന്ന ബാറ്റിംഗ് ശൈലിയും മാറ്റാൻ ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.




# ജെല്ലി ഫിഷ് വസ്ത്രത്തിൽ കോർട്ടിൽ!

# നവമി ഒസാക്കയ്ക്ക് വിജയത്തുടക്കം


ഓസ്ട്രേലിയൻ ഓപ്പൺ സെൻട്രൽ കോർട്ടിനെ ഫാഷൻ റാംപാക്കി മാറ്റി മുൻ ലോക ഒന്നാം നമ്പർ താരം നവൊമി ഒസാക്ക. വെളുത്ത കുടയും തൊപ്പിയും തിരമാലകൾപോലെ തോന്നിക്കുന്ന വസ്ത്രവുമണിഞ്ഞ് നവൊമി ഒസാക്കയുടെ വരവ്. ജെല്ലിഫിഷിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ് ഡിസൈൻ. നൈക്കിയുമായി ചേർന്ന് താൻ തന്നെയാണ് വസ്ത്രം ഡിസൈൻ ചെയ്തതെന്ന് മൽസരശേഷം ഒസാക്ക അഭിമുഖത്തിൽ പറഞ്ഞു. മൽസരത്തിൽ ക്രൊയേഷ്യൻ താരം അന്റോണിയ റൂസിച്ചിനെ 6-3, 3-6, 6-4 എന്ന സ്കോറിന് പരാജയപ്പെടുത്തി മെൽബൺ പാർക്കിൽ രണ്ടാം റൗണ്ടിൽ പ്രവേശിച്ചു.സ്പെയിനിന്റെ കാർലോസ് അൽക്കരാസ് ഇന്ന് രണ്ടാം റൗണ്ട് മൽസരത്തിനിറങ്ങും. ഈ സീസണോടെ വിരമിക്കുന്ന ഫ്രഞ്ച് താരം ഗൈൽ മോൺഫിൽസ് യോഗ്യതാ റൗണ്ട് കടന്നെത്തിയ ഓസീസ് താരം ഡെയിൻ സ്വീനിയോട് തോറ്റ് ആദ്യ റൗണ്ടിൽ പുറത്തായി

## ‘വരുന്നു, റൺസടിക്കുന്നു, ലണ്ടനിലേക്ക് പറക്കുന്നു’; കോഹ്‌ലിയുടെ സ്‌റ്റൈലിനെക്കുറിച്ച് മുഹമ്മദ് കൈഫ്



ഫോം തെളിയിക്കാൻ വിരാട് കോഹ്‌ലി ആഭ്യന്തര ക്രിക്കറ്റിന്റെ ഭാഗമാകേണ്ടതില്ലെന്ന് മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം മുഹമ്മദ് കൈഫ് . ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയിൽ കോഹ്‌ലി തന്റെ അസാധാരണ ഫോം തുടരുന്ന പശ്ചാത്തലത്തിലാണ് കൈഫിന്റെ പ്രതികരണം. മൂന്ന് മത്സരങ്ങളിൽ നിന്ന് 240 റൺസായിരുന്നു കോലി ന്യൂസിലൻഡിനെതിരെ നേടിയത്.‘വിരാട് ഇടയ്ക്കിടെ മാത്രം കാണുന്ന ഒരു കളിക്കാരനായി മാറിയിരിക്കുന്നു. പക്ഷേ, അദ്ദേഹം വരുന്നു, സ്ഥിരമായി റൺസ് നേടുന്നു, ലണ്ടനിലേക്ക് മടങ്ങുന്നു. നിരന്തരം ക്രിക്കറ്റ് കളിക്കാത്ത സാഹചര്യങ്ങളിൽ ഇതുപോലെ സ്ഥിരതപുലർത്തുക എന്നത് അത്ര എളുപ്പമുള്ള ഒന്നല്ല. അദ്ദേഹത്തിന്റെ പാഷൻ, ശാരീരിക ക്ഷമത, രാജ്യത്തിന് വേണ്ടി കളിക്കുന്നതിലുള്ള അഭിമാനം, കളിയേക്കുറിച്ചുള്ള അറിവ്, തയാറെടുപ്പ്, ഇതൊന്നും പകരം വെക്കാൻ കഴിയുന്നതല്ല. എല്ലാം അദ്ദേഹം തെളിയിച്ചിട്ടുള്ള കാര്യമാണ്,’’ കൈഫ് തന്റെ യൂടൂബ് ചാനലിൽ വ്യക്തമാക്കി.‘കോഹ്‌ലി ഇനി ആഭ്യന്തര ക്രിക്കറ്റ് കളിക്കണമെന്ന് ഞാൻ കരുതുന്നില്ല. മത്സര പരിശീലനം എല്ലാവർക്കും ലഭിക്കുന്ന ഒന്നാണ്. എന്നാൽ ക്രിക്കറ്റിനോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശം മറ്റെവിടെ നിന്നും വാങ്ങാൻ കഴിയാത്ത ഒന്നാണ്. അത് എവിടെ നിന്ന് ലഭിക്കുമെന്ന് എനിക്കറിയില്ല. ഈ അവസാന മത്സരത്തിൽ പോലും കോഹ്‌ലി ഇന്ത്യയുടെ പ്രതീക്ഷയായിരുന്നു. ‘ഒരു ടീമിനെതിരെ അദ്ദേഹത്തിന് ഇപ്പോഴും പിടിച്ചുനിൽക്കാൻ കഴിയും,’ കൈഫ് കൂട്ടിച്ചേർത്തു.സിഡ്നി ഏകദിനത്തിൽ അർദ്ധ സെഞ്ചുറി നേടിയതിന് ശേഷം കോലിയുടെ ബാറ്റ് വിശ്രമിച്ചിട്ടില്ല. കഴിഞ്ഞ് ഏഴ് ഇന്നിങ്സുകളിൽ നിന്ന് കോലി നേടിയത് 616 റൺസാണ്. ന്യൂസിലൻഡിനെതിരായ രണ്ടാം ഏകദിനത്തിൽ മാത്രമാണ് കോലി പരാജയപ്പെട്ടത്. കൈഫ് വ്യക്തമാക്കി.

## മെസി മാർച്ചിലും കേരളത്തിലേക്കില്ല



അർജന്റൈൻ ഇതിഹാസം ലിയോണൽ മെസി മാർച്ചിൽ കേരളത്തിലെത്തുന്നതിൽ വീണ്ടും അനിശ്ചിതത്വം. മാർച്ച് വിൻഡോയിൽ ഖത്തറിലാകും അർജന്റീനയുടെ മത്സരങ്ങൾ എന്നാണ് പുതിയ പ്രഖ്യാപനം.ഖത്തർ ഫുട്ബോൾ ഫെസ്റ്റിവലിന്റെ ഭാഗമായാകും അർജന്റീനയുടെ മത്സരങ്ങൾ. മാർച്ച് 26നും 31നും ഇടയിൽ ദോഹ വേദിയായ ഖത്തർ ഫുട്ബോൾ ഫെസ്റ്റിവലിലാണ് അർജന്റീന ടീമിന്റെ പങ്കാളിത്തം സംഘാടകർ പ്രഖ്യാപിച്ചത്. ആരാധകർ കാത്തിരിക്കുന്ന ഫൈനലിസിമ പോരാട്ടത്തിൽ മാർച്ച് 27ന് അർജന്റീന യൂറോപ്യൻ ചാംപ്യന്മാരായ സ്പെയിനിനെ നേരിടും.31-ാം തീയതി ആതിഥേയരായ ഖത്തറുമായി ആണ് രണ്ടാം മത്സരം. 2022ൽ അർജന്റീന വിശ്വകിരീടം ഉയർത്തിയ ലുസൈൽ സ്റ്റേഡിയത്തിൽ തന്നെയാകും മത്സരങ്ങൾ. ലോകകപ്പ് യോഗ്യത ഉറപ്പാക്കിയ സൌദി അറേബ്യ, ഈജിപ്ത്,ടീമുകൾക്കൊപ്പം സെർബിയയും ഖത്തർ ഫുട്ബോൾ ഫെസ്റ്റിവലിന്റെ ഭാഗമാകുമെന്നും അടുത്ത മാസം ടിക്കറ്റ് വിൽപ്പന തുടങ്ങുമെന്നും സംഘാടക സമിതി വ്യക്തമാക്കി.

## ഇന്ത്യയിൽ കളിക്കില്ലെന്ന് ബംഗ്ലാദേശ്; പിന്തുണയുമായി പാക്കിസ്ഥാൻ

2026 ട്വന്റി 20 ലോകകപ്പിൽ ഇന്ത്യയിലെ വേദികളിൽ കളിക്കാൻ വിസമ്മതിച്ച ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിന് പിന്തുണയുമായി പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡ്.ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധം വഷളായതിന് പിന്നാലെയാണ് സുരക്ഷാപ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ബംഗ്ലാദേശ് ഐസിസിയെ നിലപാട് അറിയിച്ചത്. ഈ സാഹചര്യത്തിലാണ് ബംഗ്ലാദേശിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ഐസിസി ബോർഡ് അംഗങ്ങൾക്ക് കത്ത് അയച്ചിരിക്കുന്നത്. ലോകകപ്പിലെ ബംഗ്ലാദേശിന്റെ പങ്കാളിത്തത്തിൽ അന്തിമതീരുമാനം ഇന്ന് ചേരുന്ന ഐസിസിയുടെ യോഗത്തിലുണ്ടായേക്കുമെന്നാണ് റിപ്പോർട്ടുകൾ.

ഗ്രൂപ്പ് ഘട്ടത്തിലെ ബംഗ്ലാദേശിന്റെ എല്ലാ മത്സരങ്ങളും ഇന്ത്യയിലാണ് നിശ്ചയിച്ചിരിക്കുന്നത്. ആദ്യത്തെ മൂന്ന് കളികൾ കൊൽക്കത്തയിലും ഒന്ന് മുംബൈയിലും. എന്നാൽ, തങ്ങളുടെ മത്സരങ്ങൾ ശ്രീലങ്കയിലേക്ക് മാറ്റണമെന്ന ഉറച്ച നിലപാടിൽ തന്നെയാണ് ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ്.

# രക്തസമ്മർദ്ദം കുറവാണോ? വിമാനയാത്ര നിങ്ങൾക്ക് അപകടകരമാകാനുള്ള കാരണം ഇതാ



നിശബ്ദകൊലയാളിയാണ് രക്തസമ്മർദം അഥവാ ബ്ലഡ് പ്രഷർ. ഉയർന്ന രക്തസമ്മർദ്ദത്തെ അപേക്ഷിച്ച് താഴ്ന്ന രക്തസമ്മർദ്ദമാണ് കൂടുതൽ ലക്ഷണങ്ങൾ പ്രകടിപ്പിക്കാറുള്ളത്. തുടർച്ചയായ ക്ഷീണം, തലകറങ്ങി വീഴുക, ദാഹം, തലകറക്കം, ഹൃദയമിടിപ്പിലെ വ്യത്യാസം എന്നിവയെല്ലാം താഴ്ന്ന രക്തസമ്മർദ്ദത്തിന്റെ പ്രധാന ലക്ഷണങ്ങളാണ്. കുറഞ്ഞ രക്തസമ്മർദ്ദമുള്ള ആളുകൾക്ക് വിമാനയാത്രയും അപകടസാധ്യത ഉണ്ടായേക്കാം. ക്യാബിൻ മർദ്ദം, നിർജ്ജലീകരണം തുടങ്ങിയ വിവിധ കാരണങ്ങളാൽ ഇത് സംഭവിക്കുന്നു.

**ക്യാബിനിലെ മർദ്ദം ഓക്സിജൻ കുറയ്ക്കുന്നു**

വിമാന ക്യാബിനുകളിൽ 5,000-8,000 അടി ഉയരത്തിന് തുല്യമായ മർദ്ദം നിലനിർത്തുന്നു, ഇത് ഓക്സിജന്റെ അളവ് കുറയ്ക്കുന്നു. കുറഞ്ഞ രക്തസമ്മർദ്ദമുള്ളവരിൽ, ഈ ഹൈപ്പോബാറിക് ഹൈപ്പോക്സിയ ഹൃദയത്തെ ബാധിക്കുന്നു, ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഓക്സിജൻ സമ്പുഷ്ടമായ രക്തം എത്തിക്കാൻ ഹൃദയത്തെ കൂടുതൽ ശക്തമായി പമ്പ് ചെയ്യാൻ നിർബന്ധിതമാക്കുന്നു.രക്തക്കുഴലുകൾഅസമമായി ചുരുങ്ങുകയും മർദ്ദം കൂടുതൽ കുറയുകയും ചെയ്യും. ഇത് ഒടുവിൽ തലകറക്കംഅല്ലെങ്കിൽഓക്കാനംഎന്നിവയിലേക്ക് നയിച്ചേക്കാം. വിമാനങ്ങളിൽ ഈർപ്പം കുറവായിരിക്കും, ഇത് പലപ്പോഴും 10–20% ആയി കുറയും. ഇത് ശ്വാസനാളങ്ങളെയും ചർമ്മത്തെയും വരണ്ടതാക്കുന്നു, നിർജ്ജലീകരണം ത്വരിതപ്പെടുത്തുന്നു, ഇത് രക്തത്തെ കട്ടിയാക്കുകയും ഹൈപ്പോടെൻഷന്റെ ലക്ഷണങ്ങൾ വഷളാക്കുകയും ചെയ്യുന്നു.

**ഓർത്തോസ്റ്റാറ്റിക് മർദ്ദം കുറയ്ക്കുക**

പെട്ടെന്ന് എഴുന്നേൽക്കുമ്പോൾ, ദീർഘനേരം ഇരിക്കുന്നത് മൂലം കാലുകളിൽ രക്തം കെട്ടിക്കിടക്കുന്നതിനാൽ, പോസ്ചറൽ ഹൈപ്പോടെൻഷൻ നിങ്ങൾക്ക് കാണാൻ കഴിയും. കൂടാതെ, ചലനമില്ലായ്മ പേശികളെ ദൃഢമാക്കുന്നു, ഇത് ഹൃദയത്തിലേക്കുള്ള സിരകളുടെ തിരിച്ചുവരവിനെ ബാധിക്കുന്നു.

**നിർജ്ജലീകരണം**

കാബിൻ വായു ഈർപ്പം വേഗത്തിൽ കുറയ്ക്കുകയും ദീർഘദൂര യാത്രകളിൽവീണ്ടുംനിറയ്ക്കാതെയാത്രക്കാർക്ക് നിർജ്ജലീകരണത്തിന് കാരണമാകുന്നു. നിർജ്ജലീകരണം സംഭവിച്ച രക്തം മന്ദഗതിയിൽ ഒഴുകുന്നു, ഇത് ഇതിനകം താഴ്ന്ന മർദ്ദമുള്ള സിസ്റ്റത്തെ ബുദ്ധിമുട്ടിക്കുകയും കാഴ്ച മങ്ങുയോ ആശയക്കുഴപ്പമുണ്ടാക്കുയോ ചെയ്യുന്നു. ഈ ഡൈയൂററ്റിക്സ് ദ്രാവക നഷ്ടം വർദ്ധിപ്പിക്കുന്നതിനാൽ മദ്യവും കഫീനും ഒഴിവാക്കുക. തലകറക്കം, ബലഹീനത, തണുത്ത വിയർപ്പ്, വേഗത്തിലുള്ള ഹൃദയമിടിപ്പ് എന്നിവയെല്ലാം വിമാനയാത്രയിൽ വർദ്ധിക്കുന്ന ഹൈപ്പോടെൻഷന്റെ ലക്ഷണങ്ങളാണ്. ഓക്സിജന്റെ കുറവ് വിളർച്ചയുടെ ഫലങ്ങളെ അനുകരിക്കുന്നു, ഊർജ്ജവും ശ്രദ്ധയും കുറയ്ക്കുന്നു. ഹൃദയ സംബന്ധമായ അവസ്ഥകൾ അല്ലെങ്കിൽ ബീറ്റാബ്ലോക്കറുകൾ പോലുള്ള മരുന്നുകൾ ഇതിനകം തന്നെ സമ്മർദ്ദ പ്രതികരണങ്ങൾ കുറയ്ക്കുന്നതിനാൽ ഈ അപകടസാധ്യതകൾ വർദ്ധിപ്പിക്കുന്നു. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

**വിമാനയാത്രയ്ക്ക് മുമ്പുള്ള തയ്യാറെടുപ്പ്**

നിങ്ങളുടെ ലക്ഷണങ്ങൾ ദൈനംദിന ജീവിതത്തെ ബാധിക്കുന്നുണ്ടെങ്കിൽ,പ്രത്യേകിച്ച്നിങ്ങളുടെ ഡോക്ടറെ സമീപിക്കുക. ചില യാത്രക്കാർ അപകടസാധ്യതകൾ നേരിടുന്നതിനാൽ യാത്രയ്ക്ക് അനുമതി നേടുകയും മരുന്നുകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുക. സ്വാഭാവികമായി രക്തത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് ഇലക്ട്രോലൈറ്റ് പാക്കറ്റുളോ ഉപ്പിട്ട ലഘുഭക്ഷണങ്ങളോ പായ്ക്ക് ചെയ്യുക. കംപ്രഷൻ സോക്സുകൾ കാലുകൾ പൂൾ ചെയ്യുന്നത് തടയാൻ സഹായിക്കും; ടേക്ക് ഓഫ് ചെയ്യുന്നതിന് മുമ്പ് അവ ധരിക്കുക.

**വിമാനത്തിനുള്ളിൽ**

ടോയ്‌ലറ്റുകൾക്ക് സമീപം ഒരു എയ്ൽ സീറ്റ് ബുക്ക് ചെയ്യുക. ഓരോ 12 മണിക്കൂറിലും,എയ്‌ലിലൂടെനടക്കുകഅല്ലെങ്കിൽരക്തയോട്ടംമെച്ചപ്പെടുത്തുന്നതിന് ഇരിക്കുന്ന കണങ്കാൽ പമ്പുകൾ, കാൽഫ് റെയ്സുകൾ, കാൽമുട്ട് ലിഫ്റ്റുകൾ എന്നിവ ചെയ്യുക. വെള്ളം കുടിക്കുകയും ഫോൺ അലാറങ്ങൾ സജ്ജമാക്കുകയും ചെയ്യുക. ലഘുവും സമീകൃതവുമായഭക്ഷണം കഴിക്കുക.ദഹനത്തിലേക്ക് രക്തത്തെ വഴിതിരിച്ചുവിടുന്ന കനത്ത കാർബോഹൈഡ്രേറ്റുകൾ ഒഴിവാക്കുക.

## എന്തുകൊണ്ട് സ്ത്രീകളും പുരുഷന്മാരും ഫങ്ഷണൽ ഫിറ്റ്നസ് ട്രെയിനിംഗിലേക്ക് മാറുന്നു?




ഫിറ്റ്നസ് ലോകത്ത് വലിയൊരു മാറ്റത്തിന്റെ കാറ്റാണ് ഇപ്പോൾ വീശിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത ജിം മെഷീനുകളെ ഉപേക്ഷിച്ച് കൂടുതൽ ആളുകളും ഫങ്ഷണൽ ഫിറ്റ്നസ് എന്ന പുതിയ വ്യായാമ രീതിയിലേക്ക് ചുവടുമാറ്റുകയാണ്. ശരീരത്തിന്റെ സ്വാഭാവിക ചലനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഈ വ്യായാമ മുറകൾക്ക് സ്ത്രീകളും പുരുഷന്മാരും ഒരുപോലെ പ്രാധാന്യം നൽകുന്നുണ്ട്.


ദൈനംദിന ജീവിതത്തിലെ ചലനങ്ങൾ എളുപ്പമാക്കുന്നതിനും പരിക്കുകൾ ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഫങ്ഷണൽ ഫിറ്റ്നസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കയറുകൾ വലിച്ച് കയറുക, ഭാരമുള്ള സാധനങ്ങൾ ഉയർത്തുക, ചാടുക തുടങ്ങിയ രീതികളാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുന്നത്. ഇത് വെറും മസിലുകൾ ഉണ്ടാക്കുന്നതിലുപരി ശരീരത്തിന്റെ മൊത്തത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.

മെഷീനുകൾഉപയോഗിക്കുമ്പോൾശരീരത്തിലെ ചില പ്രത്യേക പേശികൾക്ക് മാത്രമാണ് വ്യായാമം ലഭിക്കുന്നത്. എന്നാൽ ഫങ്ഷണൽ ട്രെയിനിംഗിൽ ശരീരത്തിലെ ഒട്ടുമിക്ക പേശികളും ഒരേസമയം പ്രവർത്തിക്കുന്നു. ഇത് ബാലൻസ് വർദ്ധിപ്പിക്കുന്നതിനും എല്ലുകൾക്ക് കരുത്ത് നൽകുന്നതിനും വലിയ രീതിയിൽ സഹായിക്കുന്നുണ്ട്.

വലിയ മെഷീനുകൾക്ക് പകരം ലളിതമായ ഉപകരണങ്ങളോ സ്വന്തം ശരീരഭാരമോ ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്. പ്രായമായവർക്കും യുവാക്കൾക്കും ഒരുപോലെ ഇത് പിന്തുടരാം എന്നത് ഇതിന്റെ വലിയൊരു പ്രത്യേകതയാണ്. സന്ധികൾക്കുംപേശികൾക്കുംദീർഘകാലത്തേക്ക്സംരക്ഷണം നൽകാൻ ഈ രീതി സഹായിക്കുമെന്ന് വിദഗ്ധർ പറയുന്നു. അമിതഭാരം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്കും ഈ വ്യായാമ രീതി വളരെഫലപ്രദമാണ്.മെഷീനുകളിൽചെയ്യുന്നവ്യായാമത്തേക്കാൾ കൂടുതൽ കലോറി ഇതിലൂടെ എരിച്ചു കളയാൻ സാധിക്കുന്നു. കൂടാതെ ഇത് ഹൃദയാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ശരീരത്തിന്റെ വഴക്കം കൂട്ടുന്നതിനും സഹായിക്കുന്നു.

സാധാരണക്കാർ മുതൽ കായിക താരങ്ങൾ വരെഇപ്പോൾഈട്രെൻഡിനൊപ്പമാണ്സഞ്ചരിക്കുന്നത്. ജീവിതശൈലീ രോഗങ്ങളെ തടയാനും ശാരീരികക്ഷമത നിലനിർത്താനും ഇത് മികച്ച വഴിയാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അതുകൊണ്ടുതന്നെ ഫിറ്റ്നസ് സെന്ററുകളിൽ മെഷീനുകളുടെ എണ്ണം കുറയുകയും ഫ്രീ സ്പേസ് വർദ്ധിക്കുകയും ചെയ്യുന്നു.

## നടത്തമാണോ സൈക്ലിംഗാണോ മികച്ചത്?



ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി വ്യായാമം തുടങ്ങാൻ ആഗ്രഹിക്കുന്നവർ പലപ്പോഴും നേരിടുന്ന വലിയൊരു സംശയമാണ് നടത്തമാണോ അതോ സൈക്ലിംഗാണോ മികച്ചതെന്നത്. ഹൃദയാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ശരീരഭാരം കുറയ്ക്കുന്നതിനും ഈ രണ്ട് വ്യായാമങ്ങളും മികച്ച ഫലങ്ങളാണ് നൽകുന്നത്. എന്നാൽ ഓരോ വ്യക്തിയുടെയും ശാരീരിക ലക്ഷ്യങ്ങൾ അനുസരിച്ച് ഇതിൽ മാറ്റങ്ങൾ വരാമെന്ന് ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ശരീരഭാരം വേഗത്തിൽ കുറയ്ക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ സൈക്ലിംഗാണ് കൂടുതൽ ഗുണകരമാകുന്നത്. നടത്തത്തെ അപേക്ഷിച്ച് സൈക്ലിംഗ് ചെയ്യുമ്പോൾ ശരീരത്തിൽ നിന്ന് കൂടുതൽ കലോറി എരിച്ചുകളയാൻ സാധിക്കും. തീവ്രതയേറിയ സൈക്ലിംഗ് ഹൃദയമിടിപ്പ് വർദ്ധിപ്പിക്കുകയും ശരീരത്തിന്റെ മെറ്റബോളിസം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

അതേസമയം എല്ലുകളുടെ ആരോഗ്യത്തിനും സന്ധികളുടെ ബലത്തിനും നടത്തമാണ് ഏറ്റവും അനയോജ്യം. ഒരു വെയ്റ്റ് ബെയറിംഗ് വ്യായാമമായതിനാൽ നടത്തം ഓസ്റ്റിയോപോറോസിസ് പോലുള്ള രോഗങ്ങളെ തടയാൻ സഹായിക്കുന്നു. ദിവസവും കൃത്യസമയത്ത് നടക്കുന്നത് മാനസിക സമ്മർദ്ദം കുറയ്ക്കാനും വലിയ രീതിയിൽ സഹായിക്കും.

പേശീബലം വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് സൈക്ലിംഗ് മികച്ചൊരു തിരഞ്ഞെടുപ്പാണ്. കാലുകളിലെ പേശികൾക്കും നിതംബഭാഗത്തെ പേശികൾക്കും കൂടുതൽ കരുത്ത് നൽകാൻ സൈക്ലിംഗ് സഹായിക്കുന്നു. എന്നാൽ നടത്തം ശരീരത്തിന്റെ ആകെത്തുകയിലുള്ള വഴക്കവും ബാലൻസും നിലനിർത്താനാണ് സഹായിക്കുന്നത്.

പരിക്കുകളിൽ നിന്ന് മുക്തി നേടുന്നവർക്കും സന്ധിവേദന ഉള്ളവർക്കും സൈക്ലിംഗ് സുരക്ഷിതമായ വ്യായാമമാണ്. ശരീരഭാരം മുഴുവൻ സന്ധികളിൽ വരാത്തതിനാൽ ഇത് മുട്ടവേദനയുള്ളവർക്കും ചെയ്യാവുന്നതാണ്. എന്നാൽ നടത്തത്തിന് പ്രത്യേക ഉപകരണങ്ങളുടെ സഹായം ആവശ്യമില്ലെന്നത് ഇതിനെ ലളിതമായ വ്യായാമമാക്കി മാറ്റുന്നു.

നിങ്ങളുടെ പ്രായവും ശാരീരികക്ഷമതയും കണക്കിലെടുത്ത് വേണം ഇതിൽ ഏതാണ് വേണ്ടതെന്ന് തീരുമാനിക്കാൻ. നടത്തവും സൈക്ലിംഗും ഒന്നിടവിട്ട ദിവസങ്ങളിൽ ചെയ്യുന്നത് ശരീരത്തിന് കൂടുതൽ ഉന്മേഷം നൽകും. കൃത്യമായ ഭക്ഷണക്രമത്തോടൊപ്പം ഈ വ്യായാമങ്ങൾ ശീലിക്കുന്നത് ദീർഘകാല ആരോഗ്യത്തിന് ഗുണകരമാകും.

# സാംസങ് ഗാലക്സി എസ് 26 അൾട്രായുടെ വില കേട്ടാൽ ഞെട്ടും; പുതിയ ഫീച്ചറുകൾ പുറത്തായി

സ്മാർട്ട്ഫോൺ പ്രേമികൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന സാംസങ് ഗാലക്സി എസ് 26 അൾട്രായുടെ പുത്തൻ വിവരങ്ങൾ പുറത്തുവന്നു. ലോഞ്ചിന് മുന്നോടിയായി പുറത്തുവന്ന റിപ്പോർട്ടുകൾ പ്രകാരം ഇത്തവണ ഫോണിന്റെ വിലയിൽ വലിയ വർദ്ധനവ് ഉണ്ടായേക്കും. മുൻ മോഡലുകളെ അപേക്ഷിച്ച് കൂടുതൽ പ്രീമിയം ഫീച്ചറുകൾ ഉൾപ്പെടുത്തിയതാണ് വില കൂടാൻ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്.

അമേരിക്കൻ വിപണിയിൽ ഫോണിന്റെ വില മുൻപത്തേക്കാൾ ഉയർന്നേക്കുമെന്ന് പ്രമുഖ ടെക് വെബ്സൈറ്റുകൾ റിപ്പോർട്ട് ചെയ്യുന്നു. ആഗോള വിപണിയിൽ സ്മാർട്ട്ഫോൺ ഘടകങ്ങളുടെ വില വർദ്ധിച്ചതും പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗവുമാണ് ഇതിലേക്ക് നയിച്ചത്. ഉയർന്ന പ്രവർത്തനക്ഷമതയുള്ള പുതിയ പ്രോസസ്സറാണ് ഈ ഫോണിൽ സാംസങ് ഉപയോഗിക്കുന്നത്.

ഡിസൈനിൽ വലിയ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ഇത്തവണ ഗാലക്സി എസ് 26 അൾട്രാ എത്തുന്നത്. ഭാരം കുറഞ്ഞതും എന്നാൽ കൂടുതൽ കരുത്തുള്ളതുമായ മെറ്റീരിയലുകൾ ഫോണിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. കൈയ്യിൽ പിടിക്കാൻ കൂടുതൽ സൗകര്യപ്രദമായ രീതിയിലാണ് ഇതിന്റെ വശങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ക്യാമറയുടെ കാര്യത്തിൽ സാംസങ് ഇത്തവണയും വിട്ടുവീഴ്ചയ്ക്ക് തയ്യാറായിട്ടില്ല. കൂടുതൽ വ്യക്തതയുള്ള ചിത്രങ്ങൾ പകർത്താൻ സഹായിക്കുന്ന പുതിയ സെൻസറുകൾ എസ് 26 അൾട്രായിൽ ഉണ്ടാകും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫോട്ടോഗ്രഫി മികവ് വർദ്ധിപ്പിക്കാനും കമ്പനി ശ്രമിച്ചിട്ടുണ്ട്.

ബാറ്ററി ലൈഫിന്റെ കാര്യത്തിലും ഉപയോക്താക്കൾക്ക് വലിയ പ്രതീക്ഷകൾ നൽകുന്നതാണ് പുറത്തുവന്ന വിവരങ്ങൾ. വേഗത്തിലുള്ള ചാർജിംഗ് സൗകര്യവും ദീർഘനേരം ചാർജ് നിൽക്കുന്ന പുതിയ ബാറ്ററി സംവിധാനവും ഫോണിലുണ്ട്. സാങ്കേതികമായി ഏറെ മുന്നിൽ നിൽക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് ഫോണായിരിക്കും ഇതെന്ന് സാംസങ് ഉറപ്പുനൽകുന്നു.




എസ് 26 പരമ്പരയിൽ മൂന്ന് വ്യത്യസ്ത മോഡലുകൾ ഉണ്ടാകുമെന്നാണ് സൂചന. ഇതിൽ ഏറ്റവും കരുത്തനായ എസ് 26 അൾട്രയ്ക്കായിരിക്കും ഏറ്റവും കൂടുതൽ വില വരുന്നത്. ലോഞ്ച് തീയതി സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം വരും ആഴ്ചകളിൽ തന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഐഫോൺ 18 പ്രോയിൽ വമ്പൻ മാറ്റം; സെൽഫി ക്യാമറ ഇനി വിസ്മയിപ്പിക്കും




ആപ്പിൾ ആരാധകർ ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന ഐഫോൺ 18 പ്രോയെക്കുറിച്ചുള്ള പുതിയ വിവരങ്ങൾ പുറത്തുവന്നു. ഇത്തവണത്തെ ഏറ്റവും വലിയ മാറ്റം ഫോണിന്റെ സെൽഫി ക്യാമറയിലായിരിക്കും എന്നാണ് ടെക് ലോകത്തെ പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മുൻ മോഡലുകളെ അപേക്ഷിച്ച് ക്യാമറ സാങ്കേതികവിദ്യയിൽ വിപ്ലവകരമായ മാറ്റമാണ് ആപ്പിൾ ലക്ഷ്യമിടുന്നത്.

പുതിയ സെൻസറുകളും മെച്ചപ്പെട്ട ലെൻസും ഐഫോൺ 18 പ്രോയുടെ മുൻഭാഗത്തെ ക്യാമറയിൽ ഉൾപ്പെടുത്തിയേക്കും. സെൽഫി ചിത്രങ്ങളുടെ വ്യക്തത വർദ്ധിപ്പിക്കുന്നതിനൊപ്പം കുറഞ്ഞ വെളിച്ചത്തിലും മികച്ച ഫോട്ടോകൾ എടുക്കാൻ ഇത് സഹായിക്കും. വീഡിയോ കോളിംഗിനും സോഷ്യൽ മീഡിയ വീഡിയോകൾക്കും മുൻഗണന നൽകുന്ന ഉപയോക്താക്കളെയാണ് ആപ്പിൾ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

നിലവിലുള്ള മോഡലുകളിൽ നിന്ന് വ്യത്യസ്തമായി സെൽഫി ക്യാമറയുടെ റെസല്യൂഷനിൽ വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ ഓട്ടോ ഫോക്കസ് സംവിധാനത്തിൽ കൂടുതൽ കൃത്യത വരുത്താൻ പുതിയ ചിപ്പ് സെറ്റ് സഹായിക്കും. ആപ്പിളിന്റെ പുതിയ എ സീരീസ് പ്രോസസ്സറിന്റെ കരുത്തിലാണ് ഈ മാറ്റങ്ങൾ പ്രവർത്തിക്കുക.

അമേരിക്കൻ വിപണിയിൽ ഐഫോണുകളുടെ ക്യാമറ നിലവാരത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്കും വ്ലോഗർമാർക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിലാണ് പുതിയ മാറ്റങ്ങൾ ക്രമീകരിക്കുന്നത്. ഹാർഡ്വെയറിനൊപ്പം സോഫ്റ്റ്‌വെയറിലും വലിയ അപ്ഡേറ്റുകൾ ഐഫോൺ 18 പ്രോയിൽ ഉണ്ടാകും.

ഫേസ് ഐഡി സാങ്കേതികവിദ്യയിലും ചെറിയ മാറ്റങ്ങൾ വരുത്താൻ ആപ്പിൾ ആലോചിക്കുന്നുണ്ട്. ക്യാമറയുടെ വലിപ്പം കുറച്ചുകൊണ്ട് സ്ക്രീനിന്റെ വിസ്തൃതി കൂട്ടാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഇത് ഫോണിന്റെ ലുക്കിൽ വലിയ വ്യത്യാസം കൊണ്ടുവരുമെന്ന് ഉറപ്പാണ്.

ആഗോള വിപണിയിൽ സാംസങ് ഉൾപ്പെടെയുള്ള എതിരാളികളുമായി മത്സരിക്കാൻ ഈ പുതിയ ക്യാമറ മാറ്റം ആപ്പിളിനെ സഹായിക്കും. വരും മാസങ്ങളിൽ ഐഫോൺ 18 പ്രോയെക്കുറിച്ചുള്ള കൂടുതൽ ഔദ്യോഗിക വിവരങ്ങൾ കമ്പനി പുറത്തുവിടും. സെൽഫി ക്യാമറയിലെ ഈ അപ്ഡേറ്റ് ഐഫോൺ പ്രേമികൾക്കിടയിൽ വലിയ പ്രതീക്ഷയാണ് നൽകുന്നത്.

# യൂസറുടെ പ്രായം ചാറ്റ് ജിപിടി ഇനി മുൻകൂട്ടി പറയും; പുതിയ ഫീച്ചറുമായി ഓപ്പൺ എഐ രംഗത്ത്

നിങ്ങൾ സംസാരിക്കുന്ന രീതി വെച്ച് നിങ്ങളുടെ പ്രായം എത്രയെന്ന് കണ്ടെത്താൻ ഇനി ചാറ്റ് ജിപിടിക്ക് സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ പ്രമുഖരായ ഓപ്പൺ എഐ തങ്ങളുടെ ചാറ്റ് ബോട്ടിനായി പുതിയ ഏജ് പ്രെഡിക്ഷൻ ഫീച്ചർ അവതരിപ്പിച്ചു. ഉപയോക്താക്കൾ നൽകുന്ന വിവരങ്ങളും അവരുടെ ഭാഷാ പ്രയോഗങ്ങളും വിശകലനം ചെയ്താണ് എഐ പ്രായം കണക്കാക്കുന്നത്.

ഡിജിറ്റൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ പുതിയ മാറ്റം ഓപ്പൺ എഐ കൊണ്ടുവരുന്നത്. പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് അനുയോജ്യമല്ലാത്ത ഉള്ളടക്കങ്ങൾ നിയന്ത്രിക്കാൻ ഇതിലൂടെ സാധിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു. ഉപയോക്താക്കളുടെ സ്വകാര്യതയ്ക്ക് മുൻഗണന നൽകിക്കൊണ്ടാണ് ഈ സാങ്കേതികവിദ്യ പ്രവർത്തിക്കുന്നത്.

സംഭാഷണ ശൈലിയിലെ സൂക്ഷ്മമായ മാറ്റങ്ങൾ നിരീക്ഷിച്ചാണ് ചാറ്റ് ജിപിടി പ്രായം പ്രവചിക്കുന്നത്. ഓരോ




പ്രായത്തിലുള്ളവരും ഉപയോഗിക്കുന്ന വാക്കുകളും വ്യാകരണവും വ്യത്യസ്തമായിരിക്കുമെന്ന തത്വമാണ് ഇതിനായി ഉപയോഗിക്കുന്നത്. ഇത് പൂർണ്ണമായും കൃത്യമായിരിക്കില്ലെങ്കിലും ഏകദേശ ധാരണ നൽകാൻ എഐക്ക് സാധിക്കും.

വിദേശ രാജ്യങ്ങളിൽ കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗം സംബന്ധിച്ച നിയമങ്ങൾ കർശനമാക്കുന്ന സാഹചര്യത്തിലാണ് ഈ നീക്കം. പ്രായപരിധി നിശ്ചയിക്കുന്നതിലൂടെ കൂടുതൽ സുരക്ഷിതമായ ഒരു എഐ പ്ലാറ്റ്ഫോം ഒരുക്കാൻ സാധിക്കുമെന്ന് ഓപ്പൺ എഐ വിശ്വസിക്കുന്നു. പുതിയ അപ്ഡേറ്റ് വഴി ലോകമെമ്പാടുമുള്ള ഉപയോക്താക്കൾക്ക് ഈ സേവനം ലഭ്യമാകും.

എഐ സാങ്കേതികവിദ്യയുടെ വളർച്ചയിൽ ഇതൊരു വലിയ നാഴികക്കല്ലായാണ് വിദഗ്ധർ കാണുന്നത്. മനുഷ്യന്റെ സംസാര രീതിയിൽ നിന്ന് വ്യക്തിപരമായ വിവരങ്ങൾ വേർതിരിച്ചെടുക്കാൻ എഐക്ക് സാധിക്കുന്നത് അത്ഭുതകരമാണ്. എന്നാൽ വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടുമോ എന്ന ആശങ്കയും ചിലർ പങ്കുവെക്കുന്നുണ്ട്.

നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ അവതരിപ്പിച്ച ഈ ഫീച്ചർ വരും ദിവസങ്ങളിൽ കൂടുതൽ മെച്ചപ്പെടുത്തും. ഉപയോക്താക്കളുടെ ഫീഡ്ബാക്ക് അനുസരിച്ച് മാറ്റങ്ങൾ വരുത്താനും കമ്പനി പദ്ധതിയിടുന്നു. ആധുനിക സാങ്കേതിക വിദ്യയെ കൂടുതൽ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കാൻ ഈ ഫീച്ചർ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അറിഞ്ഞിരിക്കാം ഏജന്റിക് എഐ:

# നിങ്ങളുടെ പണികൾ ഇനി ഈ ഡിജിറ്റൽ സഹായികൾ ചെയ്യും!

നമ്മുടെ ഫോണിലെയോ കമ്പ്യൂട്ടറിലെയോ വെറുമൊരു ആപ്പ് എന്നതിലുപരി, നമ്മൾ പറയുന്ന കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കി അത് സ്വന്തമായി ചെയ്തുതീർക്കാൻ കഴിവുള്ള പുതിയ തരം കൃത്രിമ ബുദ്ധിയാണ് ഏജന്റിക് എഐ (Agentic AI). നിങ്ങൾ ഒരു വീട്ടമ്മയോ, ചെറിയ കച്ചവടം നടത്തുന്ന ആളോ അല്ലെങ്കിൽ വിദ്യാർത്ഥിയോ ആകട്ടെ, നിങ്ങളുടെ ദൈനംദിന ജീവിതം എളുപ്പമാക്കാൻ ഇവയ്ക്ക് സാധിക്കും.

### എന്താണ് ഈ 'ഏജന്റ്' കൊണ്ട് ഉദ്ദേശിക്കുന്നത്?

സാധാരണ നമ്മൾ ഗൂഗിളിൽ സെർച്ച് ചെയ്യുമ്പോൾ നമുക്ക് വേണ്ട വിവരങ്ങൾ അത് കാണിച്ചുതരുന്നു. എന്നാൽ ഒരു എഐ ഏജന്റ് എന്നത് നമ്മൾ പറയുന്ന ജോലി നേരിട്ട് ചെയ്തുതരുന്ന ഒരാളെപ്പോലെയാണ്. ഉദാഹരണത്തിന്, 'എനിക്ക് ഒരു യാത്ര പോകണം, നല്ലൊരു ഹോട്ടൽ ബുക്ക് ചെയ്യണം' എന്ന് പറഞ്ഞാൽ, ഈ ഏജന്റ് ഇന്റർനെറ്റിൽ കയറി മികച്ച ഹോട്ടലുകൾ കണ്ടെത്തുകയും, റേറ്റ് താരതമ്യം ചെയ്യുകയും, നിങ്ങൾക്ക് അനുയോജ്യമായത് തിരഞ്ഞെടുത്ത് ബുക്കിംഗ് പൂർത്തിയാക്കാൻ സഹായിക്കുകയും ചെയ്യും.

### നിങ്ങൾക്കും ഉപയോഗിക്കാവുന്ന പ്രശസ്തമായ എഐ ഏജന്റുകൾ

നിലവിൽ നമുക്ക് ചുറ്റുമുള്ള ഏറ്റവും ജനപ്രിയമായ ചില എഐ ഏജന്റുകളെ പരിചയപ്പെടാം:

**1. മെറ്റ എഐ (WhatsApp & Instagramൽ ഉള്ളത്):** നമ്മൾ സ്ഥിരമായി ഉപയോഗിക്കുന്ന വാട്സാപ്പിലും ഇൻസ്റ്റാഗ്രാമിലും ഇപ്പോൾ ഒരു നീല വട്ടം കാണാം. അതാണ് മെറ്റ എഐ.

**എങ്ങനെ ഉപയോഗിക്കാം:** വാട്സാപ്പിലെ സെർച്ച് ബാറിലോ ആ നീല വട്ടത്തിലോ ക്ലിക്ക് ചെയ്ത് നമുക്ക് സംസാരിക്കാം. 'മട്ടൻ ബിരിയാണി ഉണ്ടാക്കുന്ന വിധം പറഞ്ഞുതരൂ' എന്നോ 'ഒരു യാത്ര പ്ലാൻ ചെയ്യാൻ സഹായിക്കൂ' എന്നോ മലയാളത്തിൽ ചോദിക്കാം.

**ഗുണം:** പ്രത്യേക ആപ്പ് വേണ്ട, നമ്മുടെ വാട്സാപ്പിൽ തന്നെ ലഭ്യമാണ്.

**2. Amazon Rufus (ഷോപ്പിംഗ് സഹായി)**

ആമസോൺ ആപ്പിൽ സാധനങ്ങൾ വാങ്ങാൻ സഹായിക്കുന്ന സ്മാർട്ട് ഏജന്റാണിത്.

**എങ്ങനെ ഉപയോഗിക്കാം:** ആമസോൺ ആപ്പ് തുറക്കുമ്പോൾ താഴെ റൂഫസിന്റെ ഐക്കൺ കാണാം. 'എന്റെ വീടിന് അനുയോജ്യമായ വാഷിംഗ് മെഷീൻ ഏതാണ്?' എന്ന് ചോദിച്ചാൽ അത് നല്ല പ്രോഡക്റ്റുകൾ തിരഞ്ഞു തരും. കൂടാതെ സാധനങ്ങളുടെ വില കുറയുമ്പോൾ നിങ്ങളെ അറിയിക്കുകയും ചെയ്യും.

**ഗുണം:** നൂറുകണക്കിന് റിവ്യൂകൾ വായിച്ച് സമയം കളയേണ്ടതില്ല, റൂഫസ് അത് ചുരുക്കി പറഞ്ഞുതരും.

**3. Microsoft Copilot (ഓഫീസ് സഹായി)**

കമ്പ്യൂട്ടറിലും ഫോണിലും ലഭ്യമായ ഈ ഏജന്റ് ഇമെയിൽ അയക്കാനും റിപ്പോർട്ടുകൾ തയ്യാറാക്കാനും മിടുക്കനാണ്.

**എങ്ങനെ ഉപയോഗിക്കാം:** മൈക്രോസോഫ്റ്റ് എഡ്ജ് ബ്രൗസറിലോ പ്രത്യേക ആപ്പിലോ ഇത് ഉപയോഗിക്കാം. 'എനിക്ക് ഓഫീസിൽ ലീവ് വേണമെന്ന് പറഞ്ഞ് ഒരു മെയിൽ എഴുതുക' എന്ന് പറഞ്ഞാൽ അത് നിമിഷങ്ങൾക്കുള്ളിൽ തയ്യാറാക്കി തരും.

**ഗുണം:** ഗൂഗിളിൽ സെർച്ച് ചെയ്യുന്നതിനേക്കാൾ കൃത്യമായ ഉത്തരങ്ങൾ നേരിട്ട് ലഭിക്കുന്നു.

**4. Apple Intelligence (Siri)**

ഐഫോൺ ഉപയോഗിക്കുന്നവർക്ക് പുതിയ സിരി ഇപ്പോൾ വെറുമൊരു വോയിസ് കമാൻഡ് അല്ല, ഒരു ഏജന്റാണ്.

**എങ്ങനെ ഉപയോഗിക്കാം:** 'കഴിഞ്ഞ മാസത്തെ വൈദ്യുതി ബില്ലിന്റെ ഫോട്ടോ എടുത്ത് അയക്കൂ' എന്ന് പറഞ്ഞാൽ ഫോണിലെ ആയിരക്കണക്കിന് ഫോട്ടോകളിൽ നിന്ന് അത് മാത്രം തിരഞ്ഞുപിടിച്ച് അയക്കാൻ ഇതിന് സാധിക്കും.

**ഗുണം:** ഫോണിലെ ഓരോ ആപ്പും നമ്മൾ നേരിട്ട് തുറന്ന് സമയം കളയേണ്ടി വരുന്നില്ല.

### ഇത് എങ്ങനെയാണ് ഉപയോഗിക്കേണ്ടത്? (ലളിതമായ ഘട്ടങ്ങൾ)

**സംസാരിക്കുന്നത് പോലെ ആവശ്യപ്പെടുക:** 'എന്റെ മകന് പത്താം ക്ലാസ്സിലെ കണക്ക് പഠിക്കാൻ ഒരു ടൈം ടേബിൾ ഉണ്ടാക്കി കൊടുക്കൂ' എന്ന് നേരിട്ട് പറയാം.

**വിവരങ്ങൾ നൽകുക:** ഏജന്റിന് കൃത്യമായ വിവരങ്ങൾ നൽകിയാൽ റിസൾട്ട് കൂടുതൽ മെച്ചപ്പെടും. (ഉദാഹരണത്തിന്: 'രാവിലെ 8 മുതൽ 10 വരെയാണ് പഠിക്കാൻ സമയം' എന്ന് കൂടി പറയാം).

**തിരുത്തലുകൾ വരുത്തുക:** ഏജന്റ് ചെയ്ത ജോലിയിൽ മാറ്റം വരുത്തണമെങ്കിൽ 'ഇത് കുറച്ചുകൂടി ലളിതമാക്കൂ' എന്ന് വീണ്ടും ആവശ്യപ്പെടാം.

### ഇതുകൊണ്ടുള്ള പ്രധാന ഗുണങ്ങൾ

**സമയം ലാഭിക്കാം:** മണിക്കൂറുകൾ ഇരുന്ന് ചെയ്യേണ്ട കാര്യങ്ങൾ നിമിഷങ്ങൾക്കുള്ളിൽ നടക്കും.

**അറിവില്ലായ്മ ഒരു തടസ്സമല്ല:** ഇംഗ്ലീഷ് അറിയില്ലെങ്കിലും സാങ്കേതിക കാര്യങ്ങൾ അറിയില്ലെങ്കിലും മലയാളത്തിൽ സംസാരിച്ചുകൊണ്ട് തന്നെ കാര്യങ്ങൾ ചെയ്യിക്കാം.

**സൗജന്യ സേവനം:** ഇതിൽ പലതും തുടക്കത്തിൽ നമുക്ക് തികച്ചും സൗജന്യമായി ഉപയോഗിക്കാം.

നിങ്ങളുടെ നിത്യജീവിതത്തിലെ പ്രധാനപ്പെട്ട ചില ജോലികൾ ചെയ്യാൻ ഏത് എഐ ഏജന്റാണ് ഏറ്റവും അനുയോജ്യമെന്നും അത് എങ്ങനെ ഉപയോഗിക്കാമെന്നും താഴെ ലളിതമായി വിവരിക്കുന്നു.

**1. കുടുംബ ബഡ്ജറ്റ് തയ്യാറാക്കാൻ (Google Gemini):** വീട്ടിലെ ചിലവുകളും വരുമാനവും കണക്കുകൂട്ടി ഒരു കൃത്യമായ പ്ലാൻ ഉണ്ടാക്കാൻ ഗൂഗിളിന്റെ ജെമിനി വളരെ മികച്ചതാണ്.

**എങ്ങനെ ഉപയോഗിക്കാം:** നിങ്ങളുടെ ഫോണിൽ ജെമിനി ആപ്പ് തുറക്കുകയോ (അല്ലെങ്കിൽ ഗൂഗിൾ സെർച്ചിലെ എഐ ഉപയോഗിക്കുകയോ) ചെയ്യാം.

**നൽകേണ്ട നിർദ്ദേശം (Prompt):** 'എന്റെ ഈ മാസത്തെ ശമ്പളം 40,000 രൂപയാണ്. വീട്ടുവാടക 10,000, കറന്റ് ബില്ല് 2,000, മക്കളുടെ പഠനം 5,000 എന്നിങ്ങനെയാണ് പ്രധാന ചിലവുകൾ. എനിക്ക് ബാക്കി തുകയിൽ നിന്ന് 5,000 രൂപ സേവ് ചെയ്യാൻ പറ്റുന്ന ഒരു ബഡ്ജറ്റ് പ്ലാൻ മലയാളത്തിൽ തയ്യാറാക്കി തരുമോ?'

**ഗുണം:** ഇത് നിങ്ങൾക്ക് ഒരു ടേബിൾ രൂപത്തിൽ കൃത്യമായ കണക്കുകൾ നൽകും.

**2. മക്കളുടെ പഠനത്തിന് (Microsoft Copilot):** കുട്ടികൾക്ക് ഹോംവർക്കിലോ പ്രോജക്റ്റിലോ സഹായം വേണമെങ്കിൽ മൈക്രോസോഫ്റ്റ് Copilot ആണ് നല്ലത്. ഇതിന് ഇന്റർനെറ്റിൽ നിന്ന് ഏറ്റവും പുതിയ വിവരങ്ങൾ എടുക്കാൻ കഴിയും.

**എങ്ങനെ ഉപയോഗിക്കാം:** മൈക്രോസോഫ്റ്റ് എഡ്ജ് ബ്രൗസറിലോ കോപൈലറ്റ് ആപ്പിലോ കയറാം.

**ചോദിക്കേണ്ട രീതി:** 'സൗരയൂഥത്തെക്കുറിച്ച് (Solar System) എട്ടാം ക്ലാസ്സിലെ കുട്ടിക്ക് മനസ്സിലാകുന്ന രീതിയിൽ ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകൂ.'

**ഗുണം:** ചിത്രങ്ങളും കൃത്യമായ വിവരങ്ങളും സഹിതം പഠനകാര്യങ്ങൾ ലളിതമാക്കി നൽകും.

**3. യാത്രകൾ പ്ലാൻ ചെയ്യാൻ (Meta AI - WhatsApp):** യാത്ര പോകാൻ പ്ലാൻ ചെയ്യുമ്പോൾ എവിടെ താമസിക്കണം, എവിടെയൊക്കെ കാണണം എന്നറിയാൻ വാട്സാപ്പിലെ മെറ്റ എഐ വളരെ എളുപ്പമാണ്.

**എങ്ങനെ ഉപയോഗിക്കാം:** വാട്സാപ്പിലെ സെർച്ച് ബാറിലെ നീല വട്ടത്തിൽ ക്ലിക്ക് ചെയ്യുക.

**നൽകേണ്ട നിർദ്ദേശം (Prompt):** 'ഞാൻ അടുത്ത ആഴ്ച കുടുംബത്തോടൊപ്പം വയനാട് പോകുന്നുണ്ട്. 3 ദിവസത്തെ ഒരു ട്രിപ്പ് പ്ലാൻ തയ്യാറാക്കി തരാമോ? നല്ല റിസോർട്ടുകളും കാണേണ്ട സ്ഥലങ്ങളും ഉൾപ്പെടുത്തണം.'

**ഗുണം:** വാട്സാപ്പ് വിട്ടു പോകാതെ തന്നെ നിങ്ങൾക്ക് വിവരങ്ങൾ ലഭിക്കും, ഇത് സുഹൃത്തുക്കൾക്കോ കുടുംബാംഗങ്ങൾക്കോ ഉടൻ ഷെയർ ചെയ്യാനും എളുപ്പമാണ്.

ചുരുക്കത്തിൽ, മുമ്പ് വലിയ വലിയ കമ്പനികൾക്ക് മാത്രം സാധ്യമായിരുന്ന കാര്യങ്ങൾ ഇന്ന് സാധാരണക്കാർക്കും അവരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുകയാണ് ഏജന്റിക് എഐ ചെയ്യുന്നത്.




◗ റോബിൻസ് ആന്റണി

# പ്രതിക്ക് ജീവപര്യന്തം; ജപ്പാൻ മുൻ പ്രധാനമന്ത്രിയുടെ വധത്തിൽ വിധി പുറപ്പെടുവിച്ച് കോടതി



ജപ്പാൻ മുൻ പ്രധാനമന്ത്രി ഷിൻസോ ആബെയെ വെടിവെച്ചുകൊന്ന കേസിൽ പ്രതി തെത്സുയ യാമഗാമിയെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ലോകത്തെ ഞെട്ടിച്ച കൊലപാതകം നടന്ന് വർഷങ്ങൾ നീണ്ട നിയമനടപടികൾക്ക് ശേഷമാണ് ഇപ്പോൾ വിധി വന്നിരിക്കുന്നത്. ജപ്പാനിലെ നാരാ ജില്ലാ കോടതിയാണ് ഈ നിർണ്ണായക വിധി പ്രസ്താവിച്ചത്.2022 ജൂലൈ എട്ടിനാണ് ജപ്പാൻ കണ്ട ഏറ്റവും വലിയ രാഷ്ട്രീയ കൊലപാതകം നടന്നത്. നാരാ നഗരത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ പ്രസംഗിക്കുകയായിരുന്ന ഷിൻസോ ആബെയെ പ്രതി പുറകിൽ നിന്ന് വെടിവെക്കുകയായിരുന്നു. വീട്ടിൽ നിർമ്മിച്ച തോക്ക് ഉപയോഗിച്ചാണ് യാമഗാമി ഈ ക്രൂരകൃത്യം നടത്തിയത്.പ്രതിക്ക് വധശിക്ഷ നൽകണമെന്ന ശക്തമായ ആവശ്യം ഉയർന്നിരുന്നെങ്കിലും കോടതി ജീവപര്യന്തം ശിക്ഷയിൽ ഒതുങ്ങുകയായിരുന്നു. പ്രതിയുടെ മാനസിക നിലയും കൊലപാതകത്തിന് പിന്നിലെ കാരണങ്ങളും കോടതി വിശദമായി പരിശോധിച്ചു. തന്റെ കുടുംബത്തെ തകർത്ത ഒരു മതസംഘടനയുമായി ആബെയ്ക്ക് ബന്ധമുണ്ടെന്ന സംശയമാണ് കൊലപാതകത്തിന് പ്രേരിപ്പിച്ചതെന്ന് പ്രതി മൊഴി നൽകിയിരുന്നു.ജപ്പാൻ പോലീസിന്റെയും സുരക്ഷാ സേനയുടെയും വലിയ വീഴ്ചയായിട്ടാണ് ഈ സംഭവം അക്കാലത്ത് വിലയിരുത്തപ്പെട്ടത്. ലോക നേതാക്കളെല്ലാം ഈ കൊലപാതകത്തെ ശക്തമായി അപലപിച്ചിരുന്നു. ഇന്ത്യയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന നേതാവായിരുന്നു ഷിൻസോ ആബെ.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആബെയുടെ വിയോഗത്തിൽ അന്ന് വലിയ ദുഃഖം രേഖപ്പെടുത്തിയിരുന്നു. ആബെ ഒരു വലിയ സുഹൃത്തും മികച്ച നേതാവുമായിരുന്നു എന്നാണ് ട്രംപ് വിശേഷിപ്പിച്ചത്. നിലവിൽ വൈറ്റ് ഹൗസിലിരുന്നും ആബെയുടെ സ്മരണകളെ അദ്ദേഹം ആദരിക്കുന്നുണ്ട്.ഈ വിധി ജപ്പാനിലെ നിയമവ്യവസ്ഥയിൽ വലിയ പ്രാധാന്യമുള്ള ഒന്നായി കണക്കാക്കപ്പെടുന്നു. കൊലപാതകത്തിന് ശേഷം ജപ്പാനിലെ വിവാദമായ യൂണിഫിക്കേഷൻ ചർച്ച് ഉൾപ്പെടെയുള്ള സംഘടനകൾക്കെതിരെ വലിയ അന്വേഷണം നടന്നിരുന്നു. ആബെയുടെ വിയോഗം ജപ്പാൻ രാഷ്ട്രീയത്തിൽ ഇന്നും നികത്താനാവാത്ത വലിയൊരു വിടവായി തുടരുന്നു.

## ഡാവോസിൽ മാക്രോണിന്റെ 'ടോപ്പ് ഗൺ' സ്റ്റൈൽ തരംഗമാകുന്നു; ഗ്രീൻലാൻഡ് വിഷയത്തിൽ ട്രംപിനെതിരെ ആഞ്ഞടിച്ച് ഫ്രഞ്ച് പ്രസിഡന്റ്



സ്വിറ്റ്സർലൻഡിലെ ഡാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ പുത്തൻ ലുക്ക് സോഷ്യൽ മീഡിയയിൽ വൈറലാകുന്നു. കറുത്ത ഏവിയേറ്റർ സൺഗ്ലാസ് ധരിച്ച് 'ടോപ്പ് ഗൺ' സിനിമയിലെ നായകനെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് മാക്രോൺ വേദിയിലെത്തിയത്. ഇതിന്റെ ചിത്രങ്ങളും വീഡിയോകളും നിമിഷങ്ങൾക്കകം ഇന്റർനെറ്റിൽ തരംഗമായി മാറി.എന്നാൽ ഈ സ്റ്റൈലിന് പിന്നിൽ ഒരു ആരോഗ്യ കാരണമുണ്ടെന്ന് മാക്രോണിന്റെ ഓഫീസ് വ്യക്തമാക്കി. കണ്ണിലെ രക്തക്കുഴൽ പൊട്ടിയതിനെത്തുടർന്ന് വെളിച്ചം തട്ടാതിരിക്കാനാണ് അദ്ദേഹം വീടിനുള്ളിലും സൺഗ്ലാസ് ധരിച്ചതെന്നാണ് വിശദീകരണം. ഈ അസുഖം സാരമുള്ളതല്ലെന്നും തമാശരൂപേണ അദ്ദേഹം പ്രതികരിച്ചു. മാക്രോണിന്റെ ഈ മാറ്റം ഗൗരവമേറിയ ചർച്ചകൾക്കിടയിലും കൗതുകമുണർത്തി.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഗ്രീൻലാൻഡ് പിടിച്ചെടുക്കാനുള്ള നീക്കങ്ങളെ മാക്രോൺ വേദിയിൽ രൂക്ഷമായി വിമർശിച്ചു. അന്താരാഷ്ട്ര നിയമങ്ങളെ കാറ്റിൽ പറത്തുന്ന ഇത്തരം നടപടികൾ അംഗീകരിക്കാനാവില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ഭീഷണികൾക്ക് മുന്നിൽ യൂറോപ്പ് വഴങ്ങില്ലെന്നും മാക്രോൺ ആവർത്തിച്ചു പറഞ്ഞു. രാജ്യങ്ങൾ തമ്മിലുള്ള ആദരവാണ് പ്രധാനം, അല്ലാതെ കരുത്ത് കാട്ടുകയല്ല വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഫ്രഞ്ച് വൈനിനും ഷാംപെയ്നും മേൽ ട്രംപ് ഏർപ്പെടുത്തിയ അധിക നികുതി ഭീഷണിയെയും മാക്രോൺ ചോദ്യം ചെയ്തു. ഇത് സഖ്യകക്ഷികൾ തമ്മിലുള്ള ബന്ധത്തിന് വിള്ളലുണ്ടാക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. മാക്രോണിന്റെ പ്രസംഗത്തിന് തൊട്ടുപിന്നാലെ ട്രംപ് അദ്ദേഹത്തിന്റെ സൺഗ്ലാസിനെ പരിഹസിച്ച് രംഗത്തെത്തിയിരുന്നു. 'ആ മനോഹരമായ കണ്ണടയ്ക്ക് എന്ത് പറ്റി' എന്നായിരുന്നു ട്രംപിന്റെ പരിഹാസം.ലോകനേതാക്കൾക്കിടയിലെ ഈ തർക്കം ഡാവോസ് ഉച്ചകോടിയെ ഒരു നയതന്ത്ര യുദ്ധഭൂമിയാക്കി മാറ്റിയിരിക്കുകയാണ്. ഗ്രീൻലാൻഡ് വിഷയം ഉച്ചകോടിയുടെ പ്രധാന അജണ്ടകളെപ്പോലും ബാധിച്ചിട്ടുണ്ട്.



## കരാർ ലംഘിച്ചെന്ന് ആരോപണം; കുർദ്ദുകൾക്കെതിരെ രൂക്ഷവിമർശനവുമായി സിറിയൻ സൈന്യം

സിറിയയിൽ കുർദിഷ് നേതൃത്വത്തിലുള്ള സിറിയൻ ഡെമോക്രാറ്റിക് ഫോഴ്സ് (എസ്.ഡി.എഫ്) വെടിനിർത്തൽ കരാർ ലംഘിച്ചതായി സിറിയൻ സർക്കാർ ആരോപിച്ചു. വടക്കുകിഴക്കൻ സിറിയയിൽ നടന്ന ഡ്രോൺ ആക്രമണത്തിൽ ഏഴ് സിറിയൻ സൈനികർ കൊല്ലപ്പെട്ടതാണ് പുതിയ തർക്കങ്ങൾക്ക് കാരണമായത്. ഈ സംഭവം മേഖലയിൽ നിലനിൽക്കുന്ന സമാധാന ചർച്ചകളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. വരും ദിവസങ്ങളിൽ നടപ്പിലാക്കേണ്ടിയിരുന്ന നിർണായക കരാറുകൾക്ക് ഈ ആക്രമണം ഭീഷണിയാണെന്ന് സിറിയൻ സൈന്യം വ്യക്തമാക്കി.ബുധനാഴ്ച നടന്ന ആക്രമണം ബോധപൂർവമുള്ള പ്രകോപനമാണെന്ന് സിറിയൻ സൈനിക വക്താക്കൾ പറഞ്ഞു. സ്ഫോടകവസ്തുക്കൾ ശേഖരിച്ചുവെച്ചിരുന്ന സൈനിക താവളത്തിന് നേരെയാണ് ഡ്രോൺ ആക്രമണം ഉണ്ടായത്. ഇത് വെടിനിർത്തൽ കരാറിന്റെ ലംഘനമാണെന്നും തിരിച്ചടി നൽകുമെന്നും സിറിയ മുന്നറിയിപ്പ് നൽകി. എന്നാൽ തങ്ങൾ ആക്രമണം നടത്തിയിട്ടില്ലെന്നും സിറിയൻ സൈനികർ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്തപ്പോഴുണ്ടായ പിഴവാണ് സ്ഫോടനത്തിന് പിന്നിലെന്നുമാണ് കുർദ്ദുകളുടെ വാദം. സിറിയൻ പ്രസിഡന്റ് അഹമ്മദ് അൽ ഷാരയും കുർദ്ദ് നേതാക്കളും തമ്മിൽ വെടിനിർത്തലിനായി നേരത്തെ ധാരണയിലെത്തിയിരുന്നു. ആഗോള തലത്തിൽ വലിയ പ്രാധാന്യമുള്ള ഒരു നയതന്ത്ര നീക്കമാണിപ്പോൾ അവതാളത്തിലായിരിക്കുന്നത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ വിദേശനയങ്ങൾ സിറിയയിലെ രാഷ്ട്രീയ സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങളാണ് വരുത്തുന്നത്. നേരത്തെ കുർദ്ദുകളെ പിന്തുണച്ചിരുന്ന അമേരിക്ക ഇപ്പോൾ സിറിയൻ സർക്കാരുമായി സഹകരിക്കാനാണ് താല്പര്യപ്പെടുന്നത്.

## കോടതിയിൽ വികാരാധീനനായി ഹാരി; ഡെയ്‌ലി മെയിൽ മേഗന്റെ ജീവിതം നരകതുല്യമാക്കിയെന്ന് വെളിപ്പെടുത്തൽ



ബ്രിട്ടീഷ് മാധ്യമമായ ഡെയ്‌ലി മെയിലിന്റെ പ്രസാധകർക്കെതിരായ നിയമപോരാട്ടത്തിനിടെ കോടതിയിൽ വികാരാധീനനായി ഹാരി രാജകുമാരൻ സംസാരിച്ചു. തന്റെ പത്നി മേഗൻ മാർക്കിളിന്റെ ജീവിതം മാധ്യമങ്ങൾ ദുസ്സഹമാക്കിയെന്ന് അദ്ദേഹം കോടതിയെ അറിയിച്ചു. ലണ്ടൻ ഹൈക്കോടതിയിൽ സാക്ഷിമൊഴി നൽകുന്നതിനിടെ പലപ്പോഴും ഹാരി രാജകുമാരന്റെ ശബ്ദം ഇടറുകയും അദ്ദേഹം കണ്ണീർ അടക്കാൻ പാടുപെടുകയും ചെയ്തു.പതിറ്റാണ്ടുകളോളം മാധ്യമങ്ങൾ തന്നെയും കുടുംബത്തെയും വേട്ടയാടുകയാണെന്ന് അദ്ദേഹം ആരോപിച്ചു. തന്റെ സ്വകാര്യതയിലേക്ക് കടന്നുകയറാൻ ഡെയ്‌ലി മെയിൽ നിയമവിരുദ്ധമായ മാർഗങ്ങൾ ഉപയോഗിച്ചു. ഫോൺ ചോർത്തുന്നതും സ്വകാര്യ വിവരങ്ങൾ മോഷ്ടിക്കുന്നതും ഇവരുടെ പതിവുശൈലിയാണെന്ന് ഹാരി കോടതിയിൽ വ്യക്തമാക്കി.തന്റെ വ്യക്തിബന്ധങ്ങളെയും സൗഹൃദങ്ങളെയും ഈ മാധ്യമവാർത്തകൾ തകർത്തു. മേഗനുമായുള്ള വിവാഹത്തിന് ശേഷം ഈ വേട്ടയാടൽ അതിന്റെ പരിധി ലംഘിച്ചു. മാധ്യമങ്ങളുടെ നിരന്തരമായ ഇടപെടൽ കാരണം മേഗൻ മാനസികമായി തകർന്നുപോയെന്ന് ഹാരി വേദനയോടെ പറഞ്ഞു.തന്റെ അമ്മ ഡയാന രാജകുമാരിക്ക് നേരിടേണ്ടി വന്ന അതേ സാഹചര്യം പത്നിക്കും ഉണ്ടാകരുതെന്ന് താൻ ആഗ്രഹിച്ചിരുന്നു. എന്നാൽ മാധ്യമങ്ങൾ തങ്ങളെ ഒന്നിനും അനുവദിച്ചില്ല. വ്യാജവാർത്തകൾ പ്രചരിപ്പിച്ച് ജനങ്ങൾക്കിടയിൽ തങ്ങളെ മോശക്കാരാക്കാൻ ശ്രമിച്ചുവെന്നും അദ്ദേഹം ആരോപിച്ചു.ബ്രിട്ടീഷ് രാജകുടുംബത്തിലെ അംഗങ്ങൾ ഇത്തരം നിയമപോരാട്ടങ്ങളിൽ ഏർപ്പെടുന്നത് വളരെ അപൂർവ്വമാണ്.



# ഫുകുഷിമ ദുരന്തത്തിന്റെ കയ്പേറിയ ഓർമ്മകൾക്കിടെ ലോകത്തിലെ ഏറ്റവും വലിയ ആണവനിലയം തുറന്ന് ജപ്പാൻ

ലോകത്തിലെ ഏറ്റവും വലിയ ആണവനിലയമായ കാശിവസാക്കി കരിവ പുനരാരംഭിക്കാൻ ജപ്പാൻ ഔദ്യോഗികമായി അനുമതി നൽകി. 2011-ലെ ഫുകുഷിമ ആണവ ദുരന്തത്തിന് ശേഷം സുരക്ഷാ കാരണങ്ങളാൽ അടച്ചിട്ടിരുന്ന ഈ പ്ലാന്റ് വർഷങ്ങൾക്ക് ശേഷമാണ് വീണ്ടും പ്രവർത്തനസജ്ജമാകുന്നത്. ജപ്പാനിലെ നിഗറ്റ പ്രവിശ്യയിൽ സ്ഥിതി ചെയ്യുന്ന ഈ നിലയം ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ സഹായിക്കുമെന്നാണ് സർക്കാർ വിലയിരുത്തുന്നത്. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും കുറഞ്ഞ ചിലവിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും ആണവോർജ്ജം അനിവാര്യമാണെന്ന് ജപ്പാൻ ഭരണകൂടം വ്യക്തമാക്കുന്നു.എന്നാൽ ആണവ നിലയം തുറക്കുന്നതിനെതിരെ പ്രാദേശിക തലത്തിൽ വലിയ പ്രതിഷേധങ്ങൾ ഉയരുന്നുണ്ട്. ഫുകുഷിമ ദുരന്തം ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് ജപ്പാൻ ഇപ്പോഴും പൂർണ്ണമായി മുക്തമായിട്ടില്ലെന്ന് പ്രതിഷേധക്കാർ ചൂണ്ടിക്കാട്ടുന്നു. ഭൂകമ്പ സാധ്യതയുള്ള മേഖലയിൽ ആണവനിലയം പ്രവർത്തിപ്പിക്കുന്നത് വലിയ അപകടമാണെന്നാണ് പരിസ്ഥിതി പ്രവർത്തകരുടെ വാദം. സുരക്ഷാ ക്രമീകരണങ്ങൾ പൂർണ്ണമാണെന്ന് സർക്കാർ ആവർത്തിക്കുമ്പോഴും ജനങ്ങൾക്കിടയിൽ ആശങ്ക നിലനിൽക്കുന്നു. കടൽക്ഷോഭത്തെയും ഭൂകമ്പത്തെയും പ്രതിരോധിക്കാൻ വൻ സജ്ജീകരണങ്ങളാണ് പുതിയ നിലയത്തിൽ ഒരുക്കിയിരിക്കുന്നത്.അന്താരാഷ്ട്ര തലത്തിൽ ഊർജ്ജ രംഗത്ത് വലിയ മാറ്റങ്ങൾ സംഭവിക്കുന്ന പശ്ചാത്തലത്തിലാണ് ജപ്പാന്റെ ഈ നീക്കം. റഷ്യ-ഉക്രെയ്ൻ യുദ്ധത്തെത്തുടർന്ന് ഇന്ധനവില വർദ്ധിച്ചത് ജപ്പാന്റെ സമ്പദ്വ്യവസ്ഥയെ ബാധിച്ചിരുന്നു. ഈ സാഹചര്യത്തിൽ പുറത്തുനിന്നുള്ള ഇന്ധനത്തെ ആശ്രയിക്കുന്നത് കുറയ്ക്കാനാണ് ജപ്പാൻ ലക്ഷ്യമിടുന്നത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇത്തരം ഊർജ്ജ പദ്ധതികളെ പിന്തുണയ്ക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്.

## ഗാസയിൽ ഇസ്രായേൽ വ്യോമാക്രമണം; മൂന്ന് മാധ്യമപ്രവർത്തകർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്




ഗാസ മുനമ്പിൽ ഇസ്രായേൽ നടത്തിയ ശക്തമായ വ്യോമാക്രമണത്തിൽ മൂന്ന് ഫലസ്തീനി മാധ്യമപ്രവർത്തകർ കൊല്ലപ്പെട്ടു. ഗാസ നഗരത്തിന് പടിഞ്ഞാറ് ഭാഗത്തുള്ള ഒരു കെട്ടിടത്തിന് നേരെയാണ് ആക്രമണം ഉണ്ടായതെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. യുദ്ധവാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനിടയിലാണ് ഇവർ കൊല്ലപ്പെട്ടതെന്ന് സിവിൽ ഡിഫൻസ് ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചു. സംഘർഷം രൂക്ഷമായതോടെ ഗാസയിൽ മാധ്യമപ്രവർത്തകരുടെ സുരക്ഷ വലിയ ആശങ്കയായി മാറിയിരിക്കുകയാണ്. കൊല്ലപ്പെട്ട മാധ്യമപ്രവർത്തകർ വിവിധ അന്താരാഷ്ട്ര മാധ്യമങ്ങൾക്ക് വേണ്ടി ജോലി ചെയ്തിരുന്നവരാണെന്ന് സൂചനയുണ്ട്. ആക്രമണത്തിൽ ഇവർ താമസിച്ചിരുന്ന കെട്ടിടം പൂർണ്ണമായും തകർന്നു. രക്ഷാപ്രവർത്തകർ അവശിഷ്ടങ്ങൾക്കിടയിൽ നിന്നാണ് ഇവരുടെ മൃതദേഹങ്ങൾ കണ്ടെടുത്തത്. ഇസ്രായേൽ സൈന്യം ഈ പ്രദേശത്ത് വ്യാപകമായ തിരച്ചിലും ആക്രമണവും തുടരുകയാണ്. മാധ്യമപ്രവർത്തകർക്ക് നേരെയുള്ള ആക്രമണത്തെ അന്താരാഷ്ട്ര സംഘടനകൾ അപലപിച്ചു.സമാധാന പാതയിലേക്ക് ഇരുപക്ഷവും വരണമെന്നാണ് അമേരിക്കയുടെ നിലപാട്. എന്നാൽ ഗാസയിലെ സാഹചര്യം ഇപ്പോഴും അതീവ ഗുരുതരമായി തുടരുകയാണ്. ഭക്ഷണത്തിനും മരുന്നിനും വലിയ ക്ഷാമമാണ് അവിടെ അനുഭവപ്പെടുന്നത്.ഗാസയിൽ ഇതുവരെ നൂറിലധികം മാധ്യമപ്രവർത്തകർ കൊല്ലപ്പെട്ടതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വാർത്താ വിതരണ സംവിധാനങ്ങൾ പലയിടത്തും തകരാറിലായതിനാൽ വിവരങ്ങൾ പുറംലോകമറിയാൻ വലിയ പ്രയാസമുണ്ട്. പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കാൻ പോലും സാധിക്കാത്ത വിധം റോഡുകൾ തകർന്നിരിക്കുകയാണ്. സാധാരണക്കാരുടെ മരണസംഖ്യ ഓരോ ദിവസവും വർദ്ധിച്ചുവരുന്നത് ആഗോളതലത്തിൽ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്.ലോകമെമ്പാടുമുള്ള മാധ്യമ സംഘടനകൾ കൊല്ലപ്പെട്ട പത്രപ്രവർത്തകർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. യുദ്ധമുഖത്ത് ജോലി ചെയ്യുന്നവർക്ക് പ്രത്യേക സംരക്ഷണം നൽകണമെന്ന് അവർ ആവശ്യപ്പെട്ടു. നയതന്ത്ര തലത്തിലുള്ള ഇടപെടലുകളിലൂടെ മാത്രമേ ഈ രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കാൻ സാധിക്കൂ. അമേരിക്കയുടെ പുതിയ ഇടപെടലുകൾ വരും ദിവസങ്ങളിൽ ഫലം കാണുമെന്ന പ്രതീക്ഷയിലാണ് ലോകം.

## യുകെയിൽ 16 വയസ്സിൽ താഴെയുള്ളവർക്ക് സോഷ്യൽ മീഡിയ വിലക്കാൻ നീക്കം



ബ്രിട്ടനിലെ കൗമാരക്കാർക്കിടയിൽ സോഷ്യൽ മീഡിയ ഉപയോഗം പൂർണ്ണമായും നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണത്തിലേക്ക് രാജ്യം നീങ്ങുന്നു. 16 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രവേശനം നിരോധിക്കണമെന്ന നിർദ്ദേശത്തിന് ഹൗസ് ഓഫ് ലോർഡ്സ് അംഗീകാരം നൽകി. കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനുമാണ് ഈ കടുത്ത നടപടി.ഓസ്ട്രേലിയ നടപ്പിലാക്കിയതിന് സമാനമായ ഒരു നിരോധനമാണ് ബ്രിട്ടനും ഇപ്പോൾ ആലോചിക്കുന്നത്. ലോർഡ് നാഷ് അവതരിപ്പിച്ച ഭേദഗതി പ്രമേയം 150-നെതിരെ 261 വോട്ടുകൾക്കാണ് ഉപരിസഭ പാസ്സാക്കിയത്. ഇത് സംബന്ധിച്ച ബിൽ ഇനി അധോസഭയായ ഹൗസ് ഓഫ് കോമൺസിൽ ചർച്ച ചെയ്യും. കുട്ടികൾ ഡിജിറ്റൽ ലോകത്ത് നേരിടുന്ന അപകടങ്ങൾ കുറയ്ക്കാൻ ഈ നിയമം സഹായിക്കുമെന്ന് അനുകൂലിക്കുന്നവർ വാദിക്കുന്നു.

# ആദരാഞ്ജലികൾ



# സണ്ണി ജോൺ റാത്തപ്പിള്ളി (62)

**Died: 2026 January 18**

'മറക്കില്ലൊരിക്കലും നീ മറഞ്ഞാലും മായില്ലൊരിക്കലും
നിൻ മുഖം ഞങ്ങളിൽ'

## ഷിക്കാഗോ കോസ്മോപോളിറ്റൻ ക്ലബിന്റെ ആദരാഞ്ജലികൾ